Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.4 / Issue 34/ Pages 32
05
മാർച്ച് 2025
ബുധനാഴ്ച
1200 കുംഭം 21

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 29 Technology | 30 World

# പുതിയ താരിഫ് നീക്കം വ്യാപാര യുദ്ധത്തിലേയ്ക്കോ?




അമേരിക്കയുടെ ഏറ്റവും വലിയ മൂന്ന് വ്യാപാര പങ്കാളികളായ മെക്സിക്കോ, കാനഡ, ചൈന എന്നീ രാജ്യങ്ങൾക്കെതിരെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യാപാര യുദ്ധം ആരംഭിച്ചിരിക്കുകയാണ്. ഈ മൂന്ന് രാജ്യങ്ങൾക്കും എതിരെയുള്ള താരിഫ് നിയമങ്ങൾ കഴിഞ്ഞ ദിവസമാണ് പ്രാബല്യത്തിൽ വന്നത്. യു.എസ് നടപടിയ്ക്ക് തൊട്ടുപിന്നാലെ ഈ രാജ്യങ്ങൾ അതേ നാണയത്തിൽ തിരിച്ചടിക്കുകയും ചെയ്തു. ഇതോടെ പണപ്പെരുപ്പം വീണ്ടും വർധിക്കുകയും ബിസിനസിനെ തളർത്തുന്ന അനിശ്ചിതത്വത്തിലേക്ക് നയിക്കുകയും ചെയ്യുമെന്ന ഭീഷണി യുഎസ് നേരിട്ടതോടെ സാമ്പത്തിക വിപണികളെ അത് പിടിച്ച് കുലുക്കി. ചൊവ്വാഴ്ച അർദ്ധരാത്രി ട്രംപ് മെക്സിക്കൻ, കനേഡിയൻ ഇറക്കുമതികൾക്ക് 25 ശതമാനം നികുതി അഥവാ താരിഫ് ഏർപ്പെടുത്തി, എന്നിരുന്നാലും കനേഡിയൻ ഊർജ്ജത്തിന് ലെവി 10 ശതമാനമായി പരിമിതപ്പെടുത്തി. ചൈനീസ് ഉൽപ്പന്നങ്ങൾക്ക് കഴിഞ്ഞ മാസം ഏർപ്പെടുത്തിയ താരിഫ് ട്രംപ് 20 ശതമാനമായി ഇരട്ടിയാക്കി.എന്നാൽ യുഎസ് കാർഷിക കയ

ശേഷം പേജ് 8ൽ

## റിവെഞ്ച് പോണിനെതിരെ നിയമനിർമ്മാണം: മെലാനിയ ട്രംപിന്റെ പുതിയ പോരാട്ടം ചർച്ചയാകുന്നു



വാഷിംഗ്ടൺ: സ്വകാര്യ ദൃശ്യങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ ശക്തമായ നിയമനിർമ്മാണം ആവശ്യപ്പെട്ട് മെലാനിയ ട്രംപ്. 'റിവെഞ്ച് പോൺ' എന്നറിയപ്പെടുന്ന സമ്മതമില്ലാതെയുള്ള ലൈംഗിക ദൃശ്യങ്ങളുടെ പ്രചാരണത്തിനെതിരെ നിയമം കൊണ്ടുവരണമെന്നാണ് മെലാനിയ ട്രംപ് ആവശ്യപ്പെടുന്നത്. ഒരു വ്യക്തിയുടെ സമ്മതമില്ലാതെ, സ്വകാര്യ ചിത്രങ്ങൾ ഓൺലൈനി

ശേഷം പേജ് 11 ൽ

കളം മാറ്റം, കരു നീക്കം
(സെർജി ആന്റണി എഴുതുന്നു)...
.....................................പേജ് 05
നിന്ദനമേറി; നിരാശയോടെ 'ജീവൻ മശായി'മാർ
.....................................പേജ് 15
വരുമോ ഇനിയുമൊരു പിണറായിക്കാലം !
.....................................പേജ് 16
കൊല്ലം സമ്മേളനം കൈയടിച്ചു പാടും: ''എന്തിന് വേറൊരു സൂര്യോദയം?''
.....................................പേജ് 24
അക്ബർ ചക്രവർത്തിയും സ്വാമി വിവേകാനന്ദനും മതമൈത്രിയുടെ വക്താക്കൾ
.....................................പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# 'യൂറോപ്യൻ രാജ്യങ്ങൾക്ക് ഇരട്ടത്താപ്പ്, ഉക്രെയ്നുള്ള സഹായത്തേക്കാൾ കൂടുതൽ തുക റഷ്യൻ എണ്ണയ്ക്ക് ചെലവാക്കുന്നു'; ട്രംപ്



വാഷിംഗ്ടൺ: റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ യൂറോപ്യൻ രാജ്യങ്ങളുടെ ഇരട്ടത്താപ്പിനെ നിശിതമായി വിമർശിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

യൂറോപ്യൻ രാജ്യങ്ങൾ ഉക്രെയ്നിനെ പിന്തുണയ്ക്കുന്നതിന് ചെലവഴിച്ചതിനേക്കാൾ കൂടുതൽ പണം റഷ്യയിൽ നിന്ന് എണ്ണയും വാതകവും വാങ്ങാൻ ചെലവഴിച്ചുവെന്നാണ് ട്രംപിന്റെ വിമർശനം. യുഎസ് കോൺഗ്രസിൽ നടത്തിയ പ്രസംഗത്തിൽ ഡൊണാൾഡ് ട്രംപ് ആഞ്ഞടിച്ചു.

'ഉക്രെയ്നിനെ സഹായിക്കാൻ ചെലവഴിച്ചതിനേക്കാൾ കൂടുതൽ പണം റഷ്യയുടെ എണ്ണയും വാതകവും വാങ്ങാൻ യൂറോപ്പ് ചെലവഴിച്ചിട്ടുണ്ട്,' ട്രംപ് പറഞ്ഞു. ഉക്രെയ്നിനെ പിന്തുണയ്ക്കാൻ അമേരിക്ക നൽകുന്ന സഹായവും യൂറോപ്യൻ യൂണിയന്റെ സഹായവും തമ്മിലുള്ള താരതമ്യം നടത്തുകയായിരുന്നു ട്രംപ്.

'സുരക്ഷയില്ലാതെ, ഒരു മാർഗവുമില്ലാതെ, ഉക്രെയ്ൻ പ്രതിരോധത്തിനെ പിന്തുണയ്ക്കാൻ അമേരിക്ക നൂറുകണക്കിന് ബില്യൺ ഡോളർ നൽകി. അടുത്ത അഞ്ച് വർഷം കൂടി ഇത് തുടരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?' ട്രംപ് അംഗങ്ങളോടായി ചോദിച്ചു.

റഷ്യ യുക്രെയ്ൻ യുദ്ധത്തിൽ ഓരോ ആഴ്ചയും ഏകദേശം 2,000 പേർ കൊല്ലപ്പെടുന്നു, അവർ റഷ്യൻ യുവാക്കളാണ്,അവർ ഉക്രേനിയൻ യുവാക്കളാണ്. അവർ അമേരിക്കക്കാരല്ല.

പക്ഷേ ഇത് അവസാനിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു' ട്രംപ് കൂട്ടിച്ചേർത്തു.

ഉക്രെയ്നിനെ സഹായിക്കാൻ അമേരിക്ക 350 ബില്യൺ ഡോളർ സഹായം നൽകിയിട്ടുണ്ടെന്ന് പറഞ്ഞ ട്രംപ്, ഈ ഗണത്തിൽ യൂറോപ്പ് 100 ബില്യൺ ഡോളർ മാത്രമേ സംഭാവന ചെയ്തിട്ടുള്ളൂവെന്നും പറഞ്ഞു.

# മരവിപ്പിച്ച വിദേശ സഹായ ഫണ്ടുകൾ റിലീസ് ചെയ്യാൻ ട്രംപ് ഭരണകൂടത്തിന് സുപ്രീം കോടതി നിർദ്ദേശം

വാഷിംഗ്ടൺ: മരവിപ്പിച്ച വിദേശ സഹായ ഫണ്ടുകൾ റിലീസ് ചെയ്യാൻ ട്രംപ് ഭരണകൂടത്തിന് സുപ്രീംകോടതി നിർദ്ദേശം. ട്രംപ് ഭരണകൂടം കോടതി ഉത്തരവ് പാലിക്കണമെന്നും സർക്കാരിനുവേണ്ടി ഇതിനകം പൂർത്തിയാക്കിയ ജോലികൾക്കായി ലാഭേച്ഛയില്ലാത്ത സഹായ ഗ്രൂപ്പുകൾക്ക് ഏകദേശം 2 ബില്യൺ ഡോളർ വിദേശ സഹായ ഫണ്ട് നൽകണമെന്നും ബുധനാഴ്ച സുപ്രീം കോടതി ഉത്തരവിട്ടു.



ജസ്റ്റിസുമാരായ ജോൺ റോബർട്ട്സും ആമി കോണി ബാരറ്റും ലിബറൽ ജസ്റ്റിസുമാരാണ് ഉത്തരവിട്ടത്. പ്രസിഡന്റിന്റെ നയങ്ങൾക്കെതിരായ ഡസൻ കണക്കിന് നിയമപരമായ വെല്ലുവിളികൾ ഫെഡറൽ കോടതികളിലൂടെ നീങ്ങുമ്പോൾ സുപ്രീം കോടതി പുറപ്പെടുവിച്ച ആദ്യ ഉത്തരവുകളിൽ ഒന്നാണിത്.

വിദേശ സഹായ മരവിപ്പിക്കലിനെതിരെ ദീർഘകാല നിരോധനം ഏർപ്പെടുത്തണോ വേണ്ടയോ എന്ന് ഒരു കീഴ്ക്കോടതി ജഡ്ജി ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷ തീരുമാനത്തിൽ താൻ അമ്പരന്നുപോയി എന്ന് ജസ്റ്റിസ് സാമുവൽ അലിറ്റോ തന്റെ വിയോജനക്കുറിപ്പിൽ പറഞ്ഞു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

# ഏപ്രിൽ 2 കുറിച്ചുവച്ചോളൂ.. ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്ക് ട്രംപിന്റെ മുന്നറിയിപ്പ് !

വാഷിംഗ്ടൺ: അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന നികുതി ചുമത്തുന്നത് തുടർന്നാൽ ഇന്ത്യയ്ക്ക് മേൽ പരസ്പര തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. മാർ എലാഗോയിലെ തന്റെ റിസോർട്ടിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ ഇന്ത്യയുടെ താരിഫ് രീതികളെ ട്രംപ് വിമർശിച്ചു.

'അവർ ഞങ്ങൾക്ക് നികുതി ചുമത്തിയാൽ, ഞങ്ങൾ അവർക്ക് അതേ തുക നികുതി ചുമത്തും' എന്ന് അദ്ദേഹം വ്യക്തമാക്കി. നൂറ്റാണ്ടുകളായി മറ്റ് രാജ്യങ്ങൾ നമ്മുക്കെതിരെ വലിയ തീരുവ ചുമത്തുന്നു. ഇപ്പോൾ ഇതിന് അവർക്ക് മറുപടി നൽകാനുള്ള നമ്മുടെ അവസരമാണ്.

ഇന്ത്യ 100 ശതമാനം തീരുവയാണ് അമേരിക്കക്ക് മേൽ ചുമത്തിയിരിക്കുന്നത്. രാജ്യത്തെ സംവിധാനങ്ങൾ ഒട്ടും നീതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഒരിക്കലും അവർ നമ്മളോട് നീതി കാണിച്ചിട്ടില്ല', ട്രംപ് പറഞ്ഞു. ഏപ്രിൽ 2 മുതൽ പകരത്തിന് പകരം തീരുവ തുടങ്ങുമെന്നും ട്രംപ് അറിയിച്ചു.


മെക്സിക്കോ, കാനഡ, ചൈന തുടങ്ങിയ രാജ്യങ്ങൾക്ക് മേൽ യുഎസ് ചുമത്തിയ തീരുവ കഴിഞ്ഞ ദിവസം മുതൽ പ്രാബല്യത്തിൽ വന്നിരുന്നു.

കാനഡയ്ക്കും മെക്സിക്കോയ്ക്കും 25 ശതമാനം തീരുവയും ചൈനയ്ക്ക് മേൽ 10 ശതമാനം തീരുവയുമാണ് ട്രംപ് പ്രഖ്യാപിച്ചത്.

അതേസമയം യുഎസിനെതിരെ കാനഡയും ചൈനയും രൂക്ഷമായി പ്രതികരിച്ചിരുന്നു. യുഎസിൽ നിന്നുള്ള 107 ബില്യൺ ഉത്പന്നങ്ങൾക്ക് തങ്ങളും തീരുവ ചുമത്തുമെന്നും ജസ്റ്റിൻ ഈ അന്യായ നടപടിക്ക് കാനഡ മറുപടി നൽകാതിരിക്കില്ലെന്നുമാണ് കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പ്രതികരിച്ചത്.

## American Diary — 60 Years Ago

### *National boycott of Hammermill Paper Products*



In the United States, the Student Nonviolent Coordinating Committee (SNCC) called for a national boycott of Hammermill paper products, and the Student Voice reported on a statewide conference of college students to be held in Tuskegee Institute, Alabama.

March 05, 1965



# 'ബന്ദികളെ ഉടൻ വിട്ടയച്ചില്ലെങ്കിൽ ഹമാസ് നേതാക്കളേ, ഗാസ നിവാസികളേ, നിങ്ങളെ കാത്തിരിക്കുന്നത് മരണം'; മുന്നറിയിപ്പുമായി ട്രംപ്

ന്യൂയോർക്ക്: ബന്ദികളെ ഉടൻ വിട്ടയച്ചില്ലെങ്കിൽ ഹമാസ് നേതാക്കളെയും ഗാസയിലെ പാലസ്തീനികളെയും കാത്തിരിക്കുന്നത് മരണമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

''ശാലോം ഹമാസ്' എന്നാൽ ഹലോ ആൻഡ് ഗുഡ്ബൈ എന്നാണ് അർത്ഥമാക്കുന്നത്, അത് നിങ്ങൾക്ക് തിരഞ്ഞെടുക്കാം. എല്ലാ ബന്ദികളെയും ഇപ്പോൾ വിട്ടയക്കുക, പിന്നീട് അല്ല, നിങ്ങൾ കൊലപ്പെടുത്തിയ ആളുകളുടെ എല്ലാ മൃതദേഹങ്ങളും ഉടൻ തിരികെ നൽകുക, അല്ലെങ്കിൽ നിങ്ങൾ തീർന്നു' ബുധനാഴ്ച ട്രംപ ്ട്രൂത്ത് സോഷ്യലിലെ കുറിപ്പിൽ വ്യക്തമാക്കി. 'നിങ്ങളുടെ മുൻ ബന്ദികളെ ഞാൻ ഇപ്പോൾ കണ്ടുമുട്ടി. ഇത് നിങ്ങളുടെ അവസാന മുന്നറിയിപ്പാണ്. നേതൃത്വത്തിന്, ഇപ്പോൾ ഗാസ വിടാനുള്ള സമയമാണ്, നിങ്ങൾക്ക് ഇപ്പോഴും ഒരു അവസരം ഉള്ളപ്പോൾ അത് പ്രയോജനപ്പെടുത്തുക.' അദ്ദേഹം കൂട്ടിച്ചേർത്തു.

കൂടാതെ, ഗാസയിലെ ജനങ്ങൾക്ക് മനോഹരമായ ഒരു ഭാവി കാത്തിരിക്കുന്നു. പക്ഷേ നിങ്ങൾ ബന്ദികളെ പിടിച്ചുവച്ചാൽ അങ്ങനെയല്ല. നിങ്ങൾ മരിച്ചു! ബുദ്ധിപൂർവ്വമായ തീരുമാനം എടുക്കുക. ഇപ്പോൾ തന്നെ ബന്ദികളെ വിടുക, അല്ലെങ്കിൽ പിന്നീട് നരകം പുൽകേണ്ടിവരും. ട്രംപ് വ്യക്തമാക്കി.

അതേസമയം ഗാസയിൽ നിന്ന് മോചിപ്പിക്കപ്പെട്ട എട്ട് ബന്ദികളുമായി ട്രംപ് ബുധനാഴ്ച കൂടിക്കാഴ്ച നടത്തിയതായി വൈറ്റ് ഹൗസ് പ്രസ് താവനയിൽ പറഞ്ഞു. ഇയർ ഹോൺ, ഒമർ ഷെം ടോവ്, എലി ഷറാബി, കീത്ത് സീഗൽ, അവീവ സീഗൽ, നാമ ലെവി, ഡോറോൺ ഗ്രെയിൻബ്രെച്ചർ, നോവ അർഗമാനി എന്നിവരുമായാണ് ചർച്ച നടത്തിയത്.

## റീ...പോളിംഗ്





## S90 ക്ലബ് ഓഫ് ഷിക്കാഗോ

# നവനേതൃത്വത്തിന്റെ സ്ഥാനമേറ്റെടുക്കലും വാലന്റൈൻസ് ഡേ സെലിബ്രേഷനും വർണോജ്വലമായി

ഷിക്കാഗോ: മൂന്നാം വർഷത്തിലേക്ക് കടക്കുന്ന S90 ക്ലബ് ഓഫ് ഷിക്കാഗോയുടെ നവനേതൃത്വത്തിന്റെ സ്ഥാനമേറ്റെടുക്കലും വാലന്റൈൻസ് ഡേ സെലിബ്രേഷനും ഷിക്കാഗോ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വർണോജ്വലമായി സമാപിച്ചു.

പ്രശസ്ത ഗായകൻ വിജയ് യേശുദാസ് ഉദ്ഘാടനം നിർവഹിച്ചു. ക്ലബിന്റെ പ്രസിഡന്റ് ജിബിറ്റ് കിഴക്കേക്കുറ്റ് അധ്യക്ഷത വഹിച്ചു. നിരവധി ആളുകൾ പങ്കെടുത്ത പരിപാടി ഏവർക്കും നല്ലൊരുസംഗീതസായാഹ്നമേകി.

1990 നും 1999 നും മദ്ധ്യേ ജനിച്ച ഒരുപറ്റം മലയാളി യുവാക്കൾ ഷിക്കാഗോയിൽ 3 വർഷം മുമ്പ് സ്ഥാപിച്ചതാണ് S90 ക്ലബ് ഓഫ് ഷിക്കാഗോ. നാട്ടിലും അമേരിക്കയിലും ആയി ചാരിറ്റി പ്രവർത്തനങ്ങൾ, ഫാമിലി ആന്റ് ഫ്രണ്ട്സ് ഗാദറിങ്സ്, കമ്മ്യൂണിറ്റി ഇവന്റ്സ് മുതലായവയാണ് ഈ ക്ലബ് കൊണ്ട് ഉദ്ദേശിക്കുന്നത്.

സമ്മേളനത്തോടനുബന്ധിച്ച് അടുത്ത 2 വർഷത്തേക്കുള്ള പുതിയ ഭരണ സമിതി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. പുതിയതായി ഈ ക്ലബ്ബിലേക്ക് 3 വിമെൻസ് കോ-ഓർഡിനേറ്റഴ്സിനെയും തിരഞ്ഞെടുത്തു. പരിപാടിയിൽ വിജയ് യേശുദാസ് അദ്ദേഹത്തിന്റെ കഴിഞ്ഞ 25 വർഷങ്ങളിലെ ഓർമകൾ പങ്കുവെച്ചു. നിരവധി മനോഹരഗാനങ്ങൾ ആലപിച്ച് അദ്ദേഹം ഈയൊരു സായംസന്ധ്യയെ അവിസ്മരണീയമാക്കി.

*ഷിബു കിഴക്കേകുറ്റ്*

# ജിനു പുന്നച്ചേരിൽ പുതിയ കെ.സി.എസ് ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ



ഷിക്കാഗോ: കെ.സി.എസ് ഷിക്കാഗോയുടെ പുതിയ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാനായി ജിനു പുന്നച്ചേരിലിന് ഐക്യകണ്ഠേന തെരഞ്ഞെടുത്തു.കെ.സി.എസിന്റെ വിവിധ ബോർഡിലും കമ്മിറ്റുകളിലും വർക്ക് ചെയ്തിട്ടുള്ള ജിനു എന്തുകൊണ്ടും ഈ സ്ഥാനത്തിന് അനുയോജ്യമായ ഒരു വ്യക്തിയാണ്. വൈവിധ്യമാർന്ന പ്രവർത്തന പരിചയമുള്ള ജിനുവിന്റെ സേവനം കെ.സി.എസ് ഷിക്കാഗോയ്ക്ക് ഒരു മുതൽ കൂട്ടായിരിക്കും. കെ.സി.എസ് എക്സിക്യൂട്ടീവ് ജിനുവിനെ അഭിനന്ദിക്കുന്നതിനോടൊപ്പം തന്റെ പുതിയ കർമ്മ പദത്തിൽ വളരെയേറെ മുന്നേറാൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നുവെന്ന് കെ.സി.എസ് ജനറൽ സെക്രട്ടറി ഷാജി പള്ളിവീട്ടിൽ പറഞ്ഞു.

# ഐഎംഎ പ്രവർത്തനോദ്ഘാടനം മാർച്ച് 15ന്



ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ പ്രവാസി മലയാളികൾ ഏറെ നിവസിക്കുന്ന ഷിക്കാഗോയിലെ ആദ്യകാല മലയാളി സംഘടനയായ ഇല്ലിനോയി മലയാളി അസോസിയേഷന്റെ പുതിയ പ്രവർത്തന വർഷ ഉദ്ഘാടനം മാർച്ച് 15 ശനിയാഴ്ച നടക്കും. ഡെസ്പ്ലെയ്ൻസിലുള്ള ക്നാനായ സെന്ററിലാണ് ഉദ്ഘാടനം നടക്കുക.

പ്രസിഡന്റ് ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി അധ്യക്ഷത വഹിക്കുന്ന പൊതുയോഗത്തിൽ വച്ച് സെന്റ് മേരീസ് ഇടവകവികാരി ഫാ. സിജുമുടക്കോടിൽ ഉദ്ഘാടനം നിർവഹിക്കും. എഴുത്തുകാരനും യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി മുൻ അദ്ധ്യാപകനും ശാസ്ത്രഗവേഷകനും കേരളസാഹിത്യ അക്കാഡമി അവാർഡു ജേതാവുമായ എതിരൻ കതിരവൻ മുഖ്യപ്രഭാഷണം നടത്തും.

പുതിയ ഭാരവാഹികളായ ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി, പ്രെജിൽ അലക്സാണ്ടർ, സ്റ്റീഫൻ ചൊള്ളമ്പേൽ, ജോസി കുരിശിങ്കൽ, ഷാനി എബ്രാഹം, ജോർജ്മാത്യു, ലിൻസ് താന്നിച്ചുവട്ടിൽ, ആനീസ് സണ്ണി മേനാമറ്റം എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകും.

# പാഷൻ ഓഫ് ക്രൈസ്റ്റ് ലൈവ് ഷോ ബെൻസൻവിൽ ഇടവകയിൽ



ഷിക്കാഗോ: അമ്പതുനോമ്പിന്റെ വ്രതവിശുദ്ധിയിൽ ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ പാഷൻ ഓഫ് ക്രൈസ്റ്റ് ലൈവ് ഷോ മാർച്ച് 8 ശനിയാഴ്ച വൈകുന്നേരം 6മണിക്ക് സംഘടിപ്പിച്ചിരിക്കുന്നു. സിസിലിയ ലൈവ് തിയേറ്റർപ്രൊഡക്ഷന്റെനേതൃത്വത്തിൽ 80 കലാകാരൻമാർ നീണ്ടകാല പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഒരുങ്ങിയാണ്ക്രിസ്തുവിന്റെപീഡാനുഭവചരിത്രംവിശ്വാസ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്.

നോമ്പിന്റെ ചൈതന്യത്തിലൂടെ കടന്നു പോകുമ്പോൾ പീഡാനുഭവ ചരിത്ര അവതരണം ഒരു ധ്യാന വിചിന്തനത്തിന്റെ അനുഭവം ജനിപ്പിക്കും എന്ന് വികാരി ഫാ.തോമസ് മുളവനാൽ അറിയിച്ചു. ഷിക്കാഗോയിലെ വിശ്വാസസമൂഹത്തെയൊന്നാകെ ഈ പരിപാടിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നതായി അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു. ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ, ഡി.ആർ.ഇ സഖറിയ ചേലയ്ക്കൽ എന്നിവർ ഇടവകയിൽ നടത്തപ്പെടുന്ന പ്രോഗ്രാമിന് നേതൃത്വം നൽകുന്നു.

*ലിൻസ് താന്നിച്ചുവട്ടിൽ, പി.ആർ.ഒ*

# ആശയഗരിമയുടെ അധികതുംഗപദം – മഹാകവി കുമാരനാശാന്റെ ശ്ലോകകാവ്യങ്ങളിലൂടെ



ഷിക്കാഗോ: സാഹിത്യവേദിയുടെ സമ്മേളനം മാർച്ച് 7 വെള്ളിയാഴ്ച ഷിക്കാഗോയിൽ വൈകിട്ട് 7:30ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നു. പ്രൊഫ. ഡോ. എ.ആർ. ശ്രീകൃഷ്ണൻ പ്രബന്ധം അവതരിപ്പിക്കുന്നതാണ്.

(Zoom Meeting Link https://us02web.zoom.us/j/81475259178
Meeting ID: 814 7525 9178)

ആശയഗാംഭീര്യമാണ് കുമാരനാശാന്റെ കവിതയുടെ മുഖമുദ്രയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. നൂതനമായ ഉൾക്കാഴ്ചകൾകൊണ്ട് കാലദേശങ്ങളെ അതിവർത്തിക്കുന്ന കാവ്യമണ്ഡലം പടുത്ത കവിയാണ് ആശാൻ. മഹാനായ ആ കവിയുടെ ശ്ലോകകാവ്യങ്ങളെപ്പറ്റിയുള്ള ചില നിരീക്ഷണങ്ങളാണ് ഈ ചർച്ചയിൽ പങ്കു വയ്ക്കുന്നത്.

ആശാൻ കവിതയുൾക്കൊള്ളുന്ന ആശയലോകമാണ് പ്രധാനവിഷയം. നളിനി, വീണപൂവ്, ചിന്താവിഷ്ടയായ സീത, പ്രരോദനം, ഗ്രാമവൃക്ഷത്തിലെ കുയിൽ, ലീല തുടങ്ങിയ കാവ്യങ്ങളെ ആസ്പദമാക്കിയുള്ള ഒരു സാമാന്യാവലോകനമാണ് ഇതിൽ ലക്ഷ്യമാക്കുന്നത്.

പ്രൊഫ.ഡോ. എ.ആർ. ശ്രീകൃഷ്ണൻ തൃശ്ശൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ്കോളേജിൽനിന്ന് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബി.ടെക് ഡിഗ്രിയും മദ്രാസ് ഐ.ഐ.ടിയിൽ നിന്ന് എം.ടെക്, പി.എച്ച്.ഡി എന്നിവയും പൂർത്തിയാക്കി. പൂനെയിൽ അൻസിസ് ഫ്ളുവെന്റ് എന്ന അമേരിക്കൻ കമ്പനിയിൽ ഡെവലപ്മെന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള തസ്തികകളിൽ ജോലി ചെയ്തു.

2012 ജൂൺ മുതൽ കോയമ്പത്തൂരിൽ അമൃത യൂണിവേഴ്സിറ്റിയിലെ എയ്റോസ്പേസ് വിഭാഗത്തിൽ അധ്യാപകനാണ്. സൂപ്പർസോണിക് വിമാനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണപ്രവർത്തനങ്ങൾ നയിക്കുന്നു. എയ്റോ സ്പേസ് ഡിപ്പാർട്മെന്റിൽ പ്രൊഫസ്സറും ചെയർപേഴ്സണുമാണ് ഇപ്പോൾ. 'വരികൾക്കിടയിൽ' എന്ന കവിതാസമാഹാരം 2024ൽ എൻ.ബി.എസ് പ്രസിദ്ധീകരിച്ചു.

ഫെബ്രുവരി മാസ സാഹിത്യവേദിയിൽ ആമി ലക്ഷ്മി അവതരിപ്പിച്ച 'ചിലിയുടെ മണ്ണ്' എന്ന കവിതാസമാഹാരത്തിന്റെ ആസ്വാദനം വളരെയേറെ ഹൃദ്യമായിരുന്നു.

മാർച്ച് 7ലെ സാഹിത്യ സായാഹ്നത്തിൽ പങ്കെടുക്കുവാൻ എല്ലാ സാഹിത്യസ്നേഹികളേയും സാദരം ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. എ.ആർ. ശ്രീകൃഷ്ണൻ (+91 99439 75803), പ്രസന്നൻ പിള്ള (630-935-2990), ജോൺ ഇലക്കാട് (773-282-4955)



# കെ.സി.എസ് ഷിക്കാഗോ ക്നായി തൊമ്മന്റെയും ബിഷപ്പുമാരുടെയും ഓർമ്മ ദിനം ആചരിച്ചു!!



ഷിക്കാഗോ: മൺമറഞ്ഞ പിതാമഹൻ ക്നായി തോമയുടെയും, പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ അയവിറക്കി കൊണ്ട്, ഷിക്കാഗോ കെ.സി.എസ് ഇവരുടെ ഓർമ്മ ദിനം ആചരിച്ചു.

ചടങ്ങുകൾക്ക് കെ.സി.എസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം നേതൃത്വം നൽകി. മാർച്ച് രണ്ടിന് നടന്ന ഓർമ്മ ദിനത്തിൽ, റാം താന്നിച്ചുവട്ടിലിന്റെ പ്രാർത്ഥനാ ഗാനത്തിന് ശേഷം കെ.സി.എസ്

പ്രസിഡന്റ് ജോസ് ആനമല അതിഥികൾക്ക് സ്വാഗതമേകി സംസാരിച്ചു. ക്നാനായ റീജിയൻ വികാരി ജനറൽ റവ. ഫാ. തോമസ് മുളവനാൽ പൂർവ്വ പിതാമഹന്മാരെ അനുസ്മരിച്ചു കൊണ്ടുള്ള

പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

അതിനെ തുടർന്ന് കെ.സി.വൈ.എൽ.എൻ.എ ദേശീയ(ചമശേീമഹ) പ്രസിഡന്റ് ആൽവിൻ പിണർകയിൽ, ജോഷ്വാ മരങ്ങാട്ടിൽ എന്നിവർ മാർ മാക്കിൽ പിതാവിനെ കുറിച്ചും, മുൻ കെ.സി.എസ് പ്രസിഡന്റ് തോമസ് പൂതക്കരി മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനെ കുറിച്ചും, ലിനു പടിക്കപ്പറമ്പിൽ മാർ തോമസ് തറയിൽ പിതാവിനെ കുറിച്ചും, ജെയിംസ് കുന്നശ്ശേരിൽ ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ കുറിച്ചുമുള്ള ഓർമ്മകൾ അയവിറക്കി സംസാരിച്ചു.

കെ.സി.എസിന്റെ ആദ്യകാല പ്രസിഡന്റുമാരിൽ ഒരാളായ ഇലക്കാട്ട് ജോൺ സാർ, തറയിൽ പിതാവും, കുന്നശ്ശേരി പിതാവുമായിട്ടുള്ള അനുഭവങ്ങൾ പങ്കുവെച്ചു. അതിനുശേഷം പിതാക്കന്മാരെ കുറിച്ചുള്ള അനുസ്മരണ പ്രസംഗങ്ങൾ നടത്തിയവർക്ക്, വികാരി ജനറൽ റവ. ഫാ. തോമസ് മുളവനാൽ ഗിഫ്റ്റുകൾ നൽകി ആദരിച്ചു. കെ.സി.എസ് ജനറൽ സെക്രട്ടറി ഷാജി പള്ളി വീട്ടിൽ അതിഥികൾക്ക് നന്ദി പറഞ്ഞു കൊണ്ട് യോഗം അവസാനിച്ചു. കെ.സി.എസ് ഒരുക്കിയ പെത്രത്ത ഡിന്നർ അതിഥികൾ നന്നായി ആസ്വദിച്ചു.

*ഷാജി പള്ളിവീട്ടിൽ*

# ഷിക്കാഗോ എസ്.എം.സി.സിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട രക്തദാന ക്യാമ്പ് വിജയപ്രദമായി



ഷിക്കാഗോ: മാർച്ച് 2ന് മാർതോമാ സ്ലീഹാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ട രക്തദാന ക്യാമ്പ് വൈസ് ചാൻസലർ ജോൺസൺ അച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. രാവിലെ 8 മണിയോടെ റെഡ് ക്രോസിന്റെ സഹകരണത്തോടെ ക്യാമ്പ് നടത്തപ്പെട്ടു.

കത്തീഡ്രൽ വികാരി റവ. ഫാ. തോമസ് കടുകപ്പിള്ളിൽ, കൈക്കാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, ബോബി ചിറയിൽ, വിവിഷ് ജേക്കബ് എന്നിവരുടെ സഹകരണം വളരെ സഹായകരമായിരുന്നു.

എസ്.എം.സി.സി അംഗങ്ങളെല്ലാവരും വളരെ കൂട്ടായ്മയോടെ ക്യാമ്പിന്റെ വിജയത്തിനായി സഹകരിച്ചു.

എസ്.എം.സി.സി എക്സിക്യൂട്ടീവ് അംഗങ്ങളായ മേഴ്സി കുര്യാക്കോസ്, സെബാസ്റ്റ്യൻ ഇമ്മാനുവേൽ, ജോൺസൺ കണ്ണൂക്കാടൻ, സണ്ണി നീന പ്രതീഷ്, ഷാബു മാത്യു, ജോസഫ് ജോസഫ്, ബിജി കൊല്ലാപുരം എന്നിവരുടെ സഹകരണം എടുത്തു പറയേണ്ടതാണ്. അതിനോടൊപ്പം ജോൺസൺ കണ്ണൂക്കാടൻ, സണ്ണി വള്ളിക്കളം, ജാസ്മിൻ ഇമ്മാനുവേൽ, മെറ്റി കൊല്ലാപുരം, ഷീബാ ഷാബു പ്രതീഷ്, കുര്യാക്കോസ് തുണ്ടിപറമ്പിൽ, ഷാജി കൈലാത്ത്, ജോസഫ് നാഴിയാംപാറ, ആന്റോ കവലയ്ക്കൽ, എബിൻ ആന്റ് മെലിസ്സാ കുര്യാക്കോസ് എന്നിവരും രക്തദാന ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

2 മണിയോടെ രക്തദാന ക്യാമ്പ് സമാപിച്ചു.

# ഷിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ അഖിലലോക പ്രാർത്ഥനാ ദിനം ആചരിക്കുന്നു



ഷിക്കാഗോ: ഈ വർഷത്തെ എക്യൂമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ, വേൾഡ് ഡേ ഓഫ് പ്രയർ മാർച്ച് 8 ന് നടത്തപ്പെടുന്ന പ്രോഗാമിലേക്ക് കൗൺസിലിന്റെ പേരിൽ പ്രസിഡന്റ് റവ. ഫാ. തോമസ് മാത്യു, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു ഏവർക്കും സ്വാഗതം അറിയിക്കുന്നു.

ഇതിന്റെ നടത്തിപ്പിലേക്ക് റവ. ബിജു യോഹന്നാൻ (കൺവീനർ), ജോയ്സ് ചെറിയാൻ (കോർഡിനേറ്റർ) എന്നിവരെ കൗൺസിൽ ചുമതലപ്പെടുത്തി. ഷിക്കാഗോ മാർത്തോമാ ചർച്ച് 240 പൊട്ടർ റോഡ്, ഡെസ് പ്ലെയിൻസ്, IL 60016 ഉച്ച കഴിഞ്ഞ് 2.30ന് ആരംഭിക്കുന്ന മീറ്റിംഗിൽ ഡോ. ഷെറിൻ കൊച്ചമ്മ (Mar Thoma Church, Lombard) മുഖ്യ പ്രഭാഷണം നൽകും. 'Informed Prayer and Prayerful Action' എന്നുള്ളതാണ് ഈ വർഷത്തെ വിഷയം.

വനിതകളാൽ നേതൃത്വം നൽകപ്പെടുന്ന ഈ സംഘടന മറ്റ് രാജ്യങ്ങളിലെ ക്രിസ്തീയ മതം, പ്രാദേശിക സംസ്കാരങ്ങൾ, എന്നീ വസ്തുതകൾ മനസ്സിലാക്കുവാനും പഠിക്കുവാനും സഹായിക്കുന്നു. പ്രസ്തുത മീറ്റിംഗിൽ വനിതാ ഫോറം മദ്ധ്യസ്ഥ പ്രാർത്ഥനകൾ, സ്തോത്രപ്രർത്ഥനകൾ, അനുതാപ പ്രാർത്ഥനകൾ, ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള സ്കിറ്റുകൾ എന്നിവ കൂടാതെ വനിതാ ഗായകസംഘം ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഏകദേശം 170 രാജ്യങ്ങൾ പ്രാർത്ഥനാ ദിനം കൊണ്ടാടുന്ന ഈ അവസരത്തിൽ നിങ്ങളുടെ പ്രാർത്ഥന പൂർണമായ സാന്നിദ്ധ്യ സഹകരണങ്ങൾ നന്ദിപൂർവം അഭ്യർത്ഥിക്കുന്നു.

*സാം തോമസ്, ജോൺസൺ വല്ലിയിൽ*

# ടെഡി മുഴയൻമാക്കൽ പുതിയ കെ.സി.എസ് ലെയ്സൺ ബോർഡ് മെമ്പർ!!



ഷിക്കാഗോ: കെ.സി.എസ് ഷിക്കാഗോ ലെയ്സൺ ബോർഡ് ചെയർമാൻ മജു ഓട്ടപ്പള്ളിൽ, ടെഡി മുഴയൻമാക്കലിനെ പുതിയ ലെയ്സൺ ബോർഡ് മെമ്പർ ആയി നോമിനേറ്റ് ചെയ്തു. കെ.സി.എസിന്റെ നിരവധി കമ്മിറ്റുകളിലും ബോർഡുകളിലും പ്രവർത്തിച്ച്, ഏറ്റെടുക്കുന്ന കാര്യങ്ങൾ 100% ആത്മാർത്ഥതയോടെ ചെയ്തു തീർത്തു കഴിവ് തെളിയിച്ചിട്ടുള്ള ഒരു സംശുദ്ധ പൊതു പ്രവർത്തകനാണ് ടെഡി.

നിരവധി തവണ, യാതൊരുവിധ പരാതികൾക്കും ഇടം കൊടുക്കാതെ കെ.സി.സി.എൻ.എ കൺവെൻഷന്റെ രജിസ്ട്രേഷൻ കമ്മിറ്റിക്ക് ചുക്കാൻ പിടിച്ചിട്ടുള്ള ആളാണ് ടെഡി. ടെഡിയുടെ നോമിനേഷൻ ലെയ്സൺ ബോർഡിന് പുതിയ ഉണർവും ഉന്മേഷവും നൽകും എന്നതിന് യാതൊരു സംശയവുമില്ല. കെ.സി.എസ് എക്സിക്യൂട്ടീവ് ടെഡിക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം, ഇനിയും ഏറ്റെടുക്കുന്ന കാര്യങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്തിയെടുക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

*ഷാജി പള്ളിവീട്ടിൽ*






മാറുന്ന കാലം 11

# കളം മാറ്റം, കരു നീക്കം



സെർജി ആന്റണി

രാഷ്ട്രീയത്തിൽ കളം മാറ്റവും കരുനീക്കങ്ങളും പതിവാണ്. പ്രത്യയശാസ്ത്ര പ്രതിബദ്ധതയും ആദർശശുദ്ധിയുമൊക്കെ രാഷ്ട്രീയരംഗത്തുനിന്ന് എന്നേ നിഷ്ക്രമിച്ചു. കാറ്റിനൊത്തു തൂറ്റുന്നതും ഓളത്തിനൊത്തു നീങ്ങുന്നതുമാണ് പ്രായോഗിക രാഷ്ട്രീയം. അത് സമർഥമായി പ്രയോഗിക്കാനറിയാവുന്നവർ രക്ഷപ്പെടും. അതാണു ചുറ്റുപാടും കാണാനാവുന്നത്. ആദർശത്തിന്റെ വലിയ ബിംബങ്ങൾപോലും തവിടുപൊടിയായി മാറുന്നതു നാം കാണുന്നു. നവമാധ്യങ്ങളിലൂടെ പലരുടെയും പുറംപൂച്ചുകൾ പുറത്തുവരുന്നു.

പൊതുജനസമക്ഷം നേതാവിന്റെ പ്രതിച്ഛായ നിർമിതിക്ക് പല ടെക്നിക്കുകളുമുണ്ട്. പാർട്ടികളുടെ പ്രതിച്ഛായ നിർമാണത്തിന്റെയും തെരഞ്ഞെടുപ്പു വിജയത്തിന്റെയുമൊക്കെ മൊത്തക്കച്ചവടം എടുത്തിട്ടുള്ളവരുമുണ്ട്. പ്രശാന്ത് കിഷോറിനെപ്പോലുള്ളവർ. ചില തന്ത്രങ്ങളൊക്കെ വിജയിച്ചെന്നിരിക്കും. പലതും പാളും. പക്ഷേ പിടിച്ചുനിൽക്കാൻ അവർ പല അടവുകളുംപ്രയോഗിക്കും. പാർട്ടിവളർത്താൻ അടിത്തട്ടുമുതലുള്ള പ്രവർത്തനമൊക്കെ വലിയ തൊല്ല പിടിച്ച ഇടപാടാണ്. അതുകൊണ്ടു തന്ത്രജ്ഞരുടെ ചില മർമാണി പ്രയോഗങ്ങളാണ് ചിലർക്കു പ്രിയം. ചിലതൊക്കെ ശരിയായെന്നുവരാം.

കേരളത്തിലും രാഷ്ട്രീയ ഗോദയിൽ കളികളും കരുനീക്കങ്ങളും തകൃതിയായി നടക്കുന്നു. സൂക്ഷ്മ പരിശോധനയിൽ പോലും പലതും തിരിച്ചറിയാൻ പ്രയാസമാവും. നേതാക്കൾ പലർക്കും സ്വന്തം പി ആർ ടീമുകൾ ഉണ്ട്. മാധ്യമരംഗത്തുനിന്നുതന്നെ വന്നവരാണ് പലരും. അല്ലാത്തവരുമുണ്ട്. പറഞ്ഞു ഫലിപ്പിക്കാനുള്ള കഴിവാണു പ്രധാനം. ഉപദേശത്തിനൊപ്പം സ്വന്തം തലമണ്ടകൂടി ഉപയോഗിക്കുന്നവർ വിജയിക്കും. അല്ലെങ്കിൽ മണ്ട ഉൾപ്പെടെ മറിഞ്ഞുവീഴും.

തദ്ദേശ തെരഞ്ഞെടുപ്പു അടുത്തു കഴിഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിനും അധികം നാളില്ല. അതിനു മുന്നോടിയായുള്ള തന്ത്രപരമായ ചുവടുവയ്പുകൾ പാർട്ടികളും നേതാക്കളും തുടങ്ങിക്കഴിഞ്ഞു. മാധ്യമങ്ങളിലൂടെ പുറത്തുവരുന്നതിനപ്പുറം പല അടവുകളും അണിയറയിൽ രൂപപ്പെടുന്നു. സി.പി.എം പാർട്ടി കോൺഗ്രസിനു മുന്നോടിയായുള്ള സംസ്ഥാന സമ്മേളനം കൊല്ലത്തു നടക്കുകയാണ്. സംസ്ഥാന ഭരണത്തിൽ മൂന്നാം ഊഴമെന്ന സ്വപ്നം പലരും പങ്കുവയ്ക്കുന്നു. എതിരാളികൾ തന്നെ ഇത്തരമൊരു സാധ്യത ചൂണ്ടിക്കാണിക്കുന്നു. അതോടെ നേതാക്കൾ മാത്രമല്ല പാർട്ടി അണികളും ആവേശത്തിലാണ്. ജി. സുധാകരനെപ്പോലെ എന്തെങ്കിലുമൊക്കെ പറയാൻ ധൈര്യം കാട്ടുന്നവർ പാർട്ടിയിൽ വിരളവുമാണ്. കോൺഗ്രസുകാരെപ്പോലെ തമ്മിൽത്തല്ല് അവിടെ കുറവാണ്. കുറഞ്ഞപക്ഷം പ്രകടമായെങ്കിലും.

കേരളത്തിന്റെ പശ്ചാത്തലത്തിൽ എൽ.ഡി.എഫ് സർക്കാരിന് പത്തിരുപത് വർഷംകൂടി ലഭിച്ചാൽ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാനാകുമെന്നാണ് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറയുന്നത്. ഫാസിസത്തെക്കുറിച്ചുള്ള പുതിയ ചില നിർവചനങ്ങളും പാർട്ടിയുടെ ഇപ്പോഴത്തെ താത്വികമുഖമായ ഗോവിന്ദൻ മാഷ് ഇടയ്ക്കിടെ വെളിപ്പെടുത്തുന്നുണ്ട്. കടിച്ചാൽ പൊട്ടാത്ത പല കാര്യങ്ങളും പറയുന്നതിൽ അദ്ദേഹത്തെ കടത്തിവെട്ടാൻ ഇപ്പോൾ പാർട്ടിയിൽ മറ്റാരുമില്ല. കുത്തക മുതലാളിമാരുടെ താത്പര്യം സംരക്ഷിക്കാൻ മതധ്രുവീകരണം വഴി ഹിന്ദുത്വ അജൻഡയും അമിതാധികാര വാഴ്ചയും സംഘടിപ്പിക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുകയാണെന്നു ഗോവിന്ദൻ മാഷ് പറയുമ്പോൾ സന്ദേശം സിനിമയിൽ ശങ്കരാടിയോട് ബോബി കൊട്ടാരക്കര പറയുന്ന ഡയലോഗ് പലർക്കും ഓർമവരും.

നിയോ ഫാസിസ്റ്റ് പ്രയോഗത്തെക്കുറിച്ചൊക്കെ അദ്ദേഹത്തിന്റെ വിശദീകരണമുണ്ട്. അടിയന്തരാവസ്ഥ വന്നപ്പോഴും അതു ഫാസിസമാണെന്നു പാർട്ടി പറഞ്ഞിട്ടില്ലെന്നും അത് അർധ ഫാസിസമായിരുന്നുവെന്നും പാർട്ടി സെക്രട്ടറി പറയുന്നു. സി.പി.എം സംസ്ഥാന സമ്മേളനത്തിന്റെ പതാകാജാഥ പ്രയാണം കയ്യൂർ രക്തസാക്ഷി മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുമ്പോഴായിരുന്നു എം.വി. ഗോവിന്ദന്റെ ഈ താത്വിക വിശകലനങ്ങൾ.




ഇതോടു ചേർത്തു വച്ചു വായിക്കാവുന്ന മറ്റൊരു വാർത്ത ഏതാനും ദിവസം മുമ്പു വന്നിരുന്നു. സി.പി.എം 24-ാം പാർട്ടി കോൺഗ്രസിനുവേണ്ടി തയാറാക്കിയ കരടു പ്രമേയത്തിലെ ഒരു വിഷയമാണത്. ബി.ജെ.പിയും ആർ.എസ്.എസും ഫാസിസ്റ്റല്ല എന്നതായിരുന്നു പാർട്ടി നിലപാട്. സി.പി.എമ്മും ബി.ജെ.പിയുമായുള്ള ചില രഹസബാന്ധവങ്ങളാണ് ഇതിനു പിന്നിലെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശനും രമേശ് ചെന്നിത്തലയും ആരോപിക്കുന്നു. സി.പി.ഐയും ഈ നിലപാടിനെ എതിർക്കുന്നുണ്ട്. സീതാറാം യെച്ചൂരിയുടെ വിയോഗത്തിനുശേഷം പാർട്ടി ലൈനിൽ വന്നിട്ടുള്ള മാറ്റമായും ഇതിനെ കാണുന്നവരുണ്ട്. യെച്ചൂരി കോൺഗ്രസിനോടും ഇന്ത്യാ സഖ്യത്തോടും കാട്ടിയിരുന്ന മമത സി.പി.എമ്മിലെ ചില അധികാരകേന്ദ്രങ്ങൾക്ക് അത്ര പിടിച്ചിരുന്നില്ല.

സി.പി.എം കരുക്കൾ സമർഥമായി നീക്കുമ്പോൾ യു.ഡി.എഫ് ആകെ ആശയക്കുഴപ്പത്തിലാണ്. പ്രത്യേകിച്ചു കോൺഗ്രസ്. ഉന്നത നേതാക്കളുടെ കടിപിടി സകല സീമകളും ലംഘിച്ചപ്പോഴാണ് ഹൈക്കമാൻഡ് മുതിർന്ന നേതാക്കൾ എല്ലാവരെയും ഡൽഹിക്കു വിളിപ്പിച്ചത്. അവിടെ ചെന്നപ്പോൾ സ്വതസിദ്ധമായ കോൺഗ്രസ് ശൈലിയിൽ അവരെല്ലാം ഐക്യം പ്രകടിപ്പിച്ചു. മാധ്യമങ്ങൾക്കുമുന്നിൽ കെട്ടിപ്പിടിച്ചും കൈകോർത്തും പടംപിടിക്കാൻനിന്നു. ഒരുപ്രശ്നവുമില്ലന്ന് പറഞ്ഞു. സീനിയർ നേതാക്കളുടെ യോഗത്തിൽ വി.എം. സുധീരനും പി.ജെ കുര്യനുമൊക്കെയുണ്ടായിരുന്നു. എല്ലാവരും ചേർന്നിരുന്ന് പടമെടുത്തു പത്രത്തിലും കൊടുത്തു. ഇതുകൊണ്ടൊന്നും ഐക്യം സാക്ഷാത്കരിക്കപ്പെടുമെന്നു തോന്നുന്നില്ല. അതു ഹൈക്കമാൻഡിനും മനസിലായിട്ടുണ്ട്. തങ്ങൾ തമ്മിൽ പ്രശ്നമൊന്നുമില്ലെന്ന് നേതാക്കളെല്ലാം പറഞ്ഞെങ്കിലും പൊതുജനത്തിന്റെ തോന്നൽ അങ്ങനെയല്ലല്ലോ എന്നായിരുന്നു രാഹുൽ ഗാന്ധിയുടെ പ്രതികരണം.

പാർട്ടിലൈൻവിട്ടുപറയുന്നവരെയും പ്രവർത്തിക്കുന്നവരെയും കൈകാര്യം ചെയ്യുമെന്നൊക്കെ ഹൈക്കമാൻഡ് മുന്നറിയിപ്പു നൽകിയിട്ടുണ്ടെങ്കിലും കേരളത്തിലെത്തുമ്പോൾ നേതാക്കൾ അതൊക്കെ മറക്കും. 'പടിക്കൽ കൊണ്ടുചെന്നു കലം ഉടയ്ക്കാൻ' കോൺഗ്രസിലെ ചില നേതാക്കൾക്ക് നല്ല മിടുക്കാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ അവസാന നാളുകളിൽ ചില നേതാക്കൾ നടത്തിയ പ്രസ്താവനകൾ തുടർന്നുണ്ടായ തെരഞ്ഞെടുപ്പു പരാജയത്തെ നിർണായകമായി സ്വാധീനിച്ചിരുന്നു. ഇതിൽനിന്നൊന്നും ആരും പാഠം പഠിക്കുന്നില്ലെന്നതാണ് ശശി തരൂരിന്റെയും മുല്ലപ്പള്ള രാമചന്ദ്രന്റെയുമൊക്കെ ചില നിലപാടുകൾ വ്യക്തമാക്കുന്നത്.

ശശി തരൂർ ഒരു ഇംഗ്ലീഷ് ദിനപത്രത്തിൽ എഴുതിയ ലേഖനവും ഒരു അഭിമുഖത്തിൽ പറഞ്ഞ കാര്യങ്ങളും ഈയിടെ വലിയ വിവാദമായി. കേന്ദ്രമായാലും സംസ്ഥാനമായാലും നല്ലതു ചെയ്താൽ നല്ലതെന്നു പറയണമെന്ന സാമാന്യ നീതിയാണ് തരൂർ കാട്ടിയത്. ആരു കേട്ടാലും അതു ന്യായം എന്നു പറയും. പക്ഷേ അത്ര നിഷ്കളങ്കമായിരുന്നോ തരൂരിന്റെ ആ പ്രശംസ എന്ന് രാഷ്ട്രീയ നിരീക്ഷകർ പലരും സംശയിക്കുന്നു. കോൺഗ്രസിലാകട്ടെ പലരും അതു പരസ്യമായി പറയാൻ മടിച്ചെന്നു മാത്രം.

ലേഖനമെഴുതാനും പ്രസംഗിക്കാനുമുള്ള തരൂരിന്റെ മികവ് എല്ലാവരും അംഗീകരിക്കും. പക്ഷേ അടിച്ചു കളിച്ചു വളർന്ന രാഷ്ട്രീയക്കാരനല്ലാത്തതിന്റെ ചില പോരായ്മകൾ അദ്ദേഹത്തിനുണ്ട്. വിശ്വപൗരനെന്ന തൊങ്ങലും സവിശേഷമായ വ്യക്തിത്വവും ശശി തരൂരിന് ധാരാളം ആരാധകരെ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ കോൺഗ്രസിലാണ് തന്റെ അടിത്തറ എന്ന് അദ്ദേഹം പലപ്പോഴും മറന്നുപോകുന്നതുപോലെ തോന്നും. തിരുവനന്തപുരത്തുനിന്നു ലോക്സഭയിലേക്ക് ആവർത്തിച്ചു ജയിക്കുന്നത് കോൺഗ്രസുകാരുടെ വോട്ടുകൊണ്ടു മാത്രമല്ല എന്ന് ശശി തരൂർ പറയുമ്പോൾ ആ ലോക്സഭാ മണ്ഡലത്തിലെ രാഷ്ട്രീയത്തിന്റെ പ്രത്യേകതകൂടി മനസിലാക്കേണ്ടതുണ്ട്. എൽ.ഡി.എഫിൽനിന്ന് സി.പി.ഐ സ്ഥിരം മത്സരിക്കുന്ന മണ്ഡലമാണ് തിരുവനന്തപുരം. അല്ലെങ്കിൽതന്നെ പല ലോക്സഭാ നിയമസഭാ മണ്ഡലങ്ങളിലും യു.ഡി.എഫിന്റെ സ്ഥാനാർഥികൾ പലരും ജയിക്കുന്നത് പാർട്ടി വോട്ടുകൾ കൊണ്ടുമാത്രവുമല്ല.

തരൂർ സംസ്ഥാന സർക്കാരിനെ പുകഴ്ത്തിയത് മുഖ്യമന്ത്രി ഉൾപ്പെടെ സി.പി.എമ്മിലെ പലർക്കു നന്നായി ബോധിച്ചു. പിന്തുണയും അഭിനന്ദവും ഒഴുകിയെത്തി. ഡി.വൈ.എഫ്.ഐ പരിപാടിക്ക് തരൂരിനെ ക്ഷണിക്കാൻ രാജ്യസഭാംഗം റഹിം ഉൾപ്പെടെ ഓടിയെത്തി. കൂടരഞ്ഞിയിൽ മലയോര ഹൈവേ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുമ്പോൾ മുഖ്യമന്ത്രി പിണറായിവിജയനും തരൂരിനെ പ്രശംസിക്കാൻ മറന്നില്ല. മറ്റു പല നേതാക്കളും ഇതോടെ ഉഷാറായി. തരൂർ മഹാത്മ്യം അവരും പുകഴ്ത്തി. പക്ഷേ സംഗതി കോൺട്രാ ആകുമോ എന്നു വൈകാതെ തരൂർ തിരിച്ചറിഞ്ഞു. ഇതിനിടെ പപ്പരാസികൾ പല നിഗമനങ്ങളും നടത്തി. തരൂർ ബി.ജെ.പിയിലേക്കെന്നൊക്കെ ചിലർ നിരീക്ഷിച്ചു. കാര്യങ്ങളുടെ പോക്കു പന്തിയല്ലെന്നു കണ്ട തരൂർ ആദ്യം ഖണ്ഡിച്ചത് ബി.ജെ.പി ബന്ധം തന്നെ. ഹൈക്കമാൻഡുമായി നടത്തിയ ചർച്ചയെത്തുടർന്ന് തരൂർ ആകെ കളം മാറി ചവിട്ടിയിരിക്കുകയാണ്. തരൂരിനെപ്പോലൊരാളെ അത്ര നിസാരമായി തഴയാനാവില്ലെന്ന് ഹൈക്കമാൻഡിനു മാത്രമല്ല, കേരളത്തിലെ ലോ കമാൻഡിനും അറിയാം.

ശശി തരൂരിന് ഇപ്പോൾ നോട്ടം കേരളത്തിലാണ്. താൻ കോൺഗ്രസ് രാഷ്ട്രീയത്തിലേക്കു കടന്നുവന്ന സാഹചര്യമല്ല ഇപ്പോൾ കേന്ദ്രത്തിലെന്ന് അദ്ദേഹത്തിനു നന്നായറിയാം. കേന്ദ്രഭരണത്തിലെത്താനുള്ള ദുർഘടവഴികളെക്കുറിച്ചും അദ്ദേഹത്തിനു ബോധ്യമുണ്ടാകും. അപ്പോൾപ്പിന്നെ കേരളത്തിൽ മുഖ്യമന്ത്രിയായാൽ കൊള്ളാം എന്ന് ശശി തരൂർ ചിന്തിക്കുന്നതിൽ അത്ഭുതമില്ല. അതിനുള്ള ചില ഗൃഹപാഠങ്ങൾ അദ്ദേഹം നേരത്തേ തുടങ്ങിയിരുന്നു. കൈയിലെടുക്കേണ്ടവരെ കണ്ടും കേട്ടും എല്ലാവർക്കും സ്വീകാര്യനുമായി അരങ്ങു പിടിച്ചുവരികയായിരുന്നു. അതിനിടെയാണ് ലേഖനവും ഇന്റർവ്യൂവും എല്ലാം കൂടി കുഴപ്പത്തിൽ ചാടിച്ചത്. ബുദ്ധിയുള്ള വരാലിനെക്കുറിച്ചുള്ള നാടൻപ്രയോഗം അങ്ങിനെ തരൂരിന്റെ കാര്യത്തിലും പലരും പറയാൻ തുടങ്ങി. ഇതുകൊണ്ടൊന്നും തരൂരിനെ എഴുതിത്തള്ളാനാവില്ല. പോയ ബുദ്ധി തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം. തരൂരിനെ പുകഴ്ത്തിയ പിണറായിവിജയനും രൂക്ഷമായിവിമർശിച്ചകോൺഗ്രസ്നേതാക്കളുമെല്ലാം രാഷ്ട്രീയക്കളി തന്നെയാണു കളിക്കുന്നത്. കേരളത്തിലെ അടുത്ത സർക്കാർ രൂപീകരണത്തെ സ്വാധീനിക്കുന്ന പല ഘടകങ്ങളും ഇനിയും പൂർണമായി ഉരുത്തിരിഞ്ഞു വന്നിട്ടില്ല. അടുത്ത വർഷം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ് പല അത്ഭുതങ്ങൾക്കും വഴിയൊരുക്കും. അതിനായി നമുക്കു കാത്തിരിക്കാം.





# ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന)

ന്യൂയോർക്ക്: കഴിഞ്ഞ വാഷിംഗ്ടൺ ഡി.സി ഫൊക്കാന കൺവെൻഷനിൽ പൂർത്തിയാക്കാതിരുന്ന ജനറൽ കൗൺസിൽ മീറ്റിങ്ങും തിരെഞ്ഞെടുപ്പ് പ്രക്രിയകളും പൂർണമായി ഫെബ്രുവരി 22ന് ശനിയാഴ്ച സൂം പ്ലാറ്റ്ഫോമിൽ പൂർത്തീകരിച്ച് ഫൊക്കാന ഇന്റർനാഷണൽ.

നിലവിലെ അഡ്ഹോക്ക് കമ്മറ്റി പ്രസിഡന്റ് സണ്ണി മറ്റമനയുടെ അധ്യക്ഷതയിൽ ചേർന്ന ബോർഡ് ഓഫ് ഡിറക്ടേർസ് മീറ്റിംഗിൽ ജനറൽ കൗൺസിൽ അജണ്ടകൾക്ക് അംഗീകാരം നൽകി. അഡ്ഹോക് കമ്മറ്റി ജനറൽ സെക്രട്ടറി എബ്രഹാം ഈപ്പൻ സ്വാഗത പ്രസംഗം നടത്തി. തുടർന്ന് മുൻ ജനറൽ സെക്രട്ടറി ഡോ. കല ഷാഹി മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ കൺവെൻഷനിൽ സെക്രട്ടറിയുടെ റിപ്പോർട്ട് അവതരണം പോലും നടത്തിയിരുന്നില്ല. തുടർന്ന് ജനറൽ കൗൺസിലിൽ അവതരിപ്പിക്കപ്പെട്ട മൂന്നു പ്രമേയങ്ങൾക്ക് ഏകകണ്ഠേന അംഗീകാരം നൽകി.

ജനറൽ കൗൺസിലിൽ പാസ്സാക്കിയ പ്രമേയപ്രകാരം 2027 ജൂലൈ മാസത്തേക്ക് അടുത്ത കൺവെൻഷൻ മാറ്റി വച്ചു. 2026ൽ ഒന്നിലധികം കൺവെൻഷനുകൾ നടക്കുന്നതിനാൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായതുകൊണ്ടാണ് 2027ലേക്ക് മാറ്റിയത്.

രണ്ടാം പ്രമേയം അനുസരിച്ച് ഫൊക്കാനയിൽ അന്താരാഷ്ട്ര സംഘടനകളെ ഉൾപ്പെടുത്താനും അതിനായി സംഘടനയുടെ പേര് ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ (ഫൊക്കാന) ഇന്റർനാഷണൽ എന്നോ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഡി.ബി.എ ഫൊക്കാന ഇന്റർനാഷണൽ എന്നോ പുനർനാമകരണം ചെയ്യാൻ എക്സിക്യൂട്ടിവ് കമ്മറ്റിയേയും ട്രസ്റ്റി ബോർഡിനേയും ചുമതലപ്പെടുത്തി. മൂന്നാം പ്രമേയപ്രകാരം ഫൊക്കാന ഭരണഘടനാ പരിഷ്കരണ സമിതി നിലവിൽ വന്നു. ജോസഫ് കുര്യപ്പുറം, സണ്ണി മറ്റമന, എബ്രഹാം ഈപ്പൻ, കലാ ഷാഹി, സണ്ണി ജോസഫ്, അഡ്വ. അഭിലാഷ് മത്തായി, അഡ്വ. ജോയ് കൂടാലിൽ, അഡ്വ. ജീമോൻ ജോസഫ് എന്നിവർ ഈ കമ്മറ്റിയിൽ അംഗങ്ങളായിരിക്കും.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പ് നടപടികൾക്ക് ഇലക്ഷൻ കമ്മീഷണർ രാജൻ പടവത്തിൽ, ഇലക്ഷൻ കമ്മറ്റി അംഗങ്ങളായ അഡ്വ. അഭിലാഷ് മത്തായി, ഷിബു വെണ്മണി എന്നിവർ നേതൃത്വം നൽകി. പ്രസിഡന്റായി സണ്ണി മറ്റമന, ജനറൽ സെക്രട്ടറിയായി എബ്രഹാം ഈപ്പൻ, ട്രഷറർ ആയി എബ്രഹാം കളത്തിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. ജേക്കബ് ഈപ്പൻ, വൈസ് പ്രസിഡന്റ് ഷാജി ആലപ്പാട്ട് (ന്യൂയോർക്ക്), വിമെൻസ് ഫോം കോർഡിനേറ്ററായി ഡോ. നീന ഈപ്പൻ, അസോസിയേറ്റ് സെക്രട്ടറി റോബർട്ട് അറീച്ചിറ(ന്യൂയോർക്ക്), അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി തോമസ് ജോർജ് (അറ്റ്ലാന്റ), അസോസിയേറ്റ് ട്രഷറർ ഷാജി ജോൺ (അറ്റ്ലാന്റ), അഡീഷണൽ അസോസിയേറ്റ് ട്രഷറർ സൈമൺ സബീഷ് (കാനഡ) എന്നിവരെ തിരഞ്ഞെടുത്തു.

നാഷണൽ കമ്മിറ്റി അംഗങ്ങളായി നാഷണൽ കമ്മറ്റിയിലേക്ക് തോമസ് മാത്യു (ന്യൂ ജേഴ്സി), ബേബിച്ചൻ ചാലിൽ (ഫ്ളോറിഡ), ഡോ. സായ വിജിലി (വാഷിംഗ്ടൺ ഡി.സി), ദിലീപ് കുമാർ (വാഷിംഗ്ടൺ ഡി.സി), രാജൻ മത്തായി (വാഷിംഗ്ടൺ ഡി.സി), സജി മറ്റമന (ന്യൂയോർക്ക്), ഷാജി സാമുവേൽ (ന്യൂയോർക്ക്), ബിനു പോൾ (ന്യൂയോർക്ക്), ജീമോൻ ജോസഫ് (ന്യൂജേഴ്സി), സുരേഷ് നായർ (ഫ്ളോറിഡ), ജോർജ് എബ്രഹാം (ഫ്ളോറിഡ), ഡേവിഡ് കുര്യൻ (ഇല്ലിനോയി), ദർശന ശശി മനയത്ത് (ടെക്സസ്), ജയ്സൺ ജോസഫ് (ഫ്ളോറിഡ), ഷിബു ജോർജ് (ഫ്ളോറിഡ), റജി മാത്യു (ഫ്ളോറിഡ), സിജു സൈമൺ (കാനഡ), ജോയ് പരിക്കാപള്ളി (വാഷിംഗ്ടൺ ഡി.സി), ലീല നായർ (ഫ്ളോറിഡ), അനി വർഗീസ് (ന്യൂയോർക്ക്), സുനിൽ ചെറിയാൻ (ജോർജിയ), ബാബു മാത്യു (ഇല്ലിനോയി) എന്നിവരെയും തിരഞ്ഞെടുത്തു. ഇലക്ഷൻ നടപടികൾക്ക് ശേഷം തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ട്രസ്റ്റിബോർഡ് ചെയർമാൻ ജോസഫ് കുര്യപ്പുറം സത്യവാചകം ചൊല്ലിക്കൊടുത്തു.

# തോമസ് ഉമ്മൻ ഫോമാ പ്രോഗ്രാം കോർഡിനേറ്റർ, പൗലോസ് കുയിലിടാൻ കോ-കോർഡിനേറ്റർ



ന്യൂയോർക്: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമയുടെ 2024-26 വർഷത്തെ പ്രോഗ്രാം കോർഡിനേറ്ററായി തോമസ് ഉമ്മനും (ഷിബു, ന്യൂയോർക്), കോ-കോർഡിനേറ്ററായി പൗലോസ് കുയിലാടനും (ഫ്ളോറിഡ) തെരഞ്ഞെടക്കപ്പെട്ടു.

കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ഉമ്മൻ, ഫോമാ അംഗ സംഘടനയായ കേരള കൾച്ചറൽ അസോസിയേഷന്റെ ഡയറക്ടർ ബോർഡ് മെമ്പറും, ഫോമയുടെ മുൻ നാഷണൽ കമ്മിറ്റി അംഗവുമാണ്.

കേരളത്തിൽനിന്നും പ്രഗത്ഭരായ കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് കലാമൂല്യമുള്ള നിരവധി സ്റ്റേജ്ഷോകൾ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നടത്തിയ ഷിബു എന്ന് വിളിക്കുന്ന തോമസ് ഉമ്മൻ ചലച്ചിത്ര നിർമ്മാണ രംഗത്തും ശ്രദ്ധേയമായ ചുവടുവെപ്പുകൾ നടത്തിയിട്ടുണ്ട്. ചെണ്ട പഞ്ചവാദ്യ കലാ ട്രൂപ്പുകളും ന്യൂയോർക്കിൽ പ്രവർത്തിച്ചുവരുന്നു.

കോ-കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പൗലോസ് കുയിലാടൻ ഫോമയുടെ മുൻ നാഷണൽ കമ്മിറ്റി അംഗമാണ്. ഒർലാൻഡോ റീജിയണൽ മലയാളി അസോസിയേഷന്റെ സ്ഥാപക അംഗവും വൈസ് പ്രസിഡന്റ്, ട്രഷറർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചുട്ടുണ്ട്. ഫോമയുടെ നാടക മേള കോർഡിനേറ്റർ, ഷോർട് ഫിലിം ഫെസ്റ്റിവൽ കോർഡിനേറ്റർ എന്നീ നിലകളിലും ശ്രദ്ധേയനാണ്.

ഫോമയുടെ പ്രോഗ്രാം കോർഡിനേറ്റർമാരായി തങ്ങളെ തെരഞ്ഞെടുത്തതിൽ ഫോമാ എക്സിക്യൂട്ടീവിനും നാഷണൽ കമ്മിറ്റിക്കും തോമസ് ഉമ്മനും പൗലോസ് കുയിലിടാനും നന്ദി പറഞ്ഞു.

പ്രോഗ്രാം കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ഉമ്മനെയും കോ-കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പൗലോസ് കുയിലാടനേയും ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

ഏറ്റവും അനുയോജ്യരായ രണ്ടുപേരെയാണ് ഫോമയുടെ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 2026 ജൂലൈ 30,31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ഹ്യൂസ്റ്റനിലെ 'വിൻഡം' ഹോട്ടലിൽ വച്ച് നടക്കുന്ന ഫോമ ഫാമിലി കൺവൻഷനിൽ കലാ മൂല്യമുള്ള വിവിധ കലാ പരിപാടികൾ സംഘടിപ്പിക്കാൻ ഇവരുടെ ഈ മേഖലയിലുള്ള മുൻ പരിചയം മുതൽ കൂട്ടായിരിക്കുമെന്നും ഫോമാ ഭാരവാഹികൾ അഭിപ്രായപ്പെട്ടു.

*ഷോളി കുമ്പിളുവേലി*






## ‘കലഹത്തിൽ ഖേദമുണ്ട്, സമാധാന കരാറിന് തയ്യാർ’; ട്രംപിന് കത്തയച്ച് സെലെൻസ്കി

വാഷിംഗ്ടൺ: വൈറ്റ് ഹൗസിൽ വെള്ളിയാഴ്ച്ച ഉണ്ടായ കലഹത്തിൽ ഖേദം പ്രകടിപ്പിച്ച് ഉക്രൈൻ പ്രസിഡന്റ് വ്ലാഡമിർ സെലൻസ്കി. സമാധാന ചർച്ചകൾക്കും ധാതു കരാറിനും സന്നദ്ധത പ്രകടിപ്പിച്ച് ഉക്രേനിയൻ പ്രസിഡന്റ് യുഎസ് പ്രസിഡന്റ് ട്രംപിന് ഒരു കത്ത് അയച്ചു.

യുഎസ് കോൺഗ്രസിൽ നടത്തിയ പ്രസംഗത്തിനിടെ പ്രസിഡന്റ് ട്രംപ് കത്ത് വായിച്ചു. ‘ഞാൻ ഈ കത്തിനെ ബഹുമാനിക്കുന്നു,‘ ട്രംപ് പറഞ്ഞു. ഉക്രെയ്ൻ എത്രയും വേഗം സമാധാന ചർച്ചകൾ ആരംഭിക്കാൻ തയ്യാറാണെന്ന് കത്തിൽ പറഞ്ഞിട്ടുണ്ടെന്ന് ട്രംപ് ചൂണ്ടിക്കാട്ടിയപ്പോൾ സഭ കരഘോഷത്തിൽ മുഴങ്ങി. റഷ്യയും സമാധാനത്തിന് തയ്യാറാണെന്ന് ട്രംപ് പറഞ്ഞു. അടിസ്ഥാനപരമായി,ഓവൽ ഓഫീസ് സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുന്നു. വെടിനിർത്തൽ ചർച്ചകൾ ഉടൻ ആരംഭിക്കാമെന്നും ധാതു കരാറിൽ ഒപ്പിടാൻ തയ്യാറെന്നും സെലൻസ്കി പറയുന്നു.

യുഎസിനെ സംബന്ധിച്ച് ഉക്രൈനിലെ സമ്പന്നമായ ധാതു നിക്ഷേപങ്ങൾ ഖനനം ചെയ്യാൻ അനുമതി ലഭിക്കുന്ന കരാർ അതിപ്രധാനമാണ്.മുൻ പ്രസിഡന്റ് ബൈഡൻ യുക്രൈന് $350 ബില്യൺ സൈനിക സഹായം നൽകിയെന്നു ട്രംപ് പറയുമ്പോൾ ഈ കരാർ കൊണ്ട് യുഎസിനു തിരിച്ചു കിട്ടാവുന്നത് $500 മില്യൺ ആണെന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

കഴിഞ്ഞ ദിവസമായിരുന്നു വൈറ്റ് ഹൗസിൽ ട്രംപും സെലൻസ്കിയും തമ്മിലുള്ള കൂടിക്കാഴ്ച. യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസും ചർച്ചയ്ക്കെത്തിയിരുന്നു. തുടക്കത്തിൽ സമാധാനപരമായി തുടങ്ങിയ ചർച്ച പിന്നീട് വാഗ്വാദത്തിലാണ് കലാശിച്ചത്. റഷ്യയുമായുള്ള വെടിനിർത്തലിന് യുക്രെയ്ൻ വിട്ടുവീഴ്ചയ്ക്ക് ത യ്യാറാകണമെന്ന് ട്രംപ് ആവശ്യപ്പെട്ടത് സെലൻസ്കിയെ ചൊടിപ്പിച്ചു. കൊലയാളി പുടിനുമായി യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലായെന്നായിരുന്നു സെലൻസ്കിയുടെ മറുപടി.

പിന്നാലെ മാധ്യമങ്ങൾക്ക് മുന്നിൽ വെച്ച് ഇരുവരും ചൂടേറിയ വാഗ്വാദങ്ങളിലേക്ക് കടക്കുകയായിരുന്നു. സെലൻസ്കി അനാദരവ് കാണിച്ചെന്ന് ട്രംപ് പരസ്യമായി ആരോപിച്ചു. മൂന്നാം ലോകമഹായുദ്ധത്തിലേക്ക് കടക്കാനാണ് സെലൻസ്കി ശ്രമിക്കുന്നതെന്നും ദശലക്ഷകണക്കിന് ആളുകളുടെ ജീവൻ വെച്ചാണ് അദ്ദേഹം ചൂതാട്ടം കളിക്കുന്നതെന്നും ട്രംപ് ആരോപിച്ചിരുന്നു. ഇതിന് പിന്നാലെ സെലൻസ്കി വൈറ്റ് ഹൗസ് വിടുകയായിരുന്നു.

## ‘ഗാസ താമസയോഗ്യമല്ലാത്ത ഭൂമി’; അറബ് രാജ്യങ്ങളുടെ പുനരുദ്ധാരണ പദ്ധതി തള്ളി ട്രംപ്

കയ്റോ: ഗാസയുടെ പുനർനിർമാണത്തിനായി ഈജിപ്ത് മുന്നോട്ടുവച്ച 5,300 കോടി ഡോളറിന്റെ പദ്ധതി നിരസിച്ച് യുഎസ്. ഗാസ താമസയോഗ്യമല്ലാത്ത ഭൂമിയാണെന്നും പൊട്ടാതെ കിടക്കുന്ന സ്ഫോടക വസ്തുക്കളേറെയാണെന്നുമുള്ള വസ്തുത തിരിച്ചറിയാതെയാണ് പുതിയ പ്രഖ്യാപനമെന്നാണ് ട്രംപിന്റെ പ്രതികരണം.

‘യാഥാർത്ഥ്യത്തെ നിലവിലെ നിർദ്ദേശം അഭിസംബോധന ചെയ്യുന്നില്ല. ഹമാസിൽ നിന്ന് മുക്തമായ ഗാസ പുനർനിർമ്മിക്കാനുള്ള തന്റെ കാഴ്ചപ്പാടിൽ പ്രസിഡന്റ് ട്രംപ് ഉറച്ചുനിൽക്കുന്നു. മേഖലയിൽ സമാധാനവും സമൃദ്ധിയും കൊണ്ടുവരുന്നതിനായി കൂടുതൽ ചർച്ചകൾക്കായി ഞങ്ങൾ ആഗ്രഹിക്കുന്നു’ ദേശീയ സുരക്ഷാ കൗൺസിൽ വക്താവ് ബ്രയാൻ ഹ്യൂസ് പ്രസ്താവനയിൽ പറഞ്ഞു.

പാലസ്തീനികളെ പുറത്താക്കി ഗാസയെ സുഖവാസ കേന്ദ്രമാക്കാനുള്ള യുഎസ് പ്രസിഡന്റ് ട്രംപിന്റെ പദ്ധതിക്കു ബദലായിട്ടാണ് അറബ് രാജ്യങ്ങൾ മറ്റൊരു പദ്ധതി തയാറാക്കിയത്. ഹമാസിനു പകരം ഗാസ ഭരണം പരിഷ്കരിച്ച പലസ്തീൻ അതോറിറ്റി സർക്കാറിനെ ഏൽപിക്കും. വെസ്റ്റ് ബാങ്ക്, ഗസ്സ, കിഴക്കൻ ജറൂസലം എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണകൂടങ്ങളെ കണ്ടെത്താനും പദ്ധതിയുണ്ട്. ഘട്ടങ്ങളായി ഗസ്സയെ പുനർനിർമിക്കും. അതുവഴി ഇസ്രായേലി അധിനിവേശത്തിൽ എല്ലാം നഷ്ടമായ പാലസ്തീനികൾക്ക് പുനരധിവാസം ഉറപ്പാക്കും.

മൂന്നു ഘട്ടങ്ങളിലാകും ഗാസ പുനർനിർമാണം. ആദ്യ ആറു മാസം നീളുന്ന ഒന്നാം ഘട്ടത്തിൽ താൽക്കാലിക വീടുകളൊരുക്കും. നിലവിൽ ഗാസയിലെ 90 ശതമാനം വീടുകളും തകർക്കപ്പെട്ടതാണെന്ന് യു.എൻ പറയുന്നു. സ്കൂളുകൾ, ആശുപത്രികൾ, മലിനജല സംവിധാനങ്ങൾ, വൈദ്യുതി എന്നിവയും തകർന്ന നിലയിലാണ്. അഞ്ചു കോടി ടൺ മാലിന്യങ്ങളാണ് നീക്കാനുള്ളത്.

ഹമാസ് ഈ നിർദേശം അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയുധം താഴെവയ്ക്കാൻ തയാറാകില്ലെന്നാണു സൂചന. ഗാസയിൽ അന്താരാഷ്ട്ര സമാധാനസേനയെ വിന്യസിക്കാൻ യുഎൻ രക്ഷാസമിതി തയാറാകണമെന്നും പദ്ധതിയിൽ ആവശ്യപ്പെടുന്നു. പദ്ധതിക്കുവേണ്ട പണം കണ്ടെത്താനായി അടുത്ത മാസം അന്താരാഷ്ട്ര ഉച്ചകോടി ചേർന്നേക്കും.

# ഫൊക്കാന ഇന്റർനാഷണൽ വിമൻസ് ഡേ ഒരുക്കങ്ങൾ പൂർത്തിയായി




മാർച്ച് 9നു നടക്കുന്ന ഇന്റർനാഷണൽ വിമൻസ് ഡേ ആഘോഷങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയതായി ഫൊക്കാന ഇന്റർനാഷണലിന്റെ ഭാരവാഹികൾ അറിയിച്ചു. മേരിലാന്റ് സിൽവർ സ്പ്രിങ് SASDAC ധീരജ് ഹാളിൽ രാവിലെ 11 മണി മുതൽ സമ്മേളനം ആരംഭിക്കും. അമേരിക്കയിൽ നിന്ന് മാത്രമല്ല, വിദേശത്തുനിന്നും നിരവധി വിശിഷ്ട അതിഥികൾ ഈ ചടങ്ങിൽ പങ്കെടുക്കും.

പ്രസിഡന്റ് സണ്ണി മറ്റമന പ്രസിഡൻഷ്യൽ അഭിവാദ്യവും തുടർന്ന് 2024-2027 വർഷത്തേക്കുള്ള വനിതാ ചെയർപേഴ്സൻ ഡോ. നീനാ ഈപ്പനെ പരിചയപ്പെടുത്തുകയും ചെയ്യും.

ഡോ. നീനാ ഈപ്പൻ വിവിധ അതിഥികളെ പരിചയപ്പെടുത്തും, കൂടാതെ അമേരിക്കയിലെ പ്രമുഖ പ്രതിനിധികൾ നേരിട്ടും, വിദേശ പ്രതിനിധികൾ വീഡിയോ കോൺഫറൻസ് മുഖേനയും സമ്മേളനത്തെ അഭിസംബോധന ചെയ്യും. സമ്മേളനം തത്സമയം കാണുന്നതിനായി ലൈവ് ടെലിക്കാസ്റ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

വിമൻസ് ഫോറം ചെയർ ഡോ. നീന ഈപ്പന്റെയും, ഡോ. കല ഷഹി (ഇന്റർനാഷണൽ അഫയേഴ്സ്) യുടെ മേൽനോട്ടത്തിൽ വിവിധ കമ്മറ്റികളുടെ പ്രവർത്തനത്തിലൂടെയാണ് സമ്മേളനത്തിനുള്ള തയ്യാറെടുപ്പ് നടന്നുവരുന്നത്, സ്ത്രീ ശാക്തീകരണം

അടിസ്ഥാനമാക്കിയുള്ള പ്രഭാഷണങ്ങൾ, വിമൻസ് ഫോറം ടീമിനെ പരിചയപ്പെടുത്തൽ, വിവിധ നൃത്ത, നൃത്യങ്ങൾ, ഗാനമേള തുടങ്ങിയ കലാപരിപാടികളും അരങ്ങേറും.

വിമൻസ് ഫോറം പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിക്കുന്നതായി പ്രസിഡന്റ് സണ്ണി മറ്റമന, സെക്രട്ടറി എബ്രഹാം ഈപ്പൻ, ട്രഷറർ എബ്രഹാം കളത്തിൽ, എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് ഡോ. ജേക്കബ് ഈപ്പൻ, ഷാജി ആലപ്പാട്ട്, റോബർട്ട് അരിച്ചിറ, തോമസ് എം. ജോർജ്, ഷാജി ജോൺ, ഇന്റർനാഷണൽ കോർഡിനേറ്റേഴ്സ ഡോ. കല ഷഹി,റെജി കുര്യൻ, ട്രസ്റ്റി ബോർഡ് ചെയർ ജോസഫ് കുരിയപുറം മുതലയാവർ സംയുകതമായി പ്രസ്താവിച്ചു.

പ്രവേശനം സൗജന്യമാണ്, സമ്മേളനത്തിന് ശേഷം വിഭവ സമൃദ്ധമായ ഭക്ഷണവും ക്രമീകരിച്ചിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഞങ്ങൾ ഒരു പ്രമുഖ വനിതയെ 2025 വനിതാ നേതൃത്വ പുരസ്കാരം കൊടുത്തു ആദരിക്കാൻ ആഗ്രഹിക്കുന്നു. ഏവരെയും ഈ യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി വിമൻസ് ഫോറത്തിന് വേണ്ടി ഡോ. നിന ഈപ്പൻ വ്യക്തമാക്കി.



# ഫോമ സെൻട്രൽ റീജൻ അന്താരാഷ്ട്ര വനിതാദിനം പ്രൗഢഗംഭീരമായി

ഫോമ സെൻട്രൽ റീജൻ വിമൻസ് ഫോറം ചെയർപേഴ്സൺ ഡോ. റോസ് വടകരയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വച്ച് അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. ഫോമാ സെൻട്രൽ റീജൻ ആർ.വി.പി ജോൺസൺ കണ്ണൂക്കാടൻ സെൻട്രൽ റീജനൽ പ്രതിനിധികൾക്കൊപ്പം നിലവിളകൊളുത്തിയാണ് അന്താരാഷ്ട്ര വനിതാദിനം ഉദ്ഘാടനം ചെയ്തത്.

സെമിനാറിൽ ആർച്ച അജയ് യോഗ ക്ലാസ് എടുക്കുകയും നിഷ എറിക് കുക്കിംഗ് ക്ലാസുകൾ എടുക്കുകയും ചെയ്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാവരും ഈ സെമിനാർ വനിതാ ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് കൊണ്ടുള്ള പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നതിൽ വളരെയധികം സന്തോഷം പ്രകടിപ്പിച്ചു.

ഷിക്കാഗോയിൽ നിന്നും സമീപപ്രദേശങ്ങളിൽ നിന്നും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അറുപതിൽപരം വനിതകൾ പ്രസ്തുത സെമിനാറിൽ പങ്കെടുക്കുകയും ഫോമ സെൻട്രൽ റീജൻ അന്താരാഷ്ട്ര വനിതാദിനം വളരെ ഭംഗിയായി നടത്തുവാൻ സഹായിക്കുകയും ചെയ്തു. ഫോമ സെൻട്രൽ റീജൻ എക്സിക്യൂട്ടീവ് കമ്മിറ്റി, ഫോമോ സെൻട്രൽ റീജൻ വിമൻസ് ഫോറം നടത്തപ്പെട്ട ഈ അന്താരാഷ്ട്ര വനിത ദിനാചരണത്തെ പ്രോത്സാഹിപ്പിക്കുകയും എല്ലാവിധ പിന്തുണ നൽകുകയും ചെയ്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാവരോടും ഫോമാ സെൻട്രൽ എക്സിക്യൂട്ടീവിന്റെ പേരിലും ഫോമാ സെൻട്രൽ റീജൻ വിമൻസ് ഫോറത്തിന്റെ പേരിലുമുള്ള നന്ദിയും സ്നേഹവും അറിയിച്ചു.

◗ അച്ചൻകുഞ്ഞ് മാത്യു



# പുതിയ താരിഫ് നീക്കം വ്യാപാര യുദ്ധത്തിലേയ്ക്കോ?

(ഒന്നാം പേജ് തുടർച്ച)

റ്റുമതിയ്ക്ക് 15 ശതമാനം വരെ താരിഫ് ചുമത്തി ബീജിംഗ് തിരിച്ചടിച്ചു. കയറ്റുമതി നിയന്ത്രണങ്ങൾക്കും മറ്റ് നിയന്ത്രണങ്ങൾക്കും വിധേയമായ യുഎസ് കമ്പനികളുടെ എണ്ണം ഏകദേശം രണ്ട് ഡസൻ വർദ്ധിപ്പിച്ചു. 21 ദിവസത്തിനുള്ളിൽ 100 ബില്യൺ ഡോളറിലധികം വിലമതിക്കുന്ന അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് തീരുവ ചുമത്തുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും വ്യക്തമാക്കി.

## കാനഡ

ട്രംപിന്റെ ഇറക്കുമതി തീരുവയ്ക്ക് മറുപടി നൽകി കാനഡയിലെ പ്രവിശ്യകൾ. ഒന്റാരിയോ, ക്യൂബെക്ക് എന്നിവയുൾപ്പെടെയുള്ള കനേഡിയൻ പ്രവിശ്യകൾ അമേരിക്കൻ മദ്യത്തിന് വിലക്കേർപ്പെടുത്തി. ഒന്റാരിയോ പ്രവിശ്യയിലെ ഔട്ട്ലെറ്റ് ശൃംഖലയായ ലിക്വർ കൺട്രോൾ ബോർഡ് ഓഫ് ഒന്റാരിയോ (എൽ.സി.ബി.ഒ) വെബ്സൈറ്റ് താൽക്കാലികമായി പ്രവർത്തനം നിർത്തി വച്ചു. അമേരിക്കൻ മദ്യം ഔട്ട്ലെറ്റുകളിൽ നിന്ന് നീക്കാൻ സർക്കാർ നിർദേശവും നൽകി.

അമേരിക്കൻ ഉൽപാദകർക്ക് വലിയ തിരിച്ചടിയാണ് തീരുമാനമെന്ന് വിലക്ക് പ്രഖ്യാപിച്ച് ഒന്റാരിയോ പ്രീമിയറായ ഡൗജ് ഫോർഡ് പറഞ്ഞു. എൽ.സി.ബി.ഒ നടത്തുന്ന സ്റ്റോറുകൾ ഓരോവർഷവും ഏകദേശം ഒരു ബില്ല്യൺ കനേഡിയൻ ഡോളർ മൂല്യമുള്ള യു.എസ് ആൽക്കഹോൾ ഉൽപന്നങ്ങൾ വിൽക്കുന്നുണ്ടെന്ന് ഫോർഡ് വ്യക്തമാക്കി. സ്റ്റോറുകൾ, ബാറുകൾ, റസ്റ്ററന്റുകൾ എന്നിവയിലേക്ക് അമേരിക്കൻ ലഹരി പാനീയങ്ങൾ വിതരണം ചെയ്യുന്നത് നിർത്താൻ പ്രവിശ്യാ മദ്യ വിതരണക്കാരോട് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിക്ക് മുൻതൂക്കം നൽകിയ സംസ്ഥാനങ്ങളിൽ നിന്ന് അമേരിക്കയുടെ മദ്യം വാങ്ങുന്നത് മദ്യ വിതരണക്കാർ നിർത്തുമെന്ന് ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യ സർക്കാരും വ്യക്തമാക്കിയിരുന്നു.

നിയമവിരുദ്ധ കുടിയേറ്റം, മയക്കുമരുന്ന് കള്ളക്കടത്ത് എന്നിവ തടയുന്നതിൽ പരാജയപ്പെട്ടെന്നാരോപിച്ചാണ് കാനഡയ്ക്കും മെക്സിക്കോയ്ക്കും ട്രംപ് 25 ശതമാനം ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തിയത്. ഇത് ചൊവ്വാഴ്ച്ച അർധരാത്രിയോടെ നലവിൽവന്നു. ഊർജമേഖലയുമായി ബന്ധപ്പെട്ട് കാനഡയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന എണ്ണയുൾപ്പെടെയുള്ള ഉൽപന്നങ്ങൾക്ക് 10 ശതമാനം ഇറക്കുമതി തീരുവയാണ് യു.എസ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിന് മറുപടിയായി 15,500 കോടി കനേഡിയൻ ഡോളറിന് മുകളിൽ വരുന്ന യു.എസ് ഉൽപന്നങ്ങൾക്ക് 21ദിവസത്തിനുള്ളിൽ തീരുവ ചുമത്തുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പ്രഖ്യാപിച്ചിരുന്നു.3000 കോടി കനേഡിയൻ ഡോളർ വിലമതിക്കുന്ന യു.എസ് ഉൽപന്നങ്ങൾക്കുള്ള കാനഡയുടെ 25 ശതമാനം തീരുവ ചൊവ്വാഴ്ച പ്രാബല്യത്തിൽ വന്നു. അമേരിക്ക നികുതി പിൻവലിക്കുന്നത് വരെ കാനഡ ചുമത്തിയ താരിഫും നിലനിൽക്കുമെന്ന് ട്രൂഡോ പറഞ്ഞു.

## മെക്സിക്കോ

മെക്സിക്കൻ പ്രസിഡന്റ് ക്ലോഡിയ ഷെയിൻബോം പറഞ്ഞത്, പുതിയ നികുതികൾക്ക് മെക്സിക്കോ സ്വന്തം പ്രതികാര താരിഫുകൾ ഉപയോഗിച്ച് മറുപടി നൽകുമെന്നാണ്. മെക്സിക്കോ ലക്ഷ്യമിടുന്ന ഉൽപ്പന്നങ്ങൾ ഞായറാഴ്ച മെക്സിക്കോ സിറ്റിയിലെ സെൻട്രൽ പ്ലാസയിൽ ഒരു പൊതു പരിപാടിയിൽ പ്രഖ്യാപിക്കുമെന്ന് ഷെയിൻബോം പറഞ്ഞു. ട്രംപ് ആരംഭിച്ച വ്യാപാര യുദ്ധം രൂക്ഷമാക്കാൻ മെക്സിക്കോ ഒരുങ്ങുന്നുവെന്ന് ഈ കാലതാമസം സൂചിപ്പിക്കുന്നു.

അതേസമയം കാനഡയ്ക്കും മെക്സിക്കോയ്ക്കും ഏർപ്പെടുത്തിയ 25% തീരുവയിൽ നിന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വാഹന നിർമ്മാതാക്കളെ ഒരു മാസത്തേക്ക് ഒഴിവാക്കുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. നിലവിലുള്ള സ്വതന്ത്ര വ്യാപാര നിയമങ്ങൾ പാലിക്കുന്നിടത്തോളം കാലം, വാൾസ്ട്രീറ്റിലെ മൂന്ന് മാസത്തിനിടയിലെ ഏറ്റവും വലിയ തകർച്ചയ്ക്ക് ഇത് ഒരു താൽക്കാലിക പരിഹാരമാകും. ചൊവ്വാഴ്ച പ്രാബല്യത്തിൽ വന്ന താരിഫുകളിൽ നിന്ന് ഒഴിവാക്കേണ്ട മറ്റ് ഉൽപ്പന്നങ്ങളെക്കുറിച്ചും ട്രംപ് കേൾക്കാൻ തയ്യാറാണെന്ന് വൈറ്റ് ഹൗസ് പറഞ്ഞു. എന്നാൽ ഫെന്റനൈൽ കള്ളക്കടത്ത് തടയാൻ ഇരു രാജ്യങ്ങളിലും സമ്മർദ്ദം ചെലുത്തുന്നതിനാൽ കാനഡയുമായും മെക്സിക്കോയുമായും ഉള്ള തന്റെ വ്യാപാര യുദ്ധം അവസാനിപ്പിക്കുന്നില്ലെന്ന് ട്രംപ് വ്യക്തമാക്കി.

## ചൈന

തങ്ങളുടെ ഉത്പന്നങ്ങൾക്ക് അധിക തീരുവചുമത്താനുള്ള അമേരിക്കയുടെ തീരുമാനത്തിനെതിരെ പ്രതികരണവുമായി ചൈനയും രംഗത്തെത്തി. 'യുദ്ധമാണ് അമേരിക്ക ആഗ്രഹിക്കുന്നതെങ്കിൽ, അത് താരിഫ് യുദ്ധമായാലും, വ്യാപാര യുദ്ധമായാലും, അതല്ല, മറ്റേതെങ്കിലും തരത്തിലുള്ള യുദ്ധമാണ് മനസിലുള്ളതെങ്കിലും അവസാനം വരെ പോരാടാൻ തങ്ങൾ തയ്യാറാണ്. വിരട്ടലും ഭീഷണിയും ചൈനയോട് വിലപ്പോകില്ല' ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് പ്രതികരിച്ചു.

ഭീഷണിപ്പെടുത്തൽ തങ്ങളെ ബാധിക്കില്ല. സമ്മർദ്ദം ചെലുത്തുകയോ നിർബന്ധിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നത് ചൈനയെ നേരിടാനുള്ള ശരിയായ മാർഗമല്ല. ചൈനയ്ക്കുമേൽ പരമാവധി സമ്മർദം ചെലുത്തുന്നവർ ആരായാലും അവരുടേത് തെറ്റായ കണക്കുകൂട്ടലാണ്. ഫെന്റനൈൽ പ്രശ്നം പരിഹരിക്കാൻ യു.എസ് ശരിക്കും ആഗ്രഹിക്കുന്നുവെങ്കിൽ, പരസ്പരം തുല്യരായി പരിഗണിച്ച് ചൈനയുമായി കൂടിയാലോചിക്കുക എന്നതാണ് ശരിയായ കാര്യമെന്നും വിദേശകാര്യ വക്താവ് വ്യക്തമാക്കി. അമേരിക്കയിൽ വലിയ പ്രശ്നമായി മാറിയിരിക്കുന്ന ഫെന്റനൈൽ എന്ന ലഹരി മരുന്നിന്റെ ഉൽപാദനത്തിനായി മെക്സിക്കൻ കാർട്ടലുകൾ ചൈനീസ് കമ്പനികളിൽ നിന്ന് രാസവസ്തുക്കൾ വാങ്ങുന്നുണ്ടെന്നാണ് ട്രംപിന്റെ പ്രധാന ആരോപണം.

അതേസമയം ചൈനയും ഇന്ത്യയുമടക്കമുള്ള രാജ്യങ്ങൾ യു.എസിനുമേൽ കൂടുതൽ തീരുവ ചുമത്തുന്നുവെന്ന ആരോപണം ട്രംപ് നേരത്തേ ഉന്നയിച്ചിരുന്നു. വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ആദ്യമായി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കവെയാണ് അദ്ദേഹം ഈ ആരോപണം വീണ്ടും ആവർത്തിച്ചു. ഏപ്രിൽ രണ്ട് മുതൽ പകരച്ചുങ്കം ഏർപ്പെടുത്തുമെന്നും ട്രംപ് പറഞ്ഞിരുന്നു.

താരിഫ്‌യുദ്ധത്തിൽ അമേരിക്കയോട് ഏറ്റുമുട്ടാനുറച്ചാണ് ചൈനയുടെ നീക്കം. മാർച്ച് 10 മുതൽ കോഴിയിറച്ചി, ചോളം, പരുത്തി എന്നിവ ഉൾപ്പെടെ യു.എസിൽ നിന്നുള്ള ഇറക്കുമതിക്ക് 10 മുതൽ 15 ശതമാനം വരെ തീരുവയാണ് ചൈന പ്രഖ്യാപിച്ചിരിക്കുന്നത്. യു.എസിൽ നിന്നുള്ള കോഴി, ഗോതമ്പ്, ചോളം, പരുത്തി എന്നിവയ്ക്ക് 15 ശതമാനവും സോയാബീൻ, പന്നിയിറച്ചി, പോത്തിറച്ചി, സമുദ്ര വിഭവങ്ങൾ, പഴം, പച്ചക്കറി, പാൽ ഉൽപന്നങ്ങൾക്ക് 10 ശതമാനവും തീരുവ ഈടാക്കാനാണ് ചൈനയുടെ തീരുമാനം. ചൈനയിൽ നിന്നുള്ള ഇറക്കുമതി ഉൽപന്നങ്ങൾക്ക് 20 ശതമാനം കസ്റ്റംസ് നികുതിയാണ് ചുമത്തിയിരിക്കുന്നത്. ഇത് ചൈനയ്ക്കെതിരെയുള്ള ട്രംപിന്റെ രണ്ടാമത്തെ വലിയ താരിഫ് പ്രഖ്യാപനമാണ്. ചൈനയുടെ ഉത്പാദന ശക്തിയുടെ ഹൃദയഭാഗത്തേക്കുള്ള ആക്രമണമായി ഇതിനെ വിലയിരുത്താം.

### ചൈനയ്ക്ക് ചുമത്തിയ താരിഫിലെ പ്രധാന വിവരങ്ങൾ:

ചൈനീസ് ഇലക്ട്രിക് വാഹനങ്ങൾക്ക് 100 ശതമാനം നികുതി. വസ്ത്രങ്ങൾ, ചെരിപ്പുകൾ എന്നിവയ്ക്ക് 15 ശതമാനം നികുതി. സോളാർ പാനലുകൾ, കളിപ്പാട്ടങ്ങൾ എന്നിവയുൾപ്പെടെയുള്ള ഉത്പന്നങ്ങൾക്ക് പുതിയ താരിഫ് ബാധകമാണ്. 2024 ൽ ചൈനയുടെ ആഗോള വ്യാപാര മിച്ചം 1 ട്രില്യൺ ഡോളർ ആയതിനെ തുടർന്നാണ് ഈ നടപടി. (3.5 ട്രില്യൺ ഡോളർ കയറ്റുമതിയും 2.5 ട്രില്യൺ ഡോളർ ഇറക്കുമതിയും).

### നികുതിയും പ്രവർത്തന രീതിയും:

4 ഡോളർ വിലയുള്ള ചൈനീസ് ഉത്പന്നത്തിന് 10 ശതമാനം നികുതി വർദ്ധിപ്പിച്ചാൽ 0.40 ഡോളർ അധികം നൽകേണ്ടി വരും.

### ട്രംപിന്റെ ലക്ഷ്യങ്ങൾ:

1. അമേരിക്കൻ നിർമ്മാണ ഉത്പന്നങ്ങൾക്ക് പ്രോത്സാഹനം നൽകുക.
2. തൊഴിലവസരങ്ങൾ സംരക്ഷിക്കുക.
3. നികുതി വരുമാനം ഉയർത്തുക.

2017–2020 കാലയളവിൽ ട്രംപ് ചുമത്തിയ നികുതികൾ യു.എസ്. ഉപഭോക്താക്കൾക്ക് ഉത്പന്ന വില വർദ്ധനവിന് കാരണമായെന്ന് സാമ്പത്തിക പഠനങ്ങൾ വ്യക്തമാക്കുന്നു.

### യു.എസ്ചൈന വ്യാപാര യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ:

1. ചൈനയുടെ കയറ്റുമതിയുടെ 20 ശതമാനം ഉത്പാദനം നേരിട്ട് ബാധിക്കും.
2. യു.എസ്സിലേക്കുള്ള കയറ്റുമതി 2533 ശതമാനം കുറയാം.
3. ചൈനയുടെ വ്യാപാര രംഗത്ത് അനിശ്ചിതത്വം വർദ്ധിക്കും.

സോളാർ പാനലുകൾ പോലുള്ള ചില ഉത്പന്നങ്ങളുടെ നിർമ്മാണം ചൈനയിൽ മാത്രമാണ് നടക്കുന്നത്. കുറഞ്ഞ ചെലവിൽ വലിയ തോതിൽ ഉത്പാദിപ്പിക്കാനുള്ള ശേഷിയും ആഭ്യന്തര ആവശ്യങ്ങൾ വർദ്ധിപ്പിക്കാനുള്ള സംരംഭങ്ങളും ചൈനയുടെ ശക്തിയാണ്.

### ചൈനയുടെ പ്രതികരണം:

1. യു.എസ് കാർഷിക ഉത്പന്നങ്ങൾക്കും പ്രകൃതിവാതകത്തിനും 10 15 ശതമാനം നികുതി.
2. ഗൂഗിളിനെതിരെയുള്ള ഏകോപന വിരുദ്ധ അന്വേഷണങ്ങൾ.
3. പ്രതിരോധം, ടെക് മേഖലകളിൽ അമേരിക്കൻ കമ്പനികൾക്ക് നിയന്ത്രണം. വിയറ്റ്നാം, മെക്സിക്കോ വഴി ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യൽ.
4. യു.എസ് ആധുനിക ചിപ്പുകൾ ചൈനയ്ക്ക് നൽകുന്നത് നിരോധിച്ചത് ചൈനയുടെ അക വികസനത്തെ തടസ്സപ്പെടുത്തുന്നു.

### ഭാവി സാധ്യതകൾ:

1. ചൈന യൂറോപ്പുമായും തെക്കുകിഴക്കൻ ഏഷ്യയുമായും കൂടുതൽ വ്യാപാര ബന്ധം സ്ഥാപിക്കും.
2. അമേരിക്ക വിയറ്റ്നാം പോലുള്ള രാജ്യങ്ങളിലും കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തും.
3. ചൈനയുടെ 'തുറന്ന വ്യാപാരം' ആശയം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ വർദ്ധിക്കും.

ഈ വ്യാപാര യുദ്ധം ആഗോള സാമ്പത്തിക രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്.

### യു.എസ് കോൺഗ്രസിൽ നയം വ്യക്തമാക്കി ട്രംപ്

'അമേരിക്ക തിരിച്ചുവന്നു' എന്ന വാചകത്തോടെയാണ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിന് പിന്നാലെ ആദ്യമായി യു.എസ് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് ഡൊണാൾഡ് ട്രംപ് സംസാരിച്ചത്. പ്രസംഗം തുടങ്ങിയ ട്രംപ് മുൻ സർക്കാരുകൾ എട്ട് വർഷങ്ങൾ കൊണ്ട് ചെയ്ത കാര്യങ്ങളേക്കാൾ കൂടുതൽ 43 ദിവസങ്ങൾകൊണ്ട് തങ്ങൾ ചെയ്തുവെന്നും അവകാശപ്പെട്ടു.

അമേരിക്കയുടെ ചരിത്രത്തിൽ തന്നെ കോൺഗ്രസിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഏറ്റവും ദൈർഘ്യമേറിയ പ്രസംഗമാണ് ബുധനാഴ്ച നടത്തിയത്. കുടിയേറ്റ പ്രശ്നങ്ങൾ, ലഹരി, ലിംഗമാറ്റം, ഇറക്കുമതിച്ചുങ്കം, ഉക്രെയ്നുമായുള്ള കരാർ, പനാമ കനാൽ ഇടപാട് തുടങ്ങി നിരവധി വിഷയങ്ങൾ പരാമർശിച്ചുകൊണ്ടാണ് ട്രംപ് സംസാരിച്ചത്.

മുട്ടവില നിയന്ത്രണാതീതമാണെന്നും ആളുകൾക്ക് താങ്ങാനാവുന്ന വിലയിലേക്ക് കൊണ്ടുവരുമെന്നും ട്രംപ് ഉറപ്പ് നൽകി. മനുഷ്യർ പുരുഷൻ, സ്ത്രീ എന്നിങ്ങനെ രണ്ട് തരം മാത്രമേയുള്ളൂവെന്നും ട്രാൻസ്ജെൻഡർ എന്ന വിഭാഗമില്ലെന്നും ട്രംപ് ആവർത്തിച്ചു. അമേരിക്കയുടെ സ്വപ്നം തടയാൻ ആർക്കും കഴിയില്ലെന്ന് പറഞ്ഞ ട്രംപ് രാജ്യത്തിന്റെ സ്വപ്നങ്ങൾ എപ്പോഴത്തേക്കാളും മികച്ചതായിരിക്കുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു.

ഏപ്രിൽ രണ്ടിന് പ്രാബല്യത്തിൽ വരുന്ന പുതിയ താരിഫുകൾ കാർഷിക ഉത്പന്നങ്ങളെ കൂടി ലക്ഷ്യമിട്ടുള്ളതാണെന്ന് അദ്ദേഹം വ്യക്തമാക്കി. അമേരിക്കയിലെ കർഷകർക്കായി പുതിയ വ്യാപാര നയം കൊണ്ടുവരും. ഗുണനിലവാരമില്ലാത്ത പല ഉത്പന്നങ്ങളും മറ്റ് രാജ്യങ്ങളിൽ നിന്ന് അമേരിക്കയിലേക്ക് എത്തുന്നുണ്ട്. ഇത് കർഷകരെ ദ്രോഹിക്കുന്നതിന് തുല്ല്യമാണ്. കൂടാതെ വിവിധ വിഭാഗം ജീവനക്കാർക്ക് ലഭിക്കുന്ന ടിപ്പുകൾ, ഓവർടൈം, മുതിർന്നവർക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ എന്നിവയ്ക്കുള്ള നികുതി ഒഴിവാക്കിയെന്നും അദേഹം പറഞ്ഞു.

ചില രാജ്യങ്ങൾ യു.എസിന് ചുമത്തുന്ന തീരുവ വളരെ കൂടുതലാണ്. യൂറോപ്യൻ രാജ്യങ്ങൾ, ഇന്ത്യ, ചൈന, ബ്രസീൽ എന്നിവരെല്ലാം കൂടുതൽ തീരുവയാണ് ചുമത്തുന്നത്. ഇന്ത്യ 100 ശതമാനം ആണ് തീരുവ ചുമത്തുന്നത്. ഇത് അനീതിയാണ്. അംഗീകരിക്കാനാവില്ല. ഇനി യു.എസും തീരുവ ചുമത്തും. ഏപ്രിൽ രണ്ട് മുതൽ പകരത്തിന് പകരം തീരുവ തുടങ്ങുമെന്നും അദ്ദേഹം വ്യക്തമാക്കി.

### ആഗോള വിപണിയെ എങ്ങനെ ബാധിക്കും

ട്രംപിന്റെ താരിഫ് നടപടികൾ ആഗോള, ആഭ്യന്തര വിപണികളിൽ വലിയ ചലനങ്ങൾക്ക് കാരണമായിരിക്കുകയാണ്. ചൊവ്വാഴ്ചത്തെ സെഷനിൽ സെൻസെക്സ് 268.6 പോയിന്റ് അഥവാ 0.37 ശതമാനം താഴ്ന്ന് 72,817.34 എന്ന നിലയിലും, നിഫ്റ്റി 144.85 പോയിന്റ് അഥവാ 0.65 ശതമാനം താഴ്ന്ന് 21,974.45 എന്ന നിലയിലും വ്യാപാരം ആരംഭിച്ചു.

ഇതോടെ, 2024 സെപ്തംബർ

(ശേഷം പേജ് 11)







## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#030525



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#030525

## വരനെ ആവശ്യമുണ്ട്

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#030525

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773–744–0046**
**224–258–2393**

#022625

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.


For more information

**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#022625


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാറാമ്മ തോമസ്**

#030525

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സാൻഡ്ര കുര്യൻ**

#030525


Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com




# യോങ്കേഴ്സ് മലയാളി അസോസിയേഷന് നവ നേതൃത്വം: ബ്ലിസ് പോൾ പ്രസിഡന്റ്, ഷിനു ജോസഫ് ട്രസ്റ്റി ബോർഡ് ചെയർമാൻ

ന്യൂയോർക്ക്: ന്യൂയോർക്കിലെ പ്രശസ്ത മലയാളി സംഘടനയായ 'യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ' പുതിയ പ്രസിഡന്റായി ബ്ലിസ് പോൾ തെരഞ്ഞെടുക്കപ്പെട്ടു. ജോർജ് ജോസഫ് (ബിനോയ്) സെക്രട്ടറി, സുരേഷ് നായർ ട്രഷറർ, സുരേഷ് ബാബു വൈസ് പ്രസിഡന്റ്, ആശിഷ് ജോസഫ് ജോ. സെക്രട്ടറി, എബ്രഹാം എബ്രഹാം (സന്തോഷ്) ജോ. ട്രഷറർ എന്നിവരാണ് മറ്റു ഭാരവാഹികൾ. കമ്മിറ്റി അംഗങ്ങളായി ബിനോയ് തോമസ്, റോണിഷ് മൈക്കിൾ, ജോസൻ ജോസഫ്, ബിജു പയറ്റുതറ, തോമസ് സാമുവേൽ, ഫിലിപ്പ് സാമുവേൽ, മെൽവിൻ മാത്യു, തോമസ് ജോസഫ്, ബിജു ആന്റണി എന്നിവരെയും തെരഞ്ഞെടുത്തു.

സംഘടനയുടെ പുതിയ ട്രസ്റ്റി ബോർഡ് ചെയർമായി ഷിനു ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. തോമസ് മാത്യു, ജോഫ്റിൻ ജോസ്, നിഷാദ് പയറ്റുതറ, ജിജു തോമസ് എന്നിവരാണ് ട്രസ്റ്റി ബോർഡ് അംഗങ്ങൾ. മാർച്ച് ഒന്നാം തീയതി ശനിയാഴ്ച യോങ്കേഴ്സ് പബ്ലിക് ലൈബ്രറി ഓഡിറ്റോറിയത്തിൽ കൂടിയ വാർഷിക പൊതുയോഗമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട ബ്ലിസ് പോൾ ഫോമാ എംപയർ റീജിയൻ കമ്മിറ്റി അംഗവും യോങ്കേഴ്സിലെ സാമൂഹിക സാംസ്കാരിക രംഗത്തെ സജീവ സാന്നിധ്യവുമാണ്. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു.

സെക്രട്ടറി ജോർജ് ജോസഫ്, സംഘടനയുടെ മുൻ കമ്മിറ്റി അംഗമാണ്. സാമൂഹിക ജീവകാരുണ്യ മേഖലയിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നു.

ട്രഷറർ ആയി തെരെഞ്ഞെടുക്കപ്പെ സുരേഷ് നായർ സംഘടനയുടെ മുൻ പ്രസിഡന്റും ഫോമയുടെ നിലവിലെ നാഷണൽ കമ്മിറ്റി അംഗവുമാണ്. കൂടാതെ സാമൂഹിക സാംസ്കാരിക രംഗത്തും സജീവമാണ്.

ട്രസ്റ്റി ബോർഡ് ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ഷിനു ജോസഫ്, നിലവിൽ ഫോമയുടെ അഡ്വൈസറി ബോർഡ് ചെയർമാനാണ്. യോങ്കേഴ്സ് മലയാളി അസ്സോസിയേഷന്റെ മുൻ പ്രസിഡന്റ്, ഫോമയുടെ മുൻ ട്രഷറർ, നാഷണൽ കമ്മിറ്റി അംഗം തുടങ്ങി വിവിധ തലങ്ങളിൽ ഷിനു ശ്രദ്ധേയമായ പ്രവർത്തനം നടത്തിയിട്ടുണ്ട്.

പുതിയ ഭാരവാഹികളെ ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

ബ്ലിസ് പോളിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റിക്കു സംഘടനയെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കുവാൻ സാധിക്കട്ടെയെന്നു സ്ഥാനമൊഴിയുന്ന പ്രസിഡന്റ് പ്രദീപ് നായർ ആശംസിച്ചു.

കംപ്ലെയ്ൻസ് കൗൺസിൽ വൈസ് ചെയർമാൻ ഷോബി ഐസക്, ജുഡീഷ്യൽ കൗൺസിൽ വൈസ് ചെയർമാൻ ജോഫ്രിൻ ജോസ്, ആർ.വി.പി പി.ടി തോമസ് എന്നിവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു.

◗ *ഷോളി കുമ്പിളുവേലി*



# ഗാസ പുനർനിർമ്മിക്കാൻ ബദൽ പദ്ധതി; പിന്നിൽ ഇവർ

ഗാസ ഏറ്റെടുത്ത് കൊണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നീക്കത്തിന് തടയിടാൻ ബദൽ പദ്ധതിയുമായി അറബ് നേതാക്കൾ. തിരക്കിട്ട നീക്കത്തിന് ഒടുവിൽ പാലസ്തീൻ അതോറിറ്റിയുടെ (പിഎ) ഭാവി ഭരണത്തിന് കീഴിൽ ഗാസ പുനർനിർമ്മിക്കാനുള്ള 53 ബില്യൺ ഡോളർ (42 ബില്യൺ പൗണ്ട്) പദ്ധതിക്കാണ് അറബ് നേതാക്കൾ അംഗീകാരം നൽകിയിരിക്കുന്നത്.

വിവിധ കോണുകളിൽ നിന്ന് ഡൊണാൾഡ് ട്രംപിന്റെ നീക്കത്തിനെതിരെ വിമർശനങ്ങൾ ഉയർന്നതോടെയാണ് പുതിയ നീക്കമെന്നാണ് അറബ് രാജ്യങ്ങളുടെ വെളിപ്പെടുത്തൽ. അതേ സമയം ഗാസയിലെ പാലസ്തീൻ ജനതയെ മാറ്റിപാർപ്പിക്കുക എന്നതായിരുന്നു ട്രംപ് മുന്നോട്ട് വച്ച ഫോർമുല. തന്റെ ആദ്യ ഭരണ കാലത്ത് തന്നെ വാഷിംഗ്ടണിലെ പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ ഓഫീസ് ട്രംപ് അടച്ചുപൂട്ടിയിരുന്നു.

ഇസ്രായേലിന് കൂടുതൽ പിന്തുണ നൽകുന്ന തീരുമാനം ആയിരുന്നു ഇത്. ഗാസയിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ യുഎസ് കൊണ്ട് വരുമ്പോൾ തന്നെ അവിടെ നിന്നും പാലസ്തീകളെ ഒഴിവാക്കുക എന്ന നയം കൂടി അദ്ദേഹം മുന്നോട്ട് വച്ചിരുന്നു. ഇവരെ ഏതെങ്കിലും അറബ് രാഷ്ട്രങ്ങളലേക്ക് മാറ്റി പാർപ്പിക്കുക എന്നതായിരുന്നു ട്രംപ് മുന്നോട്ടെവച്ച നിർദ്ദേശം.

അതിനിടെ ഒക്ടോബർ 7ലെ ഹമാസിന്റെ ആക്രമണത്തെ തുടർന്ന് പുനർനിർമ്മാണ പദ്ധതി പരാജയപ്പെട്ടുവെന്നാണ് ഇസ്രായേൽ വിദേശകാര്യ മന്ത്രാലയം അറബ് നേതാക്കളുടെ പുതിയ തീരുമാനത്തോട് ഏറ്റവും ഒടുവിൽ പ്രതികരിച്ചത്.

എന്നാൽ ഇതിനെ സ്വാഗതം ചെയ്യുകയാണ് ഹമാസ്, എങ്കിലും പദ്ധതി വിജയത്തലേക്ക് എത്തിക്കാനുള്ള മാർഗങ്ങൾ അറിയിക്കണമെന്നും അവർ വ്യക്തമാക്കുന്നു. അറബ്, ഇസ്ലാമിക പിന്തുണ തേടുന്നതിന് മുന്നോട്ടുള്ള ചുവടുവെപ്പായി ഹമാസ് ഇതിനെ കണക്കാക്കുന്നു. മാത്രമല്ല യുഎസ് നീക്കത്തിന് ബദലായി ഇത് മാറുകയും ചെയ്യുമെന്ന് അവർ കണക്ക് കൂട്ടുന്നു.

കെയ്റോയിൽ നടന്ന അറബ് ലീഗ് ഉച്ചകോടിയിൽ അവതരിപ്പിച്ച പുതിയ നിർദ്ദേശം, യുദ്ധത്തിൽ നശിച്ച പ്രദേശത്തിന് അടിയന്തര ദുരിതാശ്വാസം, തകർന്ന അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണം, ദീർഘകാല സാമ്പത്തിക വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒന്നാണ്. ഇത് ഗാസയുടെ പൂർണ തോതിലുള്ള വികസനത്തിന് ഏറെ സഹായകരമാവും.

ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽസിസി ഉച്ചകോടിയുടെ ഉദ്ഘാടന പ്രസംഗത്തിൽ തന്റെ സർക്കാരിന്റെ പുനർനിർമ്മാണ പദ്ധതി പാലസ്തീനികളെ അവരുടെ ഭൂമിയിൽ തുടരാൻ അനുവദിക്കുമെന്ന് പറഞ്ഞു. യുഎൻ സെക്രട്ടറി ജനറൽ അന്റോണയോ ഗുട്ടെറസ്, സംഘടന പൂർണ്ണമായി സഹകരിക്കാൻ തയ്യാറാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഹമാസിനെ ഒഴിവാക്കി, മേഖലയിലെ പ്രബലമായ രാഷ്ട്രീയ ശക്തിയായ പിഎൽഒയുടെ കീഴിൽ പാലസ്തീൻ പ്രാതിനിധ്യം ഏകീകരിക്കണമെന്ന് ഉച്ചകോടി ആവശ്യപ്പെട്ടു. എന്നാൽ യുദ്ധത്തിൽ നശിപ്പിക്കപ്പെട്ട പ്രദേശം ആരാണ് തുടർന്ന് കൈകാര്യം ചെയ്യുക എന്നതിൽ ഈജിപ്ഷ്യൻ സർക്കാർ കൃത്യമായി നിലപാട് വ്യക്തമാക്കിയിട്ടില്ല.

# ഇന്ത്യക്ക് നഷ്ടമായ ഭാഗ്യം കുഴിച്ചെടുക്കാൻ പാകിസ്ഥാൻ



സമാനതകളില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിലുടെ കടന്ന് പോകുന്ന രാജ്യമാണ് പാകിസ്ഥാൻ. പിടിച്ച് നിൽക്കാൻ വേണ്ടി രാജ്യാന്തര നാണ്യനിധിയിൽ (ഐഎംഎഫ്) നിന്ന് 700 കോടി ഡോളർ വായ്പ ലഭിക്കുന്നതിന് വേണ്ടി ഒന്നര ലക്ഷം സർക്കാർ ജോലികൾ നിർത്തലാക്കിയത് മാത്രം മതി ഇന്ത്യയുടെ അയൽ രാജ്യം നേരിട്ടിരിക്കുന്ന പ്രതിസന്ധി മനസിലാക്കാൻ. ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന പാകിസ്ഥാന് വലിയ ആശ്വസമായിരിക്കുകയാണ് പഞ്ചാബ് പ്രവിശ്യയിലെ അറ്റോക്ക് ജില്ലയിൽ സിന്ധു നദിക്കടിയിൽ വൻ സ്വർണ ശേഖരം കണ്ടെത്തിയെന്ന വാർത്ത. ഇപ്പോഴിതാ ഈ സ്വർണം ഖനനം ചെയ്തെടുക്കാനുള്ള നീക്കം ആരംഭിച്ചിരിക്കുകയാണ് പാകിസ്ഥാൻ.

സ്വർണ നിക്ഷേപം കണ്ടെത്തിയ ഉടൻ തന്നെ ഖനനത്തിനുള്ള മുന്നൊരുക്കങ്ങൾ പാക് സർക്കാർ ആരംഭിക്കുകയായിരുന്നുവെന്നാണ് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന എൻജിനീയറിംഗ് കൺസൾട്ടൻസി സ്ഥാപനമായ നാഷണൽ എൻജിനീയറിംഗ് സർവീസസ് പാകിസ്താൻ മൈൻസ് ആൻഡ് മിനറൽസ് ഡിപ്പാർട്ട്മെന്റ് പഞ്ചാബുമായി ചേർന്നാണ് സ്വർണം കുഴിച്ചെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നത്.

അറ്റോക്ക് പ്ലേസർ ഗോൾഡ് പദ്ധതി എന്ന പേരിലാണ് സിന്ധു നദിക്കടിയിലെ സ്വർണം വേർതിരിച്ചെടുക്കുന്ന പദ്ധതിക്ക് പാകിസ്താൻ നൽകിയിരിക്കുന്ന പേര്. പദ്ധതി രാജ്യത്തെ ഖനന മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കുമെന്നാണ് നാഷണൽ എൻജിനീയറിംഗ് സർവീസസ് മാനേജിങ് ഡയറക്ടർ സർഗാം ഇഷാഖ് ഖാൻ അഭിപ്രായപ്പെട്ടത്. 'അറ്റോക്ക് ജില്ലയിലെ സിന്ധു നദിക്കരയിലുള്ള ഒമ്പത് പ്ലേസർ ഗോൾഡ് ബ്ലോക്കുകൾക്കായി ബിഡ്ഡിംഗ് ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി സർവീസിനുമാണ് ഇരുകക്ഷികളും കരാറിലേർപ്പെട്ടിരിക്കുന്നത്' സർഗാം ഇഷാഖ് ഖാൻ പറഞ്ഞു.

സ്വർണ ഖനന മേഖലയിലെ വെല്ലുവിളികളെ ശരിയായി അഭിസംബോധന ചെയ്യുന്നതിലൂടെയും അവസരങ്ങൾ മുതലെടുക്കുന്നതിലൂടെയും ആഗോള ഖനന വ്യവസായത്തിലെ ഒരു പ്രധാന കളിക്കാരനായി മാറാൻ പാകിസ്ഥാന് കഴിയുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്. നദിക്കടിയിൽ കണ്ടെത്തിയ സ്വർണ ശേഖരത്തിന്റെ ഏകദേശ മൂല്യം ഇന്ത്യൻ രൂപയിൽ 80000 കോടി രൂപയോളം വരുമെന്നാണ് അനുമാനം.

ഹിമാലയത്തിൽ നിന്നും ഉത്ഭവിച്ച് ഇന്ത്യയിലൂടെ ഒഴുകി പാകിസ്ഥാനിലേക്ക് എത്തുന്ന നദിയാണ് സിന്ധു. 1947ലെ വിഭജനത്തിന് മുമ്പ് പൂർണ്ണമായും ഇന്ത്യയുടെ ഭാഗമായിരുന്ന സിന്ധു നദി ഇന്ത്യക്കും പാകിസ്ഥാനും ചരിത്രപരമായും സാംസ്കാരികപരമായും ഏറെ പ്രധാനപ്പെട്ടതാണ്. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ടെക്റ്റോണിക് പ്ലേറ്റുകളുടെ കൂട്ടിയിടിയിൽ പർവതങ്ങൾ രൂപപ്പെടുകയും ഇതിനെതുടർന്നുണ്ടായ മണ്ണൊലിപ്പിലിലൂടെ സ്വർണ്ണ കണങ്ങൾ നദിയിലേക്ക് എത്തുന്ന പ്രക്രിയ ആരംഭിക്കുകയും ചെയ്തതായി കണക്കാകുന്നു.

കാലക്രമേണ ഈ സ്വർണ കണങ്ങൾ വലിയ തോതിൽ അറ്റോക്ക് മേഖലയിലെ നദീതടത്തിൽ അടിഞ്ഞുകൂടി. പ്ലേസർ ഗോൾഡ് ഡിപ്പോസിറ്റ് എന്നറിയപ്പെടുന്ന ഈ സ്വാഭാവിക പ്രക്രിയ നദിയുടെ മറ്റ് പല പ്രദേശങ്ങളിലും വലിയ അളവിൽ സ്വർണ്ണം ശേഖരിക്കപ്പെടുന്നതിന് കാരണമായി. അറ്റോക്ക് ജില്ലയിൽ മാത്രം 32 കിലോമീറ്ററോളം വ്യാപിച്ചുകിടക്കുന്ന സ്വർണ്ണം ഉണ്ടെന്നും കണക്കാക്കപ്പെടുന്നു.

നദിയിൽ സ്വർണ്ണം കണ്ടെത്തിയെന്ന വാർത്തകൾ പുറത്ത് വന്നതിന് പിന്നാലെ മേഖലയിൽ പഞ്ചാബ് പ്രവിശ്യ സർക്കാർ നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സ്വർണം തേടി പ്രദേശവാസികൾ വലിയ തോതിൽ നദിയിൽ സ്വന്തം നിലയ്ക്ക് കുഴിക്കാനും മണൽ അരിക്കാനും തുടങ്ങിയതോടെയുമായിരുന്നു സർക്കാർ ഇത്തരമൊരു നീക്കത്തിലേക്ക് പോയത്. മഞ്ഞുകാലത്ത് നദിയിൽ ജലനിരപ്പ് കുറഞ്ഞ സമയത്തായിരുന്നു ഇത്തരം ശ്രമങ്ങൾ കൂടുതൽ ശക്തമായത്.

വലിയ സ്വർണ്ണശേഖരം കണ്ടെത്തിയെങ്കിലും ഇത് പൂർണ്ണമായി ഖനനം ചെയ്തെടുക്കൽ പാകിസ്ഥാനെ സംബന്ധിച്ച് വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തന്നെയാണ് ഇതിന്റെ പ്രധാന കാരണം. കരയിലെ ഖനനത്തേക്കാൾ ഇരട്ടിയിലേറെ ചിലവാണ് നദിയിലെ ഖനനത്തിന്. മൈൻസ് ആൻഡ് മിനറൽ ഡിപ്പാർട്ട്മെന്റിലെ മുതിർന്ന ഉദ്യോഗസ്ഥർ തന്നെ നദിക്കടിയിലെ സ്വർണം ഖനനം ചെയ്യുന്നതിലെ വെല്ലുവിളികൾ ചൂണ്ടിക്കാട്ടിക്കൊണ്ട് രംഗത്ത് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൗദി അറേബ്യ അടക്കമുള്ള രാജ്യങ്ങളിൽ നിന്നുള്ള സഹായം പാകിസ്ഥാൻ നേടിയേക്കും.






# ചരിത്രം രചിച്ച ആഡ്രിയൻ ബ്രോഡി



പതിറ്റാണ്ടുകൾക്ക് ശേഷം ആഡ്രിയൻ ബ്രോഡി രണ്ടാമതും ഓസ്കർ നേടിയിരിക്കുകയാണ്. അതും തന്റെ 51-ാം വയസിൽ. ആദ്യ ഓസ്കർ നേടുമ്പോൾ ബ്രോഡിക്ക് 29 വയസായിരുന്നു. മികച്ച നടനുള്ള ഓസ്കർ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന് ബ്രോഡി അന്നെഴുതി ചേർത്ത റെക്കോഡ് ഇന്നും ഭദ്രം.

വർഷങ്ങളുടെ ഇടവേളക്കിടയിൽ ബ്രോഡി നേടിയ രണ്ട് പുരസ്കാരങ്ങളും തമ്മിലുള്ള സാദൃശ്യം ഒരു കാര്യത്തിൽ തുല്യമാണ്. രണ്ട് കഥാപാത്രങ്ങളും നാസി ഭരണകാലത്തെ കൂട്ടക്കൊല അതിജീവിച്ചവരാണ്. ഒരാൾ യഥാർത്ഥ വ്യക്തിത്വം. പോളിഷ് ജൂത വംശജനായ പിയാനിസ്റ്റ് വ്ലാഡിസ്ലാവ് സ്പിൽമാൻ രണ്ടാമത്തെ കഥാപാത്രം ലാസ്‌ലോ ടോത്ത് സാങ്കൽപിക സൃഷ്ടിയാണ്. അയാൾ ആർക്കിടെക്ട് ആണ്.

ബ്രോഡിക്ക് ഓസ്കർ നേടിക്കൊടുത്ത രണ്ട് നായകൻമാരും നാസി ക്യാമ്പിലെ ദുരിതം പേറിയവരാണ്. അതിക്രമവും സംഘർഷവും പട്ടിണിയും നേരിട്ടവർ. ഇനിയെന്ത് എന്നറിയാതെ മുന്നിലേക്ക് നോക്കിയിരുന്നവർ. ഒടുവിൽ ജീവിതത്തിൽ ഒരവസരം കൂടി കിട്ടിയപ്പോൾ പിടിച്ചു കയറിയവർ. വേദനയും ഒറ്റപ്പെടലും പീഡനവും പട്ടിണിയും ഉറ്റവരെ പറ്റിയുള്ള ആധിയും എല്ലാം വലിഞ്ഞ് മുറുക്കിയവർ. രണ്ട് കഥാപാത്രങ്ങളേയും ബ്രോഡി സ്വാംശീകരിച്ചത് തല കൊണ്ടല്ല, ഹൃദയം കൊണ്ടാണ്. ആ ആത്മാർത്ഥതയും പരിശ്രമവുമാണ് രണ്ട് തവണയും അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്.

ദ ഡാർജിലിങ് ലിമിറ്റഡ്, ദ ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ, കിങ് കോങ്, മിഡ്നൈറ്റ് ഇൻ പാരീസ്, ദ തിൻ റെഡ് ലൈൻ തുടങ്ങി നിരവധി വാണിജ്യഹിറ്റ് സിനിമകളിൽ ബ്രോഡി അഭിനയിച്ചിട്ടുണ്ട്. കൂടാതെ ടെലിവിഷൻ സീരിസുകളിലും. പക്ഷേ പിയാനിസ്റ്റ് എന്നത് എക്കാലത്തേക്കുമായി ബ്രോഡിയുടെ പേരിനോട് ചേർന്നിരിക്കുന്നു. കാരണം അത്രമേൽ സൂക്ഷ്മാംശങ്ങൾ ശ്രദ്ധിച്ചാണ് അദ്ദേഹം അതിൽ അഭിനയിച്ചത്. ദശാബ്ദങ്ങൾക്കിപ്പുറം സമാനതകളുള്ള കഥാപാത്രം കയ്യിലെത്തിയപ്പോൾ മറ്റൊരു തലത്തിൽ അത അവതരിപ്പിക്കാൻ ബ്രോഡിക്കായി എന്നതും കൂട്ടിവായിക്കേണ്ടതാണ്.

നേരിട്ട അനുഭവങ്ങളുടെ മാനസിക ഭാരം പേറുമ്പോഴും ആർക്കിടെക്ട് എന്ന നിലയിൽ അമേരിക്കയിൽ ജീവിതം സുരക്ഷിതമാക്കാനും കുടുംബത്തെ ചേർത്തുനിർത്താനും ടോത്ത് നടത്തുന്ന ശ്രമങ്ങൾ സൂക്ഷ്മമായും ഹൃദ്യമായും ബ്രോഡി സ്ക്രീനിലെത്തിച്ചു. ഗോൾഡൻ ഗ്ലോബും ബാഫ്തയും ക്രിട്ടിക്സ് ചോയ്സും ഉൾപെടെയുള്ള പുരസ്കാരങ്ങളുൾപ്പെട്ട പട്ടികയിൽ അവസാനത്തേതായി ഇപ്പോൾ ഓസ്കറും അർഹിക്കുന്ന പ്രകടനത്തിന് തന്നെ. നോമിനേഷൻ കിട്ടിയ രണ്ട് തവണയും ഓസ്കർ നേടിയവരുടെ പട്ടികയിലും ബ്രോഡിയെത്തി.

അതേസമയം ഓസ്കർ നേട്ടത്തിന് പിന്നാലെ ബ്രോഡിയുടെ സാമ്പത്തികനില വീണ്ടും ചർച്ചയായതും ശ്രദ്ധിക്കപ്പെട്ടു. നിരൂപക പ്രശംസക്കൊപ്പം വാണിജ്യവിജയം ആവോളം നേടിയ സിനിമകളിലും പ്രവർത്തിച്ചിട്ടുള്ള ബ്രോഡിയുടെ സമ്പത്ത് 40 ദശലക്ഷം ഡോളറിൽ നിന്ന് പത്ത് ദശലക്ഷം ഡോളറായത്രേ. ഈ കാശൊക്കെ എവിടെ എങ്ങനെ എപ്പോൾ പോയി എന്നതാണ് ഇപ്പോൾ ചർച്ച.

### അതേപ്പറ്റിയുള്ള ഒരു കഥ ഇങ്ങനെയാണ്

2007 ൽ അന്ന് കൂട്ടുകാരിയായിരുന്ന എൽസ പാറ്റകിക്ക് പിറന്നാൾ സമ്മാനമായി ഒരു പഴയ കൊട്ടാരമാണ് ബ്രോഡി വാങ്ങിയത്. ആറരലക്ഷം ഡോളറായിരുന്നു അന്ന് അതിന് വില. തൊട്ടടുത്ത വർഷം രണ്ടാളും അടിച്ചു പിരിഞ്ഞു. പക്ഷേ ബ്രോഡി കൊട്ടാരം വിട്ടില്ല. എന്ന് മാത്രമല്ല, തുടച്ചും മിനുക്കിയും അവിടെയും ഇവിടെയുമൊക്കെ പുതുക്കി പണിഞ്ഞും കുറേ കാശ് കളഞ്ഞത്രേ. പിന്നെ കുറേ ചാരിറ്റികളെ സഹായിക്കുന്നുമുണ്ട്.

എന്നാൽ കണക്കിലൊന്നും കാര്യമില്ലെന്ന വാദവും മറുഭാഗത്തുണ്ട്. വിവിധ അന്താരാഷ്ട്ര ബ്രാൻഡുകളുടെ പരസ്യവും റിയൽ എസ്റ്റേറ്റ് ഇടപാടുകളും എല്ലാമായി ആശാൻ സെറ്റിൽഡാണെന്നും മറ്റെല്ലാ വാദങ്ങളും ചുമ്മാ അപവാദകഥകളാണെന്നും ബ്രോഡിയുടെ ആരാധകർ തന്നെ പറയുന്നു. ബ്രോഡിയുടെ സ്വത്തിന്റെ കണക്ക് നോക്കാതെ പറയുന്നത് കേൾക്കൂ എന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

സ്ഥിരത എപ്പോഴും അവകാശപ്പെടാനാകാത്ത സിനിമയെന്ന മേഖലയിൽ ഇത്തരം മികച്ച അവസരങ്ങളും അംഗീകാരങ്ങളും ഭാഗ്യമാണെന്നാണ് ബ്രോഡി പറയുന്നത്. കുടുംബാംഗങ്ങൾക്കെല്ലാം നന്ദി പറഞ്ഞ ശേഷം ബ്രോഡി ഇങ്ങനെ ഓർമപ്പെടുത്തി. യുദ്ധവും വെറുതിയും വെറുപ്പും വിദ്വേഷവും നീണ്ടുനിൽക്കുന്ന പ്രതിഫലനങ്ങളാണ് ഉണ്ടാക്കുന്നത്.

അത് നമുക്ക് വേണ്ട. എല്ലാവരെയും ഉൾപെടുത്തുന്ന ലോകത്തിനായി പ്രാർതഥിക്കുന്നു. വെറുപ്പും വിദ്വേഷവും പരക്കാതെ പടരാതെ നോക്കണം. ശരിക്ക് വേണ്ടിയാണ് നാം പോരാടേണ്ടത്. നമുക്ക് ചിരിക്കാം. സ്നേഹിക്കാം. ഒന്നിച്ച് പുനർനിർമിക്കാം. ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

## പുതിയ താരിഫ് നീക്കം വ്യാപാര യുദ്ധത്തിലേയ്ക്കോ?

(എട്ടാം പേജ് തുടർച്ച)

അവസാനത്തിലെ റെക്കോർഡ് ഉയരത്തിൽ നിന്ന് സെൻസെക്സ് 15.52 ശതമാനവും നിഫ്റ്റി 16.4 ശതമാനവും ഇടിഞ്ഞു. പ്രധാന സൂചികകളെ അപേക്ഷിച്ച് വിശാലമായ വിപണിയിൽ തിരുത്തൽ വളരെ ഗുരുതരമാണ്. പല വ്യക്തിഗത ഓഹരികളും 40 60 ശതമാനം വരെ ഇടിവ് നേരിട്ടു. യുഎസിൽ ഡൗ ജോൺസ് 1.48 ശതമാനവും എസ് ആൻഡ് പി 500 1.76 ശതമാനവും ടെക് ഹെവി നാസ്ഡാക്ക് 2.64 ശതമാനവും ഇടിഞ്ഞു. താരിഫ് പ്രഖ്യാപനത്തിന് ശേഷം ജപ്പാന്റെ നിക്കി 2 ശതമാനത്തിലധികം ഇടിഞ്ഞു, തായ്വാന്റെ ബെഞ്ച്മാർക്ക് 1.3 ശതമാനം ഇടിഞ്ഞു, ഹോങ്കോങ്ങിന്റെ ഹാങ് സെങ് 1.8 ശതമാനം ഇടിഞ്ഞു. യൂറോപ്യൻ വിപണികളും നെഗറ്റീവ് ഓപ്പണിംഗിന് സാധ്യതയുണ്ടെന്ന് ഫ്യൂച്ചേഴ്സ് ഡാറ്റ സൂചിപ്പിക്കുന്നു.

ട്രംപിനെ തിരുത്താൻ കഴിയുന്ന ഒരു ഘടകമുണ്ട്. അത് വിപണി പ്രതികരണമാണ്. കാരണം ശക്തനായ ട്രംപിന് പോലും വിപണികളെ സ്വാധീനിക്കാൻ കഴിയില്ല. താരിഫുകൾ ഉടൻ തന്നെ യുഎസിൽ പണപ്പെരുപ്പം വർദ്ധിപ്പിക്കും, ഫെഡറൽ റിസർവ് വിനാശകരമായി മാറാനും സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ ഇപ്പോൾ പൂർണതയിലേക്ക് വില നിശ്ചയിക്കപ്പെട്ടിരിക്കുന്ന യുഎസ് സ്റ്റോക്ക് മാർക്കറ്റ് ഗുരുതരമായ തിരുത്തലിന് വിധേയമായേക്കാം, ഒരു തകർച്ച പോലും പ്രതീക്ഷിക്കാമെന്ന് സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. ഈ ഫലം ട്രംപിന്റെ നയങ്ങളിൽ ചില വിവേകവും സന്തുലിതാവുമായ മാറ്റം കൊണ്ടുവരാനും കഴിയും എന്നാണ് വിലയിരുത്തൽ. എന്നാൽ ഇത് എപ്പോൾ സംഭവിക്കുമെന്ന് പറയാനാവില്ല.

ട്രംപിന്റെ താരിഫ് നയം ഇതുപോലെ തുടരുകയും മറ്റ് രാജ്യങ്ങളെ ഉടൻ തന്നെ ബാധിക്കാൻ തുടങ്ങുകയും ചെയ്താൽ അത് ആഗോള വ്യാപാരത്തിനും ആഗോള സമ്പദ്വ്യവസ്ഥയ്ക്കും ദോഷകരമാകുമെന്നാണ് വിലയിരുത്തൽ. ഇന്ത്യയും അതിൽ നിന്ന് രക്ഷപ്പെടില്ല.

## മെലാനിയ ട്രംപിന്റെ പുതിയ പോരാട്ടം ചർച്ചയാകുന്നു

(ഒന്നാം പേജ് തുടർച്ച)

ൽ പോസ്റ്റ് ചെയ്യുന്നത് ഫെഡറൽ കുറ്റകൃത്യമാക്കണമെന്നാണ് മെലാനിയ ആവശ്യപ്പെടുന്നത്. ഇന്ത്യയിൽ സാമൂഹികമാധ്യമ ഉള്ളടക്കങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ് സുപ്രീം കോടതി. അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കാത്ത തരത്തിൽ നിയന്ത്രണം കൊണ്ടുവരുന്നത് പരിഗണിക്കണമെന്നും എന്നാൽ സെൻസർഷിപ്പിനെതിരെ ജാഗ്രത വേണമെന്നുമാണ് സുപ്രീം കോടതി വ്യക്തമാക്കിയിരിക്കുന്നത്. ഇതേ ആവശ്യവുമായി യു.എസിൽ പ്രഥമ വനിത മെലാനിയ ട്രംപും രംഗത്തെത്തിയത് ഏറെ ചർച്ച ചെയ്യപ്പെടുകയാണ്.

ടെക് കമ്പനികൾ അത്തരം ഉള്ളടക്കം വേഗത്തിൽനീക്കംചെയ്യാൻഉതകത്തക്ക ബില്ല് കൊണ്ടുവരണം. ലൈംഗികത പ്രകടമാക്കുന്നഓൺലൈൻഉള്ളടക്കത്തിന്റെ ഇരകളായി കൗമാരക്കാർ, പ്രത്യേകിച്ച് പെൺകുട്ടികൾ മാറുന്നതായി ആണ് കാണുന്നത്. കൗമാരക്കാരുടെ ക്ഷേമത്തിന്മുൻഗണന നൽകണമെന്ന് അവർ കോൺഗ്രസിനോട് ആവശ്യപ്പെട്ടു. ചൂഷണത്തിന്റെയോ ഉപദ്രവത്തിന്റെനയോ ഭീഷണിയില്ലാതെ എല്ലാ യുവജനങ്ങളും സ്വതന്ത്രമായിസ്വയംപ്രകടിപ്പിക്കാൻസുരക്ഷിതമായ ഒരു ഓൺലൈൻ ഇടം അർഹിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

ഇന്റർനെറ്റിൽ കൗമാരക്കാർ നേരിടുന്ന ഭീഷണികളെക്കുറിച്ച് കാപ്പിറ്റോളിൽ നടന്ന പ്രത്യേക യോഗത്തിൽ മെലാനിയ ട്രംപ് ശക്തമായ പ്രസ്താവന നടത്തി. 'അനുവാദമില്ലാതെ ലൈംഗിക ദൃശ്യങ്ങൾ പ്രചരിപ്പിക്കുമ്പോൾ കൗമാരക്കാർ അനുഭവിക്കുന്ന വേദന ഹൃദയഭേദകമാണ്. കുട്ടികളെ ഇത്തരം ഓൺലൈൻ ദുരുപയോഗങ്ങളിൽ നിന്ന് സംരക്ഷിക്കാൻ കൂടുതൽ നടപടികൾ ആവശ്യമാണ്,' മെലാനിയ ട്രംപ് പറഞ്ഞു.മെലാനിയ ട്രംപിന്റെ 'BEBEST' പദ്ധതിയുടെതുടർച്ചയായിഈ പ്രചാരണത്തെ വിലയിരുത്താം. ഓൺലൈൻ സുരക്ഷ, ബുള്ളിയിംഗ് തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള അവരുടെ പ്രതിബദ്ധത ഈ നീക്കത്തിലൂടെ വ്യക്തമാകുന്നു. സെനറ്റർ ടെഡ് ക്രൂസുമായി ചേർന്ന് 'ഡിജിറ്റൽ അബ്യൂസ് പ്രിവൻഷൻ ആൻഡ് എഡ്യൂക്കേഷൻ ആക്ട്' എന്ന ബില്ലിനെ മെലാനിയ ട്രംപ് പിന്തുണയ്ക്കുന്നു. വ്യക്തിപരമായദൃശ്യങ്ങൾഅനുമതിയില്ലാതെപ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടികളാണ് ഈ നിയമം നിർദ്ദേശിക്കുന്നത്.

ഇന്ത്യയിൽ പോഡ്കാസ്റ്റ് തുടരാൻ അനുമതി തേടി ഇൻഫ്ളുവൻസർ രൺവീർ അലഹാബാദിയ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് സൂര്യകാന്ത് അടങ്ങിയ ബെഞ്ചിന്റെ നിർണായക നിർദേശം ഉണ്ടായത്. ഇത്തരം നിയന്ത്രണത്തിനായി കൊണ്ടു വരുന്ന മാർഗ നിർദേശങ്ങൾ പൊതുജനങ്ങളുടെ സമക്ഷം അവതരിപ്പിക്കുകയും ജനങ്ങളുടെ നിർദേശം പരിഗണിക്കുകയും വേണമെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.



# ഷഹബാസ് കൊലപാതകം മെറ്റയിൽ നിന്ന് വിവരങ്ങൾ തേടി അന്വേഷണ സംഘം




കോഴിക്കോട്: താമരശ്ശേരിയിൽ പത്താം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് ഷഹബാസ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതികളായ വിദ്യാർത്ഥികളുടെ ഇൻസ്റ്റഗ്രാം ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് മെറ്റയിൽ നിന്ന് അന്വേഷണ സംഘം വിവരങ്ങൾ തേടി. കൊലപാതകവുമായി ബന്ധപ്പെട്ട സംഘർഷം ആസൂത്രണം ചെയ്തത് ഈ ഇൻസ്റ്റഗ്രാം ഗ്രൂപ്പുകളിലാണെന്ന വിലയിരുത്തലിനെ തുടർന്നാണിത്.

ഓഡിയോ സന്ദേശങ്ങളുടെ ഉറവിടം, അക്കൗണ്ടുകൾ വ്യാജമാണോ, അക്കൗണ്ടുകൾക്കായി ഉപയോഗിച്ച ഡിവൈസ്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ അറിയിക്കണമെന്നാണ് മെറ്റയോട് ആവശ്യപ്പെട്ടിരിക്കുന്നത്. മറ്റാരെങ്കിലും ഇൻസ്റ്റഗ്രാം പേജുകൾ കൈകാര്യം ചെയ്തോ എന്നും മറ്റ് സമൂഹമാദ്ധ്യമങ്ങളിൽ മർദ്ദനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നോ എന്ന കാര്യവും പരിശോധിക്കും.

മർദ്ദനത്തിനായി രൂപീകരിച്ച ഇൻസ്റ്റഗ്രാമിലെ മൂന്ന് അക്കൗണ്ടുകളിലായി നൂറിലേറെ പേരുണ്ടെന്നും ഇവരിൽ കൂടുതൽ പേരും സംഭവവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നുമാണ് പൊലീസ് കരുതുന്നത്. കസ്റ്റഡിയിലെടുത്ത നാല് മൊബൈൽ ഫോണുകളും ഒരു ലാപ്ടോപ്പും പോലീസ് പരിശോധിക്കുന്നുണ്ട്.


### നഞ്ചക്ക് മുഖ്യപ്രതിയുടെ സഹോദരന്റേത്

മുഖ്യപ്രതിയായ വിദ്യാർത്ഥിയുടെ വീട്ടിൽ നിന്നും കണ്ടെടുത്ത നഞ്ചക്ക് കരാട്ടെ പരിശീലിക്കുന്ന ഇയാളുടെ സഹോദരന്റേതാണെന്ന് പോലീസ് കണ്ടെത്തി. വിദ്യാർത്ഥി നഞ്ചക്കിന്റെ ആക്രമണരീതി പഠിച്ചത് യൂട്യൂബിൽ നിന്നാണെന്നും കണ്ടെത്തി. വിദ്യാർത്ഥിയുടെ മൊബൈൽ ഫോണിലെ സെർച്ച് ഹിസ്റ്ററിയിൽ നഞ്ചക്ക് ഉപയോഗം വ്യക്തമാക്കുന്ന വിഡിയോകളുണ്ട്. ഇയാളുടെ പിതാവിന് സംഘർഷവുമായോ ഗൂഢാലോചനയുമായോ ബന്ധമുണ്ടോ എന്നതിൽ അന്വേഷണം തുടരുകയാണ്. അതേസമയം, റൂറൽ സൈബർ സെൽ സംഘം ഷഹബാസിന്റെ വീട്ടിലെത്തി രക്ഷിതാക്കളുടേയും ഷഹബാസിന്റേയും മൊബൈൽ ഫോണുകൾ പരിശോധിച്ചു.

### പരീക്ഷയെഴുതി; പ്രതിഷേധം

ഷഹബാസിനെ കൊലപ്പെടുത്തിയ കേസിൽ കോഴിക്കോട് വെള്ളിമാടുകുന്ന് ഒബ്സർവേഷൻ ഹോമിൽ കഴിയുന്ന ആറ് വിദ്യാർത്ഥികളും ഇന്നലെയും കനത്ത പോലീസ് കാവലിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി. ജുവൈനൽ ഹോമിൽ പ്രത്യേകം ഒരുക്കിയ കേന്ദ്രത്തിലായിരുന്നു പരീക്ഷയെഴുതിയത്. ഇതിനെതിരെ എം.എസ്.എഫ്, കെ.എസ്.യു പ്രവർത്തകർ ഒബ്സർവേഷൻ ഹോം കവാടത്തിൽ പ്രതിഷേധിച്ചു. പ്രവർത്തകരെ പോലീസ് അറസ്റ്റു ചെയ്ത് നീക്കി.

# വയലൻസ് ഗെയിമുകൾ കേന്ദ്രം നിരോധിച്ചേക്കും




തിരുവനന്തപുരം: കുട്ടികളിലടക്കം അക്രമവാസന വളർത്തുന്ന വയലൻസ് നിറഞ്ഞ ഓൺലൈൻ ഗെയിമുകൾ നിരോധിക്കണമെന്ന് കേരള പോലീസ്. ഇതുസംബന്ധിച്ച ശുപാർശ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നൽകിയെന്ന് എ.ഡി.ജി.പി മനോജ് എബ്രഹാം പറഞ്ഞു. ഇത് പരിഗണിച്ച് കേന്ദ്രം നടപടിയെടുക്കും.

സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട ആപ്പുകൾ നിരോധിക്കണമെന്ന് നേരത്തെ കേരള പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് അറുപതോളം ആപ്പുകൾ നിരോധിച്ചിരുന്നു. ഈ മാതൃകയിലാകും ഇതിലും നടപടി. കുട്ടികളെ ബാധിക്കുന്നതും ആസക്തി വളർത്തുന്നതുമായ ഗെയിമുകൾ നിരോധിക്കാൻ കേന്ദ്രനിയമമുണ്ട്.

ആളുകളെ കൊല്ലാനും ആക്രമിക്കാനും പഠിപ്പിക്കുന്നതും ലഹരിയുപയോഗം മഹത്വത്കരിക്കുന്നതുമായ വിദേശ ഗെയിമുകൾക്കെതിരെയാകും നടപടി. ഇത്തരം ഗെയിമുകൾ ജനങ്ങൾക്കുണ്ടാക്കുന്ന വിപത്തുകൾ മുൻനിറുത്തിയാവും നിരോധനം.

പ്രത്യേക സൈബർ സംഘത്തെ നിയോഗിച്ച് പൈശാചിക ഗെയിമുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയാണ് അവ നിരോധിക്കാനുള്ള ശുപാർശ കേന്ദ്രത്തിന് നൽകിയത്.

പൈശാചിക രംഗങ്ങളുള്ള ഗെയിമുകൾ കുട്ടികളെ അക്രമത്തിനും ലഹരിക്കും അടിമകളാക്കുന്നുവെന്ന് കാട്ടിയാണ് പോലീസ് ശുപാർശ. കേരളത്തിൽ അടുത്തിടെയുണ്ടായ കൂട്ടക്കൊലകളുടെയും അക്രമങ്ങളുടെയും വിവരങ്ങൾ സഹിതമാണ് റിപ്പോർട്ട്

### സാമൂഹ്യ സുരക്ഷയ്ക്ക് അപകടം

1. പൈശാചിക ഗെയിമുകൾ കുട്ടികളിൽ ഗുരുതരമായ മാനസിക പ്രശ്നങ്ങളുണ്ടാക്കും. കൊലയും ക്രൂരപീഡനങ്ങളും നിറഞ്ഞ ഗെയിമുകൾ കുട്ടികളുടെ സ്വഭാവത്തിൽ മാറ്റമുണ്ടാക്കും


2. സമൂഹത്തിന്റെ സുരക്ഷയ്ക്കും ഇത് അപകടകരമാണ്. അക്രമണോത്സുകത വർദ്ധിപ്പിക്കാനുമിടയാക്കും

3. അക്രമം അനുകരിക്കാൻ പ്രചോദനമാകും. പൈശാചിക കൃത്യങ്ങൾ മരവിപ്പോടെ കണ്ടുനിൽക്കാനും പ്രേരണയുണ്ടാക്കും









# റാഗിംഗ് സമൂഹത്തിനും ഭീഷണിയെന്ന് ഹൈക്കോടതി

കൊച്ചി: കേരള റാംഗിംഗ് നിരോധന നിയമ(1998)ത്തിൽ കാലാനുസൃത ഭേദഗതിവേണോഎന്ന്പരിശോധിക്കാനും ചട്ടങ്ങൾ രൂപീകരിക്കാനുമായി കർമ്മ സമിതി സജ്ജമാക്കണമെന്ന് സർക്കാരിനോട് ഹൈക്കോടതി. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് സി. ജയചന്ദ്രൻ എന്നിവരുൾപ്പെട്ട പ്രത്യേക ബെഞ്ചിന്റെ ആദ്യ സിറ്റിംഗിലാണ് നിർദ്ദേശം. ക്രൂര കുറ്റകൃത്യങ്ങളിലേക്ക് റാഗിംഗ് വഴിമാറുന്നത് ബന്ധപ്പെട്ട വ്യക്തികളെയും വിദ്യാലയത്തെയും മാത്രമല്ല സമൂഹത്തെയാകെ ബാധിക്കുകയാണെന്ന് പറഞ്ഞ കോടതി, നിയന്ത്രണങ്ങൾ കർശനമാക്കണമെന്നും വിലയിരുത്തി.




റാഗിംഗ് നിരോധന നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കാത്തത് നിയന്ത്രണങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് തടസമാണ്. 27 വർഷം മുമ്പു നിലവിൽ വന്ന നിയമം പരിഷ്കരിക്കണോ എന്നും ആലോചിക്കണം. പുതുതായി രൂപീകരിക്കുന്ന കർമ്മ സമിതി രണ്ടു വിഷയങ്ങളും പരിഗണിക്കണം. സമിതിയിൽ വിവിധ മേഖലയിൽ നിന്നുള്ളവരെ ഉൾപ്പെടുത്തണം. വ്യക്തികളിൽ നിന്നും എൻ.ജി.ഒകളിൽ നിന്നുമെല്ലാം അഭിപ്രായം സ്വരൂപിക്കണം. കരട് നിർദ്ദേശങ്ങൾ 19ന് ഹർജി പരിഗണിക്കുമ്പോൾ സമർപ്പിക്കണമെന്നും കോടതി സർക്കാരിനോട് നിർദ്ദേശിച്ചു.

റാംഗിംഗ് വിരുദ്ധ നിയമങ്ങൾ കർശനമായി നടപ്പാക്കാൻ നിർദ്ദേശം നൽകണമെന്നും മേൽനോട്ട സമിതികൾ രൂപീകരിക്കണമെന്നുമാവശ്യപ്പെട്ട് കേരള ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) സമർപ്പിച്ച പൊതുതാത്പര്യ ഹർജിയാണ് പ്രത്യേക ബെഞ്ച് പരിഗണിക്കുന്നത്. യു.ജി.സിയെ ഹർജിയിൽ കക്ഷിചേർത്തു. റാഗിംഗിനിരയായി മകളെ നഷ്ടപ്പെട്ട സി.എൽ. ആന്റോ കക്ഷിചേരാൻ അനുമതി തേടിയിട്ടുണ്ട്.

### സർക്കാരിനുള്ള മറ്റ് നിർദ്ദേശങ്ങൾ

1. റാഗിംഗ് തടയാൻ സംസ്ഥാനതല സെല്ലും ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ജില്ലാതല മോണിട്ടറിംഗ് സമിതിയും രൂപീകരിക്കണമെന്ന് യു.ജി.സി നിർദ്ദേശിച്ചിരുന്നു. ഇവ രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രവർത്തനം എങ്ങനെയാണെന്നും വിശദീകരിച്ച് എതിർസത്യവാങ്മൂലം സമർപ്പിക്കണം.

2. മേൽനോട്ട സമിതികളുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം ക്രോഡീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകണം. കമ്മിറ്റികൾ ഇല്ലെങ്കിൽ രൂപീകരിക്കാനുള്ള സമയപരിധി അറിയിക്കണം.

3. 2020ൽ ഹൈക്കോടതി ഡിവിഷൻബെഞ്ച് ഉത്തരവിട്ടതനുസരിച്ച് ഐ.ജിയുടെ മേൽനോട്ടത്തിൽ 'കെയർ' ആന്റി റാഗിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കണം.

4. വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുപുറമേ, കേരളത്തിലെ സർവകലാശാലകളിൽ രൂപീകരിച്ച മേൽനോട്ട സമിതികളുടെയും വിവരങ്ങൾ അറിയിക്കണം.

### ക്രൂരത വർദ്ധിക്കുന്നു

റാഗിംഗിന്റെ പേരിലുള്ള ക്രൂരത സംസ്ഥാനത്ത് വർദ്ധിക്കുകയാണെന്ന് ഹൈക്കോടതി. വാക്കാലുള്ള അധിക്ഷേപം മുതൽ മരണകാരണമാകുന്ന ക്രൂരത വരെ റാഗിംഗിന്റെ ഭാഗമായുണ്ടാകുന്നു.

പലതും സമൂഹത്തെയാകെ വിഷമിപ്പിക്കുന്നതാണ്. നിയന്ത്രിക്കാൻ സർക്കാർ മുഖ്യ പങ്ക് വഹിക്കണമെന്നും പ്രത്യേകബെഞ്ച് വിലയിരുത്തി.












# കോടികളുടെ സ്വത്ത് സമ്പാദനം, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്കെതിരെ വിജിലൻസ് കേസ്

കൊച്ചി: ബസ് പെർമിറ്റിന് കുപ്പിയും പണവും കൈക്കൂലി വാങ്ങിയതിന് ആർ.ടി.ഒ അറസ്റ്റിലായതിന് പിന്നാലെ മോട്ടോർ വാഹനവകുപ്പിന് നാണക്കേടായി മറ്റൊരു വിജിലൻസ് നടപടിയും. കോഴിക്കോട് കൊടുവള്ളി സബ് ആർ.ടി ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എം.വി.ഐ) കലൂർ ലിങ്ക് റോഡിലെ കെന്റ് പാംഗ്രോവ് അപ്പാർട്ട്മെന്റിൽ താമസിക്കുന്ന എസ്.പി. ബിജുമോനെതിരെ (53) അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് എറണാകുളം സ്പെഷ്യൽസെൽ കേസെടുത്തു.

എറണാകുളം റീജിയണൽ ട്രാസ്പോർട്ട് ഓഫീസിൽ എം.വി.ഐയായിരിക്കെ കൊച്ചിയിൽ ഒന്നരക്കോടിരൂപയുടെ നാല് ഫ്ളാറ്റുകളടക്കം 1,69,65,000 രൂപ മുതലുകൾ സമ്പാദിച്ചെന്നും ഇതിൽ 61,33,000രൂപ അനധികൃതമായി സമ്പാദിച്ചെന്നും കണ്ടെത്തിയതിന് പിന്നാലെയാണ് നടപടി. എറണാകുളത്ത് എം.വി.ഐയായിരിക്കെ ബിജുമോനെതിരെ നിരവധി പരാതികൾ വിജിലൻസിന് ലഭിച്ചിരുന്നു. തുടർന്ന് വിജിലൻസ് എറണാകുളം സ്പെഷ്യൽസെൽ എസ്.പി എ. മുഹമ്മദ് ആരിഫിന്റെ നേതൃത്വത്തിൽ പരാതികളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തി അന്വേഷണം നടത്തുകയായിരുന്നു.

ജോലിയിൽ പ്രവേശിച്ചത് മുതൽ ഇതുവരെ ലഭിക്കാവുന്ന ശമ്പളമടക്കം വിലയിരുത്തി. ബിജുമോൻ 17ശതമാനത്തോളം അധികം സ്വത്ത് സമ്പാദിച്ചെന്ന് ഉന്നത വിജിലൻസ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഇതിനായി കൈക്കൂലിയടക്കം കൈപ്പറ്റിയതായാണ് കണ്ടെത്തൽ. എന്നാൽ ഏതെല്ലാം മാർഗത്തിലൂടെയാണ് ബിജുമോൻ കൈക്കൂലി വാങ്ങിയതെന്ന് വിജിലൻസ് പുറത്തുവിട്ടിട്ടില്ല.

അന്വേഷണത്തിന്റെ ഭാഗമായി കഴിഞ്ഞദിവസം അന്വേഷണ ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം വിജിലൻസ് സ്പെഷ്യൽസെൽ ഡെപ്യൂട്ടി സൂപ്രണ്ട് ബിജു വി. നായർ, ഇൻസ്പെക്ടർമാരായ ബിപിൻ പി. മാത്യു, എ.ജി. ബിബിൻ എന്നിവരുടെ നേതൃത്വത്തിൽ ബിജുമോന്റെ കലൂരിലെ ഫ്ളാറ്റിലും കൊടുവള്ളിയിലെ വാടക വീട്ടിലും ആലപ്പുഴ കാവാലത്തെ തറവാട്ടുവീട്ടിലും പരിശോധന നടത്തിയിരുന്നു. റെയ്ഡിൽ 66 രേഖകൾ വിജിലൻസിന് ലഭിച്ചു. ഇവ പരിശോധിച്ചുവരികയാണ്.












# നിന്ദനമേറി; നിരാശയോടെ 'ജീവൻ മശായി'മാർ



ബാബു കദളിക്കാട്

കേരളത്തിന്റെ 'ആരോഗ്യ നികേതന' സ്വപ്നത്തെ പ്രതിബദ്ധതാപൂർവമായ കഠിനാദ്ധ്വാനത്തിലൂടെ ഉദ്ദീപിപ്പിച്ചുകൊണ്ട് ജനസ്നേഹവും നന്ദിയും പിടിച്ചുപറ്റിയ ആശാപ്രവർത്തകരെ അധിക്ഷേപത്തിന്റെയും നിന്ദനത്തിന്റെയും കയത്തിലാഴ്ത്തുന്നു ഇടതു രാഷ്ട്രീയം. സർക്കാരിന്റെ ആരോഗ്യദൗത്യങ്ങൾ ജനങ്ങളിലെത്തിക്കുന്ന ആശാപ്രവർത്തകരുടെ സാമൂഹിക പ്രതിബദ്ധതയും ക്രൂരമായി ചോദ്യം ചെയ്യപ്പെടുന്നു. സമരം ചെയ്യാൻ തങ്ങൾക്ക് മാത്രമാണ് അവകാശമുള്ളതെന്ന് സി.പി.എമ്മും സി.ഐ.ടി.യുമൊക്കെ ഭാവിക്കുന്നു. നിപ്പയും കോവിഡുമുൾപ്പെടെയുള്ള പകർച്ച വ്യാധി തടയാൻ സജീവമായി രംഗത്തുണ്ടായിരുന്നതു മുതൽ മലയാളക്കരയെ ദൈവത്തിന്റെ സ്വന്തം നാടാക്കാൻ ഓടിനടന്ന ഇവരുടെ ജീവിതപ്രശ്നങ്ങളിൽ പരിഹാരം കാണേണ്ടതിനു പകരം പരിഹാസം ചൊരിയാൻ എങ്ങനെ തോന്നുന്നു ഇടതു സർക്കാരിനെന്ന ചോദ്യം നാടെങ്ങുമുയരുന്നു.

താരാശങ്കർ ബാനർജിയുടെ വിഖ്യാത നോവലായ 'ആരോഗ്യ നികേതന'ത്തിലെ ജനകീയ വൈദ്യനായ 'ജീവൻ മശായി'യുടെ വനിതാ സങ്കൽപ്പത്തെയാണ് കേരളത്തിലെ ആശാവർക്കർമാർ സമൂർത്തമാക്കുന്നതെന്ന നിരീക്ഷണം അതിരു കടക്കുന്നില്ല. ബംഗാളിൽ പടന്നു പിടിച്ച കോളറ എന്ന മഹാമാരിയെ ജീവൻ മശായി എങ്ങനെ കീഴടക്കി എന്നും അത് ഒരു വലിയ സമൂഹത്തിന്റെ അതിജീവനമായി എപ്രകാരം മാറിയെന്നുമാണ് താരാശങ്കർ ബാനർജി പറഞ്ഞത്. ജീവൻ മശായിയെയെന്നതുപോലെ കോവിഡ് കാലത്ത് ആശാപ്രവർത്തകരെ ഒരുതവണയെങ്കിലും ഫോണിൽ ബന്ധപ്പെടാത്ത ഒരു വീടും കേരളത്തിലുണ്ടാകില്ല. നാടൊട്ടുക്ക് മരണഭീതിയിൽ കഴിയുമ്പോൾ ഫോണിലൂടെ ആശാപ്രവർത്തകർ നൽകിയ മറുപടി ഔപചാരികതയിലൊതുങ്ങാതെ സ്വാന്ദന ദായകമായിരുന്നു. ലോക്ഡൗണിനിടെയും മരുന്നിനുവേണ്ടിയും ആശുപത്രിയിലേക്ക് പോകാനുള്ള ആംബുലൻസ് ലഭിക്കാനും ജീവൻ മറന്നുള്ള അവരുടെ സക്രിയമായ തുണയുണ്ടായിരുന്നു. കോവിഡ് ബാധിച്ച അയൽവാസിയുടെ റൂട്ട്മാപ്പിന്റെ വിശദാംശം തേടാനും ആശാപ്രവർത്തകരുടെ സഹായം വേണ്ടിയിരുന്നു.

അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് പദ്ധതിക്കു കീഴിൽ 2007ൽ കേരളത്തിൽ ആരംഭിച്ച 'ആശ' സംവിധാനത്തിൽ 27000 ഓളം പേരാണുള്ളത്. എല്ലാവരും വനിതകൾ. 6000 രൂപ പ്രതിമാസം ഓണറേറിയവും 2000 രൂപ കേന്ദ്ര ഇൻസെന്റീവും ആണു പ്രതിഫലം. ഫീൽഡ് പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ഇൻസെന്റീവ് മാസം ശരാശരി 1000 രൂപ തികയില്ല. ഇതൊക്കെ കണക്കുകൂട്ടിയാൽ മൊത്തം കിട്ടുന്നത് 9000 രൂപയ്ക്ക് താഴെ. ഈ വേതനം ലഭ്യമാകാനും പത്തോളം ചട്ടങ്ങൾ വേറെയുമുണ്ട്. കടമ്പ കടന്നില്ലെങ്കിൽ പിന്നെയും കുറയും, 750 രൂപയോളം. ഓണറേറിയം 21,000 രൂപയാക്കുക, ഇൻസെന്റീവ് ഉയർത്തുക, വേതനം എല്ലാ മാസവും അഞ്ചാം തീയതി നൽകുക, വിരമിക്കുമ്പോൾ ആനുകൂല്യങ്ങൾ നൽകുക തുടങ്ങിയവയാണ് സമരരംഗത്തുള്ളവരുടെ മുഖ്യ ആവശ്യം.

ജോലിഭാരം കൂടിയിട്ടും ശമ്പളം കൂടിയില്ല, ഉള്ള ശമ്പളം കൃത്യമായി കിട്ടുന്നില്ല, പിരിയുമ്പോൾ ആനുകൂല്യങ്ങളില്ല, പെൻഷനില്ല. കിട്ടുന്ന തുച്ഛ ശമ്പളംകൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനാകാതെ അസ്വസ്ഥമായ മനസുമായിട്ടാണ് അവർ കർമനിരതരായി ഓടി നടക്കുന്നത്. ആശാപ്രവർത്തകർക്ക് ആദ്യകാലത്ത് 500 രൂപയായിരുന്നു ഓണറേറിയം. ഗർഭിണികളെ കാണുകയും പ്രതിരോധ കുത്തിവയ്പ്പിന് സജ്ജരാക്കുകയും മാത്രമായിരുന്നു അന്ന് ഡ്യൂട്ടി. മറ്റ് ജോലികൾക്കിടയിൽ ഈ ജോലിയും ചെയ്യാൻ കഴിയുമായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. സർക്കാർ പറയുന്ന എല്ലാ പണിയും ചെയ്യണം. തദ്ദേശ സ്ഥാപനങ്ങളുടെ എല്ലാ പരിപാടികളിലും പങ്കെടുക്കണം. സർക്കാരിന്റെ വിവിധ ആരോഗ്യപദ്ധതികളുടെ ഭാഗമായുള്ള വീട് സന്ദർശനങ്ങൾ, കിടപ്പുരോഗികളെ കാണൽ, സർവേകളുടെ കണക്കു തയാറാക്കലും



കണക്ക് നൽകലും ഇങ്ങനെ നീളുന്നു ആശാപ്രവർത്തകരുടെ ജോലിഭാരം.

'ആശാ വർക്കർമാർ അടിമകളല്ല' എന്ന പ്ലക്കാർഡ് പിടിച്ച് നടത്തുന്ന സമരം അതിജീവനത്തിനു വേണ്ടിയുള്ളതാണെന്നു സമൂഹം തിരിച്ചറിയുന്നുണ്ട്. ആശ്ചര്യപ്പെടുത്തുന്ന മുദ്രാവാക്യങ്ങളോ ആവശ്യങ്ങളുടെ നീണ്ട പട്ടികയോ നിരത്തിയിട്ടില്ല അവർ. മുടങ്ങിയ ഓണറേറിയം ഉടൻ വിതരണം ചെയ്യാനുള്ള ഉത്തരവ് സർക്കാർ ഇറക്കിയെങ്കിലും അവരുടെ മറ്റ് ജീവൽപ്രശ്നങ്ങൾക്ക് ഇപ്പോഴും പരിഹാരമായിട്ടില്ല. ഇതിനിടെയാണ് സമരത്തെ ആക്ഷേപിച്ചും അപഹസിച്ചും മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ നിലപാട് അനാവൃതമായത്. മഹാമാരി ഭീതിപരത്തിയ സമയങ്ങളിൽ വീട്ടുപടിക്കൽ വരെയെത്തി മരുന്നും ഭക്ഷണവുമെത്തിച്ച ആശാപ്രവർത്തകരാണിപ്പോൾ കിട്ടിക്കൊണ്ടിരുന്ന തുച്ഛ വേതനം പോലും മുടങ്ങിയതോടെ സെക്രട്ടേറിയറ്റ് പടിക്കൽ രാപ്പകൽ നരകിക്കുന്നത്. ആരും പ്രലോഭിച്ചല്ല, ജീവിത യാഥാർഥ്യത്തിന്റെ തിരിച്ചറിവിലാണവർ തലസ്ഥാന നഗരിയിലെത്തി സമരരംഗത്തിറങ്ങിയത്. വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതല്ല ഇവർ ഉന്നയിച്ച ആവശ്യങ്ങളെങ്കിലും സർക്കാർ കണ്ണടയ്ക്കുന്നു.

സമൂഹത്തിന് ഏറ്റവും ആവശ്യമായ ഒരു വിഭാഗമാണ് ആശാവർക്കർമാർ. കിടപ്പ് രോഗികളെയും പാലിയേറ്റീവ് കെയർ ആവശ്യമുള്ളവരെയും സഹായിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ആശാവർക്കർമാരുടെ സേവനം ആർക്കും അവഗണിക്കാനാവില്ല. പക്ഷേ കേരളത്തിലെ ഇടതു സർക്കാരിനുമാത്രം ഇത് ബോധ്യപ്പെടുന്നില്ല. തിരുവനന്തപുരത്ത് ആഴ്ചകളായി സമരം ചെയ്യുന്ന ഇവർ സർക്കാരിന്റെ അവഗണനയിൽ പ്രതിഷേധിച്ച് കഴിഞ്ഞ ദിവസം കൂറ്റൻ നിയമസഭാ മാർച്ച് വരെ സംഘടിപ്പിച്ചു. ആവശ്യങ്ങൾ അംഗീകരിക്കുന്നതു പോയിട്ട് സമരക്കാരുമായി മാന്യമായ ചർച്ചകൾക്കു പോലും സർക്കാർ തയ്യാറാവുന്നില്ല. സമരക്കാരെ ചർച്ചയ്ക്ക് വിളിക്കുന്നതിനു പകരം അധിക്ഷേപിക്കുന്നതിൽ ഹരംകൊള്ളുകയാണ് സി.പി.എം-സി.ഐ.ടി.യു നേതാക്കൾ. ഇതിനിടെ് സമരപ്പന്തൽ തന്നെ പൊളിച്ചു നീക്കി ദ്രോഹിച്ചു.

ജീവിതച്ചെലവ് കൂടിയ സാഹചര്യത്തിൽ ഇപ്പോൾ കിട്ടുന്ന തുക ഒന്നിനും തികയില്ല എന്ന കാര്യത്തിൽ ആർക്കുമില്ല സംശയം. സർക്കാരിന്റെ ആരോഗ്യദൗത്യങ്ങൾ ജനങ്ങളിലെത്തിക്കുന്ന ആശാപ്രവർത്തകർ നേരിടുന്ന അവഗണനയ്ക്കും പരിഹാരം കാണുന്നില്ലെന്നാണ് ഈ സമരം കാട്ടിത്തരുന്നത്. കേരളാ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് സമരമെങ്കിലും ഇത് സംസ്ഥാനത്തെ 27000 ഓളം വരുന്ന ആശാപ്രവർത്തകരുടെ ശബ്ദം തന്നെയാണ്. തുച്ഛമായ ഇവരുടെ ഓണറേറിയം മൂന്നു മാസമായി മുടങ്ങിയപ്പോഴാണ് ഈ പട്ടിണി സമരം തുടങ്ങിയത്. ഇതിനെയാണ് രാഷ്ട്രീയ പ്രേരിതവും അനാവശ്യ സമരവുമെന്ന് പറഞ്ഞത്.

ഒരു മാനദണ്ഡവുമില്ലാതെ രാഷ്ട്രീയനിയമനത്തിലൂടെ മന്ത്രിമാരുടെ പഴ്സണൽ സ്റ്റാഫിലെത്തി രണ്ടു വർഷം പൂർത്തിയാക്കുന്നവർക്കുപോലും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുമ്പോൾ പതിറ്റാണ്ടുകൾ തുച്ഛ വേതനത്തിന് ജോലി ചെയ്ത സ്ത്രീകളായ ആശാപ്രവർത്തകരെ 62-ാം വയസിൽ ഒരു ആനുകൂല്യവും നൽകാതെയാണ് പറഞ്ഞുവിടുന്നത്. 2020ൽ ആശാപ്രവർത്തകരുടെ വിരമിക്കൽ പ്രായം 65 വയസായി നിശ്ചയിച്ച ബംഗാളിൽ അവർക്ക് മൂന്നു ലക്ഷം രൂപ വിരമിക്കുമ്പോൾ ആശ്വാസ ധനം നൽകുന്നുണ്ട്. കേരളത്തിലും ഇത്തരത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ വേണമെന്ന് ആശാപ്രവർത്തകരുടെ നിരന്തരമായ ആവശ്യമായിരുന്നു. ഇതുവരെ അനുകൂല തീരുമാനമില്ല.

## പന്തൽ തകർത്തു

തിരുവനന്തപുരത്ത് അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യുന്ന ആശാവർക്കർമാരുടെ സമരപ്പന്തൽ പൊളിച്ചു നീക്കിയ സംസ്ഥാന സർക്കാർ എന്തുകൊണ്ടാണ് കണ്ണൂരിൽ റോഡ് കയ്യേറി സ്റ്റേജ് കെട്ടി സി.പി.എം സമ്മേളനം നടത്തിയപ്പോൾ ഇങ്ങനെ ചെയ്യാതിരുന്നതെന്ന കോടതിയുടെ വിമർശനം നീതിബോധമില്ലാത്ത സർക്കാരിന്റെ ഇരട്ടത്താപ്പ് വെളിപ്പെടുത്തുന്നതായിരുന്നു. സെക്രട്ടറിയേറ്റിനു മുന്നിൽ സമരം നടത്തുന്ന ആശാ വർക്കർമാരുടെ പന്തൽ പെരുമഴയത്ത് പോലീസ് പൊളിച്ചു നീക്കിയത് വ്യാപക പ്രതിഷേധത്തിന് ഇടയാക്കി. സമരക്കാരുടെ ആവശ്യങ്ങൾക്കു നേരെ സർക്കാർ കണ്ണടയ്ക്കുകയും, സി.പി.എമ്മിന്റെയും സി.ഐ.ടി.യു.വിന്റെയും നേതാക്കൾ ആശാവർക്കർമാരെ നിരന്തരം അധിക്ഷേപിക്കുകയും ചെയ്യുന്നതിനിടയാണ് സർക്കാരിന്റെ നിർദ്ദേശപ്രകാരം സമരപ്പന്തലും പൊളിച്ചു നീക്കിയത്. പൊതുപ്രക്ഷോഭങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാന സർക്കാരിന്റെ പൊരുത്തമില്ലാത്ത സമീപനത്തെ ജസ്റ്റിസുമാരായ അനിൽ കെ. നരേന്ദ്രനും എസ്. മുരളീകൃഷ്ണയും അടങ്ങുന്ന ബെഞ്ചാണ് ചോദ്യം ചെയ്തത്.

എന്തുകൊണ്ടാണ് സർക്കാർ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറിയോടും സംസ്ഥാന പോലീസ് മേധാവിയോടും കോടതി ആവശ്യപ്പെടുകയും ചെയ്തു.

തിരുവനന്തപുരത്ത് ഭരണകക്ഷിയായ സി.പി.എം പൊതുവഴി അടച്ചുകെട്ടി പാർട്ടി സമ്മേളനം നടത്തിയത് വലിയ വിവാദമായിരുന്നു. വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും മണിക്കൂറുകളോളം യാത്രാ തടസ്സം നേരിട്ടു. രോഗികളെയും കൊണ്ടുപോകുന്ന ആംബുലൻസുപോലും വഴിയിൽ കുടുങ്ങി. ഇങ്ങനെയൊരു നിയമലംഘനത്തിന് കൂട്ടുനിന്ന പോലീസ് സ്റ്റേജ് പൊളിച്ചു നീക്കാനോ സമരം തടസ്സപ്പെടുത്താനോ ശ്രമിച്ചില്ല. ഒടുവിൽ പരാതിയെ തുടർന്ന് കേസ് കോടതിയിൽ എത്തുകയും, സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനടക്കം ഹാജരാവുകയും ചെയ്യേണ്ടിവന്നു. കോടതിയുടെ ഭാഗത്തുനിന്ന് നിശിതമായ വിമർശനം ഉണ്ടായതിനാലാണ് നേതാക്കൾ കോടതിയിൽ നേരിട്ട് ഹാജരായത്. തിരുവനന്തപുരത്തിന്റെ തനിയാവർത്തനമാണ് കണ്ണൂരിൽ കണ്ടത്. രാവിലെ മുതൽ വൈകിട്ട് വരെ റോഡ് ഉപരോധിച്ച സി.പി.എം അവിടെ കേന്ദ്ര വിരുദ്ധ സമരം നടത്തി. പോലീസ് ഇതിന് അനുമതി നിഷേധിച്ചില്ലെന്ന് മാത്രമല്ല, സമ്മേളനം നടന്ന സമയമത്രയും കാഴ്ചക്കാരായി നോക്കി നിൽക്കുകയും ചെയ്തു.

ആശാ വർക്കർമാരുടെ വേതനം മുടങ്ങുന്നതിന്റെ പഴി കേന്ദ്ര സർക്കാരിനു മേൽ ചുമത്താനാണ് സംസ്ഥാന സർക്കാരിന്റെ ശ്രമം. അതേ സമയം, ഇടതു സർക്കാരിന്റെ കെടുകാര്യസ്ഥതയാണു കാരണമെന്ന വിശദീകരണവുമായെത്തി കേന്ദ്രസർക്കാർ. 938.80 കോടി രൂപ കേന്ദ്ര ആരോഗ്യമന്ത്രാലയം അനുവദിച്ചെന്ന് കേന്ദ്രസർക്കാർ വിശദീകരിച്ചു. അനുവദിച്ച തുകയേക്കാൾ കൂടുതലാണിതെന്നും ബജറ്റ് വിഹിതത്തിന് പുറമേ കഴിഞ്ഞ ഫെബ്രുവരിയിൽ 120 കോടി രൂപ കേരളത്തിന് അധികമായി നൽകി. കേന്ദ്രമന്ത്രി സുരേഷ് ഗോപി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നദ്ദയുമായി ചർച്ച നടത്തിയതിന് പിന്നാലെയാണ് കേന്ദ്ര സർക്കാരിന്റെ വിശദീകരണം വന്നത്. കേരളത്തോട് ഒരു തരത്തിലും അവഗണന കാണിച്ചിട്ടില്ലെന്നും അനുവദിച്ചതിനേക്കാൾ കൂടുതൽ തുക നൽകുകയാണ് ചെയ്തതെന്നുമാണ് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ വാദം. സംസ്ഥാനത്തെ ആശമാരുടെ വേതനപ്രശ്നത്തിന് കാരണം കേന്ദ്ര സർക്കാരാണെന്നും അവർക്കൊപ്പം ഡൽഹിയിൽ സമരത്തിന് താനും എത്താമെന്നും ആരോഗ്യമന്ത്രി വീണാ ജോർജ് ആവർത്തിച്ച് പറഞ്ഞതിന് പിന്നാലെയാണ് മറുപടിയുമായി കേന്ദ്ര ആരോഗ്യമന്ത്രാലയം രംഗത്തെത്തിയത്.

കേരളത്തിന് കിട്ടേണ്ട ഒരു രൂപപോലും കേന്ദ്രം തടഞ്ഞുവച്ചിട്ടില്ലെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനും വിശദീകരിച്ചിരുന്നു. പിണറായി വിജയനും വീണാ ജോർജും എല്ലാം കേന്ദ്രത്തിന്റെ തലയിലിട്ട് രക്ഷപ്പെടാൻ നോക്കേണ്ട. വ്യാജപ്രചരണത്തിലൂടെ സമരം അട്ടിമറിക്കാൻ ആരെയും അനുവദിക്കില്ലെന്നും കെ.സുരേന്ദ്രൻ പറഞ്ഞു. കേന്ദ്രം കൊടുക്കുന്ന പണമല്ലാതെ എന്ത് പണമാണ് സംസ്ഥാനം ആരോഗ്യമേഖലയ്ക്ക് നീക്കിവെച്ചത്? എൻ.എച്ച്.എം കൊടുക്കുന്ന ഫണ്ടല്ലാതെ എന്താണ് സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ്? ഇത്തവണത്തെ കേന്ദ്ര ബജറ്റിൽ 16% തുകയാണ് കേരളത്തിന് അധികമായി അനുവദിച്ചത്. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം പോലെ ആശാവർക്കർമാരുടെ കാര്യത്തിലും സി.പി.ഐ.എം കള്ളപ്രചരണമാണ് നടത്തുന്നത്. കേന്ദ്രത്തിന് കണക്ക് കൃത്യമായി കൊടുക്കാതെ കേന്ദ്ര അവഗണനയെന്ന് പറഞ്ഞ് ജനങ്ങളെ പറ്റിക്കുകയാണ് സംസ്ഥാന സർക്കാരെന്നും സുരേന്ദ്രൻ വിമർശിക്കുന്നു ബി.ജെ.പി.



# വരുമോ ഇനിയുമൊരു പിണറായിക്കാലം !

വിളിച്ചുപോയ പഴയ മുദ്രാവാക്യങ്ങൾക്ക് നവഭാഷ്യം ചമയ്ക്കുന്ന തിരക്കിലാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ. എത്ര തള്ളിപ്പറഞ്ഞാലും തിരിച്ചെടുക്കാൻ കഴിയാത്ത വിധം ഉറച്ചുപോയ മുദ്രാവാക്യങ്ങൾ സ്വന്തമായുള്ള കമ്മൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് പ്രത്യയ ശാസ്ത്ര പ്രതിസന്ധിയിലാണ് എന്ന് വിശ്വസിക്കുന്നവർ ധാരാളമാണ്. വലതുപക്ഷ മുതലാളിത്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളെപ്പോലും അമ്പരപ്പിക്കുന്ന വിധം കമ്മ്യൂണിസ്റ്റ് പാർട്ടി, പ്രത്യേകിച്ച് സി.പി.എം മുന്നോട്ടുപോയോ ?

ഈ വിമർശത്തെനേരിടുന്നത് പാർട്ടി സഹിഷ്ണുതയോടെയല്ല എന്നൊരാക്ഷേപവും സജീവമാണ്. അല്ലെങ്കിലും പ്രസ്ഥാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഒരു ഇരുമ്പലക്ക ശൈലി കമ്മ്യൂണിസ്റ്റു പാർട്ടികളുടെ അസ്ഥിത്വത്തിന്റെ ഭാഗമാണ്. അതിനെചോദ്യം ചെയ്തതുകൊണ്ട് അത് തിരുത്തപ്പെടുമെന്ന് ആരും വ്യാമോഹിക്കുന്നില്ല.

തിരുത്താനും നടത്താനും കെൽപ്പുള്ള ഉറച്ച പ്രസ്ഥാനമാണ് തങ്ങളുടേതെന്ന് ഉറച്ചു വിശ്വസിക്കുന്ന നേതാക്കളുടേയും അണികളുടേയും കൂട്ടായ്മ ഉള്ളിടത്തോളം കമ്മ്യൂണിസ്റ്റു പാർട്ടികൾ അവരുടെ ശൈലിയിൽ മുന്നോട്ടുപോവുക തന്നെ ചെയ്യും.

ഇന്ത്യയിൽ സി.പി.എം. സ്വാധീനം അവശേഷിക്കുന്ന കേരളത്തിൽ കമ്മൂണിസ്റ്റ് ഭരണനേട്ടങ്ങളേയും അപചയങ്ങളേയും മലയാള സമൂഹം ചർച്ച ചെയ്യുന്ന ഘട്ടത്തിലാണ് പാർട്ടി സംസ്ഥാന സമ്മേളനം നടക്കുന്നത്. കരുത്തരായ നേതാക്കളായിരുന്നു എക്കാലത്തും സി.പി.എമ്മിന്റെ ശക്തി. എ.കെ.ജി മുതൽ ഇ.എം.എസും, ഇ.കെ. നായനാരും, ചടയൻ ഗോവിന്ദനും, അച്യുതാനന്ദനും, കൊടിയേരിയും പതാക വാഹകരായ പാർട്ടി. എന്നാൽ ഒരു വ്യാഴ വട്ടക്കാലം പാർട്ടി സെക്രട്ടറിയായ പിണറായി വിജയൻ ഇവരിൽ നിന്ന് അൽപം വ്യത്യസ്ഥനാണ്.

## വ്യത്യസ്ഥനാം പിണറായി

കേരളത്തിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന് തുടർ ഭരണം കിട്ടുമോ എന്ന ചർച്ചാ വിഷയം കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിലേക്ക് തുറന്നു വിട്ടിരിക്കുകയാണ് പ്രസ്ഥാനം ഇപ്പോൾ.

പ്രതിപക്ഷത്തിന്റെ സർവ സംഘടനാ ദൗർബല്യങ്ങളേയും മുന്നിൽക്കണ്ടാണ് സി.പി.എമ്മിന്റെ നീക്കം.

പാർട്ടി ഇപ്പോൾ ഉണർന്നെഴുന്നേൽക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. കഴിഞ്ഞ ജൂണിൽ സി.പി.എം. കേന്ദ്ര കമ്മിറ്റി അംഗീകരിച്ച ലോക്സഭാ അവലോകന റിപ്പോർട്ടിൽ, ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ആവശ്യമായ തിരുത്തലുകൾ നടത്തി ജനവിശ്വാസം വീണ്ടെടുക്കാൻ നിർദ്ദേശിച്ചിരുന്നു. വർഗപരമായ സമീപനങ്ങളിൽ പാർട്ടി വ്യതിചലിച്ചിരിക്കുന്നു എന്ന ആശങ്ക പാർട്ടി കേന്ദ്ര കമ്മിറ്റി പങ്കുവച്ചിരുന്നു.



പിണറായി സർക്കാരിന്റെ ചില നയങ്ങൾ താഴെത്തട്ടിലുള്ള വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയതായി പൊതുസമൂഹം വിലയിരുത്തുകയും ചെയ്യുമ്പോൾ സമ്മേളന കാലത്ത് പാർട്ടി പ്രതിരോധത്തിലാണ്. സ്കൂൾ പാചക തൊഴിലാളികൾ, റേഷൻ വിതരണക്കാർ, സ്പെഷ്യൽ സ്കൂൾ ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, ഏറ്റവും ഒടുവിൽ ആശാവർക്കർമാർ എന്നിവരുടെ ജീവൽ പ്രശ്നങ്ങളിൽ സർക്കാരിന്റെ നിലപാട് സങ്കീർണവും പലപ്പോഴും വിചിത്രവുമാണ്.

ഓണറേറിയം ഉൾപ്പെടെ പ്രതിവർഷം 30 ലക്ഷത്തോളം രൂപ ശമ്പള ഇനത്തിൽ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ.വി.തോമസിന് നൽകാനുള്ള തീരുമാനം ഇതിനൊപ്പം ചേർത്തു വായിക്കുകയാണ് പൊതു സമൂഹം. പി.എസ്.സി. ചെയർമാന്റെ പെൻഷൻ ഒരു ലക്ഷത്തോളം വീണ്ടും കൂട്ടി നൽകി.

അതിനിടെ സി.പി.എം. അവരുടെ വ്യവസായ വികസന പുത്തൻ നയങ്ങൾ പ്രഖ്യാപിക്കുന്ന ആഗോള നിക്ഷേപക സംഗമം കൊച്ചിയിൽ സംഘടിപ്പിച്ചു. അപ്പോൾ, ഏതു വിവാദത്തിനിടയിലും അജയ്യനായ പിണറായിയെയാണ് പാർട്ടി കൊണ്ടാടുന്നത്. വാഴ്ത്തു പാട്ടുകൾ ആ അജയ്യത വിളിച്ചോതുന്നു.

2026ലും യു.ഡി.എഫിന്റെ രാഷ്ട്രീയപേടി സ്വപ്നം പിണറായി വിജയൻ എന്ന നേതാവാണെങ്കിൽ അതിന്റെ പിന്നിലെ യാഥാർത്ഥ്യം എന്താവാം ?

2019ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലത്തിലെ വട്ടപ്പൂജ്യത്തിൽ നിന്ന് ഉണർന്നെഴുന്നേറ്റ് രാഷ്ട്രീയ വിജയമന്ത്രമായി പരിവർത്തനം ചെയ്തതിൽ പിണറായി വിജയൻ എന്ന നേതാവിന്റെ നേതൃത്വത്തെ പാർട്ടി എന്തായാലും തള്ളുന്നില്ല. സി.പി.എമ്മിന്റെ ചരിത്രത്തിൽ ആദ്യമായി തുടർഭരണം. ഇന്ത്യാ മഹാരാജ്യത്തിന്റെ വർത്തമാനകാല രാഷ്ട്രീയ ചിത്രത്തിൽ അതൊരു തിളക്കമാർന്ന ഏടാണ്.

## സമ്മേളനക്കാലം

വിഭാഗീയതകൾ ഇല്ലാതായ പൂർണമായും പിണറായി വിജയന്റെ സ്വാധീനം നിറയുന്ന സമ്മേളനമാകും ഇക്കുറിയും നടക്കുന്നത്. ഭരണത്തിൽ നടപ്പാക്കേണ്ട നിലപാടുകൾ അടങ്ങുന്ന ''നവകേരള നയരേഖ' പിണറായി വിജയൻ സമ്മേളനത്തിൽ അവതരിപ്പിക്കുന്നത് ഭരണത്തുടർച്ചയുടെ വാഗ്ദാനങ്ങൾ അവതരിപ്പിച്ചു കൊണ്ടാണ്. പുതിയ കാലത്തിന് അനുസരിച്ച് ഭരണം മുന്നോട്ടുപോകണം. വികസന നയങ്ങളിൽ ഉദാര പരിഷ്കരണം വേണം.

കഴിഞ്ഞ തവണ അവതരിപ്പിച്ച 'നവകേരളത്തിനായുള്ള പാർട്ടി കാഴ്ചപ്പാട്' നയരേഖ ഭരണതലത്തിൽ പ്രയോഗവത്കരിച്ചു. അതിന്റെ തുടർച്ചയായാണ് പുതിയ നയരേഖ.

അതിനിടെ, രണ്ടാം പിണറായി സർക്കാറിൽ ഒതുങ്ങുകയല്ല ലക്ഷ്യമെന്ന് പ്രഖ്യാപിച്ചാണ് വികസന നയങ്ങളിൽ ഉദാര പരിഷ്കരണം നടപ്പിൽ വരുത്താൻ മൂന്നു വർഷം മുമ്പ് എറണാകുളത്ത് നടന്ന സമ്മേളനം തീരുമാനിച്ചത്.

സംസ്ഥാനത്ത് ആദ്യമായി തുടർഭരണം നേടിയ ഇടതു മുഖ്യമന്ത്രി പിണറായി വിജയനല്ലെന്ന് വ്യക്തമാക്കി എൽ.ഡി.എഫ് ഘടകകക്ഷിയായ സി.പി.ഐയുടെ നേതാവും സി.പി.ഐ സംസ്ഥാന അസി.സെക്രട്ടറിയുമായ കെ. പ്രകാശ് ബാബു രംഗത്തുവന്നു. കേരളത്തിൽ ആദ്യമായി തുടർഭരണം നേടിയ ഇടതു മുഖ്യമന്ത്രി സി. അച്ചുത മേനോനാണെന്നും കേരളത്തിന്റെ യഥാർത്ഥ മേഖലയിലും പുരോഗതി സൃഷ്ടിച്ച വികസന ശില്പിയായ അച്യുത മേനോൻ സർക്കാരിനെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് സി.പി.എം എന്നും ആരോപണം.

തുടർഭരണ പ്രതീക്ഷയിൽ, കാലാവധി പൂർത്തിയാകും മുമ്പ് സർക്കാരിനെ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പിനെ നേരിട്ട ചരിത്രവും കേരളത്തിലുണ്ട്. കാലാവധി തീരാൻ ഒരു വർഷം ബാക്കിനിൽക്കെയാണ് 1991 ൽ ഇ.കെ.നായനാർ സർക്കാർ നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പിനിറങ്ങിയത്. ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ ഇടതു മുന്നണിക്കുണ്ടായ മികച്ച വിജയവും ഐക്യജനാധിപത്യമുന്നണിയിൽനിന്ന് മുസ്‌ലിം ലീഗ് വിട്ടുപോയ സാഹചര്യവുമെല്ലാം ഇതിനു പ്രേരണയായെന്നും വിലയിരുത്തപ്പെട്ടു.

2026ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മൽസരരംഗത്തു നിന്നു മാറിനിന്ന് മുന്നണിയെ നയിക്കാനുള്ള താൽപ്പര്യം മുഖ്യമന്ത്രി പിണറായി വിജയൻ കൊല്ലത്തെ സംസ്ഥാന സമ്മേളനത്തിൽ ഉന്നയിക്കുമെന്ന് സൂചന നൽകുന്നവരുമുണ്ട്. പിണറായി മാറിയാൽ കേരളത്തിൽ ഹാട്രിക് അധികാര തുടർച്ച സി.പി.എമ്മിന് നഷ്ടമാകുമെന്നു കരുതുന്നവരുമുണ്ട്.

അതുകൊണ്ട് തന്നെ പിണറായി മത്സരിക്കാതിരുന്നാൽ സി.പി.എമ്മിന്റെ പരമ്പരാഗതവോട്ട് ബാങ്കിൽ വിള്ളലുണ്ടാകും. ഈ സാഹചര്യത്തിൽ പിണറായി മത്സരിക്കണമെന്ന ആവശ്യം സി.പി.എമ്മിൽ ശക്തമാണ്. ക്യാപ്ടൻ ആയി പിണറായി തന്നെ വേണമെന്നാണ് സി.പി.എമ്മിലെ ഭൂരിപക്ഷ നിലപാട്.

എന്നാൽ രണ്ട് ടേം നിർബന്ധമാക്കിയത് കർശനമായി നടപ്പാക്കണം എന്നാണ് പിണറായി വിജയന്റെയും നിലപാട്. അതുകൊണ്ടാണ് നിബന്ധന മാറ്റേണ്ടന്ന നിലപാട് പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ ആവർത്തിച്ചത്. രണ്ട് ടേം നിർബന്ധമാക്കുന്നതോടെ 22 എം.എൽ.എമാർക്ക് സി.പി.എം സീറ്റ് നൽകില്ല. ഒന്നര ടേം പൂർത്തിയാകുന്ന സജി ചെറിയാനും വി.കെ.പ്രശാന്തും മത്സരിച്ചേക്കും. പുതുമുഖങ്ങളെ ഇറക്കി മണ്ഡലങ്ങൾ നിലനിർത്തണമെന്ന നിലപാടിലാണ് നേതൃത്വം. മൂന്നുതവണ എം.എൽ.എ ആക്കുന്നത് പാർട്ടിക്ക് ഗുണം ചെയ്യില്ലെന്നും 2021ൽ പല പ്രമുഖർ മാറിയിട്ടും തിരിച്ചടിയുണ്ടായില്ലെന്ന് പാർട്ടി വിലയിരുത്തൽ.

പക്ഷേ ഇത്തവണ ചില സീറ്റുകളിൽ മാനദണ്ഡം മാറ്റേണ്ടതായുണ്ടെന്ന വിലയിരുത്തലും സജീവമാണ്. ജയസാധ്യതയ്ക്ക് പ്രാധാന്യം നൽകണം. ചിലർ രണ്ടു തവണ തുടർച്ചയായി മത്സരിച്ചതു കൊണ്ടാണ് കഴിഞ്ഞ തവണ ജയിച്ചത്. ഇത് മാറുമ്പോൾ ഇത്തവണ ചില സീറ്റുകളിൽ ജയസാധ്യത കുറയും. ഹാട്രിക് വിജയത്തിന് ഇത് തടസ്സമാകും. അപ്പോഴും രണ്ടു ടേം നിലനിർത്തി പിണറായി അടക്കം ചിലർക്ക് മാത്രം ഇളവ് നൽകണമെന്ന വാദമാണ് സജീവമാകുന്നത്.

അതിനിടെ, യു.ഡി.എഫിനെതിരായ ആക്രമണത്തിന് മൂർച്ച കൂട്ടാനും മറക്കുന്നില്ല പിണറായി. ഒപ്പം ബി.ജെ.പിയോടുള്ള മൃദു ഭാവവും.. സർക്കാരിന്റെ വികസനപദ്ധതികൾ തടയാൻ കേന്ദ്രസർക്കാരും കോൺഗ്രസും മുസ്ലിംലീഗും ഒറ്റക്കെട്ടാണെന്നാണ് അദ്ദേഹം കുറ്റപ്പെടുത്തുന്നു. കർഷകരോഷം ലോക്സഭാ തിരഞ്ഞെടുപ്പിലും പിന്നീടുള്ള നിയമസഭാ തിരഞ്ഞെടുപ്പുകളിലും ബി.ജെ.പി.ക്കെതിരേ പ്രതിഫലിച്ചിട്ടും അവിടങ്ങളിൽ ബി.ജെ.പിയെ അധികാരത്തിലെത്തിച്ചത് കോൺഗ്രസ് നയമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ബി.ജെ.പി.യെ എതിർക്കുന്ന മറ്റു പ്രതിപക്ഷപാർട്ടികളോട് കോൺഗ്രസ് പുലർത്തുന്ന ധാർഷ്ട്യ സമീപനത്തിനുള്ള ഒടുവിലത്തെ ഉദാഹരണമാണ് ഡൽഹി തിരഞ്ഞെടുപ്പ്. ഹരിയാണയിലും പ്രാദേശിക കക്ഷികളോട് കോൺഗ്രസ് ഇതേ നിലപാടെടുത്തു. ബി.ജെ.പി.യെ തോൽപ്പിക്കുകയല്ല, ജയമുറപ്പാക്കിക്കൊടുക്കലാണ് കോൺഗ്രസിന്റെ പണി. കോൺഗ്രസിനെ വിശ്വസിക്കാനാവുമോയെന്ന് മുസ്ലിംലീഗിനെപ്പോലുള്ള പാർട്ടികൾ ചിന്തിക്കണം.

തദ്ദേശ തെരഞ്ഞെടുപ്പ് എന്ന അഗ്നി പരീക്ഷ പിന്നിട്ടുവേണം മൂന്നാം വട്ടം എന്ന ഉന്നത പരീക്ഷണത്തിന് ഒരുങ്ങാൻ. അധികാരങ്ങൾ പൂവണിയുന്നത് ജനമനസിലാണ് എന്ന മനോഹാരിത ബാക്കിയാക്കുന്നു ജനാധിപത്യം.

◗ *പ്രിജിത് രാജ്*






# ജനനായകൻ ചാഞ്ചല്യമില്ലാതെ മുന്നോട്ടു പോകുന്നു




ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും കേരളത്തിന്റെയും ചരിത്രത്തിലെ സുപ്രധാന വഴിത്തിരിവായിരുന്നു ഉമ്മൻചാണ്ടിയുടെ മുഖ്യമന്ത്രിപദം. ഏതാണ്ട് 30 വർഷത്തിൽ ഏറെയായി കോൺഗ്രസിൽ കൊടികുത്തിവാണ ഇരു ധ്രുവ ലോകത്തിന് അവധിയായി. കെ. കരുണാകരൻ എ.കെ. ആന്റണി എന്ന രണ്ട് ട്രാക്കിൽ തളച്ചിട്ടിരുന്ന കോൺഗ്രസിന് ഒരു പുതുവഴി തെളിഞ്ഞുകിട്ടലായിരുന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധികാര പ്രവേശം.

ആരാകണം കോൺഗ്രസിൽ അടുത്ത മുഖ്യമന്ത്രി എന്നു തീരുമാനിക്കാൻ ആ പാർട്ടിക്ക് 24 മണിക്കൂർ പോലും വേണ്ടിവന്നില്ല. മൂന്നേമൂന്നു പേരുകൾ മാധ്യമങ്ങളുടെ ഊഹാപോഹങ്ങളിൽ ഉണ്ടായിരുന്നുള്ളു. ഉമ്മൻ ചാണ്ടി, വക്കം പുരുഷോത്തമൻ, വയലാർ രവി. വക്കം പുരുഷോത്തമനോ, വയലാർ രവിയോ ആയാൽ പിന്നോക്ക സമുദായ പ്രാതിനിധ്യമാകുമെന്നു ചൂണ്ടികാണിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ രവിയുടെ മൂന്നാം ഗ്രൂപ്പ് ഉമ്മൻ ചാണ്ടിക്ക് പിന്തുണ പ്രഖ്യാപിച്ചു. കരുണാകരൻ ഗ്രൂപ്പ് വക്കത്തിനെ പിന്തുണയ്ക്കാൻ തയ്യാറായെങ്കിലും ഹൈക്കമാന്റ് പ്രതിനിധികളെക്കണ്ട് ഭൂരിപക്ഷം എം. എൽ.എമാരും ഉമ്മൻ ചാണ്ടിയെ അനുകൂലിച്ചതോടെ വക്കവും നിഷ്ക്രമിച്ചു. ഗ്രൂപ്പ് സമവാക്യത്തിലുണ്ടായ മാറ്റമാണ് ഉമ്മൻ ചാണ്ടിക്ക് അനുകൂലമായത്.

> **ആരാകണം കോൺഗ്രസിൽ അടുത്ത മുഖ്യമന്ത്രി എന്നു തീരുമാനിക്കാൻ ആ പാർട്ടിക്ക് 24 മണിക്കൂർ പോലും വേണ്ടിവന്നില്ല. മൂന്നേമൂന്നു പേരുകൾ മാധ്യമങ്ങളുടെ ഊഹാപോഹങ്ങളിൽ ഉണ്ടായിരുന്നുള്ളു. ഉമ്മൻ ചാണ്ടി, വക്കം പുരുഷോത്തമൻ, വയലാർ രവി. വക്കം പുരുഷോത്തമനോ, വയലാർ രവിയോ ആയാൽ പിന്നോക്ക സമുദായ പ്രാതിനിധ്യമാകുമെന്നു ചൂണ്ടികാണിക്കപ്പെടുകയും ചെയ്തിരുന്നു.**





ആന്റണിയേക്കാൾ വലിയ ആണി ഗ്രൂപ്പുകാരനായ ഉമ്മൻ ചാണ്ടിക്ക് ഭൂരിപക്ഷം എം.എൽ.എമാരുടേയും പിന്തുണ ഉണ്ടായിരുന്നു എന്നത് പകൽ പോലെ സത്യമായിരുന്നു. സ്വാതന്ത്ര്യാനന്തരം ജനകീയ സർക്കാർ അധികാരമേറിയ 1949 മുതൽ കേരളം രൂപം കൊള്ളുന്നത് വരെയുള്ള ഏഴ് വർഷക്കാലം നാലുപേർ കോൺഗ്രസിൽ നിന്ന് തിരുകൊച്ചിയുടെ പ്രധാനമന്ത്രിമാർ ആയിട്ടുണ്ട്. പറവൂർ ടി.കെ. നാരായണപിള്ള, സി. കേശവൻ, എ.ജെ. ജോൺ, പനമ്പിള്ളി ഗോവിന്ദമേനോൻ. എന്നാൽ കേരളം രൂപീകൃതമായ 1956 നു ശേഷമുള്ള 48 വർഷത്തിൽ കോൺഗ്രസിൽ മുഖ്യമന്ത്രിമാർ ആയവർ മൂന്നു മാത്രം. ഇതിൽ രണ്ടു വർഷക്കാലം ആർ. ശങ്കർ ആയതൊഴിച്ചാൽ മറ്റെല്ലായിപ്പോഴും മുഖ്യമന്ത്രിമാരായിരിക്കാൻ യോഗം ഉണ്ടായ കോൺഗ്രസുകാർ രണ്ടേ രണ്ടു പേർ മാത്രം...!

കെ. കരുണാകരൻ അല്ലെങ്കിൽ എ.കെ. ആന്റണി. ഇതിൽ കരുണാകരൻ നാലു പ്രാവശ്യമായി ഒമ്പതുവർഷത്തിലേറെയും ആന്റണി മൂന്ന് തവണയായി അഞ്ചര വർഷവും മുഖ്യമന്ത്രിയായി ഇരുന്നു. ഈ രണ്ടുപേരുടെയും പ്രശസ്തമായ പരസ്പര ശത്രുത ഇവർക്കു തന്നെയാണ് ഏറ്റവും ഗുണകരമായതെന്ന് പി.സി. ചാക്കോയേയും കെ.പി. വിശ്വനാഥനെയും പോലെയുള്ള കോൺഗ്രസുകാർ അക്കാലത്തുതന്നെ തുറന്നു പറഞ്ഞു തുടങ്ങിയിരുന്നു.

ഉമ്മൻ ചാണ്ടിയുടെ മുഖ്യമന്ത്രി സ്ഥാനം വഴി കോൺഗ്രസിൽ മൂന്നാമതൊരു അധികാര കേന്ദ്രത്തിന്റെ ആവിർഭാവമായി കഴിഞ്ഞു. ഇത്തവണ ആന്റണി സർക്കാർ വന്നശേഷം കുറച്ചു കാലമായി മുഖ്യമന്ത്രിയുടെ രീതികളിൽ അതൃപ്തരായ എ വിഭാഗക്കാരുടെ നേതാവായി ഉമ്മൻചാണ്ടി മറ്റൊരു ശക്തി കേന്ദ്രമായി. അത് ഉമ്മൻ ചാണ്ടിപോലും പോലും അറിയാതെ അദ്ദേഹം ഉയർന്നു വരികയായിരുന്നു.

കോൺഗ്രസിൽ ഇത് യഥാർത്ഥ ശക്തികേന്ദ്രം ആകണമെങ്കിൽ അധികാര കേന്ദ്രം കൂടിതന്നെയാകണം. അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. കോൺഗ്രസ് രാഷ്ട്രീയത്തിൽ പല മാറ്റങ്ങൾക്കും ഇത് വഴിമരുന്നിട്ട് തരും. എന്തായാലും ആന്റണി കരുണാകരൻ ബലാബലത്തിന്റെ 40 വർഷത്തെ നീണ്ട അധ്യായം സംസ്ഥാനത്തെ കോൺഗ്രസിൽ അവസാനിക്കുകയാണ് എന്നു തന്നെ രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

എങ്കിലും ഇക്കണ്ട കാലമത്രയും ആന്റണിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായ ഉമ്മൻചാണ്ടിയുടെ ആവിർഭാവം കോൺഗ്രസിനുള്ളിലെ ബലാബലത്തിൽ അല്ലാതെ സംസ്ഥാനത്ത് ഒരു മാറ്റവും ഉണ്ടാകില്ലെന്ന് വിശ്വസിക്കുന്നവർ ഏറെയുണ്ട്. ഒരു പരിധി വരെ ഇത് ശരിയും ആകാം. ഉമ്മൻചാണ്ടി തന്നെ ആന്റണി സർക്കാരിന്റെ നയപരിപാടികളുടെ തുടർച്ച മാത്രമേ താൻ ഉദ്ദേശിക്കുന്നുള്ളൂ എന്ന് വ്യക്തമാക്കിക്കഴിഞ്ഞതുമാണ്. മാറ്റം വ്യക്തിപരമായ ശൈലിയിൽ മാത്രമായിരിക്കും എന്നാണ് മാറ്റം എന്ന വാക്കിനോട് തന്നെ അലർജി പ്രകടിപ്പിക്കുന്ന ഉമ്മൻ ചാണ്ടിയുടെ പക്ഷം. മാത്രമല്ല ആന്റണി സർക്കാരിന്റെ ഏറ്റവും വിവാദപരമായ നടപടികൾ സ്വാശ്രയ കോളേജ്, എക്സ്പ്രസ് ഹൈവേ കൂടുതൽ ശക്തമായി തന്നെ മുന്നോട്ടു കൊണ്ടുപോകുമെന്ന് സൂചനയാണ് പുതിയ മുഖ്യമന്ത്രി നൽകിയിരിക്കുന്നത്.

ഇവയിൽ ഒന്നും മാറ്റങ്ങൾ ഉണ്ടാകില്ലെന്ന് മാത്രമല്ല, അവ ധൈര്യപൂർവ്വം നടപ്പാക്കുമെന്നു പറയുകയും ചെയ്തിരിക്കുന്നു. നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും കുറവായിരുന്നു ആന്റണി സർക്കാരിന്റെ പ്രധാന ദൗർബല്യം എന്ന് വിശ്വസിക്കുകയും മുമ്പ് തന്നെ ചിലപ്പോഴെങ്കിലും അത് തുറന്നു പറഞ്ഞിട്ടുള്ള ആളുമാണ് ഉമ്മൻചാണ്ടി എന്ന് ഓർക്കണം. മാത്രമല്ല അധികാരമേറിയശേഷവും ഉമ്മൻചാണ്ടിയുടെ വാക്കുകളിലും ശരീരഭാഷയിലും ദൃശ്യമാകുന്ന പുതിയ ഉറപ്പ് പ്രതിഷേധങ്ങളെ അവഗണിച്ച് മുന്നോട്ടു പോവുകയാണ്, മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിക്കുന്ന സർക്കാർ എന്ന പ്രതിച്ഛായ കൈ വരുത്താനുള്ള മാർഗം എന്ന് വിശ്വാസത്തിന്റെ സൂചനയാണ് ആന്റണിയുടെ ഏറ്റവും ഉറ്റവർ പോലും അദ്ദേഹത്തിനെതിരെ ഉന്നയിച്ചിരിക്കുന്ന ഒരാക്ഷേപം കർമ്മഭീരത്വം ആയിരുന്നു വല്ലോ. അതുകൊണ്ട് ആ കുറവ് നികത്തുകയാണ് തന്റെ മാർഗ്ഗമെന്ന് ഉമ്മൻ ചാണ്ടി കരുതുന്നതിൽ അത്ഭുതമില്ല.

പക്ഷേ ഇത് എത്രമാത്രം സാധ്യമാണെന്നതും എത്രത്തോളം ഇത് ഭൂരിപക്ഷം ജനതയുടെ പ്രീതി നേടാൻ സഹായകരമാകും എന്നുമാണ് ഇനി അറിയാനുള്ളത്. ഇപ്പോൾ തീരെ മോശമായി കിടക്കുന്ന സർക്കാരിന്റെ പ്രതിച്ഛായ മെച്ചമാക്കിയാൽ മാത്രമേ അടുത്ത വർഷവസാനം നടക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മറ്റൊരു വൻ തകർച്ച ഒഴിവാക്കാൻ യു.ഡി.എഫിന് ആകുക എന്ന് വ്യക്തം.

അതിനുശേഷം ഒരു വർഷം കൂടി കഴിയും മുമ്പ് അടുത്ത നിയമസഭാ തിരഞ്ഞെടുപ്പ് ആകുമ്പോഴേക്കും ഭരണം വച്ചൊഴിയുന്ന അവസ്ഥ ഇല്ലാതാക്കുകയും വേണം. വാസ്തവത്തിൽ ഇനിയുള്ള 20 മാസക്കാലം ഏതൊരു വലിയ നടപടിക്കും തീരെ ഹൃസ്വമാണെന്ന് സംശയമില്ല. വലിയ മാറ്റങ്ങൾ വരുത്താൻ മനുഷ്യ സാധ്യമായ കാലയളവല്ല ഇത്. അപ്പോൾ ചെയ്യാനുള്ളത് ചില സുപ്രധാന പദ്ധതികൾക്കോ പരിപാടികൾക്കോ ശക്തമായ തുടക്കം കുറിക്കുകയാണ്. അത് സാധിക്കാൻ ഒരുപക്ഷേ സർക്കാരിന്റെ ഉറച്ച ഇച്ഛാശക്തിയും കർമ്മ ശേഷിയും ആത്മാർത്ഥമായ കഠിനാധ്വാനവും കൊണ്ട് കഴിയും.


ജോഷി ജോർജ്

വാസ്തവത്തിൽ ഇതിനുള്ള ഏറ്റവും വലിയ സാധ്യത തുറക്കുന്നത് വല്ലാർപാടം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയാണ്. ഈ പദ്ധതിയുടെ മറ്റൊരു വലിയ ആകർഷണം ഒരൊറ്റ പദ്ധതിയിലൂടെ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റുകയും ദീർഘനാളുകളായുള്ള മുരടിപ്പിൽ നിന്ന് വളർച്ചയുടെ അതിവേഗ പാതയിലേക്ക് സംസ്ഥാനത്തിന് കാൽ കുത്താൻ ആവുന്നതും ആണ്.

ഉമ്മൻചാണ്ടി ഈ ഒരൊറ്റ പദ്ധതിക്ക് വേണ്ടി സർവ്വശ്രമങ്ങളും നടത്തുകയും തുടങ്ങി വയ്ക്കുകയും ചെയ്യാൻ മാത്രം ഈ 20 മാസക്കാലം ചെലവഴിച്ചാൽ തന്നെ ഭരണം മുന്നണിക്ക് ജനങ്ങളെ ധൈര്യപൂർവ്വം അടുത്ത തെരഞ്ഞെടുപ്പിൽ നേരിടാൻ ആവും. എൽ.എൻ.ജി ടെർമിനൽ, ഐ.ഐ.ടി, എ.ഐ.എം.എസ് മാതൃകയിലുള്ള ആശുപത്രി തുടങ്ങിയ പദ്ധതികൾക്കുള്ള ശ്രമങ്ങളും ശക്തമായി നീക്കിയാൽ സമൂഹത്തിന്റെ അജണ്ടയിൽ വികസന കാര്യങ്ങൾ മാത്രം നിറച്ചുവയ്ക്കാൻ ആകും.

ഇതോടെ കടുത്ത വിമർശകരുടെ കൊമ്പ് ഓടിക്കാൻ കഴിയുകയും ചെയ്യും. പ്രതിപക്ഷത്തുനിന്ന് മാത്രമല്ല മുന്നണിയിലും പാർട്ടിയിലും ഉള്ള എതിർപ്പുകളെയും അതിജീവിക്കാൻ വാസ്തവത്തിൽ ഉമ്മൻചാണ്ടിയുടെ പ്രധാന ആയുധം ഇതാണ്. സംഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഉമ്മൻ ചാണ്ടിക്ക് ആന്റണിയുടെതുപോലെ വലിയ എതിർപ്പിന് സാധ്യത ഇല്ല. അതിന് ഏറ്റവും പ്രധാന കാരണം ഐ ഗ്രൂപ്പിന്റെ ഗതികേടാണ്.

(തുടരും)



# നിഷ്കളങ്ക കൗമാരം വയലൻസിനെ കൂട്ടുപിടിക്കാൻ കാരണങ്ങളെന്ത്?

കേരളം ചരിത്രത്തിൽ ഇതുവരെ കേട്ടിട്ടില്ലാത്ത തരത്തിലുള്ള ഞെട്ടിക്കുന്ന സംഭവങ്ങളാണ് കഴിഞ്ഞ കുറെ ദിവസങ്ങളായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വെഞ്ഞാറമൂട്ടിൽ സ്വന്തം മാതാവിനെയും സഹോദരനെയും അടക്കം ആറപേരെ നിഷ്കരുണം ചുറ്റികകൊണ്ട് അടിച്ചുവീഴ്ത്തിയ ഇരുപത്തിമൂന്നുകാരൻ അഫാൻ നൽകിയ ഞെട്ടൽ മാറുന്നതിന് മുമ്പാണ് സഹപാഠികളായ ഒരു സംഘം വിദ്യാർത്ഥികളുടെ ക്രൂരമർദ്ദനത്തിൽ പത്താംക്ലാസ് വിദ്യാർത്ഥിയായ ഷഹബാസ് എന്ന പത്താംക്ലാസുകാരൻ കൊല്ലപ്പെട്ടത്. അത് മലയാളികളുടെ ഉള്ള് പൊള്ളിച്ച വാർത്തയായിരുന്നു.

സത്യത്തിൽ ഇതൊന്നും ഇപ്പോൾ ഒറ്റപ്പെട്ട സംഭവങ്ങളല്ല. കൊല്ലുമെന്ന് പറഞ്ഞ് അധ്യാപകനെ ഭീഷണിപ്പെടുത്തുന്ന സ്കൂൾ വിദ്യാർത്ഥിയും സഹപാഠിയെ ക്രൂരമായി റാഗ് ചെയ്ത് ആത്മഹത്യയിലേക്ക് എത്തിച്ച വിദ്യാർത്ഥികളും ഈ കൊച്ചകേരളത്തിൽ വാർത്തയാകാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ഇക്കാര്യത്തിൽ ഇരക്ഷത്തേയും ന്യായീകരിക്കുന്ന വലിയൊരു സമൂഹവും നമ്മുക്കിടയിൽ ഉണ്ട്.

എന്തുകൊണ്ടായിരിക്കാം പത്തും പതിനഞ്ചും വയസുള്ള കുട്ടികൾ ഇങ്ങനെ അക്രമം അഴിച്ചുവിടുന്നത്? വളർത്തദോഷമോ, ലഹരി വസ്തുക്കളുടെ ഉപയോഗമോ അതോ വയലൻസിനെ ഹീറോയിസമായി വാഴ്ത്തുന്ന സിനിമകളോ? എന്താണ് കുട്ടികളിലെ നിഷ്കളങ്കതയെ തകർത്ത് പകരം അവരിൽ അക്രമവാസന അഴിച്ചുവിടുന്നത്. തൃശ്ശൂർ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററിലെ സീനിയർ സൈക്കോളജിസ്റ്റായ ഡോ. റഹീമുദ്ദീൻ പി. കെ ഒരു മാധ്യമത്തിൽ ഇതേക്കുറിച്ച് പറയുന്നുണ്ട്.

### നിഷ്കളങ്കതയിൽ നിന്ന് അക്രമത്തിലേക്ക്

ശാരീരിക ഉപദ്രവവും അടിപിടിയും സിന്തറ്റിക് മയക്കുമരുന്നുകളുടെ അമിതോപയോഗവും കുടുംബാംഗങ്ങളോടും അധ്യാപകരോടും ഉള്ള അനാദരവും മോശം പെരുമാറ്റവും അടക്കം കേരളത്തിലെ കൗമാരപ്രായക്കാർക്കിടയിൽ വർധിച്ചുവരുന്ന അക്രമ വാസനയുടെയും സ്വഭാവങ്ങളുടെയും കാരണങ്ങളെ കുറിച്ച് വിശദവും സമഗ്രവുമായ വിലയിരുത്തൽ ആവശ്യമാണ്. ഇത്തരം സ്വഭാവങ്ങൾക്ക് പിന്നിലെ പാരിസ്ഥിതികമായ ഘടകങ്ങളും വ്യക്തിപരമായ സ്വാധീനവും ഇഴകീറി പരിശോധിക്കമ്പോൾ എവിടെയാണ് മുതിർന്നവർ ഇടപെടേണ്ടതെന്നും എന്താണ് ഇതിനുള്ള പരിഹാരമെന്നും മനസിലാക്കാൻ സാധിക്കും.

## പാരിസ്ഥിതികമായ ഘടകങ്ങൾ

### കുടുംബ വ്യവസ്ഥ

മാതാപിതാക്കളുടെ നോട്ടക്കുറവോ മക്കൾക്ക് വൈകാരികമായ പിന്തുണ നൽകാൻ അവർക്ക് സാധിക്കാതിരിക്കുന്നതോ കുട്ടികളെ അക്രമവാസനകളിലേക്ക് നീങ്ങാൻ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ്. വീട്ടുകാരിൽ നിന്ന് വേണ്ടത്ര ശ്രദ്ധ ലഭിക്കാത്ത കുട്ടികളും വൈകാരികമായി അവഗണന നേരിടുന്നവരും അക്രമസ്വഭാവങ്ങൾ കാണിക്കാറുണ്ട്. മാതാപിതാക്കളുടെ ഭാഗത്ത് നിന്നും സ്ഥിരതയില്ലാത്ത തരത്തിലുള്ള അച്ചടക്ക നടപടികളും ഗാർഹിക പീഡനങ്ങളും ഇത്തരം കുട്ടികളിൽ അക്രമ



വാസന വർധിപ്പിക്കും.

### മയക്കുമരുന്ന് ലഭ്യത

വിദ്യാർത്ഥികൾക്ക് മയക്കുമരുന്നുകളും മറ്റ് ലഹരിവസ്തുക്കളും വളരെ എളുപ്പത്തിൽ ലഭ്യമാകുന്ന ഒരു അവസ്ഥാവിശേഷം നിലവിലുണ്ട്. മാതാപിതാക്കളുടെയോ അധ്യാപകരുടെയോ അറിവില്ലാതെ വിദ്യാർത്ഥികൾക്കിടയിൽ സിന്തറ്റിക് മയക്കുമരുന്നുകൾ സുലഭമായി ലഭിക്കുകയും കൗമാരപ്രായക്കാരിൽ വലിയൊരു വിഭാഗം അത് പരീക്ഷിച്ച് നോക്കുകയും ചെയ്യുന്നുവെന്നത് ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. ഒരിക്കൽ ഇത്തരം മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന നിരവധിപേർ അതിന് അടിമകളാകുകയും അക്രമവാസനകൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

### മാധ്യമങ്ങളുടെ സ്വാധീനം

അക്രമത്തെ സാമാന്യവൽക്കരിക്കുന്ന സിനിമ അടക്കമുള്ള മാധ്യമങ്ങൾ അപകടകരമായ സന്ദേശമാണ് കുട്ടികൾക്ക് നൽകുന്നത്. ടെലിവിഷൻ, സിനിമ, വീഡിയോ ഗെയിമുകൾ എന്നിവയിലൂടെ അക്രമം നിറഞ്ഞ ഉള്ളടക്കങ്ങൾ സ്ഥിരമായി കാണുകയും കേൾക്കുകയും ചെയ്യുന്നത് യുവതലമുറയെ ആഴത്തിൽ സ്വാധീനിക്കുന്നു.

അക്രമം സാധാരണമാണെന്ന ധാരണ അവരിൽ വളരുകയും അവർ അക്രമസ്വഭാവങ്ങൾ കാണിക്കാൻ ധൈര്യപ്പെടുകയും ചെയ്യുന്നു.

### ഡിജിറ്റിൽ അടിമത്തം

അക്രമം നിറഞ്ഞ വീഡിയോ ഗെയിമുകളും ഓൺലൈൻ ഉള്ളടക്കവും കുട്ടികളെ വഴിതെറ്റിക്കുന്നു. അത്തരം വീഡിയോ ഗെയിമുകളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും ഉപയോഗിക്കുന്ന കുട്ടികളിൽ യാഥാർത്ഥ്യമേത് അയാഥാർത്ഥ്യമേത് എന്ന തിരിച്ചറിവ് നഷ്ടപ്പെടുന്നു. അവരിൽ സഹതാപം അടക്കമുള്ള മാനുഷിക ഗുണങ്ങൾ നഷ്ടപ്പെടുകയും ക്രൂരതയും അക്രമവാസനയും വർധിക്കുകയും ചെയ്യുന്നു.

### സൗഹൃദങ്ങൾ

അക്രമസ്വഭാവമുള്ള കുട്ടികളുമായുള്ള കൂട്ടുകെട്ടും കുട്ടികളിൽ അക്രമവാസന വർധിക്കുന്നതിന്റെ ഒരു കാരണമാണ്. Peer Contagion അഥവാ കൂട്ടുകെട്ടിലൂടെ പകരുന്ന അവസ്ഥ എന്നാണ് ഇത് അറിയപ്പെടുന്നത്.

### വൈകാരിക/മാനസിക ദൗർബല്യങ്ങൾ

നിരാശയോ ഇച്ഛാഭംഗമോ നിയന്ത്രിക്കാൻ സാധിക്കാത്ത അവസ്ഥ ഇന്ന് കുട്ടികളിലുണ്ട്. നൈരാശ്യത്തെ അടക്കിവെക്കാൻ സാധിക്കാതെ വരമ്പോൾ കുട്ടികൾ അത് അക്രമമായി പ്രകടിപ്പിക്കുന്നു. അതപോലെ പ്രതിഫലമോ അംഗീകാരമോ ലഭിക്കുന്നതിലെ കാലതാമസവും കുട്ടികളെ അക്രമവാസനയിലേക്ക് നയിക്കും. അക്ഷമരായി തീരുന്ന കുട്ടികൾ അവരുടെ ആവശ്യങ്ങൾ അപ്പോൾ തന്നെ നേടുന്നതിന് ക്രിമിനൽ നടപടികൾക്ക് മുതിരുന്നു.

### പെരുമാറ്റ വൈകല്യങ്ങൾ

പലതരം പേഴ്സണാലിറ്റി ഡിസോഡറുകളും കുട്ടികളിൽ അക്രമവാസനയ്ക്ക് കാരണമാകുന്നുണ്ട്. ഉദാഹരണത്തിന് പെരുമാറ്റ വൈകല്യം അല്ലെങ്കിൽ ഒഡിഡി (Oppositional Defiant Disorder) എന്നിങ്ങനെയുള്ള മാനസിക വൈകല്യങ്ങൾ ഉള്ള കുട്ടികളിൽ ധിക്കാരം, പക, പരുഷമായ പെരുമാറ്റം, അക്രമവാസന എന്നിവ കണ്ടുവരുന്നു.

കൂടാതെ എടുത്തുചാട്ടം, വികാരങ്ങളെ നിയന്ത്രിക്കാനാകാത്ത അവസ്ഥ എന്നിങ്ങനെയുള്ള പെരുമാറ്റങ്ങളും ബോർഡർലൈൻ, സാമൂഹ്യവിരുദ്ധ പെരുമാറ്റ വൈകല്യങ്ങൾ ഉള്ളവരിൽ കാണാറുണ്ട് ഇവരും അക്രമസ്വഭാവങ്ങൾ കാണിക്കാറുണ്ട്.

### എഡിഎച്ച്ഡി

മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുക അതിനവേണ്ടി അസ്വാഭാവികമായി പെരുമാറുക എന്നത് Attention Deficit/Hyper-activtiy Disorder അഥവാ എഡിഎച്ച്ഡി ഉള്ള കുട്ടികളിൽ സാധാരണയാണ്. ഇവർ വരുംവരായ്കകളെ കുറിച്ച് ചിന്തിക്കാതെയാണ് പ്രവർത്തിക്കുന്നത്. എപ്പോഴും മറ്റുള്ളവർ ശ്രദ്ധിക്കണം എന്ന ചിന്തയാണ് ഇവർക്കുണ്ടാകുക. ഇത് ചിലപ്പോൾ അക്രമ സ്വഭാവങ്ങളിലേക്ക് നയിക്കും.

മേൽപ്പറഞ്ഞ പാരിസ്ഥിതികവും വ്യക്തിപരവുമായ ഘടകങ്ങൾ ഒന്നിച്ച് സ്വാധീനിക്കമ്പോൾ കുട്ടികളിൽ അക്രമം വർധിക്കാനുള്ള സാധ്യത കൂടും. ഉദാഹരണത്തിന് നിരാശ നിയന്ത്രിക്കാൻ സാധിക്കാത്ത ഒരു കുട്ടി വയലൻസ് നിറഞ്ഞ ഒരു സിനിമ കാണമ്പോൾ ഉള്ളിലുള്ള നിരാശ തീർക്കാൻ അകമത്തിന്റെ വഴി തിരഞ്ഞെടുത്തുവെന്നിരിക്കും. അതപോലെ എഡിഎച്ച്ഡി ഉള്ള കുട്ടിക്ക് മാതാപിതാക്കളുടെ നോട്ടക്കുറവ് വന്നാൽ അക്രമസ്വഭാവമുള്ള കൂട്ടുകാരോട് ആഭിമുഖ്യം ഉണ്ടായെന്നിരിക്കും. അത് ആ കുട്ടിയിലും അക്രമവാസന വളരാൻ കാരണമാകും.

കുട്ടികളെ കുറ്റപ്പെടുത്തുന്നതിന് പകരം അവരെ അക്രമത്തിലേക്ക് നയിക്കുന്ന പാരിസ്ഥിതികവും വ്യക്തിപരവുമായ ഘടകങ്ങളും കാരണങ്ങളും തിരിച്ചറിയാൻ മാതാപിതാക്കളും അധ്യാപകരും ഒരപോലെ ശ്രമിക്കണം. അതിന് കഴിഞ്ഞാൽ അക്രമവാസന ഇല്ലാതാക്കാൻ ഓരോ കുട്ടിക്കും ഏത് തരം ഇടപെടലാണ് വേണ്ടതെന്ന് തിരിച്ചറിയാനാകും.

## ചില പരിഹാരങ്ങൾ നോക്കാം.

### കുടുംബബന്ധങ്ങൾ ശക്തമാക്കുക

കാലം മാറുന്നതിനനുസരിച്ച് മക്കളെ വളർത്തുന്നതിൽ വരത്തേണ്ട മാറ്റങ്ങളെ കുറിച്ച് മാതാപിതാക്കളെ ബോധവൽക്കരിക്കുക. കുട്ടികളുമായി ഇടപഴകേണ്ട രീതികളും അവരുടെ കാര്യങ്ങളിൽ മേൽനോട്ടം എത്തരത്തിലാകണമെന്നും വൈകാരികമായി അവർക്ക് വേണ്ട പിന്തുണ എങ്ങനെയാണ് നൽകേണ്ടതെന്നും മാതാപിതാക്കൾക്ക് തികഞ്ഞ ബോധ്യമുണ്ടാകണം.

കുടുംബത്തിന് മൊത്തത്തിലുള്ള കൗൺസിലിംഗാണ് മറ്റൊരു പരിഹാരം. കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനും കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്താനും കൗൺസിലിംഗ് സഹായകമാകും.

### മാധ്യമ ഉപയോഗം കുറയ്ക്കുക


മാധ്യമ സാക്ഷരത നേടാൻ കുട്ടികളെ പ്രേരിപ്പിക്കുക. സിനിമയും സോഷ്യൽ മീഡിയയും അടക്കമുള്ള മാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾ വിമർശനാത്മകമായി വിലയിരുത്താനും അവതങ്ങളിലുണ്ടാക്കുന്ന സ്വാധീനം തിരിച്ചറിയാനും കുട്ടികളെ പ്രാപ്തരാക്കുക. വയലൻസ് ഇല്ലാത്ത ഉള്ളടക്കങ്ങളെ പൊതുവെ സമൂഹത്തിൽ പ്രോത്സാഹിപ്പിക്കുക. വയലൻസ് പ്രോത്സാഹിപ്പിക്കുന്ന മാധ്യമങ്ങൾക്കെതിരെ ശബ്ദമുയർത്തുക.

### മാനസികമായ പിന്തുണ

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ നേരത്തെ തന്നെ തിരിച്ചരിഞ്ഞ് പരിഹാരം തേടുക. എഡിഎച്ച്ഡിയോ മറ്റ് സ്വഭാവ വൈകല്യങ്ങളോ ഏറ്റവും വേഗത്തിലുള്ള ഇടപെടലുകൾ ആവശ്യമായ മാനസികാവസ്ഥകളാണ്. കുട്ടികളുടെ പെരുമാറ്റത്തിൽ അസ്വാഭാവികത തോന്നിയാൽ ഒരു മടിയും കൂടാതെ മാനസികാരോഗ്യ വിദഗ്ധനെ കാണുക.

### സമൂഹത്തിന്റെ താങ്ങ്

കുട്ടികളിലെ അക്രമവാസന ഇല്ലാതാക്കാൻ സമൂഹം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണം. സർക്കാരും സന്നദ്ധ സംഘടനകളും ഇതിനുള്ള പരിഹാര നിർദ്ദേശങ്ങളുമായി മന്നോട്ടുവരണം.സൽസ്വഭാവരൂപീകരണത്തിനും കഴിവുകൾ വികസിപ്പിക്കുന്നതിനും കുട്ടികൾക്കായി ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും അവർക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും പിന്തുണയും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.



# ചൈനീസ് ഹാക്കർമാർക്കെതിരെ യുഎസിൽ കുറ്റം ചുമത്തി



വാഷിംഗ്ടൺ: 2024ൽ യുഎസ് ട്രഷറിയിൽ നടന്ന സൈബർ ആക്രമണം ഉൾപ്പെടെ നിരവധി ഹാക്കിംഗ് ആക്രമണങ്ങൾക്ക് രണ്ട് പൊതു സുരക്ഷാ മന്ത്രാലയ ഉദ്യോഗസ്ഥർ ഉൾപ്പെടെ പന്ത്രണ്ട് ചൈനീസ് പൗരന്മാർക്കെതിരെ കുറ്റം ചുമത്തിയതായി നീതിന്യായ വകുപ്പ്. യുഎസ് ആസ്ഥാനമായുള്ള ചൈനീസ് വിമതർ, നിരവധി ഏഷ്യൻ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രാലയങ്ങൾ, മത സംഘടനകൾ, യുഎസ് ഫെഡറൽ, സംസ്ഥാന സർക്കാർ ഏജൻസികൾ എന്നിവരും ഇരകളായവരിൽ ഉൾപ്പെടുന്നുവെന്ന് വകുപ്പ് പറഞ്ഞു.

ഐസൂൺ എന്നറിയപ്പെടുന്ന ആൻക്സൺ ഇൻഫർമേഷൻ ടെക്നോളജി കമ്പനി ലിമിറ്റഡ് എന്ന ചൈനീസ് കമ്പനിയുടെ എട്ട് ജീവനക്കാരും രണ്ട് പൊതു സുരക്ഷാ മന്ത്രാലയ ഉദ്യോഗസ്ഥരും 2016 നും 2023 നും ഇടയിൽ ഇമെയിൽ അക്കൗണ്ടുകൾ, സെൽ ഫോണുകൾ, സെർവറുകൾ, വെബ്സൈറ്റുകൾ എന്നിവ ഹാക്ക് ചെയ്തതിൽ പങ്കുണ്ടെന്ന് കണ്ടെത്തി.

ചില കേസുകളിൽ പ്രത്യേക ഇരകളെ ചൂഷണം ചെയ്യുന്നതിനായി ചൈനീസ് പൊതുസുരക്ഷാ, സംസ്ഥാന സുരക്ഷാ മന്ത്രാലയങ്ങൾ സ്വകാര്യ ചൈനീസ് ഹാക്കർമാർക്ക് പണം നൽകിയതായി നീതിന്യായ വകുപ്പ് പറഞ്ഞു.

ഐസൂൺ വിജയകരമായി ഹാക്ക് ചെയ്ത ഓരോ ഇമെയിൽ ഇൻബോക്സിനും പൊതു, സംസ്ഥാന സുരക്ഷാ മന്ത്രാലയങ്ങൾക്ക് 10,000 മുതൽ 75,000 ഡോളർ വരെ പിഴ ചുമത്തിയതായി നീതിന്യായ വകുപ്പ് അറിയിച്ചു. 10 പ്രതികളും ഇപ്പോഴും ഒളിവിലാണ്, അവരെ അറസ്റ്റ് ചെയ്യുന്നതിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്നവർക്ക് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് 10 മില്യൺ ഡോളർ വരെ പാരിതോഷികം വാഗ്ദാനം ചെയ്തു.

# ബഡ്ജറ്റിന്റെ ദർശനം ജനങ്ങൾക്കായുള്ള നിക്ഷേപം: പ്രധാനമന്ത്രി



ന്യൂഡൽഹി: രാജ്യത്തിന്റെ ഭാവിയിലേക്കുള്ള രൂപരേഖയായി വലിയതോതിൽ ജനങ്ങളിൽ നിക്ഷേപം നടത്തുക എന്ന ദർശനമാണ് ഇക്കൊല്ലത്തെ കേന്ദ്ര ബഡ്ജറ്റ് ഉൾക്കൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സമ്പദ്വ്യവസ്ഥയുടെ സുസ്ഥിരത പുരോഗതിക്കായി ശരിയായ ദിശയിൽ ശരിയായ നിക്ഷേപങ്ങൾ നടത്തേണ്ടത് പ്രധാനമാണെന്നും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട കേന്ദ്രബഡ്ജറ്റ് പ്രഖ്യാപനങ്ങളെക്കുറിച്ചുള്ള വെബിനാറിൽ പ്രധാനമന്ത്രി പറഞ്ഞു.

അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായങ്ങൾ, ജനങ്ങൾ, സമ്പദ്വ്യവസ്ഥ, നവീകരണം എന്നിവയിലുടനീളമുള്ള നിക്ഷേപങ്ങൾക്കാണ് മുൻഗണന നൽകിയത്. വിദ്യാഭ്യാസം, നൈപുണ്യം, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിലാണ് ജനങ്ങളെ ലക്ഷ്യമിട്ടുള്ള നിക്ഷേപം. ദേശീയ വിദ്യാഭ്യാസ നയം, ഐ.ഐ.ടികളുടെ വിപുലീകരണം, വിദ്യാഭ്യാസ സമ്പ്രദായത്തിൽ സാങ്കേതികവിദ്യയുടെ സംയോജനം, എഐയുടെ പൂർണ്ണ ശേഷി വിനിയോഗം തുടങ്ങിയ സംരംഭങ്ങൾ അതിലേക്കുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ സമ്പ്രദായം ലോകത്തിന്റെ ആവശ്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പൊരുത്തപ്പെടുത്തണം. വ്യവസായങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പരസ്പരം ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണം. യുവാക്കൾക്ക് പ്രായോഗിക പഠനത്തിനുള്ള അവസരങ്ങൾ നൽകണം. 2047 ആകുമ്പോഴേക്കും ഇന്ത്യൻ നഗര ജനസംഖ്യ ഏകദേശം 90 കോടിയിലെത്താൻ ഇടയുള്ളതിനാൽ അതിനനുസരിച്ചുള്ള ആസൂത്രിത നഗരവൽക്കരണം അനിവാര്യമാണ്. ഭരണം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക സുസ്ഥിരത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനൊപ്പം സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമാണ് ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് പ്രഖ്യാപിച്ചത്. റിയൽ എസ്റ്റേറ്റ്, വ്യാവസായിക മേഖലകൾ ആസൂത്രിതമായ നഗരവൽക്കരണത്തിന് മുൻഗണന നൽകണം.

### വിനോദസഞ്ചാര, ക്ഷേമ കേന്ദ്രമാക്കി മാറ്റും

ഇന്ത്യയെ ആഗോള വിനോദസഞ്ചാര, ക്ഷേമ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം ഹോട്ടൽ, ഗതാഗത വ്യവസായങ്ങൾക്കപ്പുറം മറ്റ് മേഖലകളിലും വിനോദസഞ്ചാരം അവസരങ്ങൾ കൊണ്ടുവരുന്നു. ആരോഗ്യ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ നിക്ഷേപം വരണം. യോഗ, വെൽനസ് ടൂറിസം എന്നിവയുടെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

ഭാവി തലമുറകൾക്ക് ജനിതക വിഭവങ്ങളും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാനും ഇന്ത്യയുടെ സസ്യ ജനിതക വിഭവങ്ങൾ സംരക്ഷിക്കാനും ലക്ഷ്യമിട്ടാണ് ദേശീയ ജീൻ ബാങ്ക് സ്ഥാപിക്കുന്നത്. കൃത്രിമബുദ്ധിക്ക്(എ.ഐ) ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലേക്ക് നിരവധി ലക്ഷം കോടി രൂപ സംഭാവന ചെയ്യാൻ കഴിയും.











## 'ലേഡി സൂപ്പർസ്റ്റാർ വിളി വേണ്ട' പ്രസതാവനയുമായി നയൻതാര



തന്നെ ഇനി മുതൽ പേര് മാത്രം വിളിച്ചാൽ മതിയെന്ന് നയൻതാര. ലേഡി സൂപ്പർസ്റ്റാർ വിളി ഒഴിവാക്കണമെന്നും നയൻതാര എന്ന പേരാണ് ഹൃദയത്തോട് ചേർന്ന് നിൽക്കുന്നെന്നും താരം പറഞ്ഞു. 'നിങ്ങളെല്ലാം സ്നേഹത്തോടെ എന്നെ ലേഡി സൂപ്പർസ്റ്റാർ എന്ന് വിളിച്ചു. എനിക്ക് ഇത്രയും വലിയ ഒരു കിരീടം നൽകിയതിന് എല്ലാവരോടും കടപ്പെട്ടിരിക്കുന്നു. എന്നാൽ എന്നെ നയൻതാര എന്ന് മാത്രം വിളിച്ചാൽ മതിയെന്ന് എളിമയോടെ അപേക്ഷിക്കുന്നു. കാരണം ഈ പേരാണ് എൻറെ ഹൃദയത്തോട് ചേർന്നുനിൽക്കുന്നത്. ഞാൻ ആരാണ് എന്നത് ആ പേര് പ്രതിനിധീകരിക്കുന്നുണ്ട്, നടി എന്ന നിലയക്ക് മാത്രമല്ല, ഒരു വ്യക്തി എന്ന നിലയ്ക്കും,' നയൻതാര പറയുന്നു. 'സ്ഥാനങ്ങളും അഭിനന്ദനങ്ങളും വിലമതിക്കാനാവാത്തതാണ്. എന്നാൽ ഇതിനൊപ്പം ചിലപ്പോൾ നമ്മെ ജോലിയിൽ നിന്നും പ്രേക്ഷകരുമായി പങ്കുവക്കുന്ന ബന്ധത്തിൽ നിന്നും വേർതിരിക്കാനുമാവും. എല്ലാ പരിമിതികൾക്കുമപ്പുറം നമ്മെ ബന്ധപ്പെടുത്തി നിർത്തുന്ന സ്നേഹത്തിൻറെ ഭാഷയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. സിനിമയാണ് നമ്മെ ഒന്നാക്കി നിർത്തുന്നത്, ഒന്നിച്ച് അതിനെ ആഘോഷിക്കാൻ അനുവദിക്കുന്നതും,' നയൻതാര പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

## തമന്നയും വിജയ് വർമ്മയും വേർപിരിഞ്ഞു



സൂപ്പർ താരം തമന്നയും നടൻ വിജയ് വർമയും വേർപിരിഞ്ഞു. ഇരുവരുടെയും അടുത്ത സുഹൃത്തിനെ ഉദ്ധരിച്ച് മണികൺട്രോളാണ് വാർത്ത പുറത്തുവിട്ടത്. വർഷങ്ങൾ നീണ്ട പ്രണയബന്ധമാണ് ഇതോടെ അവസാനിച്ചത്. ദേശീയ മാധ്യമങ്ങളും വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രണയബന്ധം അവസാനിപ്പിച്ചുവെങ്കിലും ഉറ്റ സുഹൃത്തുക്കളായി ഇരുവരും തുടരുമെന്നും പരസ്പര ബഹുമാനം നിലനിർത്തിയാണ് പിരിയുന്നതെന്നും സുഹൃത്ത് വെളിപ്പെടുത്തിയതായി മണികൺട്രോൾ റിപ്പോർട്ട്ചെയ്യുന്നു. വിവാഹത്തോളമെത്തിയ ബന്ധം ഇരുവരും അവസാനിപ്പിച്ചത് ആരാധകർക്ക് കടുത്ത ഞെട്ടലാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ വർഷം വിവാഹിതരാകുമെന്നും താരങ്ങൾക്കായി മുംബൈയിൽ ആഡംബര വസതി ഒരുങ്ങുന്നുവെന്നും നേരത്തെ വാർത്തകൾ പുറത്തുവന്നിരുന്നു. തമന്നയോ വിജയ്യോ പ്രചരിക്കുന്ന വാർത്തകളോട് ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

## 'പെൺകുട്ടികളോട് മാത്രം ചാറ്റ്'; പ്രതികരണവുമായി മാധവൻ



ആരാധകരുടെ പ്രിയ താരമാണ് മാധവൻ. താരം സോഷ്യൽ മീഡിയയിലും സജീവമാണ്. ഇപ്പോൾ സമീപകാലത്ത് തൻറെ ഒരു ഇൻസ്റ്റഗ്രാം ചാറ്റ് പ്രചരിക്കപ്പെട്ടതുമൂലം നേരിട്ട വിമർശനത്തെക്കുറിച്ച് തുറന്ന് പറഞ്ഞു രംഗത്ത് എത്തിയിരിക്കുകയാണ് നടനും സംവിധായകനുമായ ആർ മാധവൻ. ഇൻസ്റ്റഗ്രാം ചാറ്റിൽ മാധവൻ തനിക്ക് മറുപടി നന്നതിൻറെ സ്ക്രീൻ ഷോട്ട് ഒരു ആരാധികയാണ് സോഷ്യൽ മീഡിയയിലൂടെ പങ്കുവച്ചത്. എന്നാൽ മാധവൻ ആരാധികമാരോട് മാത്രമേ പ്രതികരിക്കൂ എന്ന തരത്തിൽ അത് പ്രചരിക്കപ്പെടുകയായിരുന്നു. 'ഞാൻ ഒരു നടനാണ്. ഒരുപാട് ആളുകൾ ഇൻസ്റ്റഗ്രാമിലും മറ്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലുമൊക്കെയായി എനിക്ക് മെസേജ് അയക്കാറുണ്ട്. ഒരിക്കൽ ഒരു പെൺകുട്ടി എനിക്ക് ഇതേപോലെ മെസേജ് അയച്ചു. സിനിമ ഞാൻ കണ്ടെന്നും ഏറെ ഇഷ്ടമായെന്നും താങ്കൾ ഗംഭീര നടനാണെന്നും താങ്കൾ എന്നെ പ്രചോദിപ്പിച്ചെന്നുമൊക്കെ പറഞ്ഞുകൊണ്ട്. ഹൃദയത്തിൻറെയും ചുംബനങ്ങളുടെയുമൊക്കെ ഇമോജികളും ഒപ്പം ഉണ്ടായിരുന്നു. ഇത്രയും സൂക്ഷ്മമായി എൻറെ വർക്കിനെക്കുറിച്ച് പറയുന്ന ഒരു ഫാനിനോട് എനിക്ക് പ്രതികരിച്ചേ പറ്റൂ'.'നന്ദിയുണ്ടെന്നും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നുമാണ് ഞാൻ മറുപടി നൽകിയത്. ഇതിൻറെ സ്ക്രീൻഷോട്ട് ആ പെൺകുട്ടി ഇൻസ്റ്റഗ്രാമിലൂടെത്തന്നെ പങ്കുവച്ചിരുന്നു. അതിൽ ആളുകൾ കാണുന്നത് കുറച്ച് ലവ് ഇമോജികൾക്ക് മാധവൻ റിപ്ലൈ കൊടുക്കുന്നതാണ്. ഒരു മസേജിനാണ്, അല്ലാതെ ഇമോജികൾക്കല്ല ഞാൻ മറുപടി കൊടുത്തത്' എന്നാണ് താരം വ്യക്തമാക്കിയത്. അതേസമയം തെറ്റിദ്ധരിക്കപ്പെടാതിരിക്കാനായി സോഷ്യൽ മീഡിയയിൽ ഇടപെടുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ട സാഹചര്യമാണ് ഉള്ളതെന്നും മാധവൻ കൂട്ടിച്ചേർത്തു.





## ഞാൻ പ്രതികരിക്കില്ലെന്നാണോ വിചാരം?

# ആരോപണങ്ങൾക്ക് മറുപടിയുമായി അനശ്വര രാജൻ

'മിസ്റ്റർ ആൻഡ് മിസ്സിസ് ബാച്ചിലർ' എന്ന ചിത്രത്തിൻറെ പ്രൊമോഷനുമായി സഹകരിക്കുന്നില്ലെന്ന സംവിധായകൻ ദീപു കരുണാകരന്റെ ആരോപണത്തിന് മറുപടിയുമായി നടി അനശ്വര രാജൻ. ഇൻസ്റ്റഗ്രാമിലൂടെയാണ് അനശ്വര രാജൻ ആരോപണങ്ങൾക്ക് മറുപടിയുമായി എത്തിയത്. ചിത്രത്തിലെ നടി അനശ്വര രാജൻ സിനിമയുടെ പ്രമോഷൻ പരിപാടികളുമായി സഹകരിക്കുന്നില്ലെന്നായിരുന്നു ദീപു കരുണാകരന്റെ ആരോപണം.

**അനശ്വര രാജന്റെ പ്രതികരണം:** തികച്ചും വേദനാജനകമായ ചില സാഹചര്യങ്ങൾ നേരിടേണ്ടി വന്നതിനാലാണ് ഈ കുറിപ്പ് എഴുതേണ്ടിവരുന്നത്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി സംവിധായകൻ ശ്രീ ദീപു കരുണാകരൻ പല മാധ്യമങ്ങളിലും ഞാൻ പ്രൊമോഷന് സഹകരിക്കില്ല എന്ന് ഇൻറർവ്യൂകൾ നൽകി എന്നെ അപകീർത്തിപ്പെടുത്തുന്ന പരാമർശങ്ങൾ നടത്തിവരുന്നുണ്ട്. അദ്ദേഹത്തിൻറെ സംവിധാനത്തിൽ ഞാൻ അഭിനയിച്ച മിസ്റ്റർ ആൻഡ് മിസിസ് ബാച്ച്ലർ എന്ന ചിത്രം 2024 ഓഗസ്റ്റിൽ റിലീസ് പ്ലാൻ ചെയ്തതാണ്. ആദ്യം തന്നെ, കൃത്യമായി കാശെണ്ണി പറഞ്ഞ്, ചോദിച്ച് വാങ്ങിയിട്ടാണ് പലപ്പോഴും ഞാൻ ഷൂട്ടിനുപോലും വന്നിട്ടുള്ളത് എന്ന അദ്ദേഹത്തിൻറെ പരാമർശത്തെക്കുറിച്ച്- സിനിമയുടെ ഷൂട്ട് സമയത്ത് പേയ്മെൻറ് ഇഷ്യൂ വന്നപ്പോൾ പ്രൊഡ്യൂസർ പണം അക്കൗണ്ടിലേക്ക് ഇടാതെ റൂമിൽ നിന്നും ഇറങ്ങേണ്ട എന്ന് ദീപു പറഞ്ഞപ്പോഴും ഷൂട്ട് നിർത്തിവെക്കേണ്ട ഒരു അവസ്ഥയിലും ഷൂട്ട് തീരട്ടെ എന്ന് പറഞ്ഞ് മുൻകൈ എടുത്ത് ഇറങ്ങിയ എൻറെ ആത്മാർഥതയെ ചോദ്യം ചെയ്യും വിധം ശ്രീ ദീപുവിൻറെ കാശെണ്ണിക്കൊടുത്തിട്ടാണ് എന്ന അത്രയും മോശം പരാമർശം അദ്ദേഹത്തെപ്പോലെ സിനിമ തൊഴിലാക്കിയ എന്നെ പ്രൊഫഷണലി എന്നതിനപ്പുറം വൈകാരികമായി ഏറെ വിഷമിപ്പിച്ചു. എന്ന് റിലീസ് ആണെന്ന്, ഇന്ന് പോലും എനിക്ക് അറിവില്ലാത്ത ഒരു ചിത്രത്തിൻറെ പ്രൊമോഷനെ ചൊല്ലിയുള്ള അനാവശ്യ വിവാദങ്ങൾ ഉന്നയിക്കുന്ന സംവിധായകൻ, ഇതേ സിനിമയ്ക്ക് വേണ്ടി യാതൊരുവിധ പ്രൊമോഷൻ, ഇൻറർവ്യൂ കൊടുക്കാതെ ഈ അവസരത്തിൽ എൻറെ കരിയറിനെ മോശമായി ബാധിക്കണമെന്ന ദുരുദ്ദേശത്തോടെ തന്നെ കൊടുത്തതാണ് ഈ നെഗറ്റീവ് അഭിപ്രായങ്ങളെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രീ ദീപു കൊടുത്ത ഒരു അഭിമുഖത്തിൽ അദ്ദേഹത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കിയ ചില അഭിനേതാക്കൾ ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ആ സംഭവങ്ങളും പേരുകളും ഇപ്പൊ പറഞ്ഞിട്ട് കാര്യമില്ലെന്നും അത് സിനിമയ്ക്കും വ്യക്തിപരമായും ഗുണം ചെയ്യില്ലെന്നും പറഞ്ഞിരുന്നു. അങ്ങനെയിരിക്കെ എൻറെ പേര് മാത്രം വലിച്ചിഴയ്ക്കുന്നത് വഴി വ്യക്തിപരമായും സിനിമയ്ക്കും ഗുണം ചെയ്യും എന്നാണോ അദ്ദേഹം ഉദ്ദേശിക്കുന്നത്? ഈ വർഷം ഇറങ്ങിയ എൻറെ മൂന്ന് സിനിമകളുടെ പ്രൊമോഷനുകളുടെ ഭാഗമായി കഴിഞ്ഞ മൂന്ന് മാസങ്ങളായി മറ്റ് കമ്മിറ്റ്മെൻറുകൾ മാറ്റിവച്ച് പ്രൊമോഷന് പങ്കെടുത്തിരുന്ന വ്യക്തി എന്ന നിലയിൽ ഞാൻ ഭാഗമാവുന്ന സിനിമയ്ക്ക് ആവശ്യമായ പ്രൊമോഷന് പങ്കെടുക്കുന്നത് ആ സിനിമയുമായുള്ള എൻറെ കരാറിൽ ഉപരി എൻറെ ഉത്തരവാദിത്തമാണെന്ന തികഞ്ഞ ബോധ്യമുള്ള വ്യക്തിയാണ് ഞാൻ. നന്ദി, അനശ്വര രാജൻ.

## ഓസ്കർ വേദിയിൽ സെലൻസ്കിയുടെ വേഷത്തിൽ അമേരിക്കൻ ഹാസ്യതാരം



ലോസ്ആഞ്ചൽസ്: ലോസ് ഏഞ്ചൽസിൽ നടന്ന 97-ാമത് ഓസ്കർ പ്രഖ്യാപനം ശ്രദ്ധാബിന്ദു ആകുമ്പോൾ ഓസ്കർ വേദിയിലെത്തിയ അമേരിക്കൻ ഹാസ്യനടൻ ആഡം സാൻഡ്ലറും ചർച്ചയാവുകയാണ്. ഉക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമർ സെലൻസ്കിയുടെ വേഷത്തിൽ ഒരു സാധാരണ ഹുഡി ധരിച്ചാണ് സാൻഡലർ എത്തിയത്. ഡോണൾഡ് ട്രംപും സെലൻസ്കിയും തമ്മിലുള്ള വാക്പോരുകൾക്ക് പിന്നാലെയാണ് സെലൻസ്കിയെ പരിഹസിക്കുന്ന തരത്തിലുള്ള താരത്തിന്റെ വേഷവിധാനം. ട്രംപുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ സെലെൻസ്കിയുടെ വേഷത്തെ ഒരു മാധ്യമപ്രവർത്തകൻ ചോദ്യം ചെയ്തിരുന്നു. എന്തുകൊണ്ട് നിങ്ങൾ സ്യൂട്ട് ധരിച്ചില്ലെന്നും സ്യൂട്ട് സ്വന്തമായി ഇല്ലേയെന്നുമായിരുന്നു മാധ്യമപ്രവർത്തകന്റെ പരിഹാസം.വീഡിയോ വലിയ തോതിൽ ചർച്ചയായതിന് പിന്നാലെയാണ് ഓസ്കർ വേദിയിലെ ഹാസ്യതാരത്തിന്റെ വരവ്. വേദിയിൽ അരങ്ങേറിയ ഒരു പരിപാടിക്കിടെ അവതാരകൻ കോനൻ ഒബ്രയൻ സാൻഡലറുടെ ലുക്കിനെ പരിഹസിച്ചിരുന്നു. ഇത്രയും ആളുകൾ പങ്കെടുക്കുന്ന അഭിമാനകരമായ ഒരു പരിപാടിയിൽ ഇത്തരം വേഷം ധരിച്ചത് എന്തിനെന്ന് അവതാരകൻ ചോദിച്ചു.താൻ ധരിക്കുന്ന വേഷം തന്റെ ഇഷ്ടമാണെന്നും എന്ത് ധരിക്കുന്നു എന്ത് ധരിക്കുന്നില്ല എന്നത് തന്റെ പ്രശ്നമല്ലെന്നും സാൻഡ്ലർ പറഞ്ഞു. ഇത് കേട്ടതും സദസിലുണ്ടായിരുന്നവർ കയ്യടിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു.

## 'ഇന്റിമേറ്റ് സീനുകൾ ചെയ്യില്ല'; പറഞ്ഞപ്പോൾ ഗൗതം മേനോന്റെ മറുപടി ഞെട്ടിച്ചെന്ന് മഞ്ജിമ മോഹൻ





ബാലതാരമായെത്തി മലയാളി പ്രേക്ഷകരുടെ മനം കവർന്ന താരമാണ് മഞ്ജിമ മോഹൻ. മലയാള ചിത്രത്തിലൂടെയാണ് നായികയായി തുടക്കം കുറിക്കുന്നതെങ്കിലും തമിഴിൽ ആണ് താരത്തിന് മികച്ച അവസരങ്ങൾ ലഭിച്ചത്. അച്ചം എൻപത് മദമയ്ദ എന്ന ചിത്രത്തിലൂടെയായിരുന്നു മഞ്ജിമയുടെ തമിഴകത്തെ അരങ്ങേറ്റം. ഗൗതം വാസുദേവ് മേനോനാണ് ചിത്രം സംവിധാനം ചെയ്തത്. സിനിമയെക്കുറിച്ച് പുതിയ അഭിമുഖത്തിൽ മഞ്ജിമ മോഹൻ പറഞ്ഞ വാക്കുകളാണിപ്പോൾ ചർച്ചയാവുന്നത്. ഇന്റിമേറ്റ് സീനുകൾ ചെയ്യാൻ ഞാൻ തയ്യാറല്ല. ഗൗതം സർ സെലക്ട് ചെയ്യുമ്പോൾ ആദ്യം ഞാനദ്ദേഹത്തോട് പറഞ്ഞത് സർ, ഒരു അഭ്യർത്ഥനയുണ്ട്, ഞാൻ ഇന്റിമേറ്റ് സീനുകൾ ചെയ്യില്ലെന്നാണ്. അദ്ദേഹം എന്നെ നോക്കി. പൊതുവെ ഒരു സംവിധായകനോട് ഇങ്ങനെ പറഞ്ഞാൽ ഒരു അവസരം തന്നിട്ട് നിബന്ധനകൾ വെക്കുന്നോ എന്നായിരിക്കും പ്രതികരണം. എന്നാൽ അദ്ദേഹം പറഞ്ഞത് നിനക്ക് കംഫർട്ടബിൾ അല്ലാത്തത് ചെയ്യേണ്ട എന്നാണ്. കംഫർട്ടബിളാകുന്ന ഒരു മീറ്ററുണ്ട്. അതിനുള്ളിൽ വരുന്നത് ചെയ്താൽ മതിയെന്നും പറഞ്ഞു എന്നാണ് താരം വ്യക്തമാക്കുന്നത്. മഞ്ജിമ മോഹൻ ചൂണ്ടിക്കാട്ടി.

## 'വയലൻസ് സിനിമകൾ ഇനി ചെയ്യില്ല'; മാർക്കോ സംവിധായകൻ



സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും അക്രമങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ മാർക്കോ സിനിമക്കെതിരെ ഉയർന്ന വിമർശനങ്ങളോട് പ്രതികരിച്ച് നിർമ്മാതാവ് രംഗത്ത്. മാർക്കോ പോലെ വയലൻസ് നിറഞ്ഞ സിനിമകൾ ഇനി ചെയ്യില്ലെന്നാണ് ഷരീഫ് മുഹമ്മദ് വ്യക്തമാക്കിയത്.മാർക്കോ വയലൻസിനെ പ്രോത്സാഹിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ചെയ്ത സിനിമയല്ലെന്നും പ്രേക്ഷകർ സിനിമയെ സിനിമയായി കാണുമെന്നാണ് കരുതിയതെന്നും അദ്ദേഹം പറഞ്ഞു. വരാൻ ഇരിക്കുന്ന കാട്ടാളൻ എന്ന സിനിമയിലും കുറച്ചു വയലൻസ് സീനുകളുണ്ട് എന്നും അദ്ദേഹം പറഞ്ഞു. മാർക്കോയിലെ അതിക്രൂര വയലൻസ് ദൃശ്യങ്ങൾ കഥയുടെ പൂർണ്ണതക്ക് വേണ്ടിയാണ് ഉണ്ടാക്കിയത്. അതൊരു സിനിമാറ്റിക് അനുഭവമായി കാണാൻ ശ്രമിക്കണം. മാർക്കോയിലെ ഗർഭിണിയുടെ സീൻ സിനിമയ്ക്ക് ആവശ്യമുള്ളതായിരുന്നു. 'ഏറ്റവും വയലൻസ് ഉള്ള സിനിമ' എന്ന പരസ്യം കൊടുത്തത് കള്ളം പറയാതിരിക്കാനാണ്. മാർക്കോ 18+ സർട്ടിഫിക്കറ്റ് ഉള്ള സിനിമയാണ്. അത് കാണാൻ കുട്ടികൾ ഒരിക്കലും തിയേറ്ററിൽ കയറരുതായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രായാധിക്യം സിനിമയെ ബാധിക്കുന്നുവെന്ന്

# അമിതാഭ് ബച്ചൻ



ബോളിവുഡിലെ തന്റെ കഥാപാത്രങ്ങളെ മറക്കാനാവാത്ത പ്രകടനങ്ങളിലൂടെ മികച്ചതാക്കിയ നടനാണ് അമിതാഭ് ബച്ചൻ. സമീപകാലത്ത്, പികു, കൽക്കി, പിങ്ക് തുടങ്ങിയ ചിത്രങ്ങളിലെ ബച്ചന്റെ കഥാപാത്രങ്ങൾ വളരെയധികം ശ്രദ്ധ നേടുന്നുണ്ട്.പ്രായമാകുന്തോറും സിനിമ തനിക്ക് കൂടുതൽ വെല്ലുവിളി നിറഞ്ഞതായി മാറിയതിനെക്കുറിച്ച് അമിതാഭ് ബച്ചൻ അടുത്തിടെ തന്റെ ബ്ലോഗിൽ എഴുതി, ഇത് സോഷ്യൽ മീഡിയയിൽ ചർച്ചാ വിഷയമായി മാറുകയാണ്. പലപ്പോഴും വരികൾ മറക്കുകയും സെറ്റിൽ തെറ്റുകൾ വരുത്തുകയും തെറ്റുകൾ തിരുത്താൻ സംവിധായകരോട് വീണ്ടും ഒരു അവസരം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യാറുണ്ടെന്ന് ബച്ചൻ എഴുതി.'പുതിയ സിനിമാ പദ്ധതികളുമായി ബന്ധപ്പെട്ട് ധാരാളം മീറ്റിംഗുകൾ ഉണ്ടാകാറുണ്ട്. ഇത് വെല്ലുവിളി നിറഞ്ഞതാക്കുന്നു. എന്ത് സ്വീകരിക്കണം, എന്ത് നിരസിക്കണം, എന്ത് മാന്യമായി നിരസിക്കണം... അവയൊന്നും എനിക്കറിയില്ല,' അമിതാഭ് ബച്ചൻ തന്റെ ബ്ലോഗിൽ എഴുതി. തന്റെ ആശങ്ക, ലഭിക്കുന്ന ജോലി എന്താണ്, അതിനോട് എനിക്ക് നീതി പുലർത്താൻ കഴിയുമോ എന്നതൊക്കെയാണ്. എന്നാൽ അതിനുശേഷം എന്ത് സംഭവിക്കുമെന്നത് ഒരു മങ്ങൽ മാത്രമാണെന്നും അദ്ദേഹം പറയുന്നു. നിർമാണം, ചെലവുകൾ, മാർക്കറ്റിംഗ് തുടങ്ങിയവയെല്ലാം തനിക്ക് അറിയാത്തതോ മനസിലാവാത്തതോ ആയ ഒരു ഇരുണ്ട മങ്ങൽ നിറഞ്ഞ ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.'വരികൾ മറുന്നു പോവുന്നു എന്നത് മാത്രമല്ല പ്രായം കൊണ്ടുള്ള പ്രശ്നം. ആവശ്യപ്പെടുന്ന കാര്യങ്ങൾ കൃത്യമായി പറയാൻ സാധിക്കാത്തത്, വീട്ടിലെത്തുമ്പോൾ നമ്മൾ ഒരുപാട് തെറ്റുകൾ വരുത്തിയെന്ന് തിരിച്ചറിയുകയും അത് എങ്ങനെ ശരിയാക്കാമെന്ന് വീട്ടിലിരുന്ന് ചിന്തിക്കുകയും ചെയ്യും. എന്നിട്ട് അർധരാത്രി ഡയറക്ടറെ വിളിച്ച് എടുത്ത ഭാഗം ഒന്നുകൂടി ശരിയാക്കാൻ അവസരം തരണമെന്ന് ആവശ്യപ്പെടുന്നതും ഉൾപ്പെടെയുള്ള പല പ്രശ്നങ്ങളാണ്,' ബച്ചൻ പറഞ്ഞു.





## ഓസ്കർ വേദിയിലെ 'കരണത്തടി' ഓർത്തെടുത്ത് ക്രിസ് റോക്ക്

94ാമത് ഓസ്കർ പുരസ്കാരവേദിയെ ഞെട്ടിച്ച സംഭവമായിരുന്നു അവതാരകനായിരുന്ന ക്രിസ് റോക്കിനെ നടൻ വിൽ സ്മിത്ത് വേദിയിൽക്കയറി തല്ലിയത്. തന്റെ ഭാര്യയേക്കുറിച്ച് ക്രിസ് നടത്തിയ പരാമർശത്തേത്തുടർന്നായിരുന്നു ഇത്. ഇപ്പോഴിതാ 97 -ാമത് ഓസ്കർ നിശയിൽ  അവതാരകനായി എന്തുകൊണ്ട് തിരിച്ചെത്തിയില്ല എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിനിടെ റോക്ക് സംഭവത്തെക്കുറിച്ച് വാചാലനായി. വാർഷിക വാനിറ്റി ഫെയർ ഓസ്കാർ പാർട്ടിയിൽ സംസാരിക്കവേ, 'ഭൂമിയിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന ആളുകൾ ക്ഷമിക്കാൻ കഴിയാത്ത ആളുകളാണ് എന്ന് ഞാൻ പറയും.  നിങ്ങൾ ചിലപ്പോൾ സ്വയം ക്ഷമിക്കണം. ഞാൻ ക്ഷമയിലാണ് ജീവിക്കുന്നത്. യഥാർത്ഥ സ്നേഹം ആരംഭിക്കുന്നത് ക്ഷമയിലാണ്' എന്ന് റോക്ക് പറഞ്ഞു. കോനൻ ഒബ്രിയന്റെ അവതാരക കഴിവുകളെ പ്രശംസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, 'ഇത് അതിശയകരവും അവിശ്വസനീയവുമാണെന്ന് ഞാൻ കരുതി. എല്ലാ വർഷവും അദ്ദേഹത്തെ ആതിഥേയത്വം വഹിക്കാൻ അനുവദിക്കണം.' റോക്ക് കൂട്ടിച്ചേർത്തു. 2005 ലും 2016 ലും റോക്ക് ഓസ്കാർ അവതാരകൻ ആയിട്ടുണ്ട്. സ്മിത്തിന്റെ ഭാര്യ ജെയ്ഡ സ്മിത്ത് വർഷങ്ങളായി അലോപേഷ്യ രോഗിയാണ്. തലമുടി കൊഴിഞ്ഞു പോവുന്ന അവസ്ഥയാണിത്. നടിയും അവതാരകയും സാമൂഹ്യ പ്രവർത്തകയുമാണ് ജെയ്ഡ സ്മിത്ത്. ഇതാണ് വിൽസ്മിത്തിനെ ചൊടിപ്പിച്ചത്. ഇതിന് പിന്നാലെ വിൽ സ്മിത്ത് വേദിയിലേക്കെത്തുകയും ക്രിസിന്റെ മുഖത്തടിക്കുകയും ചെയ്തു.



## ഓസ്കർ ചിത്രങ്ങൾ; അനോറ മുതൽ ഡ്യൂൺ പാർട്ട് 2വരെ, എവിടെ കാണാം?

ലോകം കാത്തിരുന്ന 97-ാമത് ഓസ്കറിൽ 4 പുരസ്കാരങ്ങളാണ് 'അനോറ' സ്വന്തമാക്കിയത്. മികച്ച സിനിമ, സംവിധാനം, നടി, ഒറിജിനൽ സ്ക്രീൻപ്ലേ എന്നിവയ്ക്കുള്ള അവാർഡുകളാണ് ചിത്രത്തിന് ലഭിച്ചത്.സിനിമയുടെ സംവിധാനം, തിരക്കഥ, എഡിറ്റിങ് എന്നീ മൂന്ന് പ്രധാനപ്പെട്ട വിഭാഗങ്ങളും കൈകാര്യം ചെയ്ത ഷോൺ ബേക്കറിന് മികച്ച സംവിധായകനും തിരക്കഥാകൃത്തിനുമുള്ള ഓസ്കർ ലഭിക്കുകയും ചെയ്തു.അനോറ ഉൾപ്പെടെ ഇത്തവണ ഓസ്കർ വേദിയിൽ തിളങ്ങിയ പല ചിത്രങ്ങളും വിവിധ ഒടിടി പ്ലാറ്റ്ഫോമുകളിൽ നമുക്ക് ലഭ്യമാണ്. നാല് പുരസ്കാരങ്ങളുമായി തിളങ്ങിയ 'അനോറ' സീ 5-ൽ കാണാം.മികച്ച നടൻ (ഏഡ്രിയൻ ബ്രോഡി), മികച്ച ക്യമാറമാൻ (ലോൽ ക്രൗളി), മികച്ച ഒറിജിനൽ സ്കോർ (ഡാനിയൽ ബ്ലൂംബെർഗ്) എന്നിങ്ങനെ മൂന്ന് പുരസ്കാരങ്ങൾ സ്വന്തമാക്കിയ ദി ബ്രൂട്ടലിസ്റ്റ് പ്രൈം വീഡിയോയിലും കാണാം.

| | |
|---|---|
| **അനോറ** | സീ 5 |
| **ദി ബ്രൂട്ടലിസ്റ്റ്** | പ്രൈം വീഡിയോ |
| **ഡ്യൂൺ പാർട്ട് ടു** | ജിയോ ഹോട്ട്സ്റ്റാൽ |
| **എമിലിയ പെരസ്** | പ്രൈം വീഡിയോ |
| **കോൺക്ലേവ്** | പ്രൈം വീഡിയോ |
| **ദി സബ്സ്റ്റെൻസ്** | പ്രൈം വീഡിയോ |
| **വിക്ഡ്** | പ്രൈം വീഡിയോ |







## സർദാർ 2ന്റെ ചിത്രീകരണത്തിനിടെ കാർത്തിക്ക് പരിക്ക്



സിനിമാ ചിത്രീകരണത്തിനിടയിൽ തമിഴ് നടൻ കാർത്തിക്ക് പരിക്കേറ്റതായി റിപ്പോർട്ട്. സർദാർ 2 എന്ന സിനിമയിലെ ഒരു സുപ്രധാന രംഗം ചിത്രീകരണത്തിനിടയിലാണ് കാർത്തിക്ക് കാലിന് പരിക്കേറ്റത്. ഷൂട്ടിങ് ഒരാഴ്ചത്തേക്ക് താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്നും അദ്ദേഹം സുഖം പ്രാപിച്ച ശേഷം പുനരാരംഭിക്കുമെന്നും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മൈസൂരുവിൽ ഒരു ആക്ഷൻ രംഗം ചിത്രീകരിക്കുന്നതിനിടെയാണ് കാർത്തിയുടെ കാലിന് പരിക്കേറ്റത്. ഉടൻ തന്നെ നടനെ ആശുപത്രിയിലേക്ക് മാറ്റുകയും ഡോക്ടർമാർ അദ്ദേഹത്തിന് ഒരാഴ്ചത്തെ വിശ്രമം നിർദ്ദേശിക്കുകയുമായിരുന്നു. ഇതേ തുടർന്നാണ് സിനിമയുടെ ചിത്രീകരണം താൽക്കാലികമായി നിർത്തിവെച്ചത്. കാർത്തി ആരോഗ്യം വീണ്ടെടുത്തയുടൻ ചിത്രത്തിന്റെ ഷൂട്ടിംഗ് പുനരാരംഭിക്കുമെന്നാണ് വിവരം. 2022ൽ പുറത്തിറങ്ങി വലിയ വിജയം നേടിയ സർദാർ എന്ന സിനിമയുടെ രണ്ടാം ഭാഗമാണിത്. പിഎസ് മിത്രൻ തന്നെയാണ് സർദാർ 2വിന്റെയും സംവിധായകൻ.

# ധനുഷിൻറെ അടുത്ത പടത്തിൽ നായകൻ അജിത്തോ?

നടൻ ധനുഷിന്റെ സംവിധാന സംരംഭത്തിൽ അജിത് നായകനാകുമെന്ന റിപ്പോർട്ടുകൾ. വലൈപേച്ചിൽ എന്ന യൂട്യൂബ് ചാനലാണ് ധനുഷ് സംവിധാനം ചെയ്യുന്ന അടുത്ത ചിത്രത്തിൽ അജിത് നായകനാകുമെന്ന് റിപ്പോർട്ട് ചെയ്യുന്നത്.  ധനുഷിന്റെ നിർമാണ കമ്പനിയായ വണ്ടർബാർ പിക്ചേഴ്സായിരിക്കും ചിത്രം നിർമിക്കുക എന്നും അനിരുദ്ധ് സംഗീതം നിർവഹിക്കുമെന്നും  റൂമറുകളുണ്ട്.ധനുഷ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രം ഇഡ്ലി കടൈയുടെ റിലീസ് വീണ്ടും നീട്ടിയതായി കഴിഞ്ഞ ദിവസം വാർത്തകൾ വന്നിരുന്നു. ഏപ്രിൽ 10 ന് റിലീസ് പ്രഖ്യാപിച്ചിരുന്ന സിനിമയുടെ റിലീസ് ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലേക്ക് നീട്ടിയതായാണ് തമിഴ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.ഇതിന് പിന്നാലെ അടുത്ത ചിത്രത്തിൽ അജിത് നായകനാകുന്നതിനാലാണോ ക്ലാഷിൽ നിന്ന് ധനുഷ് പിൻവാങ്ങുന്നതെന്ന ചോദ്യവും സമൂഹ മാധ്യമങ്ങളിൽ ഉയരുന്നുണ്ട്.

ഏപ്രിൽ 10 ന് അജിത്തിന്റെ ഗുഡ് ബാഡ് അഗ്ലിയും റിലീസ് ചെയ്യുന്നുണ്ട്.മുന്നേയും ഇഡ്ലി കടൈയുടെ റിലീസ് നീട്ടിയിരുന്നു. ഫെബ്രുവരി ആറിന് റിലീസ് പ്രഖ്യാപിച്ച സിനിമ അജിത്തിന്റെ വിടാമുയർച്ചിയുമായുള്ള ബോക്സ് ഓഫീസ് ക്ലാഷ് ഒഴിവാക്കാനായാണ് ഏപ്രിലിലേക്ക് മാറ്റിയത് എന്ന് തമിഴ് മാധ്യമങ്ങൾ അന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

# അല്ലു അർജുൻ– ആറ്റ്ലി ചിത്രം; പുതിയ അപ്ഡേഷൻ



'പുഷ്പ: ദി റൂളിന്റെ' വൻ വിജയത്തിന് ശേഷം നടൻ അല്ലു അർജുൻ നായകനാകുന്ന പുതിയ ചിത്രത്തിന്റെ പ്രീ പ്രൊഡക്ഷൻ ആരംഭിച്ചു. ആറ്റ്ലിയാണ് സംവിധാനം.ചിത്രത്തിന്റെ പ്രീ പ്രൊഡക്ഷൻ 2025 ഏപ്രിലിൽ ആരംഭിച്ചെന്നും, ഈ വർഷം പകുതിയോടെ ഷൂട്ടിംഗ് ആരംഭിക്കുമെന്നും, 2026ൽ ഒരു വലിയ റിലീസ് ലക്ഷ്യമിടുന്നതായും റിപ്പോർട്ടുകളുണ്ട്.ഈ പ്രോജക്ടിനായി ആറ്റ്ലി 100 കോടി രൂപയുടെ ഭീമമായ പ്രതിഫലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ഇത് വ്യവസായത്തിലെ മുൻനിര സംവിധായകർ ആവശ്യപ്പെടുന്ന പ്രതിഫലത്തിന് തുല്യമാണെന്നും റിപ്പോർട്ടുകളുണ്ട്. എങ്കിലും ഇക്കാര്യത്തിൽ സ്ഥിരീകരണമൊന്നുമില്ല. ഷാരൂഖ് ഖാനൊപ്പം 'ജവാൻ' പോലുള്ള ബ്ലോക്ക്ബസ്റ്റർ ഹിറ്റുകൾ ഒരുക്കിയതിന് പേരുകേട്ട ആറ്റ്ലി, തന്റെ പാൻ ഇന്ത്യൻ സിനിമാ മേക്കിങ്ശൈലിയിലൂടെ ശ്രദ്ധാകേന്ദ്രമായിരുന്നു.ഔദ്യോഗിക സ്ഥിരീകരണമൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും, പുനർജന്മം കേന്ദ്ര പ്രമേയമാക്കിയ ഒരു പീരിയഡ് ഡ്രാമയായിരിക്കും ചിത്രമെന്നാണ് റിപ്പോർട്ടുകൾ. ജാൻവി കപൂർ നായികയായി അഭിനയിക്കുമെന്ന് അഭ്യൂഹമുണ്ട്. അനിരുദ്ധ് രവിചന്ദർ സംഗീതം നൽകാനാണ് സാധ്യത.2016ൽ പുറത്തിറങ്ങിയ തന്റെ തമിഴ് ചിത്രമായ 'തെരി'യുടെ റീമേക്കായ 'ബേബി ജോൺ' എന്ന ചിത്രത്തിലൂടെ അറ്റ്ലി അടുത്തിടെ ബോളിവുഡിൽ നിർമാണത്തിലേക്കും കടന്നിരുന്നു.

# മാർക്കോ സിനിമയ്ക്ക് വിലക്ക്



മാർക്കോ സിനിമയ്ക്ക് വിലക്ക്. ടെലിവിഷനിലും, ഒടിടിയിലും ചിത്രം പ്രദർശിപ്പിക്കുന്നതിനെതിരെ ഫിലിം സർട്ടിഫിക്കേഷൻ ബോർഡ്. ചിത്രത്തിന് A സർട്ടിഫിക്കറ്റ് ആയത് കൊണ്ടാണ് നടപടി. ചിത്രം ഇത്തരം പ്ലാറ്റ് ഫോമുകളിൽ പ്രദർശിപ്പിക്കരുതെന്നും അത് തടയണമെന്നുമാണ് ആവശ്യം ബോർഡിന്റെ ആവശ്യം. ഇക്കാര്യം ചൂണ്ടികാട്ടി ഫിലിം സർട്ടിഫിക്കേഷൻ ബോർഡ് കേന്ദ്രത്തിന് കത്തയച്ചു.സംസ്ഥാനത്ത് അടിക്കടിയുണ്ടാവുന്ന കൊലപാതകങ്ങൾക്ക് പിന്നിൽ മാർക്കോ പോലെയുള്ള ചിത്രങ്ങളുടെ സ്വാധീനമാണെന്നുള്ള ധാരാളം വിമർശനങ്ങൾ ഉയർന്നിരുന്നു. എ സർട്ടിഫിക്കറ്റ് ലഭിച്ച സിനിമ 18 വയസ്സിൽ താഴെയുള്ള കുട്ടികളെയും കാണിക്കുന്നുവെന്നും പരാതിയുണ്ടായിരുന്നു. ഇന്ത്യൻ സിനിമയിലെ തന്നെ ഏറ്റവും അസ്വസ്ഥത ജനിപ്പിക്കുന്ന സന്ദർഭങ്ങളുള്ള സിനിമയാണ് മാർക്കോ. ഇത് കുട്ടികളെ തെറ്റായി സ്വാധീനിക്കുമെന്നും വിമർശനങ്ങൾ ഉണ്ട്.അതേസമയം, സിനിമയെന്നാൽ യാഥാർത്ഥ്യമല്ലെന്നാണ് ചിത്രത്തിന്റെ നിർമാതാവ് ഷരീഫ് മുഹമ്മദ് പറയുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

153

Movie — Thenum Vayambum (1981)
Director — V Ashok Kumar
Lyrics — Bichu Thirumala
Music — Raveendran
Singers — S Janaki


തേനും വയമ്പും നാവിൽ തൂവും വാനമ്പാടി
തേനും വയമ്പും നാവിൽ തൂവും വാനമ്പാടി
രാഗം.. ശ്രീരാഗം.. പാടൂ.. നീ
വീണ്ടും വീണ്ടും വീണ്ടും വീണ്ടും...
തേനും വയമ്പും നാവിൽ തൂവും വാനമ്പാടി...

മാനത്തെ ശിങ്കാരത്തോപ്പിൽ
ഒരു ഞാലിപ്പൂവൻ പഴത്തോട്ടം.. (മാനത്തെ.. )
കാലത്തും വൈകിട്ടും പൂമ്പാളത്തേനുണ്ണാൻ
ആ വാഴത്തോട്ടത്തിൽ നീയും പോരുന്നോ...
തേനും വയമ്പും നാവിൽ തൂവും വാനമ്പാടി...

നീലക്കൊടുവേലി പൂത്തു
ദൂരെ നീലഗിരിക്കുന്നിൻ മേലേ..
മഞ്ഞിൻ പൂവേലിക്കൽ കൂടി
കൊച്ചുവണ്ണാത്തിപ്പുള്ളുകൾ പാടി..
താളം പിടിക്കുന്ന വാലാട്ടിപ്പക്ഷിക്കു
താലികെട്ടിന്നല്ലെ നീയും കൂടുന്നോ...



തേനും വയമ്പും നാവിൽ
തൂവും വാനമ്പാടി
തേനും വയമ്പും നാവിൽ
തൂവും വാനമ്പാടി
രാഗം.. ശ്രീരാഗം.. പാടൂ.. നീ
വീണ്ടും വീണ്ടും വീണ്ടും വീണ്ടും...
തേനും ആഹാഹാ..
നാവിൽ.. ഉം..ഉം.. വാനമ്പാടി
ലാലാ ലാലാ.. ആഹാ ആഹാ.. ഉം..ഉം..
ലാലാ ലാലാ.. ആഹാ ആഹാ...



# ജിമ്മി ഫാലൺ ഷോയിൽ അതിഥിയായി ജെ–ഹോപ്പ് എത്തും



കൊറിയൻ സംഗീത ബാൻഡായ ബിടിഎസിലെ അംഗമായ ജെ-ഹോപ്പ് മാർച്ച് 10 ന് ജിമ്മി ഫാലൺ ഷോയിൽ അതിഥിയാകും. യുഎസ് ടോക്ക് ഷോ ആയ ജിമ്മി ഫാലൺ ഷോ അതിന്റെ വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ഇക്കാര്യം സ്ഥിരീകരിച്ചു. ബിടിഎസിനൊപ്പം താരം ഈ ഷോയിൽ നിരവധി തവണ പങ്കെടുത്തിട്ടുണ്ടെങ്കിലും ഒറ്റയ്ക്ക് പ്രത്യക്ഷപ്പെടുന്നത് ഇതാദ്യമായാണ്. മാർച്ച് ഏഴിന് ജെഹോപ്പിന്റെ പുതിയ സിംഗിളായ 'സ്വീറ്റ് ഡ്രീംസ്' പുറത്തിറങ്ങാൻ ഇരിക്കവെയാണ് താരം ഷോയിലെത്തുന്നത്. അമേരിക്കൻ ഗായകനും പാട്ടെഴുത്തുകാരനും ഗ്രാമി പുരസ്കാര ജേതാവായ മിഗ്വേലിനൊപ്പമാണ് ജെഹോപ്പ് പുതിയ ഗാനം ഒരുക്കുന്നത്. അതേസമയം, സൈനിക സേവനം പൂർത്തിയാക്കി മടങ്ങിയെത്തിയ ജെഹോപ്പ് തന്റെ ആദ്യത്തെ സോളോ വേൾഡ് ടൂറായ 'ഹോപ്പ് ഓൺ ദി സ്റ്റേജ്' ആരംഭിച്ചു കഴിഞ്ഞു.

# കീർത്തി സുരേഷും അശോക് സെൽവനും ഒന്നിക്കുന്നു



വിവാഹ ശേഷമുള്ള ആദ്യ സിനിമയിൽ കീർത്തി സുരേഷ് അശോക് സെൽവന് നായികയാകും. അവസാനമായി കീർത്തി സുരേഷ് പ്രത്യക്ഷപ്പെട്ട ചിത്രം ബേബി ജോൺ ആയിരുന്നു. വരുൺ ധവാൻ നായകനായി എത്തിയ ചിത്രം കീർത്തിയുടെ ബോളിവുഡ് അരങ്ങേറ്റമായിരുന്നു.കാലീസ് സംവിധാനം ചെയ്ത് അറ്റ്ലി നിർമ്മിച്ച ചിത്രം എന്നാൽ ബോക്സോഫീസിൽ പരാജയമായിരുന്നു. തമിഴ് ചിത്രം തെറിയുടെ റീമേക്കായിരുന്നു ചിത്രം.

# കൊല്ലം സമ്മേളനം കൈയടിച്ചു പാടും: "എന്തിന് വേറൊരു സൂര്യോദയം?"

കേരളാ വിൻഡോ



ആന്റണി ചടയംമുറി



കൊല്ലത്തെ ആശ്രാമം മൈതാനിയിൽ കെട്ടിയുയർത്തിയ സി.പി.എം. സംസ്ഥാന സമ്മേളനനഗറിന്റെ പുറം കാഴ്ചയും അകത്തളക്കാഴ്ചയും നമ്മെ വിസ്മയിപ്പിക്കുന്നു. 'നവകേരളത്തിന്റെ പുതുവഴികൾ' എന്ന മുഖ്യസമ്മേളന വിഷയം പാർട്ടിയുടെ 45 കേന്ദ്ര നിരീക്ഷകരും 530 പ്രതിനിധികളും ചേർന്ന് നാലു മണിക്കൂർ ചർച്ച ചെയ്യുമെന്നാണ് അജണ്ടയിലുള്ളത്.

സംസ്ഥാന സമ്മേളനം തുടങ്ങുന്നതിനു മുമ്പേ, പിണറായിയെ തന്നെ ഭരണമേൽപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്ന നിരവധി 'ഇവന്റുകൾ' കേരളം കണ്ടു. ഇന്ന് പാർട്ടിയിൽ പിണറായിയെ വെല്ലാൻ കഴിയുന്ന ഒരൊറ്റ നേതാവും കേരളത്തിലും കേന്ദ്രത്തിലുമില്ലെന്ന ധാരണ പൊതുവേയുണ്ട്. ലോക്‌സഭാ തെരഞ്ഞെടുപ്പിൽ 20ൽ 19 സീറ്റും നഷ്ടപ്പെട്ടുപോയ ഇടതുമുന്നണിയുടെ അന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് 'കാരണ ഭൂതനായി' പിണറായിയെ കുരിശിലേറ്റാൻ പലരും ശ്രമിച്ചുവെങ്കിലും, അതൊന്നും നടപ്പായില്ലെന്നത് ചരിത്രം. അന്ന് മൂന്നാം പിണറായി സർക്കാർ എന്നു പറയാൻ ആകെക്കൂടിയുണ്ടായിരുന്നത് 'ക്ലിഫ് ഹൗസിൽ' നിന്നു തന്നെയുള്ള മന്ത്രി മാത്രമായിരുന്നു. പതിയെപ്പതിയെ ലോക്‌സഭാ തെരഞ്ഞെടുപ്പ് തോൽവി ഭൂതകാല പരാജയമായി മാറ്റാൻ പിണറായി നിയോഗിച്ച പിആർ ടീമിന് കഴിഞ്ഞു.

**പച്ചയ്ക്ക് പറഞ്ഞ് ഈ.പി.**

പിണറായി വിജയൻ തന്നെയായിരിക്കും ഇടതുമുന്നണിയുടെ അടുത്ത മുഖ്യമന്ത്രി സ്ഥാനാർത്ഥിയെന്ന് ഈ.പി. ജയരാജൻ പറഞ്ഞു കഴിഞ്ഞു. "ചുറ്റും നോക്കൂ, കേരളത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ കാണുമ്പോൾ, മറ്റാരാണ് ഈ നവകേരളത്തിന്റെ സാരഥിയാകാനുള്ളത് ?" എന്ന മട്ടിൽ കഥാപ്രസംഗ ശൈലിയിലായിരുന്നു ഏഷ്യാനെറ്റ് ന്യൂസിന്റെ ലേഖകന് ചൊവ്വാഴ്ച നൽകിയ അഭിമുഖത്തിൽ ഈ.പി.യുടെ രാഷ്ട്രീയ പ്രവചനം. ഒരു കാര്യം ഇവിടെ ഓർമ്മിക്കണം. പണ്ട് ആകാര സൗന്ദര്യത്തിന്റെ കാര്യത്തിൽ ഈ.പി.ക്ക് 'ഒടുക്കത്തെ ഗ്ലാമറാ'യിരുന്നു. നിലമ്പൂർ ആയിഷയോടൊപ്പം ഈ.പി. ഒരു നാടകത്തിൽ പണ്ട് ഹീറോയായി അഭിനയിച്ചിട്ടുണ്ട്. "ഗീതയും ബൈബിളും ഖുർ ആനും" എന്ന ആ നാടകനാമത്തിനു പോലുമില്ലേ ഒരു എടുപ്പ് ?

**ഗോവിന്ദന് 'കോൺഫിഡൻസ്' പോരാ**

സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പണ്ട് പിണറായിയെ സൂര്യനോട് ഉപമിച്ചിട്ടുണ്ട്. അടുത്തു പോയാൽ പൊള്ളിപ്പിടിക്കുമെന്നു വരെ ഗോവിന്ദന്റെ വക മുന്നറിയിപ്പുണ്ടായിരുന്നു. എന്നാൽ, ഒരു വ്യക്തിയെ ഉയർത്തിപ്പിടിച്ചല്ല, സി.പി.എം. തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്ന ഡയലോഗാണ് ഗോവിന്ദനിൽ നിന്ന് ഇന്നലെ കേട്ടത്. ഒന്നുകൂടി വളഞ്ഞ് മൂക്കു പിടിക്കുന്ന വിധം ഗോവിന്ദൻ വീണ്ടും പറഞ്ഞിട്ടുള്ളത് "കൂട്ടായ നേതൃത്വത്തിലെ നേതൃപരമായ പങ്ക് വഹിക്കുന്ന നേതാവാണ് പിണറായി" എന്നാണ്. ഗോവിന്ദന്റെ പാർട്ടി സെക്രട്ടറി സ്ഥാനം മാത്രമല്ല, ദേശീയ സെക്രട്ടറിയെ പോലും നിശ്ചയിക്കാൻ രാഷ്ട്രീയ കെൽപ്പുള്ള നേതാവായി വളർന്നു കഴിഞ്ഞ പിണറായിക്കു മുമ്പിൽ ഈ മലബാറുകാരൻ എന്തു പറയാൻ?

നയങ്ങൾ മാറുന്നതിനുള്ള താത്വികാവലോകനങ്ങൾ ഈ.പി. ജയരാജനും ഗോവിന്ദനും നടത്തിയതു കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. 75 വയസ്സിന്റെ പരിധി എങ്ങനെ പിണറായിയുടെ കാര്യത്തിൽ ഒഴിവാക്കുന്നുവെന്ന സംശയത്തിന് ഈ.പി. കൃത്യമായി മറുപടി നൽകി: "ഭരണ നിർവഹണ തലത്തിലാണ് പിണറായി പ്രവർത്തിക്കുന്നത്. അവിടെ പ്രായപരിധിയുടെ കാര്യം വരുന്നില്ല" ഇനി സർക്കാരിന്റെ നയം മാറുന്നതിനെക്കുറിച്ചുള്ള ഗോവിന്ദന്റെ "ത്രാട്ട് ഡയലോഗ്" കൂടി കേൾക്കൂ: എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ പാർട്ടിയുടെ പ്രത്യയ ശാസ്ത്രമനുസരിച്ചല്ല. ഇ.എം.എസ്. ഇക്കാര്യം നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇന്നത്തെ പരിതസ്ഥിതിയിൽ പ്രായോഗികമാക്കാൻ കഴിയുന്ന വിധം സർക്കാരിന് നിലപാടുകൾ സ്വീകരിക്കേണ്ടിവരും" സർക്കാർ പുറത്തുനിന്നുള്ള മൂലധനം തേടുന്നത് കേരളത്തെ നമ്പർ വൺ ആക്കാനാണെന്നും ജനജീവിതം ക്ഷേമത്തിലേക്ക് ഉയർത്താനാണെന്നും ഗോവിന്ദൻ അതേ അഭിമുഖത്തിൽ തുടർന്നു പറയുന്നുണ്ട്.

**'മിസ്റ്റർ ചീഫ് മിനിസ്റ്റർ' എന്നു വിളിച്ചാൽ ?**

മുഖ്യമന്ത്രിയെ മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല 'മിസ്റ്റർ ചീഫ് മിനിസ്റ്റർ' എന്നു വിളിച്ചത് അദ്ദേഹത്തെ പ്രകോപിപ്പിച്ചുവെന്ന് വാർത്തകളിൽ കണ്ടു. ലഹരി വ്യാപനം, അക്രമം വർധിക്കൽ എന്നിവയ്ക്കെല്ലാം ആഭ്യന്തര വകുപ്പ് മന്ത്രി കൂടിയായ മുഖ്യമന്ത്രി ഉത്തരവാദിയല്ലേയെന്ന ആരോപണം പിണറായിയെ വിളിപ്പിടിപ്പിച്ചു. ടി.പി. വധക്കേസ് പ്രതികളുടെ ഉദാരമായ 'പരോൾ' അനുവദിക്കലും, നവകേരള സദസ്സിനിടയിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ അടക്കം നടത്തിയ 'രക്ഷാ പ്രവർത്തന' വുമെല്ലാം ചെന്നിത്തലയുടെ പ്രസംഗത്തിൽ കടന്നുവന്നു.

മുഖ്യമന്ത്രി പ്രകോപിതനായെന്നത് സ്പീക്കറുടെ റൂളിങ്ങിൽ തെളിയുകയും ചെയ്തു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനോടും, ചോദ്യം ചോദിക്കാൻ അനുമതി നൽകാതിരുന്ന മാത്യു കുഴൽനാടനോടും സ്പീക്കർ യാതൊരു ദാക്ഷിണ്യവും കാണിച്ചില്ല. സ്പീക്കർ മുഖ്യമന്ത്രിയുടെ കിങ്കരനെ പോലെ പ്രവർത്തിക്കുന്നുവെന്ന ആരോപണം മാധ്യമങ്ങൾക്കു മുന്നിൽ ഉന്നയിക്കാനും സതീശൻ മറന്നില്ല. മുഖ്യമന്ത്രിക്ക് പ്രസംഗിക്കാൻ 59 മിനിറ്റ് അനുവദിച്ച സ്പീക്കർ പ്രതിപക്ഷ നേതാവിന് അനുവദിച്ച സമയം വെറും 11 മിനിറ്റായിരുന്നു!

**ക്രമസമാധാന പാലനം @ 3 AM**

കേരളാ പൊലീസ് രാത്രി പോലും ഉറക്കമിളച്ചിരുന്ന് നാട്ടിലെ ക്രമസമാധാന നില വഷളാകാതെ നോക്കുന്നില്ലെന്ന് ആരാണ് പറയുന്നത്? തിരുവനന്തപുരത്ത് പെയ്ത 'വേനൽ മഴ'യുടെ കുളിരിൽ മന്ത്രിമാരും മറ്റും മൂടിപ്പുതച്ചു കിടന്നുറങ്ങുമ്പോൾ, നമ്മുടെ 'പാവം പോലീസ്' തലസ്ഥാനത്തെ ക്രമസമാധാനം തകരാതിരിക്കാനായി നടത്തിയ കരുതൽ നടപടിക്കു വേണം ഒരു കൈയടി. സെക്രട്ടറിയേറ്റ് നടയിൽ സമരം നടത്തുന്ന ആശാവർക്കർമാർ മഴ നനയാതിരിക്കാൻ വലിച്ചു കെട്ടിയ 'ടാർ പോളിൻ ഷീറ്റ്' പോലീസ് അറുത്തു മാറ്റിയത് ലോകമാകമാനുള്ള മലയാളികൾ ചാനലിൽ കണ്ടു. പണമടയ്ക്കാത്തതു മൂലം ലാൻഡ് ഫോൺ പ്രവർത്തിക്കാത്ത കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ നിന്നാണ് ആശാവർക്കർമാരുടെ ഈ 'ഭീകരനടപടി'യെ ചെറുക്കാൻ പോലീസെത്തിയത്. ആശാവർക്കർമാരുടെ സമരപ്പന്തലിൽ നിന്ന് ഏകദേശം 5060 മീറ്റർ ദൂരമേയുള്ളു പോലീസ് സ്റ്റേഷനിലേക്ക്. ദൂരം കുറവായിട്ടും, പോലീസ് ജീപ്പിൽ ഇരച്ചെത്തി അവർ കേരളത്തെ രക്ഷിക്കുക തന്നെ ചെയ്തു! ഇല്ലെങ്കിൽ നമ്മുടെ 'ഗതി' യെന്താകുമെന്ന് ചിന്തിക്കാനേ വയ്യ!

പ്രളയകാലത്തും കോവിഡ് കാലത്തും ആരോഗ്യ കേരളത്തിന്റെ വീര സേനാനികളായിരുന്നു ആശാവർക്കർമാരെന്ന് സർക്കാർ മാത്രമല്ല ഐക്യരാഷ്ട്ര സംഘടനയും പ്രശംസിച്ചത് നാം മറന്നിട്ടില്ല. ഇപ്പോഴാകട്ടെ സമരം ചെയ്യുന്ന ആശാവർക്കർമാരെ ഏറ്റവും കൂടുതൽ തെറിവിളിക്കുന്നത് സി.ഐ.ടി.യു. നേതാക്കളാണ്. ആശാവർക്കർമാരെ ഒരു നേതാവ് വിളിച്ചത് കീടം. മറ്റൊരു ദേശീയ നേതാവ് അവരെ പാട്ടകുലുക്കിപ്പിരിവുകാരാക്കി. മറ്റൊരു നേതാവ് ഈർക്കിൽ പാർട്ടിയാക്കി. ഏറ്റവും ഒടുവിൽ സമരപ്പന്തൽ സന്ദർശിച്ച കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മഴ നനഞ്ഞു നിന്ന സമരക്കാർക്ക് കുട നൽകിയത് മറ്റൊരു സി.ഐ.ടി.യു നേതാവ് വിമർശിച്ചു. ആ വിമർശനം കടന്നുപോയെന്ന് ആ നേതാവിന് ഇനിയും മനസ്സിലായിട്ടില്ല. പണ്ട് മുട്ടത്തു വർക്കി രചിച്ച ഒരു ബാലസാഹിത്യ കൃതി വായിച്ചതോർക്കുന്നു: "ഒരു കുടയും കുഞ്ഞു പെങ്ങളും" എന്നായിരുന്നു ആ ചെറുകൃതിയുടെ പേര് "കുറെ കുടകളും ഉമ്മകളും" എന്നൊരു രാഷ്ട്രീയ നോവൽ എഴുതാൻ ഈ ഡയലോഗ് കാച്ചിയ കെ.എൻ. ഗോപിനാഥ് തയ്യാറായാൽ അതൊരു "കട്ടൻ ചായയും പരിപ്പുവടയും" എന്ന ഈ.പി. സാഹിത്യത്തെ കവച്ചുവയ്ക്കുമെന്നത് തീർച്ച. ഡിസി ബുക്ക്സ് തന്നെ പ്രസാധനമേറ്റെടുത്ത് അടുത്ത പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് പുറത്തിറക്കാൻ പാർട്ടിയെ സ്നേഹിക്കുന്നവർ സന്നദ്ധരായാൽ നല്ലത്.

**സ്റ്റാർട്ടപ്പ് കണക്കും പി.ആറും.**

പെയ്ഡ് ന്യൂസിന്റെയും പെയ്ഡ് ഫീച്ചറുകളുടെയും കാലമാണിത്. പി.ആർ ഏജൻസികളുടെയും കുത്തകക്കാരുടെ പരസ്യങ്ങളുടെയും ഔദാര്യത്തിലാണ് പല മാധ്യമങ്ങളും 'കഞ്ഞി കുടി' മുട്ടാതെ പിടിച്ചു നിൽക്കുന്നത്. അങ്ങനെ വരുമ്പോൾ നിക്ഷേപക സംഗമം എന്ന വെടിമരുന്ന് പ്രയോഗത്തിനു മുമ്പ് ഏതൊരു ഭരണകൂടവും ചില അവകാശ വാദങ്ങളെല്ലാം അണിയറയിൽ തയ്യാറാക്കില്ലേ ? സ്റ്റാർട്ടപ്പ് ജീനോം എന്ന ഏതോ ഒരു കമ്പനിക്ക് ഡോളറുകൾ വീശിയെറിഞ്ഞാണ്, ഒരു 'പെട്ടിക്കട' പോലും നടത്താൻ കഴിയാത്ത വിധം 'സീൻ കോൺട്ര' ആയ വ്യാവസായിക കേരളത്തിനായി നുണകളുടെ തോരണങ്ങൾ വലിച്ചു കെട്ടാൻ പറ്റിയ പി.ആർ.പബ്ലിസിറ്റി തരപ്പെടുത്തിയതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആരോപണമുയർത്തിക്കഴിഞ്ഞു.

**പ്രായം 'വെട്ടിയ' മോഹങ്ങൾ ....**

സി.പി.എം. സംസ്ഥാന സമ്മേളനം കൊല്ലത്ത് ആരംഭിച്ചിരിക്കെ 75 വയസ്സ് പൂർത്തിയായ നേതാക്കൾ സജീവപ്രവർത്തനത്തിൽ നിന്നും സലാം പറയാൻ പെട്ടിയൊരുക്കിക്കഴിഞ്ഞു. പാർട്ടിയിൽ വലിയ പ്രാധാന്യമൊന്നും ഈ സീനിയർ സിറ്റിസൻമാർക്ക് ഇനി കിട്ടില്ല. അതല്ലെങ്കിൽ മോദിജിയോ പിണറായിയോ ഒക്കെ ആകേണ്ടിയിരുന്നു. പാർട്ടിയിൽ ഒതുക്കപ്പെട്ട്, പ്രായത്തിന്റെ പേരിൽ പുറത്തു പോകേണ്ടവർ 'രാഷ്ട്രീയ സ്വയം സമാധിയുടെ' നിസ്സംഗത ശീലിക്കുകയാണിപ്പോൾ.


സി.പി.എം.ൽ ഇപ്പോൾ 75 വയസ്സ് കഴിഞ്ഞു നിൽക്കുന്നവരിൽ പ്രമുഖർ ഏ.കെ. ബാലൻ, പി.കെ. ശ്രീമതി, ആനാവൂർ തങ്കപ്പൻ എന്നിവരാണ്. മേയ് മാസത്തിൽ ഇ.പി. ജയരാജനും ജൂൺ മാസത്തിൽ ഇടതു മുന്നണി കൺവീനർ ടി.പി. രാമകൃഷ്ണനും 75 വയസ്സ് തികയും. ഇപ്പോൾ 75 വയസ്സ് കഴിഞ്ഞവരെ മാത്രമല്ല പാർട്ടിയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് പുറത്താക്കുകയുള്ളൂ എന്ന് എം.വി. ജി. പറഞ്ഞു കഴിഞ്ഞു. അടുത്ത മാസങ്ങളിൽ 75 വയസ്സ് തികയുന്നവരുടെ കാര്യം സംഘടന പിന്നീട് ആലോചിച്ച് തീരുമാനിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. അതായത് ഈ.പി.ക്കും ടി.പി.ക്കും ചിലപ്പോൾ പ്രായപരിധിയിൽ പിന്നീട് ഇളവ് നൽകിയേക്കാമെന്ന് ചുരുക്കം. എങ്കിലും ലാസ്റ്റ് വാക്ക് ക്യാപ്ടന്റേതായിരിക്കും. കാരണം, കൊല്ലത്തേയ്ക്കുള്ള 'പാർട്ടി വണ്ടി' പുറപ്പെട്ടപ്പോൾ തന്നെ ലഭിക്കുന്ന സിഗ്നലുകൾ അതു തന്നെയാണ്! അതുകൊണ്ട് 'തിരുവാതിര' അറിയാത്തവർ അത് പഠിക്കുക. 'സ്തുതി കീർത്തനം'എഴുതാൻ ശീലമില്ലാത്തവർ ആ എഴുത്തുവിദ്യയും ശീലമാക്കുക.

ചുരുക്കത്തിൽ 'സൂര്യന്റെ' നേരെ നോക്കാതിരിക്കാൻ ശീലിക്കുക. ആ കാലടികളിലേക്ക് നോക്കി, ഒരു 'ഭക്തി ഗാനം' പാടുക. എങ്കിൽ നിങ്ങളുടെ പാർട്ടിജീവിതം ലൂസിഫർ പോലെയോ 'എമ്പുരാൻ' പോലെയോ ഹിറ്റാകും. കാരണം, 'ഒടിയൻ' നിങ്ങളുടെ പിന്നിലുണ്ട്; മുന്നിലുമുണ്ട്!



# അക്ബർ ചക്രവർത്തിയും സ്വാമി വിവേകാനന്ദനും മതമൈത്രിയുടെ വക്താക്കൾ

ഈ അത്യാധുനിക ലോകത്തിന്റെ മുന്നിലെ ഏറ്റവു വലിയ വെല്ലുവിളികളിലൊന്ന് വിവിധ ജാതി മതങ്ങളിൽപെട്ട ആളുകളെ എങ്ങിനെ സമാധാനപരമായി ഒരുമിപ്പിച്ച് കൊണ്ടുപോകാമെന്നതാണ്. പശ്ചിമേഷ്യയിലും ദക്ഷണേഷ്യയിലും മതഭൂരിപക്ഷവാദത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയെടുത്ത രാജ്യങ്ങളും യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും ക്രിസ്ത്യാനികളല്ലാത്തവരുടെ കുടിയേറ്റവുമെല്ലാം വൈഷമ്യം പിടിച്ചതാണ്. അത് പലപ്പോഴും അക്രമാസക്തവും സംഘർഷഭരിതവും ആയിത്തീരാറുണ്ട്. ഇതിന്റെ കാരണങ്ങളിലേക്കും പ്രശ്നപരിഹാരത്തിലേക്കും വെളിച്ചം വീശുന്ന ഒരു പുസ്തകം 2021ൽ പുറത്തിറങ്ങിയിരുന്നു.




വിവിധമതവിശ്വസങ്ങൾ തമ്മിലുള്ള ഇടപെടലുകളെക്കുറിച്ചും ഇഴയടുപ്പത്തെ അവസ്ഥയെക്കുറിച്ചും മറ്റും ഏറെ ആഴത്തിൽ ഗവേഷണം നടത്തി എഴുതിയിരിക്കുന്ന ആ പുസ്തകമാണ് 'ദി ഫെയ്ത്ത്സ് ഓഫ് അദേഴ്സ്: എ ഹിസ്റ്ററി ഓഫ് ഇന്റർലിലിജിയസ്.' അമേരിക്കൻ പണ്ഡിതനും ഹോവാർഡ് ഇന്ത്യാനയിലെ വാൽപാറൈസോ യൂണിവേഴ്സിറ്റിയിലെ ഹിസ്റ്ററി ആൻഡ് ഹ്യുമാനിറ്റീസ് പ്രൊഫസറുമായ തോമസ് ആൽബർട്ട് ഹോവാഡിന്റേതാണ് ഈ പുസ്തകം.

തോമസ് ആൽബർട്ട് ഹോവാഡിന്റെ പഠനത്തിൽ മതങ്ങൾ തമ്മിലുള്ള സംവാദത്തിന്റെ വക്താക്കളായി രണ്ട് ഇന്ത്യാക്കാർ പ്രത്യക്ഷപ്പെടുന്നുണ്ട്. മുഗൾ സാമ്രാജ്യത്തിന്റെ മൂന്നാമത്തെ ചക്രവർത്തിയായ ജലാലുദ്ദീൻ മുഹമ്മദ് അക്ബർ' ആണ് അതിലൊരാൾ. 1952ൽ പ്രസിദ്ധീകരിച്ച 'ദി ദിൻ ഇലാഹി ഓർ ദി റിലീജിയൻ ഓഫ് അക്ബർ' എന്ന പുസ്തകത്തെയാണ് അദ്ദേഹം പ്രധാനമായും ആശ്രയിക്കുന്നത്.

**'സഹിഷ്ണതയും സാർവ്വത്രീക സൗഹാർദ്ദവും ലോകത്തെ പഠിപ്പിച്ച ഒരു മതത്തിൽപെട്ടതിൽ താൻ അഭിമാനിക്കുന്നു. പീഡിതർക്കും അഭയാർത്ഥികൾക്കും അഭയം നൽകിയ ഒരു രാഷ്ട്രത്തിൽ പെട്ടതിൽ അഭിമാനിക്കുന്നു.' എന്നീവരികളാണ് തോമസ് ഹോവാഡ്തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നത്. ഒപ്പം ആ പ്രസംഗത്തിലെ ഏറ്റവും പ്രസക്തമായ വാചകം കൂടി അദ്ദേഹം എഴുതുതുന്നുണ്ട്.**

**അതിങ്ങനെയാണ്: 'വിഭാഗിയതയും മതഭ്രാന്തും അതിന്റെ ഭയാനകമായ സന്തതിയായ മതഭീകരതയും ഈ മനോഹരഭൂമിയെ ദീർഘകാലം കൈവശപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ അന്ത്യകാലമായിരിക്കുന്നു.' സ്വാമി വവേകാനന്ദൻ ഷിക്കാഗോയിൽ നടത്തിയ പ്രസംഗത്തിൽ നിന്നാണിത് എടുത്തിരിക്കുന്നത്.**

അക്ബർ ചക്രവർത്തി സ്ഥാപിച്ച മതമാണ് ദിൻ ഇലാഹി. തന്റെ സാമ്രാജ്യത്തിൽ വിശ്വാസിക്കപ്പെട്ടിരുന്ന മതങ്ങളുടെ നല്ല വശങ്ങൾ കൂട്ടിയിണക്കിയതാണ് ഈ മതം സൃഷ്ടിച്ചിരിക്കുന്നത്.

പ്രധാനമായും ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം, ജൈനമതം, സൊറോസ്ട്രിയൻമതം എന്നിവയിൽ നിന്നും ചില നല്ല വശങ്ങൾ സ്വീകരിച്ചുകൊണ്ടുള്ളതായിരുന്നു ആ പുതിയ മതം. എന്നാൽ ഒരിക്കൽപ്പോലും ആ മതത്തിന്റെ ഭാഗമാകാൻ അക്ബർ ആരെയും നിർബന്ധിച്ചിരുന്നില്ല. പ്രവേശനച്ചടങ്ങുകൾ ഒഴികെ ആചാരങ്ങളോ ആരാധന സ്ഥലമോ പുരോഹിതന്മരോ ദിൻ ഇലാഹിയിലുണ്ടായിരുന്നില്ല. സുൽഹ് കുൽ അഥവാ എല്ലാവർക്കും സമാധാനം എന്നതായിരുന്നു ഇതിന്റെ അടിസ്ഥാനം.

അക്ബറിന്റെ സമകാലീകനായ ഫിലിപ്പ് രണ്ടാമൻ രാജാവിന് അക്ബർ എഴുതിയ കത്ത് തോമസ് ആൽബർട്ട് ഹൊവാഡിനെ ഏറെ ആകർഷിച്ചു. ജൂതന്മാരേയും മുസ്ലീങ്ങളേയും പുറത്താക്കിയതിനു ശേഷം കടുത്ത കത്തോലിക്കാ രാഷ്ട്രമായി സ്പെയിൻ മാറിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ഇന്ത്യൻ സാഹചര്യങ്ങളിൽ നിന്നും പഠിക്കാൻ ശ്രമിണമെന്ന് അദ്ദേഹം ഫിലിപ്പ് രാജാവിനെ ഉപദേശിച്ചു.

'ഇവിടെ എല്ലാവരും കാര്യകാരണങ്ങളൊന്നും അന്വേഷിക്കാതെ താൻ ജനിച്ചതും വളർന്നതുമായ മതത്തെ പിന്തുടരുന്നവരാണ്. അങ്ങിനെ മനുഷ്യ ബുദ്ധിയുടെ ഏറ്റവും മഹത്തായ ലക്ഷ്യമായ സത്യാന്വേഷണത്തിനുള്ള ഉത്തരവാദിത്വത്തിൽ നിന്നും സ്വയം ഒഴിവാകുന്നു. അതിനാൽ ഞങ്ങൾ (ഇന്ത്യയിൽ) എല്ലാമതങ്ങളിലുമുള്ള പണ്ഡിതന്മാരുമായി സൗകര്യപ്രദമായ സമയങ്ങളിൽ ഒന്നിച്ചിരിക്കുന്നു. അങ്ങിനെ അവരുടെ വിശിഷ്ടമായപ്രഭാഷണങ്ങളിൽ നിന്നും ഉന്നതമായ ചിന്തകളിൽനിന്നും അറിവ് നേടുന്നു.'

അക്ബറിനും ശതാബ്ദങ്ങൾക്കു ശേഷം ജനിച്ച സ്വാമി വവേകാനന്ദനാണ് തോമസ് ഹോവാഡ് മുന്നോട്ടു വയ്ക്കുന്ന രണ്ടാമത്തെ ഇന്ത്യൻ മാതൃക. മറ്റുപല നിരീക്ഷകരേപ്പോലേയും 1893ൽ ഷിക്കാഗോയിലെ ലോക മത പാർലമെന്റിൽ വിവേകാനന്ദൻ നടത്തിയ പ്രസംഗം തന്നെയാണ് തോമസ് ഹോവാഡും ഉയർത്തിക്കാണിക്കുന്നത്. പാർലമെന്റിൽ വിവേകാനന്ദൻ നടത്തിയ പ്രസംഗത്തിലെ ആദർശങ്ങൾ അദ്ദേഹം നമുക്ക് പരിചയപ്പെടുത്തിത്തരുന്നു.

സൗഹൃദ കൂട്ടായ്മകളിലൂടേയും പരസ്പര ധാരണകളിലൂടേും വിവിധ മതസ്ഥർക്കിടയിൽ മനുഷ്യസാഹോദര്യത്തിന്റെ ചിന്തകൾ പ്രോൽസാഹിപ്പിക്കുകയും അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുക, ശാശ്വതമായ അന്താരാഷ്ടസമാധാനം ഉറപ്പാക്കുമെന്ന പ്രതീക്ഷയിൽ ഭൂമിയിലെ രാഷ്ടങ്ങളെ സൗഹൃദ ക്കൂട്ടായ്മയലേക്ക് കൊണ്ടുവരിക' എന്നതൊക്കെയാണ് ആ പ്രഭാഷണത്തിലെ കാതലായ ആശയമെന്നുകൂടി തോമസ് ഹോവാഡ് നിരീക്ഷിക്കുന്നു.

തുടർന്ന് വിവേകാനന്ദൻ ഷിക്കാഗോയിൽ നടത്തിയ പ്രസംഗത്തിൽ നിന്നുള്ള കൂടുതൽ ഭാഗങ്ങൾ തോമസ് ഹോവാഡ് ഉദ്ധരിക്കുന്നുമുണ്ട്: 'സഹിഷ്ണതയും സാർവ്വത്രീക സൗഹാർദ്ദവും ലോകത്തെ പഠിപ്പിച്ച ഒരു മതത്തിൽപെട്ടതിൽ താൻ അഭിമാനിക്കുന്നു. പീഡിതർക്കും അഭയാർത്തികൾക്കും അഭയം നൽകിയ ഒരു രാഷ്ട്രത്തിൽ പെട്ടതിൽ അഭിമാനിക്കുന്നു.' എന്നീ വരികളാണ് തോമസ് ഹോവാഡ് ചൂണ്ടിക്കാണിക്കുന്നത്. ഒപ്പം ആ പ്രസംഗത്തിലെ ഏറ്റവും പ്രസക്തമായ വാചകം കൂടി അദ്ദേഹം എഴുതുന്നുണ്ട്.

അതിങ്ങനെയാണ്: 'വിഭാഗിയതയും മതഭ്രാന്തും അതിന്റെ ഭയാനകമായ സന്തതിയായ മതഭീകരതയും ഈ മനോഹരഭൂമിയെ ദീർഘകാലം കൈവശപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ അന്ത്യകാലമായിരിക്കുന്നു.' പുസ്തകത്തിൽ മഹാത്മജിയെക്കുറിച്ച് ചില സന്ദർഭങ്ങളിൽ പറയുന്നുണ്ടെന്നല്ലാതെ അദ്ദേഹത്തിന്റെ മത ദർശനങ്ങളെക്കുറിച്ച് ആഴത്തിൽ ഒരിടത്തും പരാമർശിച്ചു കണ്ടില്ല. സത്യത്തിൽ അക്ബർ ചക്രവർത്തിയേക്കാളും വിവേകാനന്ദസ്വാമിയെക്കാളും ആഴത്തിലുള്ള മതബഹുസ്വരവാദിയും പ്രയോക്താവുമായിരുന്നില്ലെ മഹാത്മജി..?

## ഡൽഹി ഡെർബാർ

മതങ്ങൾ തമ്മിലുള്ള സംവാദവും മതങ്ങളെഉൾപ്പെടുത്തിയുള്ള സാമൂഹിക പ്രവർത്തനവുമെല്ലാം മഹാത്മജി എന്നും പ്രോൽസാഹിപ്പിക്കുകയല്ലെ ചെയ്തിരുന്നത്. എല്ലാ മതങ്ങളേയും ഒന്നിപ്പിച്ചുകൊണ്ടുള്ളതായിരുന്നു ദക്ഷിണാഫ്രിക്കയലേയും ഇന്ത്യയിലേയും അദ്ദേഹത്തിന്റെ സഹനസമരങ്ങളത്രയും.

അതെന്തുതന്നെയായാലും ആധുനിക യുഗത്തിലെ മതാന്തര സംവാദത്തിന്റെ പ്രധാന ചരിത്രമായി ഈ പുസ്തകം നിലകൊള്ളുന്നു. സമകാലിക ഭൂപ്രകൃതി പരശോധിക്കുന്നതിന് മുമ്പ് തോമസ് ഹോവാഡ് ഇന്റർഫെയ്ത്ത് ഡയലോഗിന്റെ ചരിത്രത്തിലെ നിരവധി പ്രധാന വഴിത്തിരിവുകൾ വിവരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.

പലരും മതാന്തര സംവാദത്തെക്കുറിച്ച് സിദ്ധാന്തിക്കുകയും പരിശീലിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ആധുനിക ചരിത്രത്തിലെ വിശാലമായ സംഭവവികാസങ്ങളുമായി അതിന്റെ ആവിർഭാവത്തെയും വ്യാപനത്തെയും ബന്ധിപ്പിച്ചുകൊണ്ട് കുറച്ചുപേർ അതിന്റെ ഭൂതകാലത്തലേക്ക് ശ്രദ്ധാപൂർവം പങ്കെടുത്തിട്ടുണ്ട്.

മതാന്തര സംവാദം അതിന്റെ ഭൂതകാലത്തെ സൂക്ഷ്മവും വിമർശനാത്മകവുമായ ശ്രദ്ധയുടെ വെളിച്ചത്തിൽ ഉൾക്കൊള്ളുന്നു. സമകാലികവും ആഗോളവുമായ മതബഹുസ്വരതയലേക്ക് ഉൾക്കാഴ്ച സംഭാവന ചെയ്യുന്നതോടൊപ്പം പരസ്പര സഹകരണവും അറിവും വളർത്തുന്നതിന് വൈവിധ്യമാർന്ന വിശ്വാസപശ്ചാത്തലത്തിലുള്ള ആളുകളെ സഹായിക്കുന്നതിനുള്ള വാഗ്ദാനങ്ങളുമുണ്ട് ഈ പുസ്തകത്തിൽ.

*എമ എൽസ എൽവിൻ*

# സൗദിയുടെ തലവര മാറ്റിയ കണ്ടെത്തൽ; 87 വർഷം മുമ്പ് സംഭവിച്ചത്...

ഗോത്ര സമൂഹങ്ങളും നാടോടി വിഭാഗങ്ങളും കൂടുതലുണ്ടായിരുന്ന ഒരു രാജ്യമായിരുന്നു സൗദി അറേബ്യ. 87 വർഷം മുമ്പ് ക്രൂഡ് ഓയിൽ ശേഖരം കണ്ടെത്തിയതോടെയാണ് സൗദിയിൽ പഴയ സൗദി അല്ലാതായി മാറിയത്. പിന്നീട് ജിസിസി മേഖല ആകെ മാറുന്നതാണ് ലോകം കണ്ടത്.

1938 മാർച്ച് മൂന്നിന് ആയിരുന്നു ദഹ്റാനിലെ അമേരിക്കൻ ഉടമസ്ഥതയിലുള്ള എണ്ണക്കിണറിൽ ക്രൂഡ് ഓയിൽ കണ്ടെത്തിയത്. ആ കണ്ടെത്തൽ ആധുനിക സൗദി അറേബ്യയുടെ അതിവേഗ കുതിപ്പിന് കാരണമാകുകയും ചെയ്തു. പിന്നീട് ലോകത്തെ പ്രധാന എണ്ണ ഉൽപ്പാദ-കയറ്റുമതി രാജ്യമായി സൗദി അറേബ്യ മാറി. സാമ്പത്തിക രംഗം മെച്ചപ്പെട്ടതോടെ സൗദിയിലെ സൗകര്യങ്ങളും വിപുലീകരിക്കപ്പെട്ടു. ആഗോള തലത്തിൽ സൗദിയുടെ സ്വാധീനവും ശക്തമായി. ലോക മുസ്ലിം സമൂഹത്തിന്റെ അപ്രഖ്യാപിത നേതാവായി സൗദി മാറി.



### സൗദിയുടെ മാറ്റത്തെപ്പറ്റി കൂടുതൽ അറിയാം

മക്കയിലേക്കും മദീനയിലേക്കും എത്തിയിരുന്ന തീർഥാടക സമൂഹങ്ങളായിരുന്നു എണ്ണ കണ്ടെത്തുന്നതിന് മുമ്പ് സൗദി അറേബ്യയുടെ പ്രധാന വരുമാന മാർഗങ്ങളിൽ ഒന്ന്. എണ്ണ കണ്ടെത്തിയതോടെ സൗദിയുടെ മാറ്റം അതിവേഗമായി. എണ്ണ മറ്റു നഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും കൊണ്ടുപോകുന്നതിന് എണ്ണക്കുഴലുകൾ സ്ഥാപിച്ചു. എണ്ണ ശുദ്ധീകരണ ശാലകളും തുറമുഖങ്ങളും സ്ഥാപിക്കപ്പെട്ടു.

സൗദിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ യാത്രാ സൗകര്യങ്ങൾ വിപുലീകരിച്ചു. വിമാനത്താവളങ്ങൾ എണ്ണം കൂട്ടിയതും ഇതേ തുടർന്നായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയെല്ലാം സൗദി അറേബ്യ നിയന്ത്രണത്തിലാക്കുന്നതായിരുന്നു പിന്നീട് കണ്ടത്. ഇന്ന് ലോകത്തെ എണ്ണംപ്പറഞ്ഞ കമ്പനികളിലെല്ലാം സൗദിയിലുള്ളവർക്ക് ഓഹരി പങ്കാളിത്തമുണ്ട്.

സൗദി അറേബ്യയുടെ ബജറ്റ് തീരുമാനിക്കുന്നത് പോലും ക്രൂഡ് ഓയിലിൽ നിന്നുള്ള വരുമാനമാണ്. ലോകത്തെ ഏറ്റവും വലിയ എണ്ണ കമ്പനിയായ അരാംകോ സൗദി അറേബ്യയുടേതാണ്. 1960ൽ എണ്ണ രാജ്യങ്ങളുടെ കൂട്ടായ്മ രൂപീകരിച്ചതിൽ സൗദി അറേബ്യയും ഉണ്ടായിരുന്നു. ഇറാഖ്, ഇറാൻ, കുവൈറ്റ്, വെനസ്വേല എന്നീ രാജ്യങ്ങളിയാരുന്നു അന്ന് സൗദിക്കൊപ്പം ഉണ്ടായിരുന്നത്. ബഗ്ദാദ് കേന്ദ്രമായിട്ടാണ് ഒപെക് രൂപീകരിക്കപ്പെട്ടത്.

ഖത്തർ, ഇന്തോനേഷ്യ, ലിബിയ, യുഎഇ, അൽജീരിയ, നൈജീരിയ, ഇക്വഡോർ, ഗാബോൺ, അംഗോള, ഗിനിയ, കോംഗോ എന്നീ രാജ്യങ്ങളെല്ലാം പിന്നീട് ഒപെകിൽ അംഗങ്ങളായി. പ്രധാന എണ്ണ കയറ്റുമതി രാജ്യമായതു കൊണ്ടുതന്നെ സൗദിയുമായി ബന്ധം സ്ഥാപിക്കുന്നതിൽ വൻ ശക്തി രാജ്യങ്ങൾ മൽസരിച്ചു. അമേരിക്കയുമായും യൂറോപ്യൻ രാജ്യങ്ങളുമായും ഏഷ്യൻ രാജ്യങ്ങളുമായും സൗദി അറേബ്യയ്ക്ക് ഇന്ന് മികച്ച സൗഹൃദമാണ്.

അമേരിക്കയുമായി ഉടക്കിയതോടെയാണ് ഇറാൻ സാമ്പത്തിക ഞെരുക്കത്തിലേക്ക് എത്തിയത്. അമേരിക്കയുമായി അകന്ന വേളയിൽ തന്നെയാണ് ഇറാഖിൽ സൈനിക അധിനിവേശം ഉണ്ടായത്. എന്നാൽ സൗദിയുമായി അമേരിക്കയും യൂറോപ്പും എല്ലാക്കാലവും നല്ല സൗഹൃദത്തിൽ തന്നെയാണ്.



# ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് സ്റ്റീവ് സ്മിത്ത്

ഓസ്ട്രേലിയൻ താരം സ്റ്റീവ് സ്മിത്ത് ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ചാമ്ബ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റ് ടൂർണമെന്റിന്റെ സെമി ഫൈനലിൽ ഇന്ത്യയോട് പരാജയപ്പെട്ട് പുറത്തായതിന് പിന്നാലെയാണ് താരത്തിന്റെ വിരമിക്കൽ പ്രഖ്യാപനം.2027 ഏകദിന ലോകകപ്പിനായി ഓസ്ട്രേലിയൻ യുവനിരയ്ക്ക് തയ്യാറെടുക്കാനുള്ള സമയമാണ് ഇനിയുള്ളത്. അതിനാൽ ഇതാണ് ഓസ്ട്രേലിയൻ ടീമിൽ നിന്ന് പിന്മാറാനുള്ള ശരിയായ സമയമെന്ന് സ്റ്റീവ് സ്മിത്ത് പറഞ്ഞു.'ഏകദിന ക്രിക്കറ്റിലെ എന്റെ യാത്ര വളരെ മികച്ചതായിരുന്നു. അതിലെ ഓരോ നിമിഷവും ഞാൻ ആസ്വദിച്ചു. ഒരുപാട് മികച്ച ഓർമകൾ എനിക്ക് ക്രിക്കറ്റിലുണ്ട്. രണ്ട് ലോകകപ്പുകൾ സ്വന്തമാക്കുന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. ഈ യാത്രയിൽ ഏറെ മികച്ച സുഹൃത്തുക്കളെയും എനിക്ക് ലഭിച്ചു. ടെസ്റ്റ് ക്രിക്കറ്റായിരിക്കും ഇനി എന്റെ പ്രഥമ പരിഗണനയിലുള്ളത്. ലോക ടെസ്റ്റ് ചാമ്ബ്യൻഷിപ്പിന്റ ഫൈനലാണ് മുന്നിലുള്ള ലക്ഷ്യം. ഓസ്ട്രേലിയയ്ക്കായി ടെസ്റ്റ് ക്രിക്കറ്റിൽ ഒരുപാട് സംഭാവനകൾ നൽകാൻ കഴിഞ്ഞു', സ്മിത്ത് പറഞ്ഞു.അതേസമയം സ്മിത്ത് ഏകദിന ക്രിക്കറ്റിൽ ഓസ്ട്രേലിയയ്ക്കായി 170 മത്സരങ്ങൾ കളിച്ചു. 5,800 റൺസ് താരം സ്വന്തമാക്കുകയും ചെയ്തു. 2015, 2023 ഏകദിന ലോകകപ്പ് നേടിയ ഓസ്ട്രേലിയൻ ടീമിൽ സ്മിത്ത് അംഗമായിരുന്നു. 64 ഏകദിനങ്ങളിൽ സ്മിത്ത് ഓസ്ട്രേലിയൻ ടീമിന്റെ ക്യാപ്റ്റനായിരുന്നു.

## 'പിച്ച്' വിവാദങ്ങൾക്കെതിരെ ഗൗതം ഗംഭീർ



ചാമ്പ്യൻസ് ട്രോഫി ടൂർണമെന്റിൽ ദുബായ് പിച്ചിൽ തുടർച്ചയായി മത്സരങ്ങൾ കളിക്കുന്നത് ഇന്ത്യൻ ടീമിന് മുൻതൂക്കം നൽകുമെന്ന വാദം നിഷേധിച്ചു ഇന്ത്യൻ മുഖ്യ പരിശീലകൻ ഗൗതം ഗംഭീർ. ടൂർണമെന്റ് സെമിഫൈനലിൽ കരുത്തരായ ഓസ്ട്രേലിയയെ 4 വിക്കറ്റുകൾക്ക് പരാജയപ്പെടുത്താൻ ഇന്ത്യൻ ടീമിന് സാധിച്ചിരുന്നു. ശേഷമാണ് ഇപ്പോൾ വിവാദ പ്രസ്താവനക്കെതിരെ ഗംഭീർ രംഗത്ത് എത്തിയത്. ചാമ്ബ്യൻസ് ട്രോഫിയിൽ ഇന്ത്യയുടെ മത്സരങ്ങൾ മാത്രമാണ് ദുബായ് സ്റ്റേഡിയത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ബാക്കി എല്ലാ ടീമുകളും പാക്കിസ്ഥാനിൽ മത്സരങ്ങൾ കളിക്കുമ്ബോൾ ഇന്ത്യ തങ്ങളുടെ മുഴുവൻ മത്സരങ്ങളിലും ദുബായിലാണ് കളിച്ചത്. ഇതിന് ശേഷമായിരുന്നു വിവാദങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. പക്ഷേ ഇതുമൂലം തങ്ങൾക്ക് യാതൊരു മുൻതൂക്കവും ലഭിച്ചിട്ടില്ല എന്ന് തുറന്നു പറഞ്ഞിരിക്കുകയാണ് ഗംഭീർ ഇപ്പോൾ.'ദുബായിൽ കളിക്കുന്നത് കൊണ്ട് ഇന്ത്യൻ ടീമിന് യാതൊരുതരം മുൻതൂക്കവും ലഭിച്ചിട്ടില്ല. മറ്റുള്ള ടീമുകളെ പോലെ തന്നെ ഞങ്ങളെ സംബന്ധിച്ചും ദുബായ് സ്റ്റേഡിയം ന്യൂട്രൽ വേദിയാണ്. ഇതുവരെയും ഈ മൈതാനത്ത് ഒരു പരിശീലനം പോലും നടത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. - ഗൗതം ഗംഭീർ പറഞ്ഞു.

# സച്ചിന്റെ റെക്കോർഡ് തകർത്തു; അപൂർവ്വനേട്ടം സ്വന്തമാക്കി കോഹ്‌ലി




ചാമ്പ്യൻസ് ട്രോഫിയിൽ ഓസ്ട്രേലിയക്കെതിരെ വിരാട് കോലി സ്വന്തമാക്കിയത് അപൂർവ്വ റെക്കോർഡ്. ഐസിസി ടൂർണമെൻറുകളിൽ ഏറ്റവും കൂടുതൽ 50 പ്ലസ് സ്കോറുകൾ നേടുന്ന ബാറ്ററെന്ന റെക്കോർഡാണ് കോഹ്‌ലി സ്വന്തമാക്കിയത്. ചാമ്പ്യൻസ് ട്രോഫി സെമിയിൽ ഓസ്ട്രേലിയക്കെതിരെ നേടിയ അർധസെഞ്ചുറി ഐസിസി ടൂർണമെൻറുകളിലെ കോഹ്‌ലിയുടെ 24-ാമത് 50 പ്ലസ് സ്കോറാണ്.അതേസമയം 58 ഇന്നിംഗ്സുകളിൽ 23 തവണ അമ്പതോ അതിലധികമോ റണ്ണെടുത്തിട്ടുള്ള സച്ചിൻ ടെൻഡുൽക്കറെയാണ് കോഹ്‌ലി പിന്നിലാക്കിയത്. 53 ഇന്നിംഗ്സിൽ നിന്നാണ് കോലി ഈ റെക്കോർഡ് സ്വന്തമാക്കിയത്. രോഹിത് ശർമ (42 ഇന്നിംഗ്സിൽ 18), കുമാർ സംഗാക്കര (56 ഇന്നിംഗ്സിൽ 17), റിക്കി പോണ്ടിംഗ് (60 ഇന്നിംഗ്സിൽ 16) എന്നിവരെല്ലാം കോഹ്‌ലിക്ക് പിന്നിലാണ്. കൂടാതെ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ റൺസടിക്കുന്ന താരമെന്ന റെക്കോർഡും കോഹ്‌ലിയുടെ പേരിലായി. 2013-2017 കാലയളവിൽ 10 മത്സരങ്ങളിൽ നിന്ന് ശിഖർ ധവാൻ നേടിയ 701 റൺസാണ് കോഹ്‌ലി ഇന്ന് മറികടന്നത്. ഇതോടെ കോഹ്‌ലി ഐസിസി ഏകദിന ടൂർണമെൻറുകളിൽ ഏറ്റവും കൂടുതൽ തവണ മികച്ച താരമാകുന്നവരുടെ പട്ടികയിൽ നാലാം സ്ഥാനത്തെത്തി. രോഹിത് ശർമ(8), ഗ്ലെൻ മക്ഗ്രാത്ത്(8), സച്ചിൻ ടെൻഡുൽക്കർ(10) എന്നിവരാണ് കോഹ്‌ലിക്ക് മുന്നിലുള്ളവർ.

# രോഹിത് ശർമ്മ എത്ര കാലം ക്രിക്കറ്റ് കളിക്കും? ഗംഭീറിന്റെ മറുപടി ഇങ്ങനെ

ചാമ്പ്യൻസ് ടോഫി ഒന്നാം സെമിയിൽ ഓസ്ട്രേലിയയെ തോൽപിച്ചതിനു ശേഷം നടന്ന വാർത്താസമ്മേളനത്തിൽ രോഹിത് ശർമ്മയുടെ ഭാവിയെക്കുറിച്ച് വ്യക്തമായ മറുപടി നൽകാതെ ഇന്ത്യയുടെ ഹെഡ് കോച്ച് ഗൗതം ഗംഭീർ. ഓസീസുമായി നടന്ന സെമിഫൈനലിൽ തുടക്കം മുതൽ ശരിയായ വേഗത്തിൽ കളിച്ചതിന് കോച്ച് ഗൗതം ഗംഭീർ ക്യാപ്റ്റനെ പ്രശംസിച്ചു. രോഹിത് ശർമ്മയുടെ നേതൃത്വത്തിൽ അപരാജിതരായി ഫൈനലിൽ ഇന്ത്യൻ ടീം എത്തിനിൽക്കുമ്പോഴും രോഹിത് ശർമ്മയുടെ ഭാവിയെ ക്കുറിച്ചുള്ള ചോദ്യങ്ങൾ ക്രിക്കറ്റ് ലോകത്ത് നിറഞ്ഞു നിൽക്കുകയാണ്. 'ചാമ്പ്യൻസ് ട്രോഫിയുടെ ഫൈനൽ ഇപ്പോൾ വരാനിരിക്കുന്നു അതിനുമുമ്പ് എനിക്ക് എന്ത് പറയാൻ കഴിയും നിങ്ങളുടെ ക്യാപ്റ്റൻ ഇത്രയും വേഗത്തിൽ ബാറ്റ് ചെയ്താൽ, അത് ഡ്രസ്സിംഗ് റൂമിനു വളരെ നല്ല സൂചന നൽകുന്നു. ഞങ്ങൾ തികച്ചും നിർഭയരും ധൈര്യശാലികളുമാണ്. നിങ്ങൾ റൺസിൽ നിന്നും വിലയിരുത്തുന്നു ഞങ്ങൾ മത്സരഫലത്തിൽ നിന്നും വിലയിരുത്തുന്നു അതാണ് വ്യത്യാസം. മാധ്യമ പ്രവർത്തകർ, വിദഗ്ധർ എന്നീ നിലകളിൽ നിങ്ങൾ നമ്പറുകളും ശരാശരികളും നോക്കുന്നു എന്നാൽ പരിശീലകൻ, ഒരു ടീം എന്ന നിലയിൽ ഞങ്ങൾ അത് നോക്കുന്നില്ല. ക്യാപ്റ്റൻ മുൻകൈ എടുത്താൽ ഡ്രസ്സിംഗ് റൂമിൽ അതിനേക്കാൾ മികച്ചതായി മറ്റൊന്നുമില്ല' രോഹിതിന്റെ ഭാവിയെക്കുറിച്ച് ചോദിച്ച റിപ്പോർട്ടിറിന് മുഖ്യ പരിശീലകൻ ഗൗതം ഗംഭീർ നൽകിയ മറുപടി.

# ചാംപ്യൻസ് ലീഗ്; തകർപ്പൻ ജയവുമായി ആഴ്സണൽ




യുവേഫാ ചാംപ്യൻസ് ലീഗിൽ തകർപ്പൻ ജയവുമായി ഇംഗ്ലിഷ് ഭീമൻമാരായ ആഴ്സണൽ. പിഎസ് വി ഐന്തോവനെതിരേ 7-1ന്റെ ജയമാണ് ആഴ്സണൽ നേടിയത്. ഡച്ച് ക്ലബ്ബ് പിഎസ് വിയുടെ തട്ടകത്തിൽ നടന്ന പ്രീക്വാർട്ടർ ആദ്യപാദ മൽസരത്തിൽ ആറു താരങ്ങൾ ചേർന്നാണ് ആഴ്സസണലിനായി ഏഴു ഗോൾ നേടിയത്. 45, 73 മിനിറ്റുകളിലായി ലക്ഷ്യം കണ്ട മാർട്ടിൻ ഒഡെഗാർഡ് ഇരട്ട ഗോൾ നേടി. മറ്റു ഗോളുകൾ ജൂറിയൻ ടിംബർ (18ാം മിനിറ്റ്), ഏതൻ വാനേരി (21), മൈക്കൽ മെറീനോ (31), ലിയാൻഡ്രോ ട്രൊസാർഡ് (45), കലാഫിയോറി (85) എന്നിവർ നേടി. പിഎസ്വിയുടെ ആശ്വാസഗോൾ 43ാം മിനിറ്റിൽ പെനൽറ്റിയിൽനിന്ന് നോവ ലാങ് നേടി.മാഡ്രിഡ് ക്ലബ്ബുകളുടെ പോരാട്ടത്തിൽ റയൽ മാഡ്രിഡ് 2-1ന് അത്ലറ്റിക്കോയോട് വിജയിച്ചു. റോഡ്രിഗോ (നാലാം മിനിറ്റ്) ബ്രാഹിം ഡയസ് (55ാം മിനിറ്റ്) എന്നിവർ നേടിയ ഗോളുകളിലാണ് റയൽ മഡ്രിഡ് അത്ലറ്റിക്കോ മഡ്രിഡിനെ വീഴ്ത്തിയത്. അത്ലറ്റിക്കോയുടെ ഏക ഗോൾ 32ാം മിനിറ്റിൽ അർജന്റീന താരം യൂലിയൻ അൽവാരസ് നേടി. ഈ സീസണിൽ ഒൻപതു മത്സരങ്ങളിൽനിന്ന് അർജന്റീന താരത്തിന്റെ ഏഴാം ഗോളായിരുന്നു ഇത്.

# ക്യാപ്റ്റൻസിയിൽ ലോക റെക്കോഡിട്ട് ഇന്ത്യൻ നായകൻ




ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ ഫൈനലിൽ കടന്നിരിക്കുകയാണ് ടീം ഇന്ത്യ. ടൂർണമെന്റിൽ ഉജ്ജ്വല ഫോമിലുള്ള ടീം, സെമിഫൈനലിൽ ഓസ്ട്രേലിയയെ കീഴടക്കിയാണ് ഫൈനലിൽ പ്രവേശിച്ചിരിക്കുന്നത്. ഇന്നലെ നടന്ന ആദ്യ സെമിയിൽ നാല് വിക്കറ്റിനായിരുന്നു ഇന്ത്യൻ വിജയം.ഒരു ഐസിസി ടൂർണമെന്റിൽ കൂടി ഇന്ത്യയെ ഫൈനലിൽ എത്തിച്ചതിന് പിന്നാലെ ലോക ക്രിക്കറ്റിലെ ഒരു കിടിലൻ റെക്കോഡ് സ്വന്തമാക്കാനും ക്യാപ്റ്റൻ രോഹിത് ശർമക്കായി.നാല് വ്യത്യസ്ത ഐസിസി ടൂർണമെന്റുകളിൽ ടീമിനെ ഫൈനലിൽ എത്തിക്കുന്ന ലോകത്തെ ആദ്യ ക്യാപ്റ്റനെന്ന റെക്കോഡാണ് രോഹിത് സ്വന്തമാക്കിയത്.ഏകദിന ലോകകപ്പിലും, ടി20 ലോകകപ്പിലും, ഐസിസി ചാമ്പ്യൻസ് ട്രോഫിയിലും ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിലും രോഹിതിന് കീഴിൽ ഇന്ത്യ ഫൈനലിൽ എത്തി.രോഹിതിന് കീഴിൽ കളിച്ച ഏകദിന ലോകകപ്പിലും ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിലും തോൽവി നേരിട്ട ടീം ഇന്ത്യ, 2024 ൽ നടന്ന ടി20 ലോകകപ്പിൽ കിരീടം ചൂടി.

## ഗ്ലാമർ പോരാട്ടം ! ഇന്ത്യ–ഓസ്ട്രേലിയ സെമി ഫൈനലിന് റെക്കോർഡ് കാഴ്ചക്കാർ

വൻ ശക്തികൾ ഏറ്റുമുട്ടിയ ഇന്ത്യ-ഓസ്ട്രേലിയ ചാംപ്യൻസ് ട്രോഫി സെമി ഫൈനൽ മത്സരം ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ജിയോ ഹോട്ട്സ്റ്റാറിലൂടെ കണ്ടത് റെക്കോർഡ് പ്രേക്ഷകർ. 66.9 കോടി പ്രേക്ഷകരാണ് ജിയോ ഹോട്ട് സ്റ്റാറിലൂടെ ആദ്യ സെമി ഫൈനൽ ലൈവായി കണ്ടത്. ഈ ചാംപ്യൻസ് ട്രോഫി ടൂർണമെന്റിലെ ഏറ്റവും ഗ്ലാമർ പോരാട്ടമായി കണക്കാക്കിയിരുന്ന ഇന്ത്യ-പാകിസ്ഥാൻ മത്സരദിവസത്തെ റെക്കോർഡാണ് ഇതോടെ തകർത്തത്. ഇന്ത്യ-പാകിസ്ഥാനെ തോൽപ്പിച്ച ഗ്രൂപ്പ് എയിലെ മത്സരത്തിന് 61.1 കോടി കാഴ്ചക്കാരുണ്ടായിരുന്നു. ഈ രണ്ട് മത്സരങ്ങളും ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വെച്ചാണ് നടന്നത്. 2023ലെ ഐപിഎൽ ഫൈനൽ ജിയോ സിനിമയിലൂടെ 62 കോടി ആളുകൾ കണ്ടതാണ് ഈ വിഭാഗത്തിൽ ഇതുവരെയുണ്ടായിരുന്ന സർവകാല റെക്കോർഡ്. 2023ൽ നടന്ന ഇന്ത്യ-പാകിസ്ഥാൻ മാച്ച് ടെലിവിഷനിലും ഡിസ്നി പ്ലസ് ഹോട്ട് സ്റ്റാറിലുമായി, 39.8 കോടി ആളുകൾ കണ്ട സ്ഥാനത്താണ് ഈ വൻ വർധന രേഖപ്പെടുത്തിയത്.

## 'സ്ലീവലെസ് ജഴ്സി ധരിക്കരുത്'; നിയന്ത്രണങ്ങൾ കടുപ്പിക്കാൻ ബിസിസിഐ




ഇന്ത്യൻ താരങ്ങൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഐപിഎല്ലിലും നടപ്പാക്കാനൊരുങ്ങി ബിസിസിഐ. മാർച്ച് 22ന് തുടങ്ങുന്ന ഈ സീസൺ മുതലാവും നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുക. ഓസ്ട്രേലിയക്കെതിരായ ബോർഡർ ഗാവസ്കർ ട്രോഫി പരമ്പരയിലെ കനത്ത തോൽവിക്ക് പിന്നാലെയാണ് ബിസിസിഐ ഇന്ത്യൻ താരങ്ങൾക്ക് കടുത്ത നിയന്ത്രങ്ങൾ ഏർപ്പെടുത്തിയത്. ടീമിനൊപ്പമുള്ള യാത്രകളിൽ കുടുംബാംഗങ്ങൾക്ക് വിലക്ക്, പരിശീലന സെഷനുകളിൽ നിർബന്ധമായും പങ്കെടുക്കണം, പരിശീലനത്തിനായി എല്ലാവരും ഒരുമിച്ച് ടീം ബസ്സിൽ യാത്രചെയ്യണം തുടങ്ങിയവയാണ് ചാമ്പ്യൻസ് ട്രോഫി മുതൽ നിലവിൽ വന്ന നിയന്ത്രണങ്ങൾ. ഇത് ഐപിഎല്ലിലും നടപ്പാക്കുകയാണെന്ന് ബിസിസിഐ കഴിഞ്ഞമാസം പതിനെട്ടിന് ടീം ഫ്രാഞ്ചൈസികളെ അറിയിച്ചു. മത്സര ദിവസത്തിനൊപ്പം ഇനിമുതൽ പരിശീലന ദിവസങ്ങളിലും താരങ്ങളുടെ കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്കോ അക്രഡിറ്റേഷനില്ലാത്ത സപ്പോർട്ട് സ്റ്റാഫിനോ ഡ്രസ്സിംഗ് റൂമിൽ പ്രവേശിക്കാനാവില്ല.ടീം ഡോക്ടർ ഉൾപ്പട്ടെ സപ്പോർട്ട് സ്റ്റാഫിൽ പന്ത്രണ്ടുപേരിൽ കൂടുതൽ പാടില്ല. സമ്മാനദാന ചടങ്ങിൽ സ്ലീവലെസ് ജഴ്സി ധരിക്കരുത് തുടങ്ങിയ നിർദേശങ്ങളുമുണ്ട്.

## പാക് ഫുട്ബോൾ ഫെഡറേഷന്റെ സസ്പെൻഷൻ ഫിഫ പിൻവലിച്ചു

ശരിയായ ഭരണം ഉറപ്പാക്കാൻ ആവശ്യമായ ഭരണഘടനാ ഭേദഗതികൾ വരുത്തിയതിന് പിന്നാലെ പാകിസ്ഥാൻ ഫുട്ബോൾ ഫെഡറേഷന്റെ സസ്പെൻഷൻ ഫിഫ ഔദ്യോഗികമായി പിൻവലിച്ചു. ആവശ്യമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതിൽ പിഎഫ്എഫ് കോൺഗ്രസ് അംഗങ്ങളുടെ പരാജയത്തെത്തുടർന്ന് 2025 ഫെബ്രുവരി 5ന് ഫിഫ പാകിസ്താന് സസ്പെൻഷൻ ഏർപ്പെടുത്തിയിരുന്നു. നിരവധി ചർച്ചകൾക്ക് ശേഷം, പിഎഫ്എഫ് അംഗങ്ങൾ കഴിഞ്ഞ ആഴ്ച ഫിഫയുമായി സമവായത്തിലെത്തി, സസ്പെൻഷൻ പിൻവലിക്കുന്നതായി ഫിഫ സ്ഥിരീകരിച്ചു. 2019 മുതൽ, പാകിസ്ഥാൻ ഫുട്ബോൾ ഫിഫ നിയോഗിച്ച നോർമലൈസേഷൻ കമ്മിറ്റിയുടെ നിയന്ത്രണത്തിലാണ്. ഭരണഘടനാ ഭേദഗതികൾക്കായി എഎഫ്സി ഉദ്യോഗസ്ഥൻ ലാഹോർ സന്ദർശിച്ചതിന് പിന്നാലെയാണ് ഈ വഴിത്തിരിവ്.

# 30 കഴിഞ്ഞ പുരുഷന്മാരേ.. ഈ പോഷകങ്ങൾ നിർബന്ധം



30 വയസ്സ് തികയുമ്പോൾ പുരുഷന്മാർക്ക് നിരവധി ശാരീരിക മാറ്റങ്ങൾ സംഭവിക്കുന്നു. അത് അവരുടെ മൊത്തത്തിലുള്ള ആരോഗ്യത്തെയും ക്ഷേമത്തെയും ബാധിക്കുന്നു. മെറ്റബോളിസം മന്ദഗതിയിലാകുന്നു, ടെസ്റ്റോസ്റ്റിറോൺ അളവ് കുറയാൻ തുടങ്ങുന്നു, ഹൃദ്രോഗം, പ്രമേഹം, ഓസ്റ്റിയോപൊറോസിസ് തുടങ്ങിയ രോഗങ്ങളുടെ സാധ്യത വർദ്ധിക്കുന്നു.

നല്ല ആരോഗ്യം നിലനിർത്തുന്നതിന് സമീകൃതാഹാരം, പതിവ് വ്യായാമം, ആരോഗ്യകരമായ ജീവിതശൈലി എന്നിവ പ്രധാനമാണ്. എന്നാൽ ഇത് മാത്രമല്ല, പോഷകക്കുറവ് വിവിധ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും.

ചില പ്രധാന പോഷകങ്ങൾ ഊർജ്ജം വർദ്ധിപ്പിക്കാനും പേശികളുടെ പ്രവർത്തനം വർദ്ധിപ്പിക്കാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കും. 30 വയസ്സിനു മുകളിലുള്ള പുരുഷന്മാർ നിർബന്ധമായും കഴിക്കേണ്ട ചില പ്രധാന പോഷകങ്ങൾ ഇതാ.

### ഒമേഗ–3 ഫാറ്റി ആസിഡുകൾ

ഹൃദയാരോഗ്യത്തിനും വൈജ്ഞാനിക പ്രവർത്തനത്തിനും ഒമേഗ-3 ഫാറ്റി ആസിഡുകൾ അത്യാവശ്യമാണ്. അമേരിക്കൻ ഹാർട്ട് അസോസിയേഷൻ (എഎച്ച്എ) പറയുന്നത്, ഒമേഗ-3 വീക്കം കുറയ്ക്കാനും, മോശം കൊളസ്ട്രോൾ കുറയ്ക്കാനും, പുരുഷന്മാരുടെ പ്രായമാകമ്പോൾ തലച്ചോറിന്റെ പ്രവർത്തനത്തെ പിന്തുണയ്ക്കാനും സഹായിക്കുന്നു എന്നാണ്. ജേണൽ ഓഫ് ദി അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ (ജാമ) പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ, ഒമേഗ-3 കളുടെ പതിവ് ഉപഭോഗം ഹൃദ്രോഗ സാധ്യത കുറയ്ക്കുമെന്ന് കണ്ടെത്തി.

### വിറ്റാമിൻ ഡി

ശക്തമായ അസ്ഥികൾ നിലനിർത്തുന്നതിനും, ടെസ്റ്റോസ്റ്റിറോൺ അളവ് വർദ്ധിപ്പിക്കുന്നതിനും, മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനും വിറ്റാമിൻ ഡി പ്രധാനമാണ്. പുരുഷന്മാരിൽ, പ്രത്യേകിച്ച് സൂര്യപ്രകാശം കുറവുള്ളവരിൽ, വിറ്റാമിൻ ഡിയുടെ കുറവ് സാധാരണമാണ്. മതിയായ വിറ്റാമിൻ ഡിയുടെ അളവ് പേശികളുടെ ശക്തി വർദ്ധിപ്പിക്കുകയും, വീക്കം കുറയ്ക്കുകയും, ഓസ്റ്റിയോപൊറോസിസ് സാധ്യത കുറയ്ക്കുകയും ചെയ്യും.

### മഗ്നീഷ്യം

30 വയസ്സിനു മുകളിലുള്ള പുരുഷന്മാരിൽ മഗ്നീഷ്യത്തിന്റെ കുറവ് രക്തസമ്മർദ്ദം, ക്ഷീണം, പേശിവലിവ് എന്നിവ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ മഗ്നീഷ്യം അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുക.

### സിങ്ക്

രോഗപ്രതിരോധ പ്രവർത്തനം, മുറിവ് ഉണക്കൽ, ടെസ്റ്റോസ്റ്റിറോൺ ഉത്പാദനം എന്നിവയിൽ സിങ്ക് നിർണായക പങ്ക് വഹിക്കുന്നു. സിങ്ക് അളവ് കുറവുള്ള പുരുഷന്മാർക്ക് ലിബിഡോ കുറയൽ, ബീജത്തിന്റെ ഗുണനിലവാരം കുറയൽ, രോഗപ്രതിരോധ ശേഷി കുറയൽ എന്നിവ അനുഭവപ്പെടാം. ജേണൽ ഓഫ് ന്യൂട്രീഷനിൽ നടത്തിയ ഒരു പഠനത്തിൽ സിങ്ക് ടെസ്റ്റോസ്റ്റിറോൺ അളവ് വർദ്ധിപ്പിക്കാനും മൊത്തത്തിലുള്ള പ്രത്യുൽപാദന ആരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കുമെന്ന് കണ്ടെത്തി.

### ആന്റിഓക്സിഡന്റ്

Coenzyme Q10 (Co-Q10) എന്ന ആന്റിഓക്സിഡന്റ് ഹൃദയാരോഗ്യം, സെല്ലുലാർ ഊർജ്ജ ഉൽപ്പാദനം, ഓക്സിഡേറ്റീവ് സമ്മർദ്ദം കുറയ്ക്കൽ എന്നിവയെ പിന്തുണയ്ക്കുന്നതിന് സഹായിക്കുന്നു. Co-Q10 സപ്ലിമെന്റേഷൻ രക്തക്കുഴലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഹൃദ്രോഗ സാധ്യത കുറയ്ക്കുന്നതിനും സഹായിക്കുന്നു, പ്രത്യേകിച്ച് 30 വയസ്സിനു മുകളിലുള്ള പുരുഷന്മാരിൽ.

### കുടലിന്റെ ആരോഗ്യം

ദഹനം, പ്രതിരോധശേഷി, മൊത്തത്തിലുള്ള ക്ഷേമം എന്നിവയ്ക്ക് ആരോഗ്യകരമായ ഒരു കുടൽ മൈക്രോബയോം അത്യാവശ്യമാണ്. പ്രോബയോട്ടിക്കുകൾ കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, വീക്കം കുറയ്ക്കുന്നതിനും, പോഷകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രോബയോട്ടിക് സപ്ലിമെന്റേഷൻ ഉത്കണ്ഠയുടെയും വിഷാദത്തിന്റെയും ലക്ഷണങ്ങൾ കുറയ്ക്കുന്നതിലൂടെ മാനസികാരോഗ്യത്തെ പിന്തുണയ്ക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

# ഈ തെറ്റുകൾ ഒഴിവാക്കാം ! ഭക്ഷണസാധനങ്ങൾ ഇങ്ങനെ വേണം ഫ്രിഡ്ജിൽ സൂക്ഷിക്കാൻ

ഭക്ഷണ സാധനങ്ങൾ കേടാകാതെ സൂക്ഷിക്കാൻ സഹായിക്കുന്ന ഒരു ഉപകരണമാണ് റഫ്രിജറേറ്റർ. പാകം ചെയ്ത ഭക്ഷണങ്ങൾ മാത്രമല്ല, പച്ചക്കറികൾ, ഭക്ഷ്യവസ്തുക്കൾ, പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ എന്നിവയും നമ്മൾ റഫ്രിജറേറ്ററിൽ സൂക്ഷിക്കുന്നു.

അതിനാൽ, അടുക്കളയിൽ റഫ്രിജറേറ്റർ വളരെ ഉപയോഗപ്രദമായ ഒരു ഉപകരണമാണ്. എന്നിരുന്നാലും, അത് ശരിയായി സൂക്ഷിച്ചില്ലെങ്കിൽ, ഭക്ഷണ സാധനങ്ങൾ കേടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. കേടായ ഭക്ഷണ സാധനങ്ങൾ കഴിച്ചാൽ അത് ഭക്ഷ്യജന്യ രോഗങ്ങളിലേക്കും നയിക്കുന്നു. ഈ തെറ്റുകൾ ആവർത്തിക്കുന്നത് ഒഴിവാക്കാം.

### ഭക്ഷണ സാധനങ്ങൾ അടച്ച് സൂക്ഷിക്കാം

ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുമ്പോൾ എപ്പോഴും വിട്ടുപോകുന്ന കാര്യമാണ് സാധനങ്ങൾ അടച്ചുസൂക്ഷിക്കുന്നത്. പാകം ചെയ്ത ഭക്ഷണങ്ങൾ നിർബന്ധമായും അടച്ചുവെക്കേണ്ടതുണ്ട്. ഭക്ഷണ സാധനങ്ങൾ തുറന്നുവെക്കുമ്പോൾ അത് എളുപ്പത്തിൽ കേടാവുകയും ഫ്രിഡ്ജിലെ മറ്റ് ഭക്ഷ്യവസ്തുക്കളെക്കൂടെ കേടാക്കുകയും ചെയ്യുന്നു.

### അധികമായി പൊതിയരുത്

ഭക്ഷ്യവസ്തുക്കൾ പൊതിഞ്ഞു സൂക്ഷിക്കുന്നത് നല്ലതാണെങ്കിലും കൂടുതൽ ഇറുകുന്ന രീതിയിൽ പൊതിയരുത്. ഇത് ഭക്ഷണവസ്തുക്കൾ എളുപ്പത്തിൽ ചീഞ്ഞു പോകാൻ കാരണമാകും.

### കഴുകേണ്ടതില്ല

എല്ലാതരം പച്ചക്കറികളും പഴവർഗ്ഗങ്ങളും കഴുകേണ്ടതില്ല. ചിലതിൽ ഈർപ്പം ഉണ്ടായാൽ പെട്ടെന്ന് കേടാവാനുള്ള സാധ്യത വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ പച്ചക്കറികളായ കോളിഫ്ളവർ, ക്യാരറ്റ് പഴവർഗ്ഗങ്ങളായ ഓറഞ്ച്, പേരക്ക എന്നിവ കഴുകരുത്. ഇത്തരം ഭക്ഷണ സാധനങ്ങളിൽ ഈർപ്പം ഉണ്ടായാൽ അതുമൂലം ബാക്റ്റീരിയകൾ ഉണ്ടാവുകയും അത് കഴിച്ചാൽ നമുക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

### ഫ്രിഡ്ജിലെ തട്ടുകൾ

ഫ്രിഡ്ജിനുള്ളിൽ പലതരം തട്ടുകളാണുള്ളത്. ഓരോ വസ്തുക്കളും വെവ്വേറെയായി സൂക്ഷിക്കാൻ വേണ്ടിയാണ് ഈ സംവിധാനം ഫ്രിഡ്ജിനുള്ളിൽ ഉള്ളത്. അതുകൊണ്ട് തന്നെ ഭക്ഷണ വസ്തുക്കളുടെ സ്വഭാവം മനസ്സിലാക്കി വേണം ഓരോന്നും സൂക്ഷിക്കേണ്ടത്. ഇത് നിങ്ങളുടെ ഭക്ഷണ സാധനകളെ ഫ്രഷ് ആയിരിക്കാൻ സഹായിക്കും.

### പച്ചക്കറികൾ

നമ്മളിൽ മിക്കവരും പച്ചക്കറികൾ വാങ്ങിയാലുടൻ ഫ്രിഡ്ജിൽ വയ്ക്കുന്നു. ഓരോ പച്ചക്കറിക്കും വ്യത്യസ്ത പരിചരണം ആവശ്യമാണ്. അതിനാൽ, ഫ്രിഡ്ജിൽ സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഉരുളക്കിഴങ്ങ്, ഉള്ളി എന്നിവ ഫ്രിഡ്ജിൽ സൂക്ഷിക്കരുത്.

എന്നിരുന്നാലും, കാരറ്റ്, മുള്ളങ്കി, കോളിഫ്ളവർ തുടങ്ങിയ പച്ചക്കറികൾ ഫ്രിഡ്ജിൽ സൂക്ഷിക്കണം. ഇവ സൂക്ഷിക്കുമ്പോൾ, പ്ലാസ്റ്റിക് റാപ്പിലോ മറ്റ് പേപ്പർ ബാഗുകളിലോ പൊതിയരുത്. അവ ഇലക്കറികളാണെങ്കിൽ, അവ നന്നായി കഴുകി ഫ്രിഡ്ജിൽ സൂക്ഷിക്കുക.

# ഹൃദയത്തെ കാക്കാൻ പ്രഭാതഭക്ഷണത്തിനു മുൻപ് ഈ 5 കാര്യങ്ങൾ ചെയ്യൂ!

ഹൃദയാരോഗ്യം നിലനിർത്തേണ്ടത് വളരെ പ്രധാനമാണ്. ഹൃദ്രോഗം ബാധിച്ചവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. പ്രായമായവരെ മാത്രമല്ല, ചെറുപ്പക്കാരെയും ഈ രോഗം കൂടുതലായി ബാധിക്കുന്നു. അനാരോഗ്യകരമായ ജീവിതശൈലി ഹൃദയാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പ്രഭാതഭക്ഷണത്തിന് മുമ്പ് ചില ആരോഗ്യകരമായ ശീലങ്ങൾ പാലിക്കുന്നത് ഹൃദയത്തെ ആരോഗ്യകരമായി നിലനിർത്താൻ സഹായിക്കും.

### വെള്ളം കുടിക്കുക

ഹൃദയാരോഗ്യത്തിന് ആവശ്യത്തിന് ജലാംശം അത്യാവശ്യമാണ്. കുറഞ്ഞത് 2 ഗ്ലാസ് ഇളം ചൂടുള്ള വെള്ളം കുടിച്ചു കൊണ്ട് ദിവസം ആരംഭിക്കുക. ശാരീരിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അളവിൽ ദ്രാവകം ശരീരത്തിന് നൽകാൻ ഇത് സഹായിക്കും.

### സൂര്യപ്രകാശമേൽക്കുക

തിരക്കേറിയ ജീവിതത്തിനിടയിൽ പ്രഭാതത്തിൽ സൂര്യപ്രകാശം ഏൽക്കുന്നത് കുറച്ചിട്ടുണ്ട്. രാവിലെ സൂര്യപ്രകാശമേൽക്കുന്നതും വിറ്റാമിൻ ഡി മരുന്നുകൾ കഴിക്കുന്നതും ഹൃദയത്തിന്റെ പ്രവർത്തനം നിലനിർത്താനും ഹൃദയ സംബന്ധമായ അസുഖ സാധ്യത കുറയ്ക്കാനും സഹായിക്കും.

### അര മണിക്കൂർ ഫോൺ നോക്കാതിരിക്കുക

രാവിലെ എഴുന്നേൽക്കുമ്പോൾ ആദ്യം ഫോൺ നോക്കാതെ മനസ് ശാന്തമാക്കാൻ ശ്രദ്ധിക്കുക. രാവിലെ ഫോൺ പരിശോധിക്കുന്നതിലൂടെ അറിയുന്ന കാര്യങ്ങൾ ചിലരെ ഉത്കണ്ഠാകുലരാക്കും. ഇതെല്ലാം സമ്മർദം കൂട്ടും, ഹൃദയാരോഗ്യത്തെ പ്രതികൂലമായി ബാധിക്കും.

### ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക

എല്ലാ ദിവസവും രാവിലെ ഏതെങ്കിലും തരത്തിലുള്ള ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക. വ്യായാമം ശരീരഭാരം നിയന്ത്രിക്കാൻ സഹായിക്കുക മാത്രമല്ല, ഹൃദയ സംബന്ധമായ ഫിറ്റ്നസും മൊത്തത്തിലുള്ള ഹൃദയാരോഗ്യവും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ശാരീരിക പ്രവർത്തനങ്ങളുടെ അഭാവം ഹൃദയാരോഗ്യത്തെ ബാധിക്കും.

### ആരോഗ്യകരമായ പ്രഭാതഭക്ഷണം കഴിക്കുക

ഹൃദയാരോഗ്യത്തിന്റെ, ഒരു പ്രധാന ഭാഗമാണ് ഭക്ഷണക്രമം. പ്രഭാതഭക്ഷണത്തിനായി പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, ലീൻ പ്രോട്ടീനുകൾ എന്നിവ പോലുള്ള ഹൃദയാരോഗ്യകരമായ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുക. രക്തസമ്മർദ്ദവും കൊളസ്ട്രോളും നിയന്ത്രിക്കുന്നതിന് പൂരിത കൊഴുപ്പുകൾ, ട്രാൻസ് ഫാറ്റുകൾ, സോഡിയം എന്നിവയുടെ അളവ് പരിമിതപ്പെടുത്തുക.

# വളർത്ത് മൃഗങ്ങൾക്ക് ദോഷമില്ലാത്ത ഇൻഡോർ പ്ലാന്റുകൾ!

വീട്ടുചെടികളും വളർത്തുമൃഗങ്ങളും നമുക്ക് ഒരുപോലെ സന്തോഷം നൽകുന്നു. എന്നാൽ ചെടികൾ തിരഞ്ഞെടുക്കുമ്പോൾ, അവ വീട്ടിലെ മൃഗങ്ങൾക്ക് സുരക്ഷിതമാണെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. ചില സസ്യങ്ങൾ കാണാൻ മനോഹരമായിരിക്കാം, പക്ഷേ അവ അപകടകരവുമാണ്. വീട്ടിൽ സസ്യങ്ങൾ വളർത്താൻ പദ്ധതിയിടുമ്പോൾ, നിങ്ങൾ അവയുടെ ഭംഗി നോക്കുക മാത്രമല്ല, നല്ല ഗുണങ്ങളുള്ള സസ്യങ്ങൾ തിരഞ്ഞെടുക്കുകയും വേണം. വീട്ടിൽ സുരക്ഷിതമായി വളർത്താൻ കഴിയുന്ന 5 ഇൻഡോർ സസ്യങ്ങളെ പരിചയപ്പെടാം.



### സ്പൈഡർ പ്ലാന്റ്

ഈ ഇൻഡോർ പ്ലാന്റുകൾക്ക് വായുവിനെ ശുദ്ധീകരിക്കാനുള്ള കഴിവുണ്ട്. കൂടാതെ വളരെ ചെറിയ രീതിയിൽ മാത്രമേ ഈ ചെടികൾക്ക് പരിപാലനം ആവശ്യമായി വരുന്നുള്ളൂ. ഇത് വീട്ടിൽ സുരക്ഷിതമായി വളർത്താൻ പറ്റുന്ന ഇൻഡോർ പ്ലാന്റാണ്.

### ബാംബൂ പാം

ഏവർക്കും പ്രിയമേറിയ ഒന്നാണ് ബാംബൂ ചെടികൾ. വിഷാംശം ഇല്ലാത്തതും വീടിനുള്ളിൽ ഇൻഡോർ പ്ലാന്റ് ആയോ വീടിന് പുറത്തോ വളർത്താൻ സാധിക്കുന്ന ചെടികളാണിത്. ബാംബൂ പാം നിങ്ങളുടെ ഗാർഡന് കൂടുതൽ ഭംഗി നൽകുകയും ചെയ്യുന്നു.

### ബോസ്റ്റോൺ ഫേൺ

ചുറ്റുപാടുമുള്ള വായുവിനെ ശുദ്ധീകരിക്കാൻ കഴിവുള്ള ചെടിയാണ് ബോസ്റ്റോൺ ഫേൺ. കൂടാതെ ഇവ ഈർപ്പത്തെ നിലനിർത്താനും സഹായിക്കുന്നു.

ഇത് വിഷാംശമില്ലാത്ത ചെടിയാണ്. അതുകൊണ്ട് തന്നെ വീടുകളിൽ ധൈര്യമായി വളർത്താം.

### അരേക്ക പാം

വീട്ടിൽ സുരക്ഷിതമായി വളർത്താൻ സാധിക്കുന്ന ഇൻഡോർ പ്ലാന്റാണ് അരേക്ക പാം. വളരെ ചെറിയ രീതിയിൽ മാത്രം പരിപാലനം ആവശ്യമുള്ള ചെടികളാണ് ഇവ.

സൂര്യപ്രകാശം നേരിട്ട് അടിക്കാത്ത എന്നാൽ നല്ല രീതിയിൽ വെളിച്ചം ലഭിക്കുന്ന സ്ഥലത്ത് ആയിരിക്കണം അരേക്ക പാം വളർത്തേണ്ടത്.

### കലാത്തിയ

ആകൃതിയിലും നിറത്തിലും മറ്റ് ചെടികളിൽ നിന്നും വ്യത്യസ്തമാണ് കലാത്തിയ. വീട്ടിൽ വളർത്താൻ പറ്റിയ സുരക്ഷിതമായ ചെടിയാണ് ഇത്. വീടിനുള്ളിലും പുറത്തും ഇവ വളർത്താൻ സാധിക്കും. വളരെ ചെറിയ രീതിയിലുള്ള വെളിച്ചമാണ് ഇതിന് ആവശ്യം.

### പോൾക്ക ഡോട്ട് പ്ലാന്റ്

പോൾക്ക ഡോട്ട് ചെടികൾക്ക് വർണ്ണാഭമായ ഇലകളും പുള്ളികളുമുണ്ട്, സാധാരണയായി പിങ്ക്, പച്ച നിറങ്ങളിൽ. അവ ചെറുതും ഭംഗിയുള്ളതുമാണ്, അതിനാൽ അവ ഷെൽഫുകൾക്കോ മേശകൾക്കോ അനുയോജ്യമാകും. ഈ ചെടികൾ പൂച്ചകൾക്ക് സുരക്ഷിതവും വളരാൻ എളുപ്പവുമാണ്. അവയ്ക്ക് തിളക്കമുള്ളതും പരോക്ഷമായ വെളിച്ചവും ഈർപ്പമുള്ള മണ്ണും ഇഷ്ടമാണ്.

### സ്നേക്ക് പ്ലാന്റ്

റാറ്റിൽസ്നേക്ക് പ്ലാന്റ് പൂച്ചകൾക്ക് സുരക്ഷിതമാണ്. ഇതിന് രസകരമായ പാറ്റേണുകളുള്ള നീളമുള്ള, ഇലകളുണ്ട്. ഈ സസ്യത്തിന് ഈർപ്പം, പരോക്ഷ വെളിച്ചം എന്നിവ മതിയാവും. മറ്റ് ചിലതിനെ അപേക്ഷിച്ച് ഇതിനെ പരിപാലിക്കാൻ അൽപ്പം ബുദ്ധിമുട്ടാണ്, പക്ഷേ ഇത് ശരിക്കും മനോഹരമായി കാണപ്പെടുന്നു.

# 6G ചീറിപ്പായും ! വേഗത നൽകാൻ എഐ മോഡലുകൾ വരുന്നു

6G പോലുള്ള അടുത്ത തലമുറ വയർലെസ് നെറ്റ്‌വർക്കുകൾ വേഗത്തിലാക്കാൻ സഹായിക്കുന്ന കൃത്രിമബുദ്ധി മോഡലുകൾ ശാസ്ത്രജ്ഞർ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭാവി നെറ്റ്‌വർക്കുകളിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ എഐ സാധ്യമാക്കുമെന്ന് ഗവേഷകർ പ്രതീക്ഷിക്കുന്നു.




വൈദ്യുതകാന്തിക സ്പെക്ട്രത്തിന്റെ ഉയർന്ന ഫ്രീക്വൻസി മില്ലിമീറ്റർവേവ് (mmWave) ബാൻഡുകൾ ഉപയോഗിക്കുന്ന വയർലെസ് നെറ്റ്‌വർക്കുകളിൽ സിഗ്നൽ ഡാറ്റ എഐ വഴി ഒപ്റ്റിമൈസ് ചെയ്യുന്നതിലൂടെ, കണക്റ്റിവിറ്റി പ്രശ്നങ്ങൾ ഗണ്യമായി കുറഞ്ഞുവെന്ന് ഗവേഷകർ കണ്ടെത്തി.

കൂടാതെ എഐ സിസ്റ്റം നഗരപ്രദേശങ്ങളിലെ അടക്കം വ്യത്യസ്ത സാഹചര്യങ്ങളിൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തിയെന്നും പഠനം പറയുന്നു. ട്രാൻസാക്ഷൻസ് ഓൺ വയർലെസ് കമ്മ്യൂണിക്കേഷൻസിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിലാണ് എഐ സംവിധാനത്തെ കുറിച്ച് വിശദീകരിക്കുന്നത്.

'അടുത്ത തലമുറ വയർലെസ് നെറ്റ്‌വർക്കുകളിൽ വർധിക്കുന്ന ഡാറ്റാ ഡിമാൻഡ് പരിഹരിക്കുന്നതിന്, മില്ലിമീറ്റർവേവ് ബാൻഡുകളിലെ സമൃദ്ധമായ ഫ്രീക്വൻസി റിസോഴ്സ് പ്രയോജനപ്പെടുത്തേണ്ടത് അത്യാവശ്യമാണ്' പഠനത്തിന്റെ മുഖ്യ ഗവേഷകനും ദക്ഷിണ കൊറിയയിലെ ഇഞ്ചിയോൺ നാഷണൽ യൂണിവേഴ്സിറ്റിയിലെ ടെലികമ്മ്യൂണിക്കേഷൻസ് വിഭാഗത്തിലെ പ്രൊഫസറുമായ ബ്യൂങ്ജു ലീ പറഞ്ഞു.

തങ്ങളുടെ പുതിയ രീതി കൃത്യമായ ബീംഫോർമിംഗ് ഉറപ്പാക്കുന്നുവെന്നും, ഇത് ഉപയോക്താക്കൾ യാത്രയിലായിരിക്കുമ്പോൾ പോലും സിഗ്നലുകളെ ഉപകരണങ്ങളുമായി തടസ്സമില്ലാതെ ബന്ധിപ്പിക്കാൻ അനുവദിക്കുന്നുവെന്നും ലീ പറഞ്ഞു.

ട്രാൻസ്ഫോർമർഅസിസ്റ്റഡ് പാരാമെട്രിക് സിഎസ്ഐ ഫീഡ്ബാക്ക് എന്ന് വിളിക്കപ്പെടുന്ന എഐ സിസ്റ്റത്തിന്, ബേസ് സ്റ്റേഷനും ഉപയോക്താവും തമ്മിലുള്ള കണക്ഷൻ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വയർലെസ് നെറ്റ്‌വർക്കിൽ തത്സമയ ക്രമീകരണങ്ങൾ നടത്താൻ സാധിച്ചു. ഉപഭോക്താവ് വേഗത്തിൽ വേഗത്തിൽ നീങ്ങുന്നുണ്ടെങ്കിൽ പോലും ഇത് സാധിക്കുമെന്ന് ഗവേഷകർ പറയുന്നു.

## വിവർത്തനം ഒന്നുകൂടെ നന്നാക്കിയാലോ... 'ക്വസ്റ്റ്യൻ ഫീച്ചർ' സംവിധാനവുമായി ഗൂഗിൾ




ഗൂഗിൾ ട്രാൻസ്ലേറ്റ് ഉപയോഗിക്കാത്തവർ വിരളമായിരിക്കുമല്ലേ.. ഒരിക്കൽ വിവർത്തനം ചെയ്ത് കിട്ടിയ കുറിപ്പ് അപൂർണമാണെങ്കിൽ തർജമ മെച്ചപ്പെടുത്താൻ വല്ല വഴിയുമുണ്ടോ? എന്നാൽ ...ഉണ്ട് ..

ഗൂഗിൾ ട്രാൻസ്ലേറ്റിൽ ഇനി അതിന് കഴിയും. ഗൂഗിൾ ട്രാൻസ്ലേറ്റ് ആപ്പിൽ പുതിയ എ.ഐ അധിഷ്ഠിത ഫോളോ അപ് 'ക്വസ്റ്റ്യൻ ഫീച്ചർ' ഉൾപ്പെടുത്തിയേക്കുമെന്ന് റിപ്പോർട്ട്. തർജമ ചെയ്ത വിഷയത്തിൽ തുടർന്നും മാറ്റങ്ങൾ ആവശ്യപ്പെടുത്താനും തർജമ മെച്ചപ്പെടുത്താനും ഈ ഫീച്ചർ ഉപയോഗപ്പെടുത്താനാവും.

ഉച്ചാരണം മനസ്സിലാക്കാൻ ഉപയോക്താക്കൾക്ക് ഒരു ശബ്ദ ഐക്കൺ വഴി വിവർത്തനം ചെയ്ത വാചകം കേൾക്കാനാകും. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് തർജമ ചെയ്താൽ അതുമായി ബന്ധപ്പെട്ട തുടർ ചോദ്യങ്ങൾ ചോദിക്കാൻ പ്രത്യേകം ബട്ടൻ നൽകിയിട്ടുണ്ടാവും.

നിലവിൽ ഈ ഫീച്ചർ ഗൂഗിൾ ഔദ്യോഗികമായി അവതരിപ്പിച്ചിട്ടില്ല. ഗൂഗിൾ ട്രാൻസ്ലേറ്റ് ആപ്പിന്റെ 9.3.78.731229477.7 പതിപ്പിലാണ് ഈ സവിശേഷത ഉൾപ്പെടുത്തിയിരിക്കുന്നത്. ജനറേറ്റിവ് എ.ഐ ഉൾപ്പെടുത്തുന്നതോടെ യന്ത്ര തർജമ കൂടുതൽ കൃത്യതയുള്ളതാകും. ഇന്ത്യൻ ഭാഷകളിൽ ഈ ഫീച്ചർ ലഭിക്കുമോ എന്ന് വ്യക്തമല്ല.

## വാട്സ്ആപ്പ് പേയ്മെന്റിൽ യുപിഐ ലൈറ്റ് ഉടൻ



ജനപ്രിയ മെസേജിംഗ് പ്ലാറ്റ്ഫോമായ വാട്സ്ആപ്പ് വളരെക്കാലമായി ഉപയോക്താക്കൾക്ക് പേയ്മെന്റ് ഓപ്ഷനുകൾ വാഗ്ദാനം ചെയ്തുവരുന്നു. ഇതിനായി യുപിഐ ഉപയോഗിക്കാം. ഇപ്പോൾ, പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് യുപിഐ ലൈറ്റ് ഫീച്ചർ ഉടൻ തന്നെ ആപ്പിൽ ചേർക്കുമെന്നാണ്. ഇത് ഉപയോക്താക്കൾക്ക് വേഗത്തിലും എളുപ്പത്തിലും പേയ്മെന്റുകൾ നടത്താനുള്ള ഓപ്ഷൻ നൽകും.

വാട്സ്ആപ്പ് ഈ പുതിയ ഫീച്ചർ അതിന്റെ പേയ്മെന്റ് സിസ്റ്റത്തിൽ ചേർക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വാട്സ്ആപ്പ് യുപിഐ ലൈറ്റ് പരീക്ഷിച്ചു കൊണ്ടിരിക്കുകയാണെന്നും ചെറുതും ഇടയ്ക്കിടെയുള്ളതുമായ ഇടപാടുകൾ വേഗത്തിലും സൗകര്യപ്രദമായും നടത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു ഫീച്ചറാണിതെന്നും വിവിധ റിപ്പോർട്ടുകൾ പറയുന്നു.

ഗൂഗിൾ പേ, ഫോൺപേ, പേടിഎം പോലുള്ള പേയ്മെന്റ് ആപ്പുകളുമായി മത്സരിക്കാൻ വാട്സ്ആപ്പിനെ ഈ നീക്കം സഹായിക്കും. ഡിജിറ്റൽ പേയ്മെന്റുകൾ വ്യാപകമായി ഉപയോഗിക്കുന്ന ഇന്ത്യ പോലുള്ള വിപണികളിൽ വാട്സ്ആപ്പിന് ഇത് പ്രത്യേകിച്ചും ഗുണം ചെയ്യും.

ഇന്ത്യയിൽ വാട്സ്ആപ്പ് ഇതിനകം തന്നെ യുപിഐ പേയ്മെന്റുകളെ പിന്തുണയ്ക്കുന്നുണ്ട്. എന്നാൽ യുപിഐ ലൈറ്റ് കൂടി ചേർക്കുന്നത് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കും.

യുപിഐ ലൈറ്റിന് പുറമേ, വാട്സ്ആപ്പ് അതിന്റെ പ്ലാറ്റ്ഫോമിൽ ബിൽ പേയ്മെന്റ് ഓപ്ഷനുകൾ അവതരിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും വിവിധ റിപ്പോർട്ടുകൾ പറയുന്നു. ഇത് ആപ്പിനുള്ളിൽ തന്നെ യൂട്ടിലിറ്റി ബില്ലുകൾ അടയ്ക്കുന്നതും മൊബൈൽ പ്ലാനുകൾ റീചാർജ് ചെയ്യുന്നതും മറ്റും സാധ്യമാക്കും.

# അമ്പട കേമാ! മനുഷ്യരുടെ ത്വക്കിനും രുചി അറിയാനാകുമെന്ന് പഠനം



വിവിധ തരം രുചികൾ മനസിലാക്കാൻ സഹായിക്കുന്നത് നാവിലെ രുചിമുകുളങ്ങളാണ്. നമ്മുടെ ശരീരത്തിൽ നാവിന് മാത്രമല്ല ത്വക്കിനും രുചി തിരിച്ചറിയാൻ സാധിക്കുമെന്നാണ് കണ്ടെത്തൽ. നാവിൽ ചവർപ്പ് രുചി തിരിച്ചറിയാൻ സാധിക്കുന്ന രുചിമുകുളങ്ങൾ ത്വക്കിലും സ്ഥിതിചെയ്യുന്നുവെന്നാണ് പഠനം.

2024 ൽ നടന്ന പഠനമാണ് ഇപ്പോൾ ചർച്ചാ വിഷയമായിരിക്കുന്നത്. ശരീരത്തിലേക്ക് വിഷമുള്ളതും ഹാനികരവുമായ പദാർഥങ്ങൾ കടക്കാതിരിക്കാനുള്ള പ്രതിരോധത്തിന്റെ ഭാഗമായാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

ജപ്പാനിലെ ഒക്കയാമ യൂണിവേഴ്സിറ്റി ഓഫ് സയൻസിലെ ഗവേഷകരാണ് പഠനം നടത്തിയത്. ഇതിലെ കണ്ടെത്തലുകൾ എഫ്എഎസ്ഇബി ബയോഅഡ്വാൻസസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നാവിൽ ചവർപ്പ് രുചിയെ തിരിച്ചറിയാൻ സഹായിക്കുന്ന കോശങ്ങളാണ് ടൈപ്പ്2 ടേസ്റ്റ് റിസപ്റ്റേഴ്സ് ( TAS2Rs). നാവിൽ മാത്രമല്ല ഈ കോശങ്ങൾ നമ്മുടെ ത്വക്കിലുമുണ്ടെന്നാണ് ഗവേഷകർ തിരിച്ചറിഞ്ഞത്. ത്വക്കിന് പുറമെ കുടൽ, ആമാശയം, ശ്വാസനാളം എന്നിവയിലും ഈ കോശങ്ങളുടെ സാന്നിധ്യമുണ്ട്.

2015ൽ തന്നെ ത്വക്കിൽ ഈ രുചിമുകുളങ്ങളുടെ സാന്നിധ്യം ഗവേഷകർ തിരിച്ചറിഞ്ഞിരുന്നു. പഠനത്തിനായി ഗവേഷകർ മനുഷ്യചർമം പരീക്ഷണശാലയിൽ വളർത്തിയെടുത്തു. തുടർന്ന് ചവർപ്പ് രുചിയുള്ള രാസവസ്തുക്കളെ ലാബിൽ വളർത്തിയെടുത്ത ചർമത്തിലേക്ക് പ്രയോഗിച്ചു.

ഫിനൈൽ തയോ കാർബാമൈഡ് (പി.ടി.സി) എന്ന രാസവസ്തുവാണ് ഇതിനായി ഉപയോഗിച്ചത്. ത്വക്കിലെ രുചിമുകുളങ്ങൾ പി.ടി.സിയെ തിരിച്ചറിയുകയും ഇതിനെ പുറന്തള്ളാൻ ശരീരത്തെ സഹായിക്കുന്ന സംയുക്തങ്ങളെ ഉത്പാദിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തി. ചവർപ്പ് രുചിയുള്ള പദാർഥങ്ങളെ പ്രതിരോധിക്കാൻ സ്വാഭാവികമായി ശരീരം തയ്യാറാകുന്നുവെന്നാണ് ഇതിലൂടെ മനസിലാക്കുന്നത്. ഇത്തരം രുചിയുള്ള പദാർഥങ്ങൾ ശരീരത്തിന് ഹാനികരമാണെന്ന രീതിയിലാണ് ഇവ പ്രവർത്തിക്കുന്നത്.

വിഷ പദാർഥങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാൻ ചർമ്മത്തിനെ സഹായിക്കുകയാണ് ഇവ ചെയ്യുന്നത്. ചർമ്മത്തിലെ ടൈപ്പ്2 ടേസ്റ്റ് റിസപ്റ്റേഴ്സിനെ ഉദ്ദീപിപ്പിക്കുന്ന നിരുപദ്രവകരമായ മരുന്നുകൾ ഉപയോഗിച്ചാൽ ചർമ്മത്തിൽ നിന്ന് വിഷപദാർഥങ്ങൾ പുറന്തള്ളാൻ സഹായിച്ചേക്കുമെന്നും പഠനം പറയുന്നു.

## ടെക് ലോകത്ത് മത്സരം കടുക്കും! 'ആപ്പ്' ആയി പുറത്തിറങ്ങാനൊരുങ്ങി മെറ്റ എഐ




മെറ്റ പുറത്തിറക്കിയ എഐ ചാറ്റ്ബോട്ടായ മെറ്റ എഐ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, മെസഞ്ചർ, ഇൻസ്റ്റഗ്രാം ഉപയോക്താക്കൾക്കിടയിൽ വലിയ സ്വീകാര്യതയാണ് നേടിയത്. ഇപ്പോഴിതാ മെറ്റ തങ്ങളുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ചാറ്റ്ബോട്ട് ഒരു സ്വതന്ത്രആപ്പായിപുറത്തിറക്കാൻപദ്ധതിയിടുന്നതായാണ് റിപ്പോർട്ട് പറയുന്നത്.

2023 സെപ്തംബറിൽ ആരംഭിച്ച മെറ്റ എഐ, വിവിധ ജോലികൾക്കായി വലിയ ഭാഷാ മോഡലുകൾ ഉപയോഗിക്കുന്ന ഒരു വെർച്വൽ അസിസ്റ്റന്റാണ്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, മെസഞ്ചർ, വാട്സ്ആപ്പ് എന്നിവയുൾപ്പെടെയുള്ള സോഷ്യൽ മീഡിയ ആപ്പുകളിൽ കമ്പനി നിലവിൽ മെറ്റാ എഐ വാഗ്ദാനം ചെയ്യുന്നുണ്ട്.

ഇത് ഒരു വെബ് ക്ലയന്റായും ലഭ്യമാണ്. പക്ഷെ ഒരു ആപ്പായി ഇതുവരെ മെറ്റയെ മാറ്റിയിട്ടില്ല. മൊബൈലിലായാലുംഡെസ്ക്ടോപ്പിലായാലുംമെറ്റ ചാറ്റ്ബോട്ട് ആയിട്ടാണ് പ്രവർത്തിക്കുന്നത്.

അതേസമയം, എഐ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ വർഷം 65 ബില്യൺ ഡോളർ ചെലവഴിക്കാൻ കമ്പനി പദ്ധതിയിടുന്നതായി മെറ്റാ സിഇഒ മാർക്ക് സക്കർബർഗ് പ്രഖ്യാപിച്ചു. എഐ മേഖലയിൽ ആധിപത്യം സ്ഥാപിക്കുകയാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ആപ്പ് ലോഞ്ച് ചെയ്യാൻ കഴിയുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 2025 അവസാനത്തോടെ കമ്പനിയെ എഐ മേഖലയിൽ ഒരു ശക്തി കേന്ദ്രമാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണ് ഇതെന്നും റിപ്പോർട്ടുണ്ട്.

## രാസായുധങ്ങൾ നശിപ്പിക്കുമെന്ന് സിറിയ

ഡമാസ്കസ് : സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പ്രസിഡന്റ് ബഷർ അൽ-അസദിന്റെ കീഴിൽ നിർമ്മിക്കപ്പെട്ട അവശേഷിക്കുന്ന എല്ലാ ആയുധ ശേഖരങ്ങളും നശിപ്പിക്കുമെന്ന് സിറിയൻ വിദേശകാര്യ മന്ത്രി. ഹേഗിൽ നടന്ന രാസായുധ നിരോധന സംഘടനയുടെ യോഗത്തിൽ, ഈ വേദനാജനകമായ പൈതൃകം അവസാനിപ്പിക്കുമെന്നും, ഇരകൾക്ക് നീതി ലഭ്യമാക്കുമെന്നും, അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കുന്നത് ഉറപ്പാക്കുമെന്നും ആസാദ് അൽ-ഷിബാനി കൂട്ടിച്ചേർത്തു. 2013-ൽ, കിഴക്കൻ, പടിഞ്ഞാറൻ ഗൗട്ടയിലെ വിമതരുടെ നിയന്ത്രണത്തിലുള്ള നിരവധി പ്രാന്തപ്രദേശങ്ങളിൽ രാസവസ്തു സരിൻ അടങ്ങിയ റോക്കറ്റുകൾ തൊടുത്തുവിടുകയും നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടിരുന്നു. തന്റെ സൈന്യം റോക്കറ്റുകൾ പ്രയോഗിച്ചിട്ടില്ലെന്നായിരുന്നു അസദ് അന്ന് പറഞ്ഞത്.പക്ഷേ രാസായുധ കൺവെൻഷനിൽ (സിഡബ്ല്യുസി) ഒപ്പുവെക്കാനും സിറിയയുടെ പ്രഖ്യാപിത രാസായുധ ശേഖരം നശിപ്പിക്കാൻ ഒപസിഡബ്ല്യു-യുഎൻ സംയുക്ത ദൗത്യത്തിന് അനുമതി നൽകാനും അദ്ദേഹം സമ്മതിച്ചു. 2017 ലും 2018 ലും അഞ്ച് രാസായുധ പ്രയോഗ കേസുകളുടെ കുറ്റവാളി സിറിയൻ സൈന്യമാണെന്ന് തിരിച്ചറിഞ്ഞു.2018ലെ ഡൂമയിൽ നടന്ന ആക്രമണവും ഇതിൽ ഉൾപ്പെടുന്നു.




# ക്രൂഡ് ഓയിൽ വില കുറയും; ഉൽപ്പാദനം കൂട്ടാൻ ഒപെക് പ്ലസ് രാജ്യങ്ങൾ


സൗദി: ക്രൂഡ് ഓയിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ഒപെക് + രാജ്യങ്ങൾ. ഏപ്രിൽ മുതൽ ക്രൂഡ് ഓയിൽ ഉൽപ്പാദനം കൂട്ടാം എന്നാണ് ഒപെക് പ്ലസ് രാജ്യങ്ങളുടെ തീരുമാനം. ഏപ്രിൽ മുതൽ ഓരോ ദിവസവും 138000 ബാരൽ ഉൽപ്പാദനമാണ് കൂട്ടുക.ഇതിനെത്തുടർന്ന് ബ്രെന്റ് ക്രൂഡ് ബാരലിന് ഒരു ഡോളർ കുറഞ്ഞു. യുഎസ് ഡബ്ല്യുടിഐ ക്രൂഡ് 67 ഡോളറായി കുറഞ്ഞു. മൂന്ന് രാജ്യങ്ങൾക്കെതിരെ യുഎസ് ഉയർന്ന താരിഫ് നടപ്പാക്കാൻ തുടങ്ങി. കാനഡ, മെക്സിക്കോ, ചൈന എന്നിവിടങ്ങളിൽ യുഎസ് അധിക താരിഫ് ചുമത്തി.ഈ രണ്ട് തീരുമാനങ്ങളും എണ്ണവില കുറയ്ക്കാൻ വഴിയൊരുക്കും. കാനഡ, മെക്സിക്കോ, ചൈന എന്നീ രാജ്യങ്ങൾക്കെതിരെയാണ് അധിക ചുങ്കം അമേരിക്ക ചുമത്തിയത്. ആവശ്യമുള്ളതിന്റെ 85 ശതമാനവും ഇറക്കുമതി ചെയ്യുന്ന ഇന്ത്യയ്ക്ക് വലിയ ആശ്വാസമാണിത്.എണ്ണ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ഒപെക്. ഇവർക്ക് നേതൃത്വം നൽകുന്നത് സൗദി അറേബ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളാണ്. ഈ ഗ്രൂപ്പിൽ അംഗങ്ങളല്ലാത്ത രാജ്യങ്ങളും ക്രൂഡ് ഓയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവരിൽ പ്രധാനി റഷ്യയാണ്. ഈ രണ്ട് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിലാണ് സുപ്രധാന തീരുമാനം കൈക്കൊണ്ടത്.വിപണിയിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ക്രൂഡ് ഓയിൽ എത്തിയാൽ വില കുറയുമെന്ന് ഉറപ്പാണ്. മാത്രമല്ല, അമേരിക്കയുടെ താരിഫ് പോര് എണ്ണയുടെ ആവശ്യം കുറയ്ക്കാൻ ഇടയാക്കും. ഇതും വില കുറയാൻ കാരണമാണ്. യുക്രൈന് നൽകുന്ന സൈനിക സഹായം നിർത്താൻ അമേരിക്ക തീരുമാനിച്ചതും ക്രൂഡ് ഓയിൽ വില താഴാൻ വഴിയൊരുക്കും.

# യുഎസ് ബന്ദികളെ മോചിപ്പിക്കാൻ യു.എസ് ഹമാസുമായി രഹസ്യ ചർച്ച നടത്തുന്നു

ദോഹ: ഗാസയിൽ തടവിലാക്കപ്പെട്ട യുഎസ് ബന്ദികളെ മോചിപ്പിക്കാനുള്ള സാധ്യതയെക്കുറിച്ച് ട്രംപ് ഭരണകൂടം ഹമാസുമായി രഹസ്യ ചർച്ചകൾ നടത്തിവരികയാണെന്ന്, ചർച്ചകളെക്കുറിച്ച് നേരിട്ട് അറിവുള്ള രണ്ട് അജ്ഞാത സ്രോതസ്സുകളെ ഉദ്ധരിച്ച് ആക്സിയോസ് റിപ്പോർട്ട് ചെയ്തു.1997 ൽ ഹമാസിനെ ഒരു തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചതിനാൽ, അമേരിക്ക നേരിട്ട് ഹമാസുമായി ഇതിനു മുൻപ് ചർച്ചകൾ നടത്തിയിട്ടില്ല. എന്നാൽ കഴിഞ്ഞ ആഴ്ചകളിൽ ദോഹയിൽ ഹമാസുമായി ബന്ദികാര്യങ്ങൾക്കായുള്ള യുഎസ് പ്രസിഡന്റിന്റെ പ്രതിനിധി ആദം ബോഹ്ലർ ആശയവിനമയം നടത്തി. ഹമാസുമായി ചർച്ച നടത്താനുള്ള സാധ്യതയെക്കുറിച്ച് യുഎസ് സർക്കാർ ഇസ്രായേലുമായി സംസാരിച്ചിരുന്നെങ്കിലും, മറ്റ് മാർഗങ്ങളിലൂടെയാണ് ഇസ്രായേൽ ഈ ഇടപെടലിനെക്കുറിച്ച് അറിഞ്ഞത്.ഹമാസുമായുള്ള ചർച്ചകൾ അമേരിക്കൻ ബന്ദികളെക്കുറിച്ചായിരുന്നു. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ ഒരു സമാധാന ഉടമ്പടിയിലെത്തുന്നതിനായി ശേഷിക്കുന്ന എല്ലാ ബന്ദികളെയും മോചിപ്പിക്കുന്നതിനുള്ള വിശാലമായ കരാറിനെക്കുറിച്ചും ചർച്ചകൾ നടന്നിട്ടുണ്ടെന്ന് സ്രോതസ്സുകൾ പറയുന്നു. എന്നിരുന്നാലും, ഇതുവരെ ഒരു കരാറിലും എത്തിയിട്ടില്ല.വൈറ്റ് ഹൗസിലെ പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ്, വെടിനിർത്തൽ ചർച്ചകളുമായി ബന്ധപ്പെട്ട് ഖത്തർ പ്രധാനമന്ത്രിയെ കാണാൻ പദ്ധതിയിട്ടിരുന്നു. എന്നാൽ ഹമാസിന് താൽപ്പര്യമില്ലെന്ന് കണ്ടതിനെത്തുടർന്ന് അദ്ദേഹം യാത്ര റദ്ദാക്കി എന്ന് ഒരു യുഎസ് ഉദ്യോഗസ്ഥൻ പറഞ്ഞു.നിലവിൽ, ഗാസയിൽ ഹമാസ് 59 പേരെ ബന്ദികളാക്കിയിട്ടുണ്ട്. 35 പേർ മരിച്ചതായി ഇസ്രായേൽ പ്രതിരോധ സേന സ്ഥിരീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ബന്ദികളിൽ 5 അമേരിക്കൻ പൗരൻമാരുമുണ്ട്.



# രാജ്യം കണ്ടതിൽവച്ച് ഏറ്റവും വലിയ ലൈംഗിക വേട്ടക്കാരൻ! പിഎച്ച്ഡി വിദ്യാർത്ഥിക്കെതിരെ അന്വേഷണ ഉദ്യോഗസ്ഥൻ



ലണ്ടൻ: 10 സ്ത്രീകളെ മയക്കുമരുന്ന് നൽകി ബലാത്സംഗം ചെയ്തതിന് ശിക്ഷിക്കപ്പെട്ട ഒരു പിഎച്ച്ഡി വിദ്യാർത്ഥി 'ഈ രാജ്യത്ത് ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ലൈംഗിക വേട്ടക്കാരിൽ ഒരാളായി മാറിയേക്കാം' എന്ന് കേസിലെ പ്രധാന അന്വേഷണ ഉദ്യോഗസ്ഥൻ. 28 കാരനായ ചൈനീസ് പൗരൻ ഷെൻഹാവോ സൂ ലണ്ടനിൽ വിദ്യാർത്ഥിയാണ്. ഇരയാണെന്ന് തിരിച്ചറിഞ്ഞ രണ്ട് സ്ത്രീകളെയും ഇതുവരെ കണ്ടെത്താത്ത മറ്റ് എട്ട് സ്ത്രീകളെയും ആക്രമിച്ചതായി ഇന്നർ ലണ്ടൻ ക്രൗൺ കോടതിയിൽ നടന്ന വിചാരണയിൽ കണ്ടെത്തി. യൂണിവേഴ്സിറ്റി കോളജ് ലണ്ടൻ (യുസിഎൽ) വിദ്യാർത്ഥിയായ ഇയാൾ ഒമ്പത് ആക്രമണങ്ങൾ തന്റെ പീഡനപരമ്പരയുടെ 'സ്മാരകങ്ങൾ' ആയി ചിത്രീകരിച്ചുവെന്നാണ് ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നത്. ആഭരണങ്ങളും വസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഇരകളുടെ സാധനങ്ങൾ ഒരു ട്രോഫി ബോക്സിൽ സൂക്ഷിച്ചു.സൂ ഒരു അപകടകരാരിയും കൊള്ളയടിക്കുന്നവനുമായ കുറ്റവാളിയാണെന്ന് ജഡ്ജി റോസിന കോട്ടേജ് പറഞ്ഞു.

## ഷാർജയിലെ അൽ ഹംരിയ, അൽ സുയോയിലുമായി രണ്ട് പള്ളികൾ തുറന്നു



ഷാർജ: രണ്ട് പുതിയ പള്ളികൾ ഉദ്ഘാടനം ചെയ്ത് ഷാർജ ഇസ്ലാമിക കാര്യ വകുപ്പ്. അൽ ഹംരിയയിലെ അൽ-സഹാബി അബ്ദുല്ല ബിൻ അമർ ബിൻ ഹറാം പള്ളിയും ഷാർജയിലെ അൽ-ഹാരിത്ത് ബിൻ അനസ് പള്ളിയുമാണ് വിശ്വാസികൾക്കായി തുറന്നത്. പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ 1,350 ലധികം ആരാധകരെ ഉൾക്കൊള്ളാൻ ഈ പള്ളികൾക്ക് കഴിയും. വകുപ്പിന്റെ റമദാൻ പദ്ധതിയുടെയും പള്ളിയിൽ സന്ദർശകർക്ക്, പ്രത്യേകിച്ച് റമദാനിൽ ആത്മീയ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും ആശ്വാസം ഉറപ്പാക്കുന്നതിനുമുള്ള നിരന്തരമായ ശ്രമങ്ങളുടെയും ഭാഗമാണിത്. അൽ ഹംരിയ ഈസ്റ്റിൽ സ്ഥിതി ചെയ്യുന്ന അൽ-സഹാബി അബ്ദുല്ല ബിൻ അമർ ബിൻ ഹറാം പള്ളി ആകെ 2,750 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ളതാണ്. ഒരു പ്രധാന പ്രാർത്ഥനാ ഹാൾ, മറ്റ് സേവന സൗകര്യങ്ങൾ, ഒരു പൊതു ലൈബ്രറി എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്ത്രീകൾക്ക് 100 സ്ഥലങ്ങൾ ഉൾപ്പെടെ 1,000 ആരാധകരെ ഉൾക്കൊള്ളാൻ കഴിയുന്ന പള്ളിയാണിത്.അതേസമയം, ഷാർജയിലെ അൽ സുയോയിൽ അൽ-ഹാരിത് ബിൻ അനസ് മസ്ജിദ് 2,816 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിൽ ഒരു പ്രാർത്ഥനാ ഹാളും മറ്റ് സേവന സൗകര്യങ്ങളുമുണ്ട്. 350 പേർക്ക് വരെ ആരാധന നടത്താം

# ബലൂചിസ്ഥാനിൽ ചന്തയിലുണ്ടായ സ്ഫോടനത്തിൽ 5 മരണം



## ഇസ്രയേൽ പ്രതിരോധ സേനയ്ക്ക് പുതിയ തലവൻ

ഇസ്രയേൽ പ്രതിരോധ സേനയ്ക്ക് പുതിയ തലവൻ. മേജർ ജനറൽ ഇയാൽ സമീർ ഐഡിഎഫ് തലവനായി ചുമതലയേറ്റു. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും പ്രതിരോധ മന്ത്രി ഇസ്രയേൽ കാറ്റ്സുമാണ് ഇയാൽ സമീറിനെ ഐഡിഎഫ് തലവനായി നാമനിർദേശം ചെയ്തത്. ഇസ്രയേൽ പ്രതിരോധ മന്ത്രാലയത്തിൻറെ ഡയറക്ടർ ജനറലായിരുന്ന സമീറിനെ ലെഫ്. ജനറൽ പദവിയേക്ക് ഉയർത്തിയാണ് സൈന്യത്തിലേക്ക് തിരിച്ചെത്തിച്ചത്. ഗാസയുദ്ധത്തിലേക്ക് നയിച്ച 2023 ഒക്ടോബർ 7ലെ ഹമാസ് ആക്രമണം പ്രതിരോധിക്കുന്നതിലുണ്ടായ വീഴ്ച അംഗീകരിച്ച് ജനുവരിയിലാണ് മുൻ തലവൻ ജനറൽ ഹെർസി ഹലേവി രാജിവെച്ചത്. 2018 മുതൽ 2021 വരെ മിലിട്ടറിയുടെ ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫായും ഹലേവി സേവനമനുഷ്ഠിച്ചിരുന്നു.

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ സംഘർഷഭരിതമായ ബലൂചിസ്ഥാൻ പ്രവിശ്യയിലെ ഖുസ്ദാർ ജില്ലയിൽ ബുധനാഴ്ചയുണ്ടായ സ്ഫോടനത്തിൽ അഞ്ച് പേർ കൊല്ലപ്പെടുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മോട്ടോർ സൈക്കിളിൽ ഘടിപ്പിച്ചിരുന്ന ഐഇഡി, റിമോട്ട് ഉപയോഗിച്ച് പൊട്ടിച്ചതിനെ തുടർന്നാണ് സ്ഫോടനം നടന്നതെന്ന് നാൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ ബഹവൽ ഖാൻ പിന്ദ്രാനി പറഞ്ഞു. ''നാൽ മാർക്കറ്റിലാണ് സ്ഫോടനം നടന്നത്, പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി,'' അദ്ദേഹം പറഞ്ഞു.

പരിക്കേറ്റവരിൽ രണ്ട് പേരുടെ നില ഗുരുതരമാണെന്നും അഞ്ച് മൃതദേഹങ്ങൾ മോർച്ചറിയിൽ കണ്ടെത്തിയിട്ടുണ്ടെന്നും ജില്ലാ ആരോഗ്യ ഓഫീസർ റഫീഖ് സസോളി പറഞ്ഞു.ബോംബ് ഡിസ്പോസൽ സ്ക്വാഡ് സ്ഥലത്തുണ്ടെന്നും സ്ഥലം പരിശോധിച്ചുവരികയാണെന്നും ഖാൻ പറഞ്ഞു. മാർക്കറ്റിന് സമീപമുള്ള ഒരു കോളേജിന് സമീപമാണ് സ്ഫോടനം നടന്നത്. സംഭവത്തിൽ നിരവധി വാഹനങ്ങൾ കത്തിനശിച്ചിട്ടുണ്ട്. ബലൂചിസ്ഥാൻ മുഖ്യമന്ത്രി മിർ സർഫ്രാസ് ബുഗ്തി സ്ഫോടനത്തെ ശക്തമായി അപലപിച്ചു. പരിക്കേറ്റവർക്ക് ലഭ്യമായ ഏറ്റവും മികച്ച വൈദ്യ സഹായം നൽകാൻ ഉത്തരവിട്ടിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കഴിഞ്ഞ മാസം രാജ്യത്ത് 79 ഭീകരാക്രമണങ്ങൾ ഉണ്ടായെന്നും ഇതിൽ 55 സാധാരണക്കാരും 47 സുരക്ഷാ ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടുവെന്നും ഇസ്ലാമാബാദ് ആസ്ഥാനമായുള്ള തിങ്ക് ടാങ്കായ പാകിസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോൺഫ്ലിക്റ്റ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് പറഞ്ഞു.




## ഫ്രഞ്ച് മുന്നറിയിപ്പിന് പിന്നാലെ പ്രതിരോധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി യൂറോപ്യൻ നേതാക്കളുടെ കൂടിക്കാഴ്ച

ഫ്രാൻസിന്റെ പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ യൂറോപ്പ് 'ചരിത്രത്തിന്റെ ഒരു നിർണ്ണായക തിരുമാന ഘട്ടത്തിലേക്ക്' പ്രവേശിച്ചിരിക്കുന്നുവെന്ന് മുന്നറിയിപ്പ് നൽകിയതിന് പിന്നാലെ, പ്രതിരോധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി യൂറോപ്യൻ നേതാക്കൾ വ്യാഴാഴ്ച ബ്രസ്സൽസിൽ പ്രത്യേക കൗൺസിലിനായി കൂടിയാലോചന നടത്തുന്നതായി റിപ്പോർട്ട്..യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തിങ്കളാഴ്ച യുക്രൈനിലേക്കുള്ള സഹായം നിർത്തിവയ്ക്കുമെന്ന് പ്രഖ്യാപനം നടത്തിയതോടെ, യൂറോപ്യൻ യൂണിയൻ യുക്രൈനിനുള്ള പിന്തുണ എങ്ങനെ തുടരാമെന്ന് ഇവിടെ ചർച്ച ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. യുക്രൈൻ പ്രസിഡന്റ് വൊളൊദിമിർ സെലൻസ്കിയേയും ഈ ഉച്ചകോടിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ച വൈറ്റ് ഹൗസിൽ നടന്ന ട്രംപ്-സെലൻസ്കി കൂടിക്കാഴ്ചയ്ക്കു ശേഷം, യൂറോപ്പിലെ അവസ്ഥ കൂടുതൽ വഷളായി. അതുകോഡിന് തന്നെ യൂറോപ്യൻ യൂണിയൻ ഈ ഉച്ചകോടിക്ക് നൽകുന്ന പ്രാധാന്യത്തിലും അതിന്റെ രൂക്ഷമായ പ്രസക്തിയിലും ഒരു സംശയവുമില്ല. റഷ്യ 2022 ഫെബ്രുവരിയിൽ യുക്രൈനിൽ പൂർണതോതിലുള്ള യുദ്ധം ആരംഭിച്ചതിന് മൂന്ന് വർഷം പിന്നിടുമ്പോൾ, ട്രംപ് ഭരണകൂടം റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിനോടുള്ള സഹാനുഭൂതി വർദ്ധിപ്പിക്കുന്നത് യൂറോപ്യൻ തലവന്മാരെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്. ബുധനാഴ്ച വാഷിങ്ടൺ യുക്രൈനുമായി ഇന്റലിജൻസ് പങ്കിടൽ താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ച സംഭവവും ഈ ആശങ്കകളെ ശക്തിപ്പെടുത്തി.



## മുന്നിലുള്ള ദൗത്യം അമ്പരപ്പിക്കുന്നു എന്ന് ബംഗ്ലാദേശ് ഇടക്കാല പ്രധാനമന്ത്രി

ദീർഘകാലം പ്രധാനമന്ത്രിയായിരുന്ന ഷെയ്ഖ് ഹസീനയെ കഴിഞ്ഞ വർഷം അധികാരത്തിൽ നിന്ന് പുറത്താക്കിയതിന് ശേഷം ചുമതലയേൽക്കാൻ ആവശ്യപ്പെട്ടപ്പോൾ തനിക്ക് അമ്പരപ്പ് തോന്നിയെന്ന് വ്യക്തമാക്കി ബംഗ്ലാദേശിന്റെ ഇടക്കാല പ്രധാനമന്ത്രി.'ഞാൻ സർക്കാരിനെ നയിക്കുമെന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല' എന്നാണ് മുഹമ്മദ് യൂനുസ് ബി.ബി.സിയോട് പറഞ്ഞത്. 'ഞാൻ ഒരു സർക്കാർ സംവിധാനമൊന്നും മുമ്പ് പ്രവർത്തിപ്പിച്ചിട്ടില്ല, അതിനാൽ എല്ലാം ശരിയായി ക്രമീകരിക്കേണ്ടി വന്നു' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും സമ്പദ്‌വ്യവസ്ഥ ശരിയാക്കുന്നതിനും രാജ്യത്തിന്റെ മുൻഗണനകളാണെന്ന് നൊബേൽ സമ്മാന ജേതാവായ സാമ്പത്തിക വിദഗ്ധൻ പറഞ്ഞു. അതേസമയം ഇന്ത്യയിലേക്ക് പലായനം ചെയ്ത ഹസീനയും അവരുടെ പാർട്ടിയും ഈ വർഷാവസാനം നടക്കുമെന്ന് പ്രതീക്ഷിക്കുന്ന തിരഞ്ഞെടുപ്പിൽ പങ്കെടുക്കുമോ എന്ന് ഇതുവരെ വ്യക്തമല്ല. മനുഷ്യാവകാശ ലംഘനാരോപണങ്ങളുടെ പേരിൽ ബംഗ്ലാദേശിൽ അവർക്കെതിരെ കേസുകളുണ്ട്. തിരഞ്ഞെടുപ്പിൽ ആരൊക്കെയാണ് പങ്കെടുക്കുക എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിക്കും എന്ന് യൂനുസ് പറഞ്ഞു.



2009-ൽ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട ഹസീന ബംഗ്ലാദേശിൽ കടുത്ത നിയന്ത്രണങ്ങൾ ആയിരുന്നു ഏർപ്പെടുത്തിയത്. അവാമി ലീഗ് സർക്കാരിന്റെ ഭരണ കാലത്ത് അഭിപ്രായ സ്വാതന്ത്ര്യത്തിന് തടസ്സം നേരിട്ടു. ഒരു വിദ്യാർത്ഥി പ്രക്ഷോഭം ആഗസ്റ്റിൽ ഹസീനയെ അധികാരത്തിൽ നിന്ന് പുറത്താക്കുകയുണ്ടായി. പ്രക്ഷോഭകാരികളുടെ ആവശ്യമനുസരിച്ച് യൂനുസ് ബംഗ്ലാദേശിലേക്ക് മടങ്ങി പുതിയ ഇടക്കാല സർക്കാർ നയിക്കാൻ തയ്യാറായി. ഡിസംബർ 2025 മുതൽ മാർച്ച് 2026 വരെയുള്ള കാലയളവിൽ തെരഞ്ഞെടുപ്പ് നടത്തുമെന്നാണ് യൂനുസ് പറയുന്നത്, തെരഞ്ഞെടുപ്പ് മുൻപേ നടത്തണമെങ്കിൽ അതിന് ആവശ്യമായ പരിഷ്കരണങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.'പരിഷ്കരണങ്ങൾ വേഗത്തിൽ പൂർത്തിയാക്കാനാകുമെങ്കിൽ ഡിസംബർ മാസം തന്നെ തിരഞ്ഞെടുപ്പ് നടത്താനാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കൂടുതൽ കാലതാമസം വരുമെങ്കിൽ തിരഞ്ഞെടുപ്പിന് കുറച്ച് കൂടുതൽ മാസങ്ങൾ ആവശ്യമാകും.' ബംഗ്ലാദേശ് നേരിടുന്ന നിലവിലെ പ്രതിസന്ധിക്ക് മുൻ സർക്കാർ തന്നെ കാരണം എന്നാണ് യൂനുസ് പറയുന്നത്.അതേസമയം ട്രംപ് ഭരണകൂടം ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങൾക്ക് നൽകിയ വിദേശ സഹായം കുറയ്ക്കാൻ തീരുമാനിച്ചതിന്റെ ആഘാതം വലിയതാണെന്ന് ആണ് വിലയിരുത്തപ്പെടുന്നത്. ഇതിനെ കുറിച്ചും അദ്ദേഹം സംസാരിച്ചു. നമ്മൾ നേരത്തെ നടത്താനാവാത്ത അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ പോലുള്ള കാര്യങ്ങൾ അവർ നടപ്പിലാക്കാൻ ശ്രമിക്കുന്നു' എന്നാണ് അദ്ദേഹം ഈ വിഷയത്തിൽ പ്രതികരിച്ചത്. യു.എസ്. കഴിഞ്ഞ വർഷം ബംഗ്ലാദേശിന് 450 മില്യൺ ഡോളർ വിദേശസഹായം വാഗ്ദാനം ചെയ്തിരുന്നു. അത് നഷ്ടപ്പെട്ടാൽ, രാജ്യം എങ്ങനെ അതിനെ മറികടക്കുമെന്ന് ചോദിച്ചപ്പോൾ, 'അത് സംഭവിക്കുമ്പോൾ, നമ്മൾ അതിനെ അതിജീവിക്കും.' എന്നാണ് പ്രതികരിച്ചത്.


5th Anniversary
in Heaven
Jose Joseph Kolencherry
April 1955 - March 2020
As time goes by, we miss you more!
Rosemary, Anna & Nicholas, Isabel Rose